GEORGIAN MIRROR
The Journal of Indian Orthodoxy

2013 JULY - SEPTEMBER

CONTENTS

Cover FEATURE വിശുദ്ധ ത്രിത്വം

5 ത്രിത്വത്തിൽ ഏകത്വം: ക്രൈസ്തവ വിശ്വാസത്തിന്റെ അടിത്തറ
• മാത്യൂസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്ത

8 ത്രിയേകദൈവത്തിൽ വിശ്വസിക്കുന്നു
• ഫാ. ടി.ജെ. ജോഷ്വ

10 പുതുവേഷം അണിഞ്ഞ അറിയോസ് മതം അഥവാ യഹോവയുടെ സാക്ഷികൾ

13 വേദവിചാരം
യേശുക്രിസ്തു സർവ്വത്തിനും മീതെ സത്യദൈവം
• ഫാ. ഡോ. കുര്യാക്കോസ് തണ്ണിക്കോട്ട്

14 ഓർത്തഡോക്സി
ദൈവമാതാവായ വിശുദ്ധ കന്യകമറിയാം: സഭയിലെ അമ്മ
• ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്ത

17 വഴിവിളക്ക്
ക്രൂശിതരൂപം
• GJI

18 വിശുദ്ധനാട്
ദൈവത്തിന്റെ പർവ്വതത്തിലേക്കൊരു തീർത്ഥയാത്ര
• അഡ്വ. വർഗീസ് പി. തോമസ്

20 തദ്ദേശീയത
മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടങ്ങൾ
• ഫാ. ഡോ. തോംസൺ റോബി

22 സ്മരണാഞ്ജലി
സി.പി. ചാണ്ടിസാർ: മലങ്കരസഭയുടെ സ്വർഗ്ഗീയ വരദാനം
• അജോയി ജേക്കബ് ജോർജ്

24 ഇരുളും വെളിച്ചവും
മക്കൾ ഉപരിപഠനത്തിന് പുറപ്പെടുമ്പോൾ...
• ഫാ. ഡോ. ഒ. തോമസ്

29 ജാലകം
സത്യസന്ധമായ സഭാചരിത്രാന്വേഷണങ്ങൾ
• ഡോ. പോൾ മണലിൽ

30 കുടുംബം
ബന്ധങ്ങൾ സ്വപ്നങ്ങളാകരുത്
• ജോർജ് ജോസഫ് ഇഞ്ചക്കാട്ടിൽ

32 സമകാലീന ചിന്തകൾ
മലങ്കരസഭയുടെ പഞ്ചമസ്വഭാവം – അഥവാ അത്മായ പങ്കാളിത്തം
• ഡോ. വർഗീസ് പുന്നൂസ്

സഭൈക്യം

35 കൽദായ സഭയിലെ പിളർപ്പും ഐക്യവും
• വർഗീസ് ജോൺ, തോട്ടപ്പുഴ

37 കൽദായ സഭയിലെ ഐക്യം: മലങ്കര സഭയ്ക്ക് ഒരു മാതൃക
• ലെജു പി. തോമസ്, ഉളനാട്

40 സഭാ സമാധാനം: ഒരു എളിയ പ്രതികരണം
• ഫാ. ഡോ. കെ. എം. ജോർജ്

41 പള്ളിക്കേസിൽ വീതം വയ്ക്കാമോ?
• ഡോ. പോൾ മണലിൽ

42 യാക്കോബായ ഭരണഘടന: ഒരു അവലോകനം

44 ഐക്യം മാത്രം വിവേചനത്തിന് പരിഹാരം
• ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത

45 നസ്രാണി പഠനം
ആശാന്മാരെ കുമ്പിടുന്നതും ചൗളാദി സംസ്കാരങ്ങളും
• ഡോ. എം. കുര്യൻ തോമസ്

48 ജീവകാരുണ്യം
ആരോഗ്യ പോഷണം പദ്ധതി
• ഫാ.എം.ഡി.യൂഹാനോൻ റമ്പാൻ

49 ഇടവക
ഇന്ത്യയിലെ ഏറ്റവും വലിയ സെമിത്തേരി
• ജോബ് സ്രായിൽ

50 Letters

Email: gmirrormail@gmail.com

വരിക്കാരുടെ ശ്രദ്ധയ്ക്ക്
Change of Address യഥാസമയം സർക്കുലേഷൻ മാനേജരെ അറിയിക്കുക.

Cover: A concept of Trinity as depicted in Genesis 18
Hospitality of Abraham in Indian style
Icon by: Boris Sathyavan (Indonesia)
Curtsey: Old Seminary collection

ജോർജിയൻ മിറർ
മലങ്കരയുടെ സത്യദർശനം
പു.5 ▪ ലക്കം 3 2013 ജൂലൈ – സെപ്റ്റംബർ

രക്ഷാധികാരി
ഡോ. യാക്കോബ് മാർ ഐറേനിയോസ്
ചീഫ് എഡിറ്റർ
ഫാ. ജയിംസ് വർഗീസ്
എഡിറ്റർ
സി. വി. ബഞ്ചമിൻ
മാനേജിംഗ് എഡിറ്റർ
സജു സി. ഡാനിയൽ
എക്സിക്യൂട്ടീവ് എഡിറ്റർ
പി. എ. അലക്സാണ്ടർ
കോ–ഓർഡിനേറ്റിങ്ങ് എഡിറ്റേഴ്സ്
അഡ്വ. വർഗീസ് പി. തോമസ്
ജോർജ് ജോസഫ് ഇഞ്ചക്കാട്ടിൽ
പ്രൂഫ് എഡിറ്റേഴ്സ്
സി.വി. സോളമൻ, കെ.സി. കുരുവിള
ഫോട്ടോ എഡിറ്റർ
ഏബ്രഹാം തരകൻ
ജനറൽ മാനേജർ
ഫാ. തോമസ് കെ. ഏലിയാസ്
മാർക്കറ്റിംഗ് മാനേജർ
പി. ഐ. ബാബു
സർക്കുലേഷൻ മാനേജർ
പി. എം. പീറ്റർ
ക്യാമ്പെയിൻ മാനേജർ
ജോർജ് വർഗീസ്
ഫൈനാൻസ് മാനേജർ
ജേക്കബ് ഡാനിയേൽ പി.
പ്രോഗ്രാം മാനേജർ
അഡ്വ. പി. സി. ചാക്കോ
എഡിറ്റോറിയൽ ബോർഡ്
ഫാ. ഡോ. കുര്യാക്കോസ് തണ്ണിക്കോട്ട്,
ഡി. വർഗീസ്, പ്രൊഫ. തോമസ് പി. വർഗീസ്,
പി.എ. ജോർജ്
അഡ്വൈസറി ബോർഡ്
ഫാ. സൈമൺ ജോസഫ്,
അലക്സാണ്ടർ കെ. ജോൺ
ടി.ഇ. വർഗീസ്, ലീലാമ്മ കുര്യൻ,
റേച്ചൽ ലാബി, എം.ഐ. സൈമൺ
കെ.ജെ. ശിവജി
ടെക്നിക്കൽ കൺസൾട്ടന്റ്
മാത്യൂ ആൻഡ്രൂസ്

Georgian Mirror is published trimonthly by St. George Orthodox Valiyapally, Palarivattom, Kochi-25.
© All rights reserved. Reproduction in any manner without permission is prohibited.
Printed and Published by:
D. Varghese for St. George Orthodox Valiyapally, Palarivattom, Kochi-682 025
Editor : C.V. Benjamin, Responsible for selection of news under the PRB Act
Editorial Office:
Georgian Mirror, St. George Orthodox Valiyapally
Palarivattom, Kochi-682 025. Phone: 0484-2346096
Email: gmirrormail@gmail.com
Chief Editor: 94972 57474 Email: frjames2003@hotmail.com
General Manager: 97464 05938 Editor: 93884 73243
Church Website: www.sgovp.com
Church Office Email: sgovpp@gmail.com
Printed at Viani Printings, Lisie Hospital Road, Kochi-682 018. Phone: 0484-2401635

MISSION STATEMENT

To fight for the MOST HOLY FAITH that God has once for all entrusted to His Saints (St. Jude 3,20)



വിശുദ്ധന്മാർക്ക് ഒരിക്കലായിട്ട് ഭരമേൽപിച്ചിരിക്കുന്ന അതിവിശുദ്ധ വിശ്വാസത്തിനു വേണ്ടി പോരാടേണ്ടതിന് (വി. യൂദാ 3,20)

എഡിറ്റോറിയൽ

പ്രാർത്ഥനാപൂർവ്വം ശാബതുവർഷത്തിലേക്ക്

ഒരു കാലഘട്ടത്തിന്റെ ചിന്താധാരകളെ കോർത്തിണക്കി മലങ്കരസഭാ മക്കളെ സത്യവിശ്വാസത്തിന്റെ പുതിയ ഉൾക്കാഴ്ചയിലേക്ക് നയിക്കുവാനുള്ള എളിയ ശ്രമമാണ് ജോർജിയൻ മിറർ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. ക്രൈസ്തവ പ്രസാധകരംഗത്ത് ഒരു ശാബതു (7–ാം വർഷം) വർഷത്തിലേക്കു പദമൂന്നുകയാണ് ജോർജിയൻ മിറർ. ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിൽ മാന്യവായനക്കാർ നൽകിക്കൊണ്ടിരിക്കുന്ന പ്രോത്സാഹനം അദ്ഭുതകരമാണ്. പ്രൗഢമായ ലേഖനങ്ങൾക്കായി തൂലിക ചലിപ്പിച്ച് ഇതിന്റെ ചാലകശക്തിയായി നിലകൊള്ളുന്ന ലേഖനകർത്താക്കൾക്ക് കൃതജ്ഞതാപൂർണ്ണമായ പൂച്ചെണ്ടുകൾ.

വളരെ ഗഹനമായ ഒരു ദൈവശാസ്ത്ര വിഷയം ഈ ലക്കത്തിന്റെ പ്രത്യേകതയാണ്. ക്രി.വ. 3–ാം നൂറ്റാണ്ടിലെ സഭ നേരിട്ട വിശ്വാസ വിപരീതങ്ങളുടെ ആധുനികാവിഷ്കാരങ്ങൾ 21–ാം നൂറ്റാണ്ടിലെ സഭയ്ക്കും വെല്ലുവിളികൾ ഉയർത്തുന്നു എന്ന തിരിച്ചറിവാണ് പരിശുദ്ധ ത്രിത്വ രഹസ്യത്തെക്കുറിച്ച് ഈ ലക്കം പ്രാധാന്യത്തോടെ നൽകിയിരിക്കുന്നത്. പുതിയനിയമത്തിൽ ക്രിസ്തുവിലൂടെ സമ്പൂർണ്ണമായി വെളിപ്പെട്ട പ. ത്രിത്വത്തെ കർപ്പദോക്ക്യൻ പിതാക്കന്മാർ വിശദീകരിച്ച് കുസ്തന്തീനോപ്പോലീസിൽ കൂടിയ (എ.ഡി. 381) സുന്നഹദോസ് അംഗീകരിച്ച വിശ്വാസ സംഹിത തിരുത്തപ്പെടാൻ ആവാത്ത ഒരു ദൈവിക രഹസ്യമാണ്. ത്രിത്വ സ്തുതികളിൽ ആരംഭിച്ച് ത്രിത്വ സ്തുതിയോടെ അവസാനിക്കുന്ന പ്രാർത്ഥനാമന്ത്രങ്ങൾ ക്രിസ്ത്യാനികളുടെ ജീവരക്തത്തിൽ അലിഞ്ഞുചേർന്ന വിശ്വാസമാണ്. “ഉണ്മയിലൊന്നാം ത്രിത്വം” എന്ന പദപ്രയോഗം തന്നെ ആരാധനയിലൂടെയുള്ള ത്രിത്വ വിശ്വാസത്തെ വെളിപ്പെടുത്തുന്നതാണ്. Ousia (ഉണ്മ), hypostasis (ആളത്വം) എന്നീ സംജ്ഞകളിലൂടെ, ത്രിത്വത്തിന്റെ ഐക്യത്തെ (unity)യും ത്രിത്വത്തിലെ ആളത്തങ്ങളുടെ വ്യതിരിക്തതയും (distinction) നിർവചിക്കുന്നതിലൂടെ ത്രിത്വമാകുന്ന ഏകദൈവവിശ്വാസത്തിന്റെ പൂർണ്ണതയെ പരി. പിതാക്കന്മാർ ലളിതമായി വരച്ചുകാട്ടുകയാണു ചെയ്യുന്നത്. പഠനവിധേയമാക്കേണ്ടതും പണ്ഡിതോചിതവുമായ ലേഖനങ്ങൾ വിശ്വാസ സ്ഥിരത നൽകാൻ പര്യാപ്തമാണ്. പൗരാണികമായ മലങ്കരസഭയുടെ ക്രിസ്തീയ സാക്ഷ്യത്തിനും സുവിശേഷ ദൗത്യത്തിനും കരിനിഴൽ വീഴ്ത്തി നിൽക്കുന്ന തർക്കങ്ങളും വ്യവഹാരങ്ങളും അവസാനിപ്പിക്കാൻ പിളർന്നു രണ്ടാവുകയല്ല, ഐക്യത്തിലൂടെ സമരസപ്പെട്ട് ‘മലങ്കരസഭ’ ഏകസഭയെന്ന ലക്ഷ്യത്തിലേക്ക് നീങ്ങുവാനുള്ള സാധ്യതകൾ കോർത്തിണക്കിയ ലേഖനങ്ങൾ ചിന്തോദ്ദീപകമാണ്.

ജോർജിയൻ മിറർ ആദ്യലക്കം

മൂന്നാം സഹസ്രാബ്ദത്തിലെ മലങ്കരസഭയുടെ മുന്നേറ്റത്തിന് സഭയിലെ അത്മായ വിഭവശേഷിയെ എങ്ങനെ പ്രയോജനപ്പെടുത്താം എന്നതു വായനക്കാരുടെ കൂടുതൽ ചിന്തകൾക്കായി സമർപ്പിക്കുകയാണ്.

വായനക്കാർക്കായി, താളുകളിൽ വിളമ്പുന്ന വിഭിന്ന വിഭവങ്ങൾ കാലിക പ്രസക്തങ്ങളാണ്.

മാവേലിമന്നന്റെ സന്ദർശനത്തെ വരവേൽക്കുവാൻ പൂക്കളം ഒരുക്കി കാത്തിരിക്കുന്ന മലയാള മക്കൾക്ക് ജോർജിയൻ മിററിന്റെ *ഓണാശംസകൾ.*

സ്നേഹത്തോടെ
ക്രിസ്തുയേശുവിൽ നിങ്ങളുടെ
ജയിംസ് വർഗ്ഗീസ് അച്ചൻ

ത്രിത്വത്തിൽ ഏകത്വം: ക്രൈസ്തവ വിശ്വാസത്തിന്റെ അടിത്തറ

■ മാത്യൂസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്ത

വേദപുസ്തകത്തെ അടിസ്ഥാനമാക്കിയെന്ന് അവകാശപ്പെട്ടുകൊണ്ട് ദിവസേന എന്നോണം പുതിയ വിശ്വാസങ്ങളും സഭകളും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.

വിശ്വാസം, വേദപുസ്തക വ്യാഖ്യാനത്തിലൂടെ മാത്രം കണ്ടെത്താൻ ശ്രമിക്കുന്ന ഈ കൂട്ടർ വിശ്വാസത്തിന്റെ അടിത്തറ വേദപുസ്തകം മാത്രമാണെന്ന് അവകാശപ്പെടുകയും ചെയ്യുന്നു. വേദപുസ്തകവും വിശ്വാസവും പഠിക്കാതെ, സഭയും വേദപുസ്തകവും തമ്മിലുള്ള ബന്ധം എന്താണെന്ന് മനസ്സിലാക്കാതെ, വേലിചാടി അതിരുവിട്ട് പോകുന്നവർ സാത്താന്റെ വഴിയിലൂടെയാണ് നീങ്ങുന്നത്.

വേദപുസ്തകത്തെ അടിസ്ഥാനമാക്കിയല്ല അപ്പോസ്തോലിക സഭ ഉണ്ടായത് എന്ന് ഓർക്കണം. പൗരോഹിത്യവും ആരാധനയും പ്രാർത്ഥനയും **വിശ്വാസവും പാരമ്പര്യവും വേദപുസ്തകത്തിൽനിന്നല്ല ആരംഭിച്ചത്. സഭയിലാണ് വേദപുസ്തകം രൂപീകൃതമായത്.**

ക്രിസ്തുവിന്റെ മണവാട്ടിയായി സഭ മുമ്പേ നിയമിക്കപ്പെട്ടിരുന്നു. പുതിയനിയമത്തിന്റെ കാലത്തെ സഭയുടെ വിത്തുപാകിയത് യേശുക്രിസ്തുവാണ്. **പെസഹായുടെ സന്ധ്യയിൽ സെഹിയോൻ മാളികയിൽ വെച്ച് സഭയ്ക്ക് ബീജാവാപമായി. അന്നാണ് പുതിയനിയമത്തിനുള്ള ഉടമ്പടി കർത്താവ് നിർവ്വഹിച്ചത്.** പുതിയനിയമ ആരാധനയും പുതിയ ഉടമ്പടിയും കർത്താവ് ആ സന്ധ്യയിൽ ശിഷ്യന്മാർ വഴി നമ്മെ ഭരമേൽപ്പിച്ചു. “ഇത് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയനിയമത്തിനുള്ള എന്റെ രക്തം” എന്നു പ്രഖ്യാപിച്ചപ്പോൾ സഭയുടെ വിത്ത് ഭൂമിയിലെറിഞ്ഞു. ഇതിൽനിന്നും സഭ സ്ഥാപിച്ചത് പുതിയനിയമശുശ്രൂഷ ശിഷ്യന്മാരെ ഭരമേൽപ്പിച്ചുകൊണ്ടും ക്രിസ്തുവിനുള്ള അധികാരങ്ങൾ ശിഷ്യന്മാർക്ക് നൽകികൊണ്ടുമാണെന്ന് മനസ്സിലാക്കാം.

അപ്പോസ്തോലന്മാരുടെയും സഭാപിതാക്കന്മാരുടെയും ഉപദേശപ്രകാരമാണ് സഭയുടെ പ്രവർത്തനം തുടർന്നത്. വിശ്വസിച്ചാൽ മാത്രം പോരാ വായ്കൊണ്ട് പറയുകയും വേണം (റോമർ 10:9). അതുപ്രകാരം ശ്ലീഹന്മാരും പിതാക്കന്മാരും വായ്മൊഴിയാൽ ക്രിസ്തുവിന്റെ പഠിപ്പിക്കലുകൾ ഏറ്റുപറഞ്ഞ് വിശദീകരിച്ചതാണ് സഭയുടെ പാരമ്പര്യം.

സഭ അപ്പോസ്തോലികമാണ്. ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിനെക്കുറിച്ചുള്ള അപ്പോസ്തോലന്മാരുടെ സാക്ഷ്യമാണ് സഭയുടെ വിശ്വാസം. ആ സാക്ഷ്യത്തെ ഇന്നും അപ്പോസ്തോലന്മാരെപ്പോലെ സഭ ലോകത്തോടു പ്രഖ്യാപിക്കുന്നു.

അപ്പോസ്തോലന്മാർ എന്ന ഗ്രീക്കുപദത്തിന് ദൂതന്മാർ, സന്ദേശവാഹകർ, പ്രതിനിധികൾ എന്നൊക്കെയാണ് അർത്ഥം. ദൈവരാജ്യത്തിന്റെ മഹൽസന്ദേശം വിളംബരം ചെയ്യുന്ന സമൂഹമാണ് അപ്പോസ്തോലിക സഭ. ഈ സഭയുടെ ജീവിതവും സാക്ഷ്യവും സന്ദേശവും ആദിമ അപ്പോസ്തോലിക സമൂഹത്തിന്റേതുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

സഭയുടെ അധികാരം യേശുക്രിസ്തു എന്ന ഏക കർത്താവിന്റെ അധികാരമാണ്. പരിശുദ്ധാത്മാവാണ് ഈ അധികാരത്തെ നമുക്ക് വ്യാഖ്യാനിച്ചുതരുന്നത്. വിശുദ്ധ മാമോദീസായാൽ നാം രാജകീയ പുരോഹിതവർഗമായി അഭിഷേകം ചെയ്യപ്പെടുന്നു (1 പത്രോസ് 2:9). അങ്ങനെ നാമെല്ലാവരും ക്രിസ്തുവിന്റെ രാജകീയത്വത്തിലും പൗരോഹിത്യത്തിലും മുദ്രകുത്തപ്പെട്ട് സഭയിൽ പങ്കാളികളാകുന്നു. നിത്യനായ രാജാവും പുരോഹിതനുമായ യേശുക്രിസ്തു തന്റെ രാജകീയ പൗരോഹിത്യ അധികാരം കാണിച്ചത് വിനയപൂർവമായ സേവനത്തിലൂടെയും ത്യാഗപൂർണ്ണമായ ജീവിതത്തിലൂടെയും സ്നേഹത്തിന്റെ ആധാരമായ ക്രൂശുമരണത്തിലൂടെയുമാണ്.

യേശുക്രിസ്തു വിതച്ച സഭയുടെ വിത്തുമുളച്ച് ശക്തിപ്പെട്ടത് ഉയിർപ്പിനുശേഷം പെന്തിക്കോസ്തി ദിവസത്തിലാണ്. അപ്പോസ്തോലന്മാർ, കർത്താവിന്റെ അമ്മ വിശുദ്ധമറിയാം, ശിഷ്യഗണത്തിൽപെട്ടവർ എന്നിവരടങ്ങിയ ആദിമസഭയിൽ പരിശുദ്ധാത്മാവ് ശക്തിയായി ആവസിച്ചു. കൊടിയ കാറ്റടിക്കുന്ന ശബ്ദവും അഗ്നിനാവുകളും അന്ന് സമൂഹത്തിന് അനുഭവപ്പെട്ടു. വിവിധ ഭാഷകൾ അവർ സംസാരിച്ചു (അ.പ്ര. 2:1-4). ആഴമേറിയ ഈ ആത്മീയ അനുഭവത്തിന്റെ ചൂടും വെളിച്ചവും ഉൾക്കൊണ്ട സഭ വലിയ ശക്തിയായി ലോകം എമ്പാടും വ്യാപിച്ചു. പരിശുദ്ധാത്മാവ് വഴിനടത്തും എന്ന കർത്താവിന്റെ വാഗ്ദാനം അങ്ങനെ നിറവേറി (യോഹ. 16:13).

സഭയെ വഴിനടത്തുന്ന പരിശുദ്ധാത്മാവ്

തെറ്റുകളിൽ നിന്നും വഴിതിരിച്ച് സഭയെ സകലസത്യത്തിലേക്കും ആത്മാവ് വഴിനടത്തുന്നു.

പരിശുദ്ധാത്മാവ് സഭയിൽ മാത്രമല്ല സൃഷ്ടിയിൽ മുഴുവൻ വ്യാപരിക്കുന്നു. യേശുക്രിസ്തു മനുഷ്യനായി ജനിച്ചതുമൂലം തന്റെ ശരീരമായ സഭയിൽ പരിശുദ്ധാത്മാവിന്റെ പ്രത്യേക സാന്നിദ്ധ്യത്തെ സഭ തിരിച്ചറിയുന്നു. **സഭയുടെ അധികാരം ഭരിക്കുന്നതിനും വിധിക്കുന്നതിനുമല്ല മറിച്ച് സേവിക്കുന്നതിനും സ്വയം ത്യജിക്കുന്നതിനുമാണ്.**

സഭയുടെ വിശ്വാസം, ചരിത്രം എന്നിവയിൽ പൂർണ്ണമായ അവബോധമില്ലാതെ ഏറെ അപഭ്രംശങ്ങൾ ഉണ്ടാക്കി അവനവന്റെ മനോധർമ്മം പോലെ വേദവ്യാഖ്യാനം നടത്തുന്നതിന്റെ ഫലമായി കൂണുകൾ പോലെ പ്രാർത്ഥനാഗ്രൂപ്പുകൾ മുളച്ചുപൊന്തുന്നു!

പരിശുദ്ധ ത്രിത്വത്തിന്റെ ഏറ്റവും മഹനീയ വെളിപാടാണ് യോർദ്ദാൻ നദിയിലെ സ്നാപനം

വിശുദ്ധസഭയുടെ അടിസ്ഥാന പ്രമാണം ത്രിത്വവിശ്വാസമാണ്. ക്രിസ്തുവിലും പരിശുദ്ധാത്മാവിലും കൂടി ദൈവം സ്വയം വെളിപ്പെടുത്തിയിരിക്കുന്നു. വിശുദ്ധത്രിത്വം സങ്കൽപമാണെന്നും ത്രിത്വത്തിൽ ഏകത്വം വേദപുസ്തകത്തിലില്ലെന്നും പറഞ്ഞുകൊണ്ട് ചില ഗ്രൂപ്പുകൾ ക്രിസ്തീയ സഭകളിൽ നിന്ന് അജമോഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. തെറ്റായ ഈ പ്രവണതകളെപ്പറ്റി നാം ബോധമുള്ളവരായിരിക്കണം.

ക്രൈസ്തവസഭാചരിത്രത്തിലേക്ക് ഒന്ന് ഊളിയിട്ടുനോക്കിയാൽ ഈ ഗ്രൂപ്പുകളുടെ കള്ളപ്രചരണത്തിന് മറുപടി പറയാൻ കഴിയും. വേദപുസ്തകത്തിൽ തന്നെ ത്രിത്വത്തിൽ ഏകത്വത്തിന് തെളിവുകളുണ്ട്.

ക്രൈസ്തവ സഭാചരിത്രത്തിന്റെ ആദ്യസഹസ്രാബ്ദം സത്യവിശ്വാസികളെ വേദവിപരീതികൾ എന്നു മുദ്രകുത്തി ഭരണാധികാരികൾ കൊല്ലുന്ന കാലമായിരുന്നു. രണ്ടാം സഹസ്രാബ്ദം സഭക്കുള്ളിൽ തന്നെ മുറിവുകൾ ഉണ്ടാക്കുകയും വിവിധ സഭകളായി രൂപപ്പെടുകയും ചെയ്തു. മൂന്നാം സഹസ്രാബ്ദമാകട്ടെ പരസ്പര സഹകരണത്തെക്കുറിച്ച് ചിന്തിക്കുന്ന എക്യുമിനിസത്തിന്റെ കാലഘട്ടമാണ്.

ഇപ്പോഴും യേശുക്രിസ്തുവിന്റെ സഭയ്ക്ക് മുറിവേറ്റുകൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ സഭ ഒന്നേ ഉള്ളു. അത് ക്രിസ്തുവിന്റെ ശരീരമാണ്. വേദപുസ്തകം ഉണ്ടാകുന്നതിനുമുമ്പുതന്നെ ക്രിസ്തുത്വവും ക്രിസ്തുസിദ്ധാന്തവും പടർന്നുപന്തലിച്ച് ജനത വിശ്വാസത്തിലേക്ക് വന്നിട്ടുണ്ട്. വിശ്വാസാചാരങ്ങളുടെ അടിസ്ഥാനത്തിൽ ക്രിസ്തീയസഭകളെ പൊതുവായി ഓർത്തഡോക്സ്, റോമൻ കത്തോലിക്ക, പ്രൊട്ടസ്റ്റന്റ് എന്നിങ്ങനെ മൂന്നായി തിരിക്കാം. ഈ

മൂന്നു വിഭാഗങ്ങളിലും ഉൾപ്പെടാത്ത വിഘടിതവിഭാഗങ്ങളെ ഒരു സഭയെന്ന നിലയിൽ കാണാൻ കഴിയുകയില്ല. ബ്രദറൻ, രക്ഷാസൈന്യം, പെന്തക്കോസ്ത്, യഹോവാസാക്ഷി, വിടുതൽ, വേർപാട്, മാറാനാഥ തുടങ്ങി അനവധി വിഘടിതവിഭാഗങ്ങളുണ്ട്. ഇവയിൽപ്പെട്ട ഒന്നുരണ്ടു ചെറിയഗ്രൂപ്പുകൾ ത്രിത്വത്തിനെതിരെ അട്ടഹസിക്കുന്നു. ഇവരാണ് സഭകളിൽനിന്ന് അജമോഷണം നടത്തി സാത്താന്റെ വഴിയേ പോകുന്നത്.

കർത്താവിന്റെ ശിഷ്യന്മാർ ലോകമെമ്പാടും ചുറ്റി യേശുക്രിസ്തുവിനെപ്പറ്റിയും സഭയെക്കുറിച്ചും പ്രസംഗിച്ചു. ക്രിസ്തീയ വിശ്വാസത്തിൽ വചനം മനുഷ്യനായി തീർന്ന ക്രിസ്തുവാണെന്നാണ് ശിഷ്യന്മാർ പ്രസംഗിച്ചത്. ക്രിസ്തുവിന്റെ ഉപദേശത്തിന്റെ പ്രധാന സാക്ഷികൾ ശിഷ്യന്മാരായിരുന്നു. സഭയിലെ ആവശ്യങ്ങൾക്കായി ഈ അപ്പോസ്തോലന്മാരും ആദിമശിഷ്യരും രചിച്ച ചില രേഖകളുടെ സമാഹരണമാണ് പുതിയനിയമം. **പുതിയനിയമപുസ്തകത്തെ ആസ്പദമാക്കിയല്ല സഭ സ്ഥാപിച്ചത്. പുതിയനിയമം സഭാംഗങ്ങളാൽ വിരചിതമായതും സഭയിലുണ്ടായതുമാണ്.** പുതിയനിയമത്തിനുമുമ്പുതന്നെ സഭ സ്ഥാപിതമായിരുന്നു.

പെന്തക്കോസ്തി ദിവസം ശക്തിപ്രാപിച്ച് ലോകമെമ്പാടും പരന്ന സഭയിലെ ശ്ലീഹന്മാരുടെ പ്രസംഗം മൂന്നുകാര്യങ്ങളെക്കുറിച്ചായിരുന്നു. ക്രിസ്തു ആര്? ക്രിസ്തു എന്തുപഠിപ്പിച്ചു? ക്രിസ്തു എന്തു ചെയ്തു?

അപ്പോസ്തോലന്മാർ ആദ്യം പ്രസംഗരൂപേണ ആവിഷ്കരിച്ച പാഠങ്ങളിൽ ചിലത് പിന്നീട് എഴുതിവെച്ചു. സുവിശേഷങ്ങളെല്ലാം എഴുതിതീർന്നത് എ.ഡി. 95-ൽ എന്നു കരുതാം. പാഠങ്ങളെല്ലാം എഴുതിയിട്ടുമില്ല.

ഇന്നത്തെ മലയാള വേദപുസ്തകത്തിൽ കാണുന്ന 27 പുസ്തകങ്ങളുടെ ലിസ്റ്റ് ആദ്യമായുണ്ടാകുന്നത് എ.ഡി. 369-ാമാണ്ടിലാണ്. വേദപുസ്തകനിയമ കാനോൻ ഉണ്ടായത് എ.ഡി. 325-ൽ നിഖ്യാ സുന്നഹദോസിലാണ്. അന്നുകൂടിയ 318 പിതാക്കന്മാർ സഭക്ക് സത്യവേദപുസ്തകം കണ്ടെത്തി അത് സഭയുടെ പ്രമാണമാക്കാൻ തീരുമാനിച്ചു. യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിനുശേഷം നാലാം നൂറ്റാണ്ടുവരെ സഭ വിശ്വാസം പഠിച്ചത് ഒരു അംഗീകൃത ഗ്രന്ഥത്തെ ആസ്പദമാക്കിയല്ല. വായ്മൊഴിയായി അല്ലെങ്കിൽ പാരമ്പര്യത്തിൽ വിശ്വാസം സഭയിൽ പഠിപ്പിക്കുകയും പ്രാർത്ഥനകളും സ്തുതിപ്പുകളും സ്തോത്രങ്ങളും ഉണ്ടാവുകയും ചെയ്തു. **കർത്താവ് പഠിപ്പിച്ച കാര്യങ്ങൾ മുഴുവനായും വേദപുസ്തകത്തിൽ ഉൾക്കൊള്ളിക്കാൻ കഴിയുകയില്ല എന്ന് സുവിശേഷത്തിൽ തന്നെ ചൂണ്ടിക്കാണിക്കുന്നുണ്ട്.**

"എന്റെ കർത്താവും എന്റെ ദൈവവുമേ"

ത്രിയേകദൈവത്തെക്കുറിച്ച് 'ത്രിത്വത്തിൽ ഏകത്വം' എന്ന സംസ്കൃത പ്രയോഗം വിവർത്തനം വഴി വേദപുസ്തകത്തിൽ ഇല്ലെങ്കിലും 'ത്രിത്വത്തിൽ ഏകത്വത്തിന്റെ' അടിസ്ഥാനപ്രമാണങ്ങൾ വിശുദ്ധ ബൈബിളിൽ വ്യക്തമായി കാണാം. വചനമായ ദൈവത്തിലും മനുഷ്യത്വം പ്രാപിച്ച പുത്രനിലും പിതാവിൽനിന്നു പുറപ്പെട്ട (യോഹ. 15:26) പരിശുദ്ധാത്മാവിലും കൂടി ദൈവം സ്വയം വെളിപ്പെടുത്തിയിട്ടുണ്ട്. ബൈബിളിലെ ഈ വെളിപ്പെടുത്തലാണ് ക്രിസ്തുസഭയുടെ അടിസ്ഥാനപ്രമാണം. ഈ പ്രമാണം വിട്ടുപോകുന്നവൻ ദൈവവചനം വിട്ടുപോകുന്നവനാണ് (എബ്രായർ 13:7-10). ക്രിസ്തു പിതാവിന്റെ സാരാംശമാണ്.

പഴയനിയമത്തിൽ (യെശയ്യാ 9:6) പ്രവാചകൻ യേശുവിന്റെ ജനനം പ്രവചിക്കുന്നു. "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. ആധിപത്യം അവന്റെ തോളിൽ ഇരിക്കുന്നു. അവൻ അത്ഭുതമന്ത്രി, വീരനാം ദൈവം നിത്യപിതാവ് സമാധാനപ്രഭു എന്നു വിളിക്കപ്പെടും." ദൈവപുത്രനായ യേശു മനുഷ്യപുത്രനായി ജനിക്കുമെന്നാണ് ഇവിടെ പറയുന്നത്. ഈ പ്രവചനം തന്നെ യേശുതമ്പുരാൻ ദൈവമാണെന്നുള്ളതിന് മറ്റൊരു തെളിവാണ്.

പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിൽ വേർപിരിപ്പാൻ സാദ്ധ്യമല്ല. പിതാവും പുത്രനും പരിശുദ്ധാത്മാവും ഏകദൈവമാകുന്നു. പിതാവിനോടൊപ്പം പുത്രനും പരിശുദ്ധാത്മാവും ഒരുപോലെ സകല മാനുഷിക ചിന്തകൾക്കും നിരൂപണങ്ങൾക്കും അതീതമായി സ്വയംഭൂവും സ്വയം അറിയുന്നവനും സ്വയം ശക്തനുമായി നിലകൊള്ളുന്നു. ഒരു ക്നൂമ മറ്റൊന്നിനേക്കാൾ പ്രായം കൂടിയതോ ഒന്നു മറ്റൊന്നിൽനിന്ന് അകന്നു നിൽക്കുന്നതോ അല്ല.

പിതാവിനേയും പുത്രനേയും പരിശുദ്ധാത്മാവിനേയും ഒന്നായി കാണുന്ന ഭാഗം പുതിയനിയമത്തിലുണ്ട് (2 കൊരി. 13:14). "കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും എല്ലാവരോടും കൂടെയിരിക്കട്ടെ." ഇവിടെ ത്രിത്വത്തിലെ ഏകത്വം വ്യക്തമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവും ദൈവത്തിൽ നിമഗ്നമാണെന്ന് ഇവിടെ സൂചനയുണ്ട്.

ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുതെന്ന് പുതിയ നിയമത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട് (എഫേ. 4:30)

പരിശുദ്ധാത്മാവ് പിതാവിൽനിന്നു പുറപ്പെടുന്നുവെന്നും പുതിയ നിയമം വ്യക്തമാക്കുന്നു (യോഹ. 15:26, 27).

യോഹന്നാൻ എഴുതിയ സുവിശേഷം നാലാം അദ്ധ്യായത്തിൽ 21 - 26 വരെ വാക്യങ്ങൾ ശ്രദ്ധിച്ചാൽ സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്നു എന്നാണ് പറയുന്നത്. ദൈവത്തെ നമസ്കരിക്കുന്നവർ എങ്ങനെ ഉള്ളവർ ആയിരിക്കണമെന്ന് വ്യക്തമായി യേശു അവിടെ ചൂണ്ടിക്കാണിക്കുന്നുണ്ട്. പിതാവിനെ നമസ്കരിക്കുന്നവരുടെ പ്രത്യേകതകൾ എടുത്തുകാണിക്കുമ്പോൾ പിതാവിന് ചില ഇച്ഛകൾ ഉള്ളതായും പറയുന്നുണ്ട്. ദൈവത്തെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കണമെന്ന് ദൈവത്തിന് ഇച്ഛയുണ്ട്. ദൈവത്തെ നമസ്കരിക്കുന്നവർ പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നവർ ആയിരിക്കണമെന്നും അവിടെ വ്യക്തമാകുന്നുണ്ട്. പിതാവും പുത്രനും പരിശുദ്ധാത്മാവുമാകുന്ന ത്രിത്വം ഏകത്വത്തിലാണെന്ന് വ്യംഗ്യാർത്ഥം. (പുത്രൻ സത്യവും ആത്മാവ് പരിശുദ്ധനുമാകുന്നു. ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു. (യോഹ. 14:6-8)

യോഹ. 14:16, 17, 26, 27 വാക്യങ്ങൾ പരിശുദ്ധാത്മാവ് പിതാവിൽനിന്നു പുറപ്പെടുന്ന കാര്യസ്ഥനാണെന്നും സത്യത്തിന്റെ ആത്മാവാണെന്നും നമ്മുടെകൂടെ ഇരിക്കുന്നുവെന്നും സകലതും ഉപദേശിച്ചുതരുന്നുവെന്നും പുത്രൻ പറഞ്ഞതൊക്കെ ഓർമ്മിപ്പിക്കുന്നുവെന്നും വ്യക്തമാക്കുന്നു.

പരിശുദ്ധാത്മാവിനോട് വ്യാജം കാണിച്ചത് ദൈവത്തോടായിരുന്നു എന്ന് പത്രോസ് അനന്യാസിനോടു പറഞ്ഞതിൽനിന്ന് പരിശുദ്ധാത്മാവ് ദൈവമാണെന്ന് അർത്ഥശങ്കക്കിടയില്ലാതെ വ്യക്തമാകുന്നു. സകല സത്യത്തിലേക്കും വഴിനടത്തുന്ന കാര്യസ്ഥനായ പരിശുദ്ധാത്മാവ് ദൈവമല്ലെങ്കിൽ എങ്ങനെ സകല സത്യത്തിലേക്കും നയിക്കും? പരിശുദ്ധാത്മാവു തന്നെ സത്യത്തിലേക്കു നയിക്കുമെന്ന് പുതിയനിയമം തറപ്പിച്ചുപറയുന്നു.

കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയും സ്രഷ്ടാവായ ജീവനും സത്യവുമുള്ള ദൈവം ഒരുവനുണ്ട് (1 യോഹ. 5:20, ദാനി. 2:28). സകലത്തിന്റേയും ആദികാരണനായിരിക്കുന്ന ഏകദൈവമല്ലാതെ വേറെ ദൈവമില്ലെന്ന് യെശ. 41:11, 4:5,6 വാക്യങ്ങൾ പറയുന്നു.

ദൈവം അശരീരിയാണെന്നാണ് യോഹ. 4:24 ചൂണ്ടിക്കാണിക്കുന്നത്. മനുഷ്യന്റെ കണ്ണുകളാൽ കാണപ്പെടാത്തവനാണ് ദൈവമെന്ന് 1 തിമോ. 6:16 ൽ പറയുന്നു. മത്താ. 19:26 ൽ ദൈവം സർവശക്തനാണെന്നു കാണുന്നു. 147-ാം സങ്കീർത്തനം 5-ാം വാക്യത്തിൽ ദൈവം ശക്തനും വിവേകിയും സർവജ്ഞാനിയും എന്നാണ് പറയുന്നത്. 147-ാം സങ്കീർത്തനം 7-ാം വാക്യം ദൈവം തമ്പുരാൻ സർവവ്യാപിയെന്ന് വിശേഷിപ്പിക്കുന്നു. സകലത്തേയും ഭരിക്കുന്നതിനുള്ള കഴിവാണ് ദൈവത്തിനുള്ളതെന്ന് ലൂക്കോ. 10:21-ൽ സംശയത്തിനിടം കൊടുക്കാതെ പറയുന്നു.

മേൽപറഞ്ഞ ദൈവത്വത്തിന് പിതാവെന്നും പുത്രനെന്നും പരിശുദ്ധാത്മാവെന്നും മൂന്ന് ആളത്തങ്ങളുണ്ട് (മത്താ. 3:16, 17, 28:19) ഇവിടെ

യെല്ലാം ത്രിത്വത്തെപ്പറ്റിയാണ് സൂചിപ്പിക്കുന്നത്. അതിനാൽ **ഏകത്വത്തിൽ ത്രിത്വവും ത്രിത്വത്തിൽ ഏകത്വവുമാണുള്ളതെന്ന് പുതിയ നിയമം വ്യക്തമാക്കുന്നു.**

പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും മുമ്പോ, പിമ്പോ വലുപ്പചെറുപ്പമോ ശക്തിവ്യത്യാസമോ ഇല്ലെന്ന് യെശ. 6:3 മുതലുള്ള വാക്യങ്ങൾ വ്യക്തമാക്കുന്നു. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഏക സാരാംശവും ഏക രാജത്വവും ഏകസ്വഭാവവും ഏക ഇഷ്ടവും ഏക ശക്തിയും ഏക നിശ്ചയവുമാണുള്ളതെന്നും വേദപുസ്തകം വ്യക്തമാക്കുന്നു. യോഹ. 10:29 ലും 1 കൊരി. 8:6 ലും പിതാവിനെപ്പറ്റി വ്യക്തമായി പറയുന്നു.

ത്രിത്വത്തിൽ ഒരുവനായി പിതാവിന്റെ വചനവും പുത്രനുമായവൻ **അനാദിയായി പിതാവിൽനിന്നു ജനിച്ചവനുമാകുന്നു.** (യോഹ. 1:1, 14) സാരാംശത്തിൽ പിതാവിനും പരിശുദ്ധാത്മാവിനും സമനാണ് പുത്രൻ. 'ഞാനും പിതാവും ഒന്നാകുന്നു' എന്ന് യോഹന്നാൻ എഴുതിയ സുവിശേഷം 10–ാം അദ്ധ്യായം 30, 31 വാക്യങ്ങൾ വ്യക്തമാക്കുന്നു. യേശുക്രിസ്തു ദൈവികസ്ഥിതിയിൽ നിന്ന് യാതൊരു ഭേദവും കൂടാതെ തന്റെയും പിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും ഇഷ്ടപ്രകാരം മാനവരാശിയുടെ രക്ഷക്കായി ശുദ്ധിമതിയായ കന്യകയിൽനിന്ന് ജഡമെടുത്ത് മനുഷ്യനായി ജനിച്ചു എന്ന് യോഹന്നാൻ 1–ാം അദ്ധ്യായത്തിൽ 14 മുതൽ 19 വരെയുള്ള വാക്യങ്ങളിൽ കൃത്യമായി പറയുന്നു. സാക്ഷാൽ ദൈവം പുരുഷസംബന്ധം കൂടാതെ പരിശുദ്ധാത്മാവിനാൽ കന്യകയിൽ നിന്ന് ജഡമെടുത്ത് സാക്ഷാൽ മനുഷ്യനായി. യേശുവിന്റെ വരവും ലക്ഷ്യവും സംബന്ധിച്ച് എബ്രാ. 2:16, യോഹ. 1:14 വ്യക്തമായി വരച്ചുകാണിക്കുന്നു.

ദൈവസ്വഭാവം ഭേദപ്പെട്ട് മനുഷ്യസ്വഭാവമായി തീരുകയോ മനുഷ്യസ്വഭാവം ഭേദപ്പെട്ട് ദൈവസ്വഭാവമായി തീരുകയോ തമ്മിൽ സമ്മിശ്രപ്പെടുകയോ കൂടിക്കലർന്ന് വേറൊരു വസ്തുവായി തീരുകയോ ഒന്നിനാൽ ഒന്ന് നശിച്ചുപോവുകയോ ചെയ്യാതെ ദൈവത്വവും മനുഷ്യത്വവും എന്ന രണ്ടു സ്വഭാവങ്ങൾ വേർതിരിക്കപ്പെടാത്ത പ്രകാരം ദൈവത്വത്തിന്റെയും പാപമൊഴികെ മനുഷ്യത്വത്തിന്റെയും പൂർണ്ണലക്ഷണങ്ങളോടെ യോജിപ്പിക്കപ്പെടുകയും ചെയ്തു. ഈ യോജിപ്പ് മഹാത്ഭുതമാകുന്നു. (എബ്രായർ 2:9, കൊലൊസ്യർ 2:9, തീത്തോസ് 2:9–13) യേശുക്രിസ്തു പൂർണ്ണദൈവവും പൂർണ്ണ മനുഷ്യനുമാകുന്നുവെന്ന് എഫേസ്യർ 4:5ലും 1 കൊരിന്ത്യർ 1:13ലും സംശയത്തിനിടയില്ലാതെ ചൂണ്ടിക്കാണിക്കുന്നു.

യേശുക്രിസ്തുവിന്റെ മരണസമയത്ത് ആത്മാവ് ശരീരത്തിൽനിന്നു വേർപിരിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ദൈവത്വം ആത്മാവിൽനിന്നും ശരീരത്തിൽനിന്നും വേർപിരിഞ്ഞില്ല. അവ രണ്ടിനോടും കൂടിയുണ്ടായിരുന്നു. യോഹന്നാൻ 19:34–37 ഇതു സൂചിപ്പിക്കുന്നു.

ഉയിർത്തെഴുന്നേൽപ്പിൽ കർത്താവിന്റെ ശരീരത്തെ നാശമില്ലാതാക്കി തീർത്തതിനാൽ ഇനിമേൽ മരണമെങ്കിലും യാതൊരു കഷ്ടമെങ്കിലും യേശുവിന്റെ മേൽ അധികാരപ്പെടില്ല (റോമർ 6:9). യേശുതമ്പുരാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു. അദ്ദേഹത്താലല്ലാതെ യാതൊരു ജഡവും രക്ഷപ്പെടുന്നില്ല (യോഹന്നാൻ 14:6, അ.പ്ര: 4:12) ജീവനുള്ളവരേയും മരിച്ചവരേയും ന്യായം വിധിപ്പാൻ രണ്ടാമതും ക്രിസ്തു വരും (അ.പ്ര. 17:31).

സൃഷ്ടിക്കതിരിക്തനായ, സമസ്തകാരണമായ ദൈവത്തെ പിതാവെന്ന് ക്രിസ്ത്യാനികൾ അഭിസംബോധനചെയ്യുന്നു. സൃഷ്ടിയിൽ ലക്ഷ്യോന്മുഖനായ ദൈവത്തെ പരിശുദ്ധാത്മാവെന്നും വിഭാവനം ചെയ്യുന്നു. പിതാവിന്റെ സ്വാതന്ത്ര്യവും സർവ്വാതീതത്വവും പുത്രനും പരിശുദ്ധാത്മാവിനും ഉണ്ട്. പിതാവിന്റെ സർവ്വാതീതത്വം തന്നെയാണ് പുത്രനിൽ കൂടിയും പരിശുദ്ധാത്മാവിൽ കൂടിയും സർവ്വാന്തര്യാമിത്വമായിത്തീരുന്നത്. സൃഷ്ടിയിൽ സർവ്വാന്തര്യാമിത്വമുണ്ട്. പക്ഷേ അതു നിശ്ചലമല്ല. പ്രത്യുത ശക്താത്മകമാണ്, ചലനാത്മകമാണ്, ലക്ഷ്യോന്മുഖമാണ്.

സൃഷ്ടിയിലുള്ള സർവ്വാന്തര്യാമിത്വത്തിന്റെ പൂർത്തീകരണമാണ് ക്രിസ്തുവിലുള്ള പിതാവിന്റെ മർത്ത്യീകരണം. ആ മർത്ത്യീകരണം മൂലം സൃഷ്ടിയിൽ ഒരു പുതുശക്തി, ലക്ഷ്യോന്മുഖമായ ചലനാത്മകത, ഒരു പുതിയ രൂപത്തിൽ പ്രവേശിച്ച് പ്രവർത്തിക്കുന്നു. അതാണ് പരിശുദ്ധാത്മാവ്. പുത്രനും പരിശുദ്ധാത്മാവും പ്രപഞ്ചത്തിൽ ആന്തര്യാമിത്വം വഴി പ്രപഞ്ചത്തെ ദൈവീകരണത്തിലേക്ക്, അതായത് ആത്മശുദ്ധിയിലേക്ക്, ക്രിയാത്മകമായ നന്മയുടെ പൂർത്തീകരണത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നു. GM

ജോർജിയൻ മിറർ

മലങ്കരയുടെ സത്യദർശനം

മലങ്കര ഓർത്തഡോക്സ് സഭയിൽ, വർത്തമാന കാലത്ത് പ്രസിദ്ധീകരിക്കപ്പെടുന്ന മാധ്യമങ്ങളിൽ, അതുല്യ സ്ഥാനം ജോർജിയൻ മിററിനുണ്ട്. ഈടുറ്റതും ഗവേഷണാത്മകവും വിജ്ഞാനകുതുകികളിൽ താൽപര്യം ഉണർത്തുന്നതുമായ ലേഖനങ്ങൾ ഇതിന്റെ പ്രത്യേകതയാണ്. സഭാസ്നേഹവും തിരുവചനതാൽപര്യവും സാമൂഹ്യ അവബോധവും വായനക്കാരിൽ ഉണർത്തുവാൻ ഇതിലെ ലേഖനങ്ങൾ സഹായകരമാണ്. ഏതു സമൂഹത്തിലും നമ്മുടേത് എന്ന് അഭിമാനത്തോടെ ഉയർത്തിക്കാട്ടുവാൻ തക്ക ആഢ്യതയും ഉള്ളടക്കവും ഇതിലുണ്ട്. കെട്ടിലും മട്ടിലും മേന്മ പുലർത്തുന്ന ജോർജിയൻ മിറർ പ്രസിദ്ധീകരണരംഗത്ത് ഒരു നൂതന ഉൾക്കാഴ്ച പ്രദാനം ചെയ്യുമെന്നതിന് രണ്ടു പക്ഷമില്ല. ഇതിനെ കമനീയമായി അണിയിച്ചൊരുക്കുന്ന അണിയറ ശില്പികൾക്ക് ഹൃദ്യമായ ഭാവുകങ്ങൾ.

അഭി. കുറിയാക്കോസ് മാർ ക്ലീമ്മീസ്
തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്ത

ആത്മീയപ്രതിഷ്ഠ, കാര്യപ്രസക്തമായ ആശയങ്ങൾ, അനിതരസാധാരണമായ അവതരണ ശൈലി ഇവ മൂന്നും ചേർന്നതാണ് ജോർജിയൻ മിറർ. മറ്റാരും കൈവെക്കാത്ത ഒരു മേഖലയാണിത്. ഈ നിലവാരത്തിൽ ഒരു പ്രസിദ്ധീകരണം സഭയ്ക്കുണ്ടെന്ന് പറയുന്നതിൽ അഭിമാനമുണ്ട്.

അഭി. ഗീവർഗീസ് മാർ കൂറീലോസ്
ബോംബെ ഭദ്രാസന മെത്രാപ്പോലീത്ത

സവിശേഷമായ ഒരനുഭൂതിയാണ് ജോർജിയൻ മിററിന്റെ താളുകളിലൂടെ കടന്നുപോകുമ്പോൾ ഉണ്ടാകുന്നത്. വർണ്ണാഭമായ അച്ചടിയല്ല അതിന്റെ കാരണം. പ്രതിപാദ്യ വിഷയങ്ങളുടെ ആഴവും പരപ്പുമാണ് എന്നെ ആകർഷിക്കുന്നത്. ഓർത്തഡോക്സിയുടെ ആത്മാവിലേയ്ക്കു കടന്നുചെല്ലുന്ന വസ്തുനിഷ്ഠമായ പഠനങ്ങൾ, മലങ്കര സഭയുടെ വിശ്വാസവും ചരിത്രവും സമകാലിക സംഭവങ്ങളുമെല്ലാം താളുകളിൽ ഇതൾ വിരിയുന്നു. ജോർജിയൻ മിറർ അണിയിച്ചൊരുക്കാൻ കഠിനാദ്ധ്വാനം ചെയ്യുന്ന ഇതിന്റെ അണിയറ പ്രവർത്തകർക്ക് എന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ.

അഭി. ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്
ചെന്നൈ ഭദ്രാസന മെത്രാപ്പോലീത്ത

ജോർജിയൻ മിററിന്റെ കെട്ടും മട്ടും തനിമയും ഉള്ളടക്കത്തിന്റെ സവിശേഷതകളും ആദ്യം മുതലേ ആകർഷണീയമായിത്തോന്നി. അത് നിലനിർത്തിക്കാണുന്നതിൽ സന്തോഷം. ഇതരസഭാ പ്രസിദ്ധീകരണങ്ങളിൽ നിന്ന് ജോർജിയൻ മിററിനെ വ്യതിരിക്തമാക്കുന്നതിൽ അഭിമാനമുണ്ട്. കാലികമായ സാമൂഹ്യപ്രശ്നങ്ങളോടുള്ള ക്രൈസ്തവ പ്രതികരണം സഭാപ്രസിദ്ധീകരണങ്ങൾ സൗകര്യപൂർവ്വം ഉപേക്ഷിക്കുന്നതിനാൽ ആ ദൗത്യം അർത്ഥവത്തായി നിർവഹിക്കുമെന്നാശിക്കുന്നു.

പി. തോമസ്, പിറവം

ഐക്യം മാത്രം വിവേചനത്തിന് പരിഹാരം

■ ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത

ഇനിയും ചില കാര്യങ്ങൾ ശ്രേഷ്ഠ ബാവായുടെ കൂടെയുള്ളവർ ചിന്തിക്കണം. അവിടെയുള്ള നേതാക്കന്മാർ പറയുന്നത് ഇതൊരു പ്രത്യേക സഭയല്ല, ഇന്ത്യയിലുള്ള അന്ത്യോഖ്യൻ സഭയാണ് എന്നാണ്. വ്യക്തിഗതത്വവും പ്രാദേശികത്വവും നഷ്ടപ്പെടുത്തിയെങ്കിലും അതുവഴി സാർവ്വത്രികതയും ഐക്യവും നേടി എന്ന് ചിന്തിക്കാവുന്നതാണ്. എന്നാൽ അതും നേടിയില്ല എന്നുള്ളതാണ് വസ്തുത. **വ്യക്തിത്വവും സ്വാതന്ത്ര്യവും നഷ്ടപ്പെടുത്തിയവർ ഇന്ന് സാർവ്വത്രിക പങ്കാളിത്തത്തിൽ വിവേചനവും അപമാനവും അനുഭവിച്ചുവരികയാണ്.** ശീമക്കാർ ഇന്ത്യക്കാരുടെ കടുത്ത ഐക്യാഭിലാഷവും സാർവ്വത്രിക ബന്ധത്തിനുള്ള അഭിനിവേശവും വേണ്ടവിധം പരിഗണിക്കുന്നതായി തോന്നുന്നില്ല. ഏതായാലും ഈ തിരിച്ചറിവ് യാക്കോബായ ക്രിസ്ത്യാനികൾക്ക് ഉണ്ടായാൽ ഐക്യശ്രമത്തിന് ആക്കം കൂട്ടാവുന്ന ഘടകമായി തീരാവുന്നതാണ്. ആത്മാഭിമാനം പുനരാർജ്ജിക്കുകയാണ് അതിനാവശ്യം. ഈ വിവേചനം പ്രകടമാകുന്ന ചില മേഖലകൾ ചൂണ്ടിക്കാണിക്കട്ടെ.

1. പരി. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായുടെ നേരിട്ടുള്ള ഭരണത്തിലുള്ള ഇന്ത്യൻ വംശജരുടെ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്താമാർ ന്യായമായും അന്ത്യോഖ്യൻ സുന്നഹദോസിലെ അംഗങ്ങളായിരിക്കേണ്ടതാണ്. എന്നാൽ അവർ അവിടത്തെ സുന്നഹദോസിന് പുറത്താണ്. അമേരിക്കൻ ഭദ്രാസനമെത്രാപ്പോലീത്ത, സിംഹാസനപള്ളികളിലെ മെത്രാപ്പോലീത്താമാർ, പൗരസ്ത്യ സുവിശേഷ സമാജം മെത്രാപ്പോലീത്താമാർ തുടങ്ങി ആറേഴു പേർ ഇതിൽ പെടും. ഇവർക്ക് അന്ത്യോഖ്യൻ സിനഡിൽ അംഗത്വം കൊടുക്കാത്തതിന്റെ അർത്ഥം അവർ ഇവരെ തുല്യരായി പരിഗണിച്ച് ഉൾക്കൊള്ളാൻ തയ്യാറല്ല എന്നതാണ്. **അന്ത്യോഖ്യൻ സിനഡിൽ അംഗമായിത്തീരുവാനുള്ള യോഗ്യത അറബി വംശത്വമാണ് എന്ന് ശഠിക്കുന്ന സാഹചര്യത്തിൽ ഏകസഭ എന്നു പറയുന്നതിന് എന്തെങ്കിലും അർത്ഥമുണ്ടോ** എന്ന് ചിന്തിക്കുന്നത് നല്ലതാണ്. പരി. പാത്രിയർക്കീസിനാൽ നേരിട്ട് ഭരിക്കപ്പെടുന്നവരുടെ സ്ഥിതി ഇതാണെങ്കിൽ ശ്രേഷ്ഠ കാതോലിക്കായുടെ കൂടെയുള്ളവരുടെ സാർവ്വത്രിക-ഏകത്വാനുഭവം എന്തായിരിക്കും?

2. പാത്രിയർക്കീസ് ബാവായുടെ കീഴിൽ ഭരിക്കപ്പെടുമ്പോൾ വിഭജനവും വിവേചനവുമില്ലാത്ത ഐക്യാനുഭവമാണെന്നാണ് പ്രചാരണം. അന്ത്യോഖ്യയുമായി നേരിയ അകൽച്ച പോലും തങ്ങൾക്ക് താങ്ങാനാവില്ല എന്നതാണ് യാക്കോബായ ക്രിസ്ത്യാനി സഭയുടെ വക്താക്കൾ പറയുന്നത്. ഇത്രയെല്ലാം അലിഞ്ഞുചേർന്നിട്ടും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ തിരഞ്ഞെടുപ്പിൽ നാട്ടു മെത്രാന്മാർക്ക് വെളുത്ത പുക നോക്കിയിരിക്കുക എന്നതിനു പുറമേ മറ്റു ചുമതലകൾ ഒന്നുമില്ലല്ലോ? **അവിടെ അറബി വംശജരായ മെത്രാന്മാർക്കും അതിന്റെ ഇവിടുത്തെ പതിപ്പായ ക്നാനായക്കാർക്കും മാത്രം തിരഞ്ഞെടുപ്പ് അവകാശം. പാത്രിയർക്കീസിന്റെ നേരിട്ട് ഭരണത്തിലുള്ള നാട്ടു മെത്രാന്മാർക്ക് മുതൽ ശ്രേഷ്ഠ കാതോലിക്കായുടെ കീഴിലുള്ള മെത്രാന്മാർക്കു വരെ തെരഞ്ഞെടുപ്പ് പ്രക്രിയയിൽ യാതൊരു ഭാഗധേയത്വവുമില്ല.** വോട്ടവകാശ സൗജന്യം ശ്രേഷ്ഠ കാതോലിക്കാ ബാവായ്ക്ക് ഉണ്ട് എന്നു കേൾക്കുന്നു. അവിടെയുള്ള മുപ്പത്തഞ്ച് മെത്രാന്മാർക്കിടയിൽ ഭൂരിപക്ഷമെന്നു പറയുന്ന ഇന്ത്യൻ ഭാഗത്തിന്റെ പങ്കാളിത്തം വട്ടപ്പൂജ്യം. **ഏകസഭ എന്ന പദം വാക്കുകളിലും കടലാസ്സിലുമായി പരിമിതപ്പെടുന്നു.** ഏട്ടിലെ പശു പുല്ലു തിന്നാറില്ലല്ലോ.

3. **ഇന്ത്യക്കാരന് അന്ത്യോഖ്യാ പാത്രിയർക്കീസാവാനുള്ള യോഗ്യത ഇല്ലെന്ന കാര്യം ശീമക്കാർ സുന്നഹദോസ് കൂടി 1979 ൽ തന്നെ ഇവിടെ അറിയിച്ചിട്ടുണ്ട്.** ഈ അയോഗ്യതയുടെ അടിസ്ഥാനം വംശീയതയാണെന്ന് വ്യക്തം. ശീമക്കാരുടെ സുന്നഹദോസിന്റെ തീരുമാനം അംഗീകരിച്ച് കൈകൊട്ടുന്നതാണോ ഏകസഭകൊണ്ട് ഉദ്ദേശിക്കുന്നത്. തീർച്ചയായും ഈ വിവേചനം ഒരു ഐക്യ സാദ്ധ്യതയാണ്. കത്തോലിക്കാസഭയിൽ കുറേക്കാലത്തേക്ക് പോപ്പുമാർ ഇറ്റലിക്കാർ മാത്രമായിരുന്നു. എങ്കിലും പോപ്പാവുന്നതിനുള്ള യോഗ്യത ഇറ്റലിക്കാരനായിരിക്കണമെന്ന് ഒരിക്കലും തീരുമാനമെടുത്തിരുന്നില്ല. അന്ത്യോഖ്യൻ സിനഡിന്റെ ഈ തീരുമാനം സഭയുടെ ഐക്യവും സാർവ്വത്രികതയും മാത്രമല്ല അതിന്റെ ക്രൈസ്തവികത പോലും കാറ്റിൽ പറത്തിയ ഒന്നാണ്. വിവേചനത്തിന്റെ രൂക്ഷമായ ദംഷ്ട്രം പ്രകടമാകുമ്പോഴും ഞങ്ങളും ശീമക്കാരും ഒന്നാണ് എന്ന പ്രഖ്യാപനം ഉണർത്തുന്നത് കൗതുകം മാത്രമാണ്. 'ഏകസഭയിലെ' വിവേചനവും അവഹേളനവും മനസ്സിലാക്കുവാൻ എത്രവേഗം സാധിക്കുന്നുവോ അത്രയും വേഗം മലങ്കരസഭയിലെ ഐക്യപ്രക്രിയ സുഗമമാകും.

4. ആകമാനസുറിയാനി സുന്നഹദോസ് എന്ന ഒരു സ്ഥാപനത്തെപ്പറ്റി എല്ലാവരും കേട്ടിരിക്കുമല്ലോ. സഭ ഏകമായ സാഹചര്യത്തിൽ അങ്ങനെയൊന്നുണ്ടാകുന്നത് നല്ലതാണ്. കാനോനിലും ഭരണഘടനയിലും ഒന്നുമില്ല എങ്കിലും സഭാഐക്യത്തിന്റെ പ്രതീകമായി ഇതിനെകാണാവുന്നതാണ്. എന്നാൽ ഈ സ്ഥാപനം എന്താണെന്ന് നേരിട്ടറിയേണ്ടതാണ്. ഇന്ത്യക്കാർക്ക് എന്തെങ്കിലും പ്രശ്നം ഉണ്ടാകുമ്പോൾ ഇന്ത്യക്കാരും ശീമക്കാരുമായ മെത്രാപ്പോലീത്തമാരെ പാത്രിയർക്കേറ്റിൽ വിളിച്ചുകൂട്ടി നടത്തുന്ന യോഗമാണിത്. അതായത്, ഇവിടത്തെ പ്രശ്നം പാത്രിയർക്കീസ് ബാവായ്ക്ക് തന്റെ താല്പര്യ പ്രകാരം തീർക്കാനായി ശീമമെത്രാച്ചന്മാരെ കൂട്ടി നടത്തുന്ന സംവിധാനം. എന്നാൽ ശീമക്കാരുടെ ഇടയിൽ എന്ത് അട്ടിമറി നടന്നാലും നാട്ടുമെത്രാൻമാരെ അതു തീർക്കാൻ യോഗത്തിൽ വിളിക്കാറില്ല. **അതായത് ശീമക്കാർക്ക് അവരുടെ കാര്യത്തിന് ആഗോള സുന്നഹദോസിന്റെ ആവശ്യമില്ല. അവരുടെ കാര്യം അവർ തന്നെ തീരുമാനിക്കുന്നു.** ആഗോള സുറിയാനി സുന്നഹദോസിന്റെ സ്വഭാവവും കൂടുന്ന സാഹചര്യവും പിന്നിലുള്ള തന്ത്രവുമെല്ലാം വ്യക്തമാണല്ലോ. ഇനി സിനഡിൽ ഇന്ത്യക്കാരന്റെ അഭിപ്രായ സ്വാതന്ത്ര്യത്തെപ്പറ്റി ഒരു വാക്ക്. 1981 ലെ സാർവ്വത്രിക സുന്നഹദോസ് കാതോലിക്കേറ്റിന്റെ അധികാരങ്ങൾ വെട്ടിച്ചുരുക്കി. അതു സംബന്ധിച്ച് കാലം ചെയ്ത പൗലോസ് ദ്വിതീയൻ ബാവായോട് അദ്ദേഹം എന്തുകൊണ്ടാണ് ആ തീരുമാനങ്ങളെ അവിടുന്ന് സിനഡിൽ വച്ച് എതിർക്കാൻ മുതിരാത്തത് എന്ന് ഞാൻ ചോദിച്ചു. "എന്റെ ആബുനെ, എതിർത്തിരുന്നു എങ്കിൽ ജീവനോടെ ഞാൻ തിരികെ എത്തുകയില്ലായിരുന്നു" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. പരി. പാത്രിയർക്കീസ് ബാവാ തിരുമേനിയും അവിടത്തെ മെത്രാപ്പോലീത്താമാരും ഇവിടെയുള്ള വിശ്വാസികൾക്കും സഭയ്ക്കും നൽകുന്ന വില എത്രമാത്രമാണെന്നും നടപടികൾ എത്ര ജനകീയമാണെന്നും ഏകദേശം വ്യക്തമായല്ലോ.

ഈ വിവേചനത്തിനും അധീശത്വത്തിനും പരിഹാരം ഒന്നുമാത്രമാണ്. വിഭക്തമായ മലങ്കരസഭ ഒന്നാകണം. അല്ലാതെ മേൽപ്പറഞ്ഞ കാര്യങ്ങൾ തിരുത്തിക്കിട്ടാൻ സാദ്ധ്യത കുറവാണ്. അവ തിരുത്താതെ അവയിൽനിന്നും രക്ഷപ്പെടുവാനുള്ള വഴി ഐക്യത്തിൽ വന്ന് അടിമത്വത്തിൽനിന്നും വിവേചനത്തിൽനിന്നും തലയൂരുക എന്നതാണ്. നിലവിലിരിക്കുന്ന 1934 ലെ സഭാ ഭരണഘടനവിഭാവനം ചെയ്യുന്ന സ്വാതന്ത്ര്യം നിലനിർത്തി സഭാഭരണം കൂടുതൽ ജനകീയവും പങ്കാളിത്തമുള്ളതും സന്തുലിതവുമാകണമെങ്കിൽ സഭാ ഐക്യം യാഥാർത്ഥ്യമാവണം. ഭിന്നിച്ചും കലഹിച്ചും ആത്മാഭിമാനം നഷ്ടപ്പെട്ട ഈ പുരാതനസഭാ സമൂഹം അതിന്റെ സ്വത്വവും വിളിയും മനസ്സിലാക്കി ഐക്യത്തിൽ പുലരുവാൻ ദൈവം ഇടയാക്കട്ടെ. ഐക്യത്തിലൂടെ സമാധാനം എന്നാകട്ടെ നമ്മുടെ ചിന്ത.

ശ്രേഷ്ഠ കാതോലിക്ക ബാവാ തിരുമേനിയുടെ പ്രത്യേകമായ ശ്രദ്ധ ഈ കാര്യത്തിലുണ്ടാകണം. അദ്ദേഹത്തിന്റെ നിലപാടുകളോടും പ്രവർത്തനരീതികളോടും പലർക്കും വ്യക്തമായ വിയോജിപ്പുണ്ടാകാം. എന്നാൽ അദ്ദേഹം നേടിയിരിക്കുന്ന സ്ഥാനവും ആർജ്ജിച്ചെടുത്ത കഴിവും സഭയുടെ യോജിപ്പിനും യോജിച്ച സഭയുടെ പുരോഗതിക്കും ഉപയോഗപ്പെടുത്തിയാൽ അത് ഈ സഭയ്ക്ക് അദ്ദേഹം ചെയ്യുന്ന ഏറ്റവും വലിയ സേവനമായിരിക്കും. സഭാ ഐക്യത്തിന് നിർണ്ണായക തീരുമാനം എടുക്കാൻ ഇന്നത്തെ സാഹചര്യത്തിൽ കഴിയുന്ന ഏക വ്യക്തി അദ്ദേഹം മാത്രമാണ്. അദ്ദേഹത്തിന്റെ ശേഷി മലങ്കരസഭയുടെ ഭാവി സമാധാനപൂർണ്ണമാകുവാൻ പ്രയോജനപ്പെടട്ടെ എന്ന് അഭ്യർത്ഥിക്കുന്നു. സഭയിൽ ഐക്യമുണ്ടായാൽ അന്ത്യോഖ്യാ പാത്രിയർക്കേറ്റുമായി ആരോഗ്യകരമായ ബന്ധം സൃഷ്ടിക്കാൻ മലങ്കരസഭയ്ക്ക് സാധ്യമാകുകയും ചെയ്യും. GM

ആശാന്മാരെ കുമ്പിടുന്നതും ചൗളാദി സംസ്കാരങ്ങളും

■ ഡോ. എം. കുര്യൻ തോമസ്

നസ്രാണിയുടെ വിവാഹം മുൻകാലത്ത് പള്ളിയിൽവെച്ച് കേവലം ഒരു മണിക്കൂർ മാത്രം നീളുന്ന ഒരു കൂദാശ മാത്രമായിരുന്നില്ല. ഒരു വ്യാഴാഴ്ച *നെലേണ ഒഴിച്ച്* ആരംഭിച്ച് പത്തു ദിവസങ്ങൾക്കു ശേഷമുള്ള ഞായറാഴ്ച *കുടിവെപ്പോടെ* അവസാനിക്കുന്ന ചടങ്ങുകളുടെ ഒരു സമാഹാരമായിരുന്നു മുമ്പ് നസ്രാണി വിവാഹം. കാലത്തിന്റെ കുത്തൊഴുക്കും ആവാസ വ്യവസ്ഥയിലുണ്ടായ വ്യതിയാനവും പ്രൊട്ടസ്റ്റന്റ് നവീകരണവും തെക്ക് ഏതാണ്ട് പൂർണ്ണമായും, വടക്കോട്ട് ഭാഗികമായും ഇവയെ ഇല്ലാതാക്കി. വടക്ക് കുന്നംകുളത്ത് വിവാഹത്തലേന്നത്തെ ചടങ്ങുകളെങ്കിലും പൂർണ്ണമായും ഇന്നും നിലനിൽക്കുന്നുണ്ട്.

ഒരു വൈദിക കർമ്മം - *സംസ്കാരം* - ആയി വിവാഹത്തെ കണക്കാക്കുന്ന സമൂഹങ്ങൾക്കെല്ലാം അവയുടെ വൈദിക ക്രിയാംശത്തോടൊപ്പം നിയതമായ ജാത്യാചാരങ്ങളുമുണ്ട്. നസ്രാണിയും ഈ ചട്ടക്കൂടിനുള്ളിൽ നിൽക്കുന്നവരാണ്. ഒരു നൂറ്റാണ്ടു മുമ്പുവരെ നസ്രാണി സമൂഹത്തിലെങ്ങും നിലനിന്നവയാണ് ഈ വിവാഹാചാരങ്ങൾ. നസ്രാണി വിവാഹത്തിന്റെ ഇത്തരം സാമൂഹിക ചടങ്ങുകൾ ക്നാനായ - *തെക്കുഭാഗ* - സമുദായത്തിന്റെ മാത്രം ജാത്യാചാരങ്ങൾ ആയിട്ടാണ് ഇന്ന് കേരളത്തിലെ ഭൂരിപക്ഷവും കണക്കാക്കുന്നത്. അത്തരത്തിൽ ബോധപൂർവമായ ഒരു പ്രചരണവും നടന്നിട്ടുണ്ട്. പക്ഷേ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലെ സാമ്പത്തിക തകർച്ചവരെ നസ്രാണികൾ എല്ലാം അനുവർത്തിച്ചു വന്നിരുന്നവയാണ് ഈ വിവാഹാചാരങ്ങൾ.

ആധുനികതയ്ക്ക് ഒഴിവാക്കാനാകാതെ ഇന്നും എല്ലായിടത്തും ശേഷിക്കുന്ന അത്യപൂർവം - ഒരുപക്ഷേ ഏക - വിവാഹ ചടങ്ങാണ് ദക്ഷിണ. വിവാഹത്തിനായി പള്ളിയിലേക്കിറങ്ങുന്നതിനു തൊട്ടുമുമ്പ് കിഴക്കു പടിഞ്ഞാറിട്ട പായിൽ ആശാൻ - ഗുരു - പടിഞ്ഞാട്ടു തിരിഞ്ഞു നിൽക്കുന്നു. അഭിമുഖമായി നിൽക്കുന്ന ശിഷ്യൻ ഗുരുവിന് പരമ്പരാഗതമായ കേരളീയ ശൈലിയിൽ കോടിവസ്ത്രം, വെറ്റില, അടയ്ക്ക, പണം ഇവ ചേർത്ത് ദക്ഷിണ നൽകുന്നു. ശിഷ്യൻ ഗുരുവിന്റെ പാദത്തിങ്കൽ കുമ്പിട്ട് - സാഷ്ടാംഗപ്രണാമം നടത്തി നമസ്ക്കരിക്കുന്നു. ഗുരു ശിഷ്യനെപിടിച്ച് എഴുനേൽപ്പിച്ച് തലയിൽ വലതുകൈവെച്ച് സർവ്വൈശ്വര്യത്തിനായി പ്രാർത്ഥിച്ച് അനുഗ്രഹിക്കുന്നു. വരനും വധുവിനും ബാധകമായ ദക്ഷിണയുടെ രൂപഘടന ഇതാണ്.

നസ്രാണികൾ വിദ്യയ്ക്കു നൽകുന്ന അമിത പ്രാധാന്യത്തിന്റെ സ്ഫുരണം ഈ ചടങ്ങിലുണ്ട്. വിദ്യാദാനം നൽകിയ ഗുരുവിന് - മുൻകാലത്ത് ആദ്യാക്ഷരം ചൊല്ലിക്കൊടുത്ത ആശാനു - മാത്രമേ നസ്രാണി *ദക്ഷിണ വയ്ക്കു*. ആശാന്റെ ജാതി മത ലിംഗ ഭേദങ്ങൾ ഈ ചടങ്ങിൽ അപ്രസക്തമാണ്. ഇതിലൊക്കെ ഉപരി, ഒരു നസ്രാണി തന്റെ ജീവിതകാലത്ത് ഈയൊരൊറ്റതവണ മാത്രമാണ് ഒരു മനുഷ്യന്റെ മുമ്പിൽ സാഷ്ടാംഗപ്രണാമം നടത്തുന്നത്. **പുരോഹിതരുടെ മുമ്പിൽപോലും കുമ്പിടാത്ത നസ്രാണി, ഗുരുവിന്റെ മുമ്പിൽ പരസ്യമായും ആചാരപരമായും അപ്രകാരം ചെയ്യുക എന്നത് അവർ വിദ്യക്കു നൽകുന്ന ബഹുമാനമല്ലാതെ മറ്റൊന്നുമല്ല സൂചിപ്പിക്കുന്നത്.**

യഥാർത്ഥത്തിൽ വിവാഹവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്നതും ഇന്നും ഭാഗികമായി നിലനിൽക്കുന്നതുമായ ചടങ്ങുകൾ എല്ലാം നസ്രാണി വിവാഹചടങ്ങുകളല്ല. അവ നമ്പൂതിരി മതത്തിന്റെ ചാതുർവർണ്ണ്യ വ്യവസ്ഥിതിയിൽ അത്യന്താപേഷിതമായ *സംസ്കാരങ്ങളുടെ* ഭാഗമാണ്. ക്രിസ്ത്യാനികൾക്ക് കൂദാശകൾ പോലെ നമ്പൂതിരി മതത്തിന്റെ അനിവാര്യ ഘടകമാണ് സംസ്കാരങ്ങളുടെ പൂർത്തീകരണം. വ്യത്യസ്ഥ ജാതികളിൽ അവയിൽ വൈജാത്യം ഉണ്ടെങ്കിലും, നമ്പൂതിരി-ഇതര ജാതികളിൽ അവയുടെ ക്രിയാംശത്തിനു ആനുപാതികമായ കുറവുവരുമെങ്കിലും ജാതിവ്യവസ്ഥയുടെ ചട്ടക്കൂടിനുള്ളിൽ ഇവ അത്യന്താപേക്ഷിതമായിരുന്നു.

കേരളത്തിലെ ചാതുർവർണ്ണ്യ വ്യവസ്ഥിതിയിൽ വൈശ്യരായി പ്രവേശിച്ച നസ്രാണിക്കും നമ്പൂതിരി മതത്തിന്റെ സംസ്കാരങ്ങൾ ബാധകമായിരുന്നു. ജാതിപരമായ അവരുടെ നിലനില്പിന് അവയുടെ അനുവർത്തനം അനുപേഷണീയമായിരുന്നു. പക്ഷേ നസ്രാണികൾ അവയെ സ്വാംശികരിച്ചത് തങ്ങളുടേതായ രീതിയിലാണ്. ചില നമ്പൂതിരി സംസ്കാരങ്ങളെ അതേപടി സ്വീകരിച്ചപ്പോൾ മറ്റു ചിലതിനു പകരം ക്രൈസ്തവ കൂദാശകളെ പ്രതിഷ്ഠിച്ചു. വേറെ ചില സംസ്കാരങ്ങളുടെ സൂചകങ്ങൾമാത്രം നിലനിർത്തി. ഇതര ചാതുർവർണ്ണ്യ ജാതികളേപ്പോലെ പലപ്പോഴും ഒന്നിലധികം സംസ്കാരങ്ങൾ ഒരുമിച്ചാണ് നസ്രാണിയും നടത്തിയിരുന്നത്. അതുപോലെ നസ്രാണിയുടെ വിവാഹാനുബന്ധ ചടങ്ങുകളും വിവിധ *സംസ്കാരങ്ങളുടെ* സമന്വയമാണ്.

ഒരു വ്യക്തിയെ മാർഗ്ഗത്തിലേയ്ക്കു രൂപപ്പെടുത്തി - സംസ്കരിച്ച് - എടുക്കുന്ന ഉപകരണങ്ങളാണ് നമ്പൂതിരി മതത്തിലെ *സംസ്കാരങ്ങൾ*. കൂദാശകൾക്കും തത്തുല്യ സ്ഥാനമാണ് ക്രിസ്തുമാർഗ്ഗം കല്പിച്ചിരിക്കുന്നത്. അതിനാൽ സംസ്കാരങ്ങളുടെ അനുവർത്തനം ഒരു വിശ്വാസവൈരുദ്ധ്യമൊന്നും നസ്രാണികളിൽ സൃഷ്ടിച്ചില്ല. പ്രത്യേകിച്ചും ക്രിസ്തു വിശ്വാസം പ്രാദേശിക സംസ്കൃതിയിലൂടെയാണ് *നസ്രാണി മാർഗ്ഗ*മായി രൂപപ്പെട്ടത് എന്നതിനാൽ നസ്രാണിക്ക് സംസ്കാരപാലനം യാതൊരു അന്തർസംഘർഷവും സൃഷ്ടിച്ചില്ല.

നമ്പൂതിരി മതത്തിന് *ശങ്കരസ്മൃതി* അനുശാസിക്കുന്ന സംസ്കാരങ്ങൾ ഓരോ മനുഷ്യനും തന്റെ മാതാവിന്റെ ഗർഭത്തിൽ രൂപം കൊള്ളുമ്പോൾ മുതൽ ആരംഭിക്കുന്നു. ഗർഭധാരണവും ഗർഭകാലവുമായി ബന്ധപ്പെട്ട സംസ്കാരങ്ങളാണ് *സേകം, ആധാനം* എന്നിവ. നസ്രാണികൾ ഇവ അതേരീതിയിൽ അനുവർത്തിച്ചിരുന്നതായി സൂചനകളില്ല. എന്നാൽ ഇത്തരമൊരു സങ്കല്പം നസ്രാണിക്കുണ്ടായിരുന്നതായി രേഖയുണ്ട്. ഉദയം പേരൂർ സുന്നഹദോസിന്റെ ഏഴാം മൗത്വ, ആറാം കൂടിവിജാരം, പതിനാറാം കാനോനായിലെ ... *മലംകരെ പെണ്ണു കെട്ടിട്ട നാലാംപക്കം കുളിച്ചേ പള്ളിക്കൽ പൊകുമാറൊള്ളു എന്ന സുന്നഹദോസ കെട്ടു. അത പഴെ മാർഗ്ഗത്തിലും, കാവ്യരുടെ മരിയാദ ആയതിനെക്കൊണ്ടെ* ... എന്ന പരാമർശനം ഇതിനു വ്യക്തമായ തെളിവാണ്.

ഗർഭധാരണത്തിന്റെ നാലാം മാസം ഗർഭിണിക്കു നടത്തുന്ന സംസ്കാരമായ *പുംസവനം* അഥവാ *പുളികുടി* നസ്രാണികളുടെ ഇടയിലും നിലനിന്നിരുന്നു. 1809-ലെ *കണ്ടനാടു പടിയോല*യിലുള്ള ... *വിരുന്നു കൂടാതെ തിരണ്ടുകുളിയും, പുളിക്കുടിക്കയും കഴിച്ചു കൊൾകയും* ... എന്ന പരാമർശനം *പുളികുടി* മാത്രമല്ല, സ്ത്രീകളുടെ നസ്രണികളുടെ ഇടയിൽ ഋതുസ്നാനവും നിലനിന്നതായി വ്യക്തമാക്കുന്നു. 1853-ലെ *ചട്ടവര്യോല*യുടെ 74-മത് നിയമം ... *പുളികുടി എന്നും, തെരണ്ടു കല്യാണമെന്നും രണ്ട അടിയന്തിരമുണ്ടാക്കി, ആയ്തിനനിസാരമായുള്ള ചില പ്രവൃത്തികൾ ചെയ്കയും അരുത* ... എന്നു നിശ്ചയിക്കുമ്പോൾ അക്കാലത്തും ഇവ രണ്ടും നില നിന്നിരുന്നതായി വ്യക്തമാവുന്നു.

ജന്മസമയത്തു നടത്തുന്ന *ജാതകർമ്മം* ഇന്നും നസ്രാണികൾക്കിടയിൽ നിലനിൽക്കുന്നുണ്ട്. സ്വർണവും തേനും വയമ്പും അരച്ച് നവജാത ശിശുവിന്റെ നാവിൽ തൊട്ടുകൊടുക്കുന്ന ഈ അനുഷ്ഠാനത്തിനു ഭേദമില്ല. ഇതോടൊപ്പം മറ്റൊരു സംസ്കാരമായ *നാമകരണവും* നടത്തിയിരുന്നതായി ജസ്യൂട്ട് രേഖകളെ അവലംബിച്ച് ഫെറോളി രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ വിവരണപ്രകാരം *ജാതകർമ്മ*ത്തോടൊപ്പം ... *നവജാത ശിശുവിന്റെ ചെവിയിൽ മോറാൻ ഈശോമ്ശിഹാ എന്നും തുടർന്ന് കുട്ടിയുടെ പേരും ഉച്ചരിക്കും*... . ഇന്ന് ജ്ഞാനസ്നാനസമയത്തൊഴികെ മറ്റു നാമകരണ കർമ്മമൊന്നും പൊതുവേ നിലവിലില്ല..

ആർച്ച്ബിഷപ്പ് മെനേസീസിന്റെ ചരിത്രകാരനായ ഗുവയായുടെ വിവരണപ്രകാരം സ്ത്രീകളുടെ ഗർഭാശുദ്ധി അവസാനിപ്പിക്കുന്ന *വാതിൽപുറപ്പാട്* എന്ന സംസ്കാരം നസ്രാണിയുടേതായ രീതിയിൽ പതിനാറാം നൂറ്റാണ്ടിൽ നിലനിന്നിരുന്നു. ... *പഴയ മാർഗ്ഗപ്രകാരം ആൺകുട്ടി ജനിച്ച് നാൽപ്പതു ദിവസങ്ങൾക്കു ശേഷം നേർച്ചയിടാനല്ലാതെ മാതാവ് ദേവാലയത്തിനുള്ളിൽ കടക്കില്ല. പെൺകുട്ടിയാണെങ്കിൽ ഇത് എൺപതു ദിവസമാണ്* ... എന്ന് അദ്ദേഹം *ജൊർണാഡാ*യിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും ഇതു നിലനിന്നിരുന്നതായി രേഖകളുണ്ട്. ഇന്നും ഭാഗികമായി നിലനിൽക്കുന്നുമുണ്ട്.

നമ്പൂതിരി സംസ്കാരത്തിൽ പരമപ്രധാനമായ *ഉപനയനം* നസ്രാണികൾ ക്രൈസ്തവ കൂദാശയായ ജ്ഞാനസ്നാനമായി ആണ് അനുവർത്തിച്ചത്. സാധാരണ മനുഷ്യനായി ജനിക്കുന്ന ഒരുവനെ നമ്പൂതിരിമതത്തിലെ അതത് ജാതികളിൽ പ്രവേശിപ്പിക്കുന്ന രണ്ടാം ജനനമാണ് ഉപനയനം. *ദ്വിജത്വം* നൽകുന്ന കൂദാശ എന്ന നിലയിൽ മാമോദീസായും സിദ്ധാന്തപരമായി ഉപനയനമാണ്. നമ്പൂതിരിമതം പുരുഷന്മാർക്കുമാത്രം ദ്വിജത്വം നൽകിയപ്പോൾ നസ്രാണി സ്ത്രീകളെ ഒഴിവാക്കിയില്ല എന്നതു മാത്രമായിരുന്നു ഇതിലെ വൈജാത്യം. പതിനെട്ടാം നൂറ്റാണ്ടു വരെയെങ്കിലും ദ്വിജത്വത്തിന്റെ ബാഹ്യചിഹ്നമായ *പൂണൂൽ* മാമോദീസാനന്തരം പുരോഹിതൻ ശുദ്ധീകരിച്ച് ആൺകുട്ടികളെ ധരിപ്പിക്കുമായിരുന്നു. സ്വാഭാവികമായും *വാതിൽപുറപ്പാട്* എന്ന സംസ്കാരം മാമോദീസായോടൊപ്പമാണ് നടന്നിരിക്കുക.

നവജാത ശിശുവിന് ആദ്യമായി അന്നാഹാരം നൽകുന്ന സംസ്കാരമായ *അന്നപ്രാശം* ഇന്നും നിലനിൽക്കുന്നുണ്ട്. സാധാരണയായി ആറാംമാസമാണ് *ചോറൂണ്* നടത്തുക. ഇതിനു നിയതമായ നിയമങ്ങൾ ക്നായിത്തൊമ്മന്റെ കാലത്തുതന്നെ നിശ്ചയിച്ചു എന്നൊരു പാരമ്പര്യമുണ്ട്.

പത്തൊമ്പതാം നൂറ്റാണ്ടുവരെ നസ്രാണി പുരുഷന്മാർ കുടുമ്മി വളർത്തിയിരുന്നു. അവർ കാതുകുത്തി കടുക്കൻ ഇട്ടിരുന്നതായി *ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാ*കളും സാക്ഷിക്കുന്നു. മറ്റു രേഖകൾ ഒന്നും ഇല്ലെങ്കിലും അവരുടെ *കുടുമ്മിയും കടുക്കനും* ശിശുവിന്റെ ആദ്യ മുടിമുറിക്കലുമായി ബന്ധപ്പെട്ട *ചൗളം*, കാതുകുത്തുമായി ബന്ധപ്പെട്ട *കർണ്ണവേധനം* എന്നീ സംസ്കാരങ്ങൾ നസ്രാണികൾക്കിടയിലും നിലനിന്നിരിക്കാനുള്ള ശക്തമായ സാദ്ധ്യതയെ സൂചിപ്പിക്കുന്നു.

ആദ്യാക്ഷരം കുറിക്കുന്ന *വിദ്യാരംഭം* ഇന്നും നസ്രാണികൾക്കിടയിൽ ഒരു സംസ്കാരമായി നിശ്ചിതമായ ആചാരങ്ങളോടുകൂടിത്തന്നെ നിലനിൽക്കുന്നുണ്ട്. ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യ ജാതികൾ ഉപനയനത്തിനും വിദ്യാരംഭത്തിനും ശേഷമാണ് ഗരുസന്നിധിലേയ്ക്ക് വിദ്യാഭ്യാസത്തിനായി യാത്രയാവുന്നത്. നമ്പൂതിരിമാർ വേദം, ക്ഷത്രിയരും പടജനങ്ങളും ആയോധനം, ഭിഷഗ്വരന്മാർ വൈദ്യം, മറ്റു ചിലർ ഭാഷ എന്നിങ്ങനെ കുലധർമ്മത്തിനനുസൃതമായ പഠനം ഈ *ബ്രഹ്മചര്യ കാലത്ത്* നിർവഹിക്കുന്നു.

ഇതിനു സമാനമായി നസ്രാണികൾ എട്ടാം വയസു മുതൽ ആയോധനവിദ്യ, ഭാഷ, ഗണിതം ഇവ അഭ്യസിക്കുന്നു. പതിനാറാം നൂറ്റാണ്ടിലെ പോർട്ടുഗീസ് രേഖകൾ പ്രകാരം *പണിക്കർ* എന്നാണ് അവരുടെയും നായന്മാരുടെയും ആയോധനഗുരുക്കന്മാർ അറിയപ്പെട്ടിരുന്നത്; അവരിൽ ക്രൈസ്തവരും അക്രൈസ്തവരും ഉണ്ടായിരുന്നു. പഠനപൂർത്തീകരണവും ബ്രഹ്മചര്യ സമാപനവുമായി ബന്ധപ്പെട്ട സംസ്കാരങ്ങളാണ് നസ്രാണി വിവാഹത്തിന്റെ തലേന്നു സന്ധ്യയ്ക്കു നടത്തുന്ന ചടങ്ങുകൾ.

ഒരുവൻ പ്രായപ്രൂർത്തിയായി പുരുഷനാവുന്നതുമായി ബന്ധപ്പെട്ട സംസ്കാരമാണ് *ഗോദാനം*. ആദ്യമായി മുഖക്ഷൗരം ചെയ്യുക എന്നത് *കേശാന്ത സംസ്ക്കാരം* എന്നും അറിയപ്പെടുന്ന ഇതിന്റെ പ്രതീകവും. വിദ്യാഭ്യാസ പൂർത്തീകരണത്തിനു ശേഷം ഗുരുകുലത്തിൽനിന്നും ഗൃഹസ്ഥനാവാൻ മടങ്ങി എത്തുന്ന *സംസ്കാരമാണ് സമാവർത്തനം*. ഇവ രണ്ടിന്റെയും മിശ്രിതമാണ് നസ്രാണിയുടെ വിവാഹത്തലേന്നത്തെ ചടങ്ങുകൾ.

നസ്രാണി വരന്റെ ഭവനത്തിൽ വിവാഹത്തലേന്നത്തെ ചടങ്ങുകൾ താഴെ പറയുന്നവിധം സംഗ്രഹിക്കാം. ഊരിപ്പിടിച്ച വാളിന്റെ - കുറഞ്ഞപക്ഷം കഠാര - അകമ്പടിയോടെ ഓലക്കുടയും ചൂടിച്ചെത്തുന്ന വരനെ പന്തലിലേയ്ക്ക് ആനയിച്ച് വെള്ളവിരിച്ച ആവണി പലകയിൽ അല്ലെങ്കിൽ *അണികൊരണ്ടി*യിൽ ഇരുത്തുന്നു. തുടർന്ന് കത്തിച്ച കോലുവിളക്കിന്റെ സാന്നിദ്ധ്യത്തിൽ ദേശത്തു ക്ഷുരകൻ വരന്റെ തലമുടിവെട്ടി മുഖക്ഷൗരം നടത്തുന്നു. തുടർന്ന് പല്ലുതേപ്പും തേച്ചുകുളിയും കഴിഞ്ഞ് നസ്രാണി രീതിയിൽ രണ്ടുതുമ്പും ഞൊറിഞ്ഞുടുത്ത മുണ്ട്, തോൾമുണ്ട്, തലയിൽക്കെട്ട് ഇവ ധരിച്ചെത്തുന്ന വരനെ *നെല്ലും നീരും വെച്ച്* സ്വീകരിക്കുന്നു. തുടർന്ന് ഏതാനും മുതിർന്ന പുരുഷന്മാരും സ്ത്രീകളും വരന് മധുരം *ഞുള്ളിക്കൊടുക്കുന്നു*. വധുവിന്റെ *പ്രായപൂർത്തി എത്തുന്ന* ചടങ്ങ് - *തിരണ്ടുകുളി* - ഇതിനോടൊപ്പം നടത്താൻ സാദ്ധ്യമല്ലാത്തതിനാൽ അവർക്ക് കുളി, മധുരംവയ്പ്പ്, മൈലാഞ്ചി ഇടൽ ഇവ മാത്രമാണുള്ളത്.

സൂക്ഷ്മമായി വിശകലനം ചെയ്താൽ *ഗോദാനം സമാവർത്തനം* എന്നീ സംസ്കാരങ്ങളുടെ സങ്കലനമാണ് ഈ ചടങ്ങുകൾ എന്നു കാണം. വിദ്യാഭ്യാസം പൂർത്തിയാക്കി മടങ്ങിയെത്തുന്ന വരനെ ആചാരപരമായി കുടുംബത്തിലേക്കു സ്വീകരിക്കുന്നു. മുഖക്ഷൗരം നടത്തി തലയിൽ കെട്ടിക്കുന്നതോട അവനെപ്രായപൂർത്തിയായ പുരുഷനായി പ്രഖ്യാപിക്കുകയും വിവാഹം കഴിച്ച് ഗൃഹസ്ഥനാവാൻ യോഗ്യത നേടിയതായി അംഗീകരിക്കുകയും ആണ് ചെയ്യുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യം വരെയെങ്കിലും നസ്രാണി യുവാക്കൾ ഈ ചടങ്ങിനുമുമ്പ് മുഖക്ഷൗരം ചെയ്തില്ലായിരുന്നു എന്ന വസ്തുത, വിവാഹപൂർവ ചടങ്ങുകളെ മുകളിൽ പറഞ്ഞ സംസ്കാരങ്ങളായിയാണ് അവർ കണക്കാക്കിയിരുന്നത് എന്നതിനു തെളിവാണ്. അന്നത്തെ ആചാരപരമായ ക്ഷൗരത്തിന്റെ *അന്തം ചാർത്തൽ* എന്ന പേരിനെ ബ്രഹ്മചര്യത്തിന്റെ അന്ത്യം കുറിച്ച് ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിക്കുന്നതിന്റെ പ്രതീകമായി കണക്കാക്കുന്നതിൽ തെറ്റില്ല. വിദ്യാഭ്യാസ പൂർത്തീകരണത്തിന്റെ ഭാഗമായി വേണം വിവാഹദിനത്തിൽ ആശാനു ദക്ഷിണ നൽകുന്നതിനെ കണക്കാക്കാൻ. അതായത് തലേന്നത്തെ *സമാവർത്തനം* എന്ന സംസ്കാരത്തിന്റെ പരിസമാപ്തി.

സമാവർത്തനം മുതൽ തോൾമുണ്ട് ഉപയോഗിക്കുന്ന വരൻ അത് ധരിക്കുന്നത് നമ്പൂതിരി പാരമ്പര്യത്തിലെ *മുണ്ടുത്തരീയം* പോലെ ആയിരുന്നു. മാമോദീസാ അവസരത്തിൽ പുരോഹിതൻ വാഴ്ത്തി ധരിപ്പിച്ചശേഷം അപ്പോൾത്തന്നെ ഊരിമാറ്റി വയ്ക്കുന്ന ദ്വിജത്വ ചിഹ്നമായ പൂണൂൽ വീണ്ടും വിവാഹാവസരത്തിൽ മാപ്പിളമാരെ ധരിപ്പിക്കുന്ന പതിവ് പതിനെട്ടാം നൂറ്റാണ്ടിൽ ഉണ്ടായിരുന്നതായി രേഖകളുണ്ട്. യഥാർത്ഥത്തിൽ നമ്പൂതിരി മത പാരമ്പര്യത്തിൽ വൈദിക കർമ്മങ്ങളിൽ ധരിക്കേണ്ട *ഉത്തരീയസ്ഥാനം* എന്ന അംഗവസ്ത്രത്തിന്റെ പ്രതിരൂപം മാത്രമാണ് നിത്യോപയോഗത്തിനുള്ള പൂണൂൽ. നമ്പൂതിരിമാർ സുപ്രധാന വൈദിക കർമ്മങ്ങളിൽ ഈ പൂർണ്ണ അംഗവസ്ത്രം തന്നെയാണ് ധരിക്കുക. പ്രാദേശിക പ്രയോഗത്തിൽ ഇതിനെ *മുണ്ടുത്തരീയം* എന്നു പറയും. വിവാഹത്തിന് ഇപ്രകാരം തോൾമുണ്ട് ധരിക്കുന്ന പതിവ് നസ്രാണികൾക്കിടയിൽ ഇന്നും അപൂർവമായെങ്കിലും ഉണ്ട്.

നമ്പൂതിരി മതത്തിന്റെ മുകളിൽ സൂചിപ്പിച്ച സംസ്കാരങ്ങളെ മൊത്തത്തിൽ പരിശോധിച്ചാൽ അവ കുടുംബ രൂപീകരണത്തിൽ കേന്ദ്രീകൃതമാണെന്നു കാണാം. വിവാഹവും ഈ സാമൂഹിക വ്യവസ്ഥയിൽ ഒരു സംസ്കാരമാണ്. നസ്രാണിക്കും ഇതേപ്പറ്റിയുള്ള കാഴ്ചപ്പാടിൽ മാറ്റമില്ല. **വിവാഹം ഒരു കൂദാശയാണ് എന്ന പൊതുവായ ക്രൈസ്തവ ചിന്താഗതിക്ക് ഉപരിയായി കുടുംബ രൂപീകരണം കൂടി നസ്രാണിയുടെ വിവാഹ ചടങ്ങുകളുടെ ഭാഗമാണ്.** വധുവിനെ വരന്റെ കുടുബത്തിലെ അംഗമാക്കുന്ന *കുടിവെയ്പ്പ്* എന്ന ആചാരം കുടുംബ രൂപീകരണത്തിന്റെ പ്രതീകമാണ്. ... *പെണ്ണുകെട്ടി കരെറിയാൽ ... പിറ്റ ഞായറാഴ്ചയ്ക്കകം കുടിവയ്ക്കുകയും* ... (ചെയ്തുകൊള്ളണം) ... എന്ന *കണ്ടനാടു പടിയോല*യിലെ നിർദ്ദേശം ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. അതിലെ തന്നെ ... *കുടിവച്ചാൽ ഒരു നെരത്തെ വിരുന്നു കൊടുക്കയും* (വേണം) ... എന്ന പരാമർശനം കുടുംബ രൂപീകരണത്തിന്റെ പ്രാധാന്യത്തേയും ശരിവയ്ക്കുന്നു. വിവാഹശേഷം വീണ്ടും സൽപ്പുത്ര ജനനത്തിനായി *സേകം* മുതലുള്ള സംസ്കാരങ്ങൾ ആരംഭിക്കുകയാണ്.

നസ്രാണിയുടെ *വിവാഹം* എന്ന സംസ്കാരം യഥാർത്ഥത്തിൽ ആരംഭിക്കുന്നത് ദക്ഷിണയ്ക്കു ശേഷമാണ്. വരൻ ആഘോഷപൂർവം പള്ളിയിലേയ്ക്കു യാത്രയായി വിവാഹ കൂദാശ നടത്തി വധൂസമേതം അതേവിധം സ്വഭവനത്തിൽ മടങ്ങിയെത്തുന്നു. നസ്രാണികളുടെ അവകാശമായ 72 പദവികളിൽപ്പെട്ട *പകൽവിളക്ക്, പാവാട, മുൻനട, മുൻചൊല്ല്, ബഹുവിധ വാദ്യങ്ങൾ, തഴകുട* തുടങ്ങിയ പലതിന്റെയും പ്രകടനം കൂടിയാണ് ഈ ഘോഷയാത്രകൾ.

നമ്പൂതിരി സംസ്കാരങ്ങളെ സ്വാംശീകരിച്ചപ്പോൾ അവയ്ക്ക് ഒരു ക്രൈസ്തവ മാനം നൽകാൻ നസ്രാണി ശ്രമിച്ചിരുന്നു. അവയിൽ വൈദികന്റെ സാന്നിദ്ധ്യമുണ്ടാക്കുക വഴിയാണ് ഇതിനു ശ്രമിച്ചത്. 1853-ലെ *ചട്ടവര്യോല*യുടെ 101-മത് നിയമം... *കല്യാണത്തിനു പെണ്ണിനെയും ചെറുക്കനെയും ശനിയാഴ്ച അസ്തമിച്ച കുളിപ്പിക്കുമ്പെഴും, ബുധനാഴ്ച കുളിക്കും, പട്ടക്കാററെകൊണ്ടു യാതൊരു കൂദാശക്രിയയും അവിടെ ചെയ്‌വാനില്ലാത്തതായിരിക്കുംപൊൾ, പട്ടക്കാററ ആവ്കക്കു പൊകുന്നതും* ... എന്ന പരാമർശനം ഇതു വ്യക്തമാക്കുന്നുണ്ട്. ഇവയിൽ... *ശനിയാഴ്ച അസ്തമിച്ച കുളിപ്പിക്കുന്നത്* ഗോദാനം സമാവർത്തനം എന്നീ സംസ്കാരങ്ങളുമായും *ബുധനാഴ്ച കുളി* വിവാഹാനന്തരം നാലാം ദിവസം സേകം ആധാനം എന്നീ സംസ്കാരങ്ങളുമായും ബന്ധപ്പെട്ടവയാണ്.

ശങ്കരസ്മൃതി അനുശാസിക്കുന്നവയിൽ നസ്രാണി ജീവിത ചക്രത്തിൽ പ്രതീകാത്മമായിപ്പോലും കാണാത്ത ഏക സംസ്കാരം *ഔപസാഗ്നി* മാത്രമാണ്. നമ്പൂതിരിമാർ വിവാഹവേളയിൽ ജ്വലിപ്പിക്കുന്നതും ഭാര്യാഭർത്താക്കന്മാരുടെ മൃതദേഹ സംസ്കാരത്തിനായി ജീവിതാന്ത്യംവരെ അണയാതെ സൂക്ഷിക്കേണ്ടതുമാണ് *ഔപസാഗ്നി*. നസ്രാണി ജീവിത ചക്രത്തിൽ ഇതിന്റെ അസാന്നിദ്ധ്യത്തിനു പലകാരണങ്ങൾ പറയാം. ഒന്നാമതായി നസ്രാണി വിവാഹങ്ങൾ ഭവനങ്ങളിലല്ല ദേവലയങ്ങളിലാണ് നടക്കുക. അവിടെയാകട്ടെ കെടാവിളക്കിന്റെ സാന്നിദ്ധ്യം ഉണ്ടുതാനും. രണ്ടാമതായി, നസ്രാണി മൃതശരീരം *ഭൂദാനം* ചെയ്യുന്നതിനാൽ ആ സമയത്ത് അഗ്നിയുടെ സാന്നിദ്ധ്യം അപ്രസക്തമാണ്.

പക്ഷേ പരിഗണിക്കേണ്ട ഒരു വസ്തുതയുണ്ട്. മൃതസംസ്കാര സമയത്ത് പള്ളിയിലെ വിളക്കിൽ പരേതന്റെ കുടുബത്തിൽനിന്നും എണ്ണ ഒഴിക്കണമെന്ന് നിബന്ധനയുണ്ട്. ഇതിന് ഔപസാഗ്നിയുമായി എന്തെങ്കിലും ബന്ധമുണ്ടോ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. ഒരു പള്ളിയുമായി ബന്ധപ്പെട്ട എല്ലാ കുടുംബങ്ങളുടേയും വിവാഹ സാക്ഷിയായ കെടാവിളക്ക് അണയാതെ സൂക്ഷിക്കുന്നതിന് അവരെല്ലാം ബാദ്ധ്യസ്ഥരാണ് എന്നതിന്റെ പ്രതീകമാണോ ഇത് എന്നും പരിശോധിക്കേണ്ടിയിരിക്കുന്നു. നേർച്ചയായി പലപ്പോഴും പള്ളിവിളക്കിൽ എണ്ണ ഒഴിക്കുമെങ്കിലും പാരമ്പര്യ നിയമപ്രകാരം മറ്റൊരവസരത്തിലും ഇപ്രകാരം ചെയ്യണമെന്ന് നിർബന്ധമില്ല. വിവാഹവസരത്തിൽ വരന്റെ വീട്ടുകാർ പള്ളിയോഗത്തിനു മുമ്പാകെ വയ്ക്കേണ്ട വസ്തുക്കളിലും എണ്ണ ഉൾപ്പെടുന്നില്ല.

മൃതസംസ്കാരവും അനന്തര ചടങ്ങുകളും നസ്രാണിക്കും വൈദിക കർമ്മങ്ങളായിരുന്നു. പുലയും പുലകുളിയും അടിയന്തി

രവും ആണ്ടുശ്രാദ്ധവുമെല്ലാം നസ്രാണി സംസ്കൃതിയുടെ അവിഭാജ്യ ഘടകങ്ങളാണ്. ക്രൈസ്തവ മതകർമ്മങ്ങളോടൊപ്പം തദ്ദേശീയ സംസ്കൃതിയും സമജ്ഞസപ്പെടുത്തിയാണ് നസ്രാണി ഇവയെ രൂപപ്പെടുത്തിയത്.

നസ്രാണി ജീവിതചക്രത്തിൽ സംസ്കാരങ്ങളുടെ സാന്നിദ്ധ്യം അവർ നമ്പൂതിരി ആയിരുന്നു എന്നല്ല തെളിയിക്കുന്നത്. മറിച്ച് നമ്പൂതിരി കേന്ദ്രീകൃതമായ കേരളത്തിലെ ചാതുർവർണ്യ വ്യവസ്ഥിതിയുടെ ഭാഗമായിരുന്നു നസ്രാണി എന്നാണ്. വർണ്ണാശ്രമത്തിൽപ്പെട്ട ജാതികൾക്കെല്ലാം ഈ സംസ്കാരങ്ങൾ അത്യന്താപേഷിതമായിരുന്നു. പക്ഷേ അവയുടെ *ഘനം* നമ്പൂതിരി മുതൽ താഴോട്ട് കുറഞ്ഞു വന്നിരുന്നു.

മത നവീകരണവും ആവാസ വ്യവസ്ഥയിലെ വ്യതിചലനവും മാത്രമല്ല നസ്രാണിയുടെ സംസ്കാരങ്ങളെ അസ്തമപ്രായത്തിലെത്തിച്ചത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ പ്രാരംഭ കാലത്ത് *കുലധർമ്മ*ത്തിന്റേയും തദ്വാരാ ജാതി വ്യവസ്ഥയുടേയും താത്വിക അടിത്തറ കേരളത്തിൽ തകർന്നു എന്നതാണ് അതിന്റെ പ്രധാനകാരണം. അതോടെ മതം ജാതിയുടെമേൽ അധിനിവേശം നടത്തി. നമ്പൂതിരി അടക്കം കേരളത്തിലെ എല്ലാ വിഭാഗങ്ങളേയും ബാധിച്ച ഈ ജീർണ്ണതയ്ക്ക് ചരിത്രപരവും സാമ്പത്തികവും രാഷ്ട്രീയവുമായ പല കാരണങ്ങളുണ്ട്. *കുലധർമ്മം* അപ്രസക്തമായതോടെ സംസ്കാരങ്ങളുടെ ആന്തരാർത്ഥം നഷ്ടപ്പെട്ട് അവ വെറും ക്രിയകളായി അധഃപതിക്കുകയും നിരർത്ഥകങ്ങളാവുകയും ചെയ്തു. പിന്നീടു ശേഷിച്ചത് അവയുടെ പുറംതോടും അതിനെ ചുറ്റിപ്പറ്റിയുള്ള ആർഭാടവും ധൂർത്തും മാത്രമായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽ നസ്രാണിയെ *സംസ്കരിച്ച്* ക്രിസ്ത്യാനിയാക്കാൻ തുനിഞ്ഞിറങ്ങിയ വിദേശ ശക്തികളുടെ സാന്നിദ്ധ്യം നസ്രാണികൾക്കിടയിൽ ഈ പ്രക്രിയയ്ക്ക് മറ്റുവിഭാഗങ്ങളേക്കാൾ ആക്കം കൂട്ടി എന്നത് യാഥാർത്ഥ്യമാണ്. പിന്നീട് കാലത്തിന്റെ കുത്തൊഴുക്കിൽ നമ്പൂതിരി അടക്കം എല്ലാ വിഭാഗങ്ങളിലും ഇത്തരം *നിരർത്ഥക ക്രിയകൾ*ക്കെതിരെയുള്ള പ്രതിഷേധം രൂപപ്പെട്ട് ശക്തമായി. അതോടെ അവരുടേയും സംസ്കാരങ്ങളിൽ നല്ലൊരു ഭാഗം നഷ്ടമായി.

സൂചക ഗ്രന്ഥങ്ങൾ

1. അപ്പോത്തിക്കീരി, കന്നുകുഴിയിൽ കൊച്ചുതൊമ്മൻ, *പരിഷ്ക്കാരപ്പാതി*, കോട്ടയം, 1977
2. ഗോപാലകൃഷ്ണൻ, പി. കെ., *കേരളത്തിന്റെ സാംസ്ക്കാരിക ചരിത്രം*, തിരുവനന്തപുരം, 1984
3. തോമസ്, ഡോ. മേലടത്ത് കുര്യൻ, *പത്രോസ് പാത്രിയർക്കീസിന്റെ പരിഷ്കാരങ്ങൾ*, കോട്ടയം, 2011
4. ഭാസ്ക്കരനുണ്ണി, പി. *പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം*, തൃശൂർ, 1988
5. ശങ്കരൻ നമ്പൂതിരിപ്പാട്, കാണിപ്പയ്യൂർ, *ആര്യന്മാരുടെ കുടിയേറ്റം കേരളത്തിൽ Vols I,.II & III*, കുന്നംകുളം
6. സ്കറിയാ സഖറിയാ, *ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകൾ*, ഇടമറ്റം,1994
7. Ferroli S. J., D., *The Jesuits in Malabar Vol. II*, Bangalore, 1951
8. Thazhath, Andrews, *The Juridical Sources of the Syro- Malabar Church*, Vadavathoor, 1987
9. Thomas, Meladath Kurian, *The Indian Way of Christanity*, Srbrucken, Germany, 2012

GM

KOCHANNA BABU

(17.03.1945 - 26.08.2013)

W/o. P.I. Babu

Marketing Manager, Georgian Mirror

ജോർജിയൻ മിററിന്റെ ആദരാഞ്ജലികൾ

40 –ാം ചരമദിനം

02–09–2013

P.K. NINAN

Kannayath Road

Mamangalam, Ernakulam

ജനനം : 03.08.1933

മരണം : 25.07.2013

തിരുവല്ല ആഞ്ഞിലിത്താനം പണ്ടാത്തിൽ കുടുംബാംഗം

Inserted by : Wife, Children & Grand Children

ആരോഗ്യ പോഷണം പദ്ധതി: കാതോലിക്കേറ്റ് ശതാബ്ദിയുടെ നക്ഷത്ര തിളക്കം

■ ഫാ. എം.ഡി. യൂഹാനോൻ റമ്പാൻ



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ കാതോലിക്കേറ്റ് പുന:സ്ഥാപിച്ചതിന്റെ ശതാബ്ദി ആഘോഷങ്ങളുടെ പൂർത്തീകരണമായി സാമൂഹ്യസേവന പദ്ധതികൾ സഭ പ്രഖ്യാപിച്ചു. ശതാബ്ദി ആഘോഷത്തിന്റെ നക്ഷത്ര തിളക്കമാണ് 2013 ജൂൺ മാസം മലങ്കര സഭയുടെ മിഷൻ പ്രവർത്തനങ്ങളുടെ നാഴികകല്ലായി അട്ടപ്പാടി സെന്റ് തോമസ് ആശ്രമത്തിന്റെ മുഖ്യ ചുമതലയിൽ ആരംഭിച്ച 'ആരോഗ്യ പോഷണം' പദ്ധതി.

പോഷകാഹാര കുറവുമൂലം അട്ടപ്പാടിയിലെ വിവിധ ഊരുകളിൽ പിഞ്ചു കുഞ്ഞുങ്ങൾ മരിച്ചു വീഴുന്ന വാർത്ത ദേശീയ മാധ്യമങ്ങൾ കഴിഞ്ഞ ഏപ്രിൽ മാസം മുതൽ പ്രസിദ്ധീകരിച്ചിരുന്നു. അതിന്റെ ഫലമായി കേരളത്തിന്റെ മാത്രമല്ല ഇന്ത്യയുടെ ഒട്ടാകെയുള്ള ശ്രദ്ധ അട്ടപ്പാടിയിലേക്ക് തിരിയുകയുണ്ടായി. കേന്ദ്രമന്ത്രിമാരും സംസ്ഥാനമന്ത്രിമാരും രാഷ്ട്രീയ നേതാക്കളും അട്ടപ്പാടി സന്ദർശിച്ചു. കേന്ദ്ര-സംസ്ഥാനസർക്കാരുകൾ സംയുക്തമായി അട്ടപ്പാടിക്കുവേണ്ടി പ്രത്യേക വികസനപാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. അതിനെ നമുക്ക് ശുഭാപ്തി വിശ്വാസത്തോടെ കാണാം.

എന്നാൽ അട്ടപ്പാടിയിലെ ആദിവാസികളുടെ ദുരിതങ്ങൾ ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. പട്ടിണി മരണങ്ങളും പകർച്ച വ്യാധികളും പോഷകാഹാരകുറവുമൂലമുള്ള മരണങ്ങളും ഒന്നും അട്ടപ്പാടിയെ സംബന്ധിച്ചിടത്തോളം പുതിയ വാർത്തകളല്ല. ഇവയൊക്കെ നേരത്തെ തന്നെ ഉണ്ടായിരുന്ന പ്രശ്നങ്ങൾ തന്നെയാണ്. ഇപ്പോൾ മാത്രമെ അവ മാധ്യമങ്ങളുടെ ശ്രദ്ധയിൽപെട്ടുള്ളു എന്നു മാത്രം. അതുകൊണ്ടു തന്നെ ആയിരിക്കണം മലങ്കര ഓർത്തഡോക്സ് സഭയുടെ മിഷൻ മുൻഗണനകളിൽ ഒരിക്കലും അട്ടപ്പാടിയിലെ ആദിവാസികൾ കടന്നു വരാതിരുന്നത്.

മലങ്കര ഓർത്തഡോക്സ് സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്ക് പുതിയ മാനങ്ങൾ നൽകിയ ഡോ.ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ പ്രവർത്തനങ്ങൾ മഹത്തരമാണ്. തിരുമേനിയുടെ നേതൃത്വത്തിൽ സഭാമിഷൻ ബോർഡും മിഷൻ സൊസൈറ്റിയും ഉത്തരേന്ത്യയിലെ അവികസിത ജനവിഭാഗത്തിന്റെ വികസനത്തിനുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ചിട്ടുണ്ട്. തിരുമേനി കാലം ചെയ്തെങ്കിലും അദ്ദേഹത്തിന്റെ സ്വാധീനവും പ്രാർത്ഥനയും സഭയുടെ മിഷൻ പ്രവർത്തനത്തെ നയിച്ചുകൊണ്ടിരിക്കുന്നു.

അട്ടപ്പാടിയിൽ തുടർച്ചയായുണ്ടായ ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ ഡോ.ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ ശിഷ്യരും സഭാമിഷൻ ബോർഡിന്റെ സാരഥികളുമായ ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത (ചെയർമാൻ), ഡോ.യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്ത (കോ-ചെയർമാൻ), ഫാ.കെ.ഐ.ഫിലിപ്പ് റമ്പാൻ (ഡയറക്ടർ) എന്നിവർ 2013 മെയ് 28ന് സഭാമിഷൻ ബോർഡിന്റെയും ദുബൈ ഫ്രണ്ട്സ് സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ 400 കുട്ടികൾക്ക് രണ്ടരലക്ഷം രൂപയുടെ സ്കൂൾ കിറ്റുകൾ വിതരണം ചെയ്യുകയും തുടർന്ന് നാല് ശിശുക്കൾ മരണപ്പെട്ട അട്ടപ്പാടിയിലെ നെല്ലിപ്പതി ഊര് സന്ദർശിക്കുകയും ചെയ്തു. അട്ടപ്പാടി സെന്റ് തോമസ് ആശ്രമത്തിൽ തിരിച്ചെത്തിയ പിതാക്കന്മാർ തുടർനടപടികളെക്കുറിച്ച് ചർച്ച നടത്തുകയും ചെയ്തു. **ഈ ആലോചനയുടെ ഫലമായിട്ടാണ് മലങ്കര ഓർത്തഡോക്സ് സഭയുടെ ശതാബ്ദി നക്ഷത്ര തിളക്കം എന്നു വിശേഷിപ്പിക്കാവുന്ന ആദിവാസി ഊരുകളിൽ 'ആരോഗ്യ പോഷണം' പദ്ധതി രൂപം കൊണ്ടത്.**

ആദ്യ ഘട്ടമായി നെല്ലിപ്പതി, ഭൂതുവഴി, ചുണ്ടുകുളം, കോട്ടമല എന്നീ ഊരുകളിലെ 295 കുട്ടികൾക്ക് ദിവസവും വൈകുന്നേരം പാൽ, മുട്ട, ബ്രഡ് എന്നിവ കൊടുക്കാൻ ആരംഭിച്ചു. പതിനഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികൾക്കും ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും വൃദ്ധജനങ്ങൾക്കും ആഹാരം നൽകുന്നുണ്ട്. പുഴുങ്ങിയ മുട്ട, കാച്ചിയ പാൽ എന്നിവ ആശ്രമത്തിൽ തയ്യാറാക്കി വാഹനങ്ങളിൽ സന്നദ്ധപ്രവർത്തകർ ഊരുകളിലെത്തിച്ചാണ് വിതരണം നടത്തുന്നത്. ഭൂതുവഴി ഊരിലെ 85 കുട്ടികൾക്കുള്ള പോഷകാഹാര വിതരണത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻചാണ്ടിയാണ് നിർവ്വഹിച്ചത്. ഓർത്തഡോക്സ് സഭയുടെ സാമൂഹിക വികസന പ്രവർത്തനങ്ങളിലെ പുതിയ കാൽവയ്പായി മുഖ്യമന്ത്രി ഈ പദ്ധതിയെ പ്രകീർത്തിക്കുകയുണ്ടായി.

2013 ജൂൺ 2-ന് ആരംഭിച്ച 'ആരോഗ്യ പോഷണം' പദ്ധതി ഇപ്പോൾ പുതിയൊരു ഘട്ടത്തിലേക്ക് കടക്കുകയാണ്. അട്ടപ്പാടിയിലെ വിവിധ ഊരുകളിലായി 500 കുട്ടികൾക്ക് പോഷകാഹാരം നൽകുന്ന ബൃഹത്തായ പദ്ധതിയായി ഇത് മാറുകയാണ്. പുതുതായി വെങ്കകടവ്, ഗുഡ്ഡയൂർ, കാരറ, കതിരമ്പതി എന്നീ ഊരുകളിലെ സർവ്വേ പൂർത്തിയായിക്കഴിഞ്ഞു. ഈ നാല് ഊരുകളിലായി 205 കുട്ടികൾകൂടി 'ആരോഗ്യ പോഷണം' പദ്ധതിയുടെ ഉപയോക്താക്കളാകുകയാണ്.

'ആരോഗ്യ പോഷണം' പദ്ധതിക്ക് ഇതിനോടകം വമ്പിച്ച പിൻതുണയാണ് ലഭിച്ചിട്ടുള്ളത്. പ.കാതോലിക്കാ ബാവാ ബസ്സേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ ഈ പദ്ധതി ആശീർവദിക്കുകയുണ്ടായി. നിരണം ഭദ്രാസനത്തിലെ കല്ലൂപ്പാറ സെന്റ് മേരീസ് പള്ളിയിലെ യുവജനപ്രസ്ഥാനം പ്രവർത്തകർ ഇതിലേക്ക് ബക്കറ്റ് പിരിവിലൂടെ സമാഹരിച്ച 60,500/- രൂപ ആശ്രമത്തിൽ ഏൽപ്പിക്കുകയും ഒരു ദിവസം ഊരുകളിലെ പോഷകാഹാര വിതരണത്തിൽ പങ്കെടുക്കുകയും ചെയ്തു. പാമ്പാടി ദയറാ മാനേജരും കേരള ഓർഫനേജസ് അസോസിയേഷൻ പ്രസിഡണ്ടുമായ ഫാ.മാത്യു കെ.ജോൺ ഊരുകൾ സന്ദർശിക്കുകയും 200 കുട്ടികൾക്ക് ആവശ്യമായ പാൽ, മുട്ട എന്നിവ ഒരു വർഷത്തേക്ക് നൽകാമെന്ന് ഉറപ്പു നൽകുകയും ചെയ്തു. നിരണം, കോട്ടയം, കണ്ടനാട്, കൊട്ടാരക്കര-പുനലൂർ, ചെങ്ങന്നൂർ ഭദ്രാസനങ്ങളും സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്.

ഒരു കുട്ടിയ്ക്ക് ഒരു ദിവസം പോഷകാഹാരം കൊടുക്കുന്നതിന് 20/- രൂപാ നിരക്കിൽ ഒരു മാസത്തേക്ക് 600/- രൂപായും ഒരു വർഷത്തേക്ക് 7200/- രൂപായുമാണ് ചെലവ് കണക്കാക്കിയിരിക്കുന്നത്. ഏകദേശം 40 ലക്ഷം രൂപ ഒരു വർഷത്തേക്ക് ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി വിജയിക്കണമെങ്കിൽ സഭാംഗങ്ങളുടെയും സഭാ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും അകമഴിഞ്ഞ സഹായം അത്യാവശ്യമാണ്. 2013 ജൂൺ 2-ന് ആരംഭിച്ച ഈ പദ്ധതി 2014 മെയ് 31ന് പൂർത്തീകരിക്കുന്ന വിധത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്. ഓരോ ഘട്ടത്തിലുമുള്ള മൂല്യ നിർണ്ണയത്തിനു ശേഷം ആവശ്യമെങ്കിൽ പദ്ധതി ഒരു വർഷത്തിനു ശേഷം അട്ടപ്പാടിയിലെ ഇതര ഊരുകളിലേക്കുംകൂടി വ്യാപിപ്പിക്കുന്നതാണ്.

പദ്ധതിയുടെ ഡയറക്ടറായി സെന്റ് തോമസ് ആശ്രമം സുപ്പീരിയർ വെരി.റവ. എം.ഡി. യൂഹാനോൻ റമ്പാനും ട്രഷററായി ആശ്രമം മാനേജർ ഫാ.എസ്. പോളും കോ-ഓർഡിനേറ്ററായി മിഷൻ പ്രോജക്ട് ഡയറക്ടർ ഡോ.സിബി തരകനും പ്രവർത്തിക്കുന്നു.

നിങ്ങളുടെ സംഭാവനകളും വിലയേറിയ അഭിപ്രായങ്ങളും താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ അയയ്ക്കുക.

ഡയറക്ടർ
"ആരോഗ്യ പോഷണം"പദ്ധതി
സെന്റ് തോമസ് ആശ്രമം
നെല്ലിപ്പതി, അഗളി
പാലക്കാട് ജില്ല, പിൻ: 678581
Ph: 04924 - 254430, Mob: +919447277690
E-mail: frmdjohn@gmail.com
SB A/c No.0287053000013959
A/c Name: "Arogya Poshanam"
South Indian Bank
Goolikkadavu Branch, Palakkad
IFSC Code: SIBL0000287

GM

ഇന്ത്യയിലെ ഏറ്റവും വലിയ സെമിത്തേരി

■ ജോബ് സ്രായിൽ

മലങ്കര ഓർത്തഡോക്സ് സഭയുടെ കുന്നംകുളം ഭദ്രാസനത്തിൽപ്പെട്ട ആർത്താറ്റ് സെന്റ് മേരീസ് കത്തീഡ്രൽ പള്ളിയുടെ സെമിത്തേരി ഇന്ന് ഇന്ത്യയിലെ ഏറ്റവും വലിയ സെമിത്തേരിയായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. നാലര ഏക്കർ വിസ്തീർണ്ണമുള്ള ഈ സെമിത്തേരിക്ക് 1889ൽ മതിൽ കെട്ടാനാരംഭിച്ചപ്പോൾ അതിന്റെ ശിലയിട്ടത് പരിശുദ്ധ പരുമല തിരുമേനിയാണ്. അതിനുമെത്രയോ വർഷങ്ങൾക്കുമുമ്പ്തന്നെ സെമിത്തേരിയുടെ പ്രവർത്തനമാരംഭിച്ചിരുന്നു!

ആർത്താറ്റ് പള്ളിയുടെ പ്രാരംഭകാലത്ത് മൃതദേഹങ്ങൾ അടക്കം ചെയ്തിരുന്നത് പള്ളി അങ്കണത്തിലായിരുന്നു. ചില പുരോഹിതന്മാരുടെ കല്ലറ കെട്ടിയത് ഇപ്പോഴും പള്ളിയങ്കണത്തിലുള്ളതായി കാണാം. പള്ളിയുടെ ഉമ്മറത്തുതന്നെ ഒരു പുരോഹിതനെ അടക്കം ചെയ്ത കല്ലറയുണ്ട്. **അക്കാലത്ത് പള്ളി സന്ദർശിച്ച പരിശുദ്ധ പരുമല തിരുമേനിയാണ് പള്ളിക്ക് പ്രത്യേകം സെമിത്തേരി പണിയാൻ കൽപന നൽകിയത്.** പരുമല തിരുമേനി കല്ലിട്ട മതിൽ പണി തീർക്കാൻ മേൽനോട്ടം വഹിച്ചത് ചെമ്മണ്ണൂർ ചേറുകുട്ടി ഐപ്പാണ്. സെമിത്തേരിയുടെ ഒരുഭാഗത്തായി 1921ൽ പരിശുദ്ധ ഗീവർഗീസ് സഹദായുടെ നാമത്തിൽ സെമിത്തേരിപ്പള്ളി സ്ഥാപിച്ചു. ഇവിടെ ഏപ്രിൽ 27ന് വിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ ആഘോഷിക്കുന്നു. സെപ്തംബർ 8–ാം തീയതി മാതാവിന്റെ ജനനപെരുന്നാൾ വലിയപള്ളിയുടെ പെരുന്നാളായി ആഘോഷിക്കുന്നു. നവംബർ 15–ാം തീയതി സെമിത്തേരിയിൽ അനീദ പെരുന്നാൾ (ഓർമ്മപെരുന്നാൾ) നടത്തുന്നു.

അതിപുരാതനകാലത്ത് മൃതദേഹങ്ങൾ വീട്ടിൽനിന്ന് സെമിത്തേരിയിലേക്ക് കൊണ്ടുവന്നിരുന്ന ഉന്തുവണ്ടി ഇപ്പോഴും സെമിത്തേരിയുടെ മേൽഭാഗത്ത് സൂക്ഷിച്ചിരിക്കുന്നു. 1889 ൽ പരിശുദ്ധ പരുമല തിരുമേനി ശവക്കോട്ട മതിലിന് കല്ലിട്ടതിന്റെ ശിലാഫലകം മതിലിന്മേൽ ഇപ്പോഴും തെളിഞ്ഞുകാണാം. സെമിത്തേരിയുടെ പ്രവേശന കവാടത്തിനടുത്തുള്ള ഭിത്തിയിൽ സെമിത്തേരിയുടെ അംഗീകൃത അറിയിപ്പ് സ്ഥാപിച്ചിട്ടുണ്ട്. സെമിത്തേരിയുടെ മേൽഭാഗത്ത് കുറച്ചുഭാഗം മഴകൊള്ളാതെ നല്ലരീതിയിൽ ഫ്ളോറിങ്ങ് നടത്തി ഇരിക്കാൻ കുറച്ചു കസേരകൾ നിരത്തിയിട്ടുണ്ട്. ഇവിടെ ഭിത്തിയിൽ സെമിത്തേരിയുടെ ഇപ്പോൾ കൈവശമുള്ള ചരിത്ര അറിയിപ്പ് പതിച്ചിട്ടുണ്ട്. ഇവിടെയിരുന്ന് വിശ്രമിച്ച് സെമിത്തേരിയിലേക്ക് കണ്ണുംനട്ട് ഗതകാല ഓർമ്മകളുമായി സമയം ചിലവഴിക്കാം. GM

Drinking in Kerala
Rum, rum everywhere

Perhaps surprisingly, sleepy Kerala is India's booziest state. It gets through 8.3 litres (15 pints) of alcoholic drinks per person per year, according to a 2008 report by Johnson Edayaranmula, the director of a national alcohol and drug-awareness group based in the state capital, Thiruvananthapuram. Punjabis, often stereotyped as India's party animals, came second with 7.9 litres. The national average was 5.7 litres. A 2011 report by one of India's largest trade bodies similarly found that Kerala accounted for 16% of national alcohol sales, the largest proportion of any state. Mr Edayaranmula warns that all data must be approached with caution, given the prevalence of illicit sales. Yet, even if those were included, he is confident that Kerala would remain in first place.

Keralites say their drinking culture, and not just the amount imbibed, is intense. **Men sit alone in dingy bars, on beaches, or at home, and drink with the sole purpose of getting drunk.** A bar-owner in Thrissur, an inland city off the tourist trail, says a solitary customer will happily sink 6 “pegs”, or 60ml shots, of rum or brandy in an hour. Fortunately, he says, Keralites are too laid-back for drunken brawls. But campaigners say other outcomes, such as **mental illness, unhappy marriages, and lower economic productivity are big causes for concern.** The state had India's second-highest rate of reported suicides in 2011.

Home-made spirits such as arrack and toddy, made from fermented coconut water or palm tree sap, have long been part of Kerala's culture. Yet Keralites say today's widespread binge-drinking, driven by commercially brewed liquor bought in bars and shops, is a modern phenomenon. Since the 1980s, Keralite men have been going to the Persian Gulf en masse for work and sending home large pay packets. Periods under a Communist-led coalition government and strong trade unions have deterred many industries that could have created jobs at home. **Many emigrant workers then retire early, coming home to a quiet state where there is little to do.** “There is no doubt that the Gulf boom has had an effect [on drinking]. The easy money is there,” says Mr Edayaranmula.

For those who do find work at home, the state also has the highest wages in India for many manual jobs. “Even a [builder] is getting paid a lot if they get 500 rupees ($9.15) a day, they can spend 200-300 rupees drinking,” the bar owner in Thrissur says of his customers. A tropical climate contributes further to a slower pace of life. In short, Keralites increasingly have the means and time to get sozzled.

The politicians, while keen to clamp down, are in a bind. The Kerala State Beverages Corporation, a state-owned monopoly that controls all liquor shops and wholesale booze sales to bars, is booming. KSBC's taxes contributed over $1.2bn to Kerala's coffers in 2011-12, accounting for a fifth of the state's overall revenues. Kerala's three fellow southern states–Tamil Nadu, Karnataka and Andhra Pradesh–have similar monopolies. Therefore while bars' opening hours are debated, KSBC shops, like the one by Kovalam beach, are open 11 hours a day and seven days a week. The state still seems in two minds as to what costs more: slow-moving citizens or sober ones.

© The Economist

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ സ്വർണ്ണശേഖരത്തെപ്പറ്റി ഒരു ലേഖനം പ്രസിദ്ധീകരിച്ചതിനുശേഷം 2013 മാർച്ചിലാണ് പ്രസിദ്ധ വീക്കിലിയായ The Economist കേരളത്തെപ്പറ്റി ഒരു ലേഖനം പ്രസിദ്ധീകരിച്ചത്. ഈ ലേഖനം പൂർണ്ണരൂപത്തിൽ വായിക്കുന്നതിന് **www.economist.com** സന്ദർശിക്കുക

Letters



ശക്തിയായി പ്രതികരിക്കണം

വളരെ വ്യത്യസ്തമായ ഒരു വായനാനുഭവമായിരുന്നു 2013 ഏപ്രിൽ-ജൂൺ ലക്കം ജോർജിയൻ മിറർ. സാമൂഹിക തിന്മകളെപ്പറ്റി സഭയുടെ നേതൃത്വം തന്നെ പ്രതികരിച്ചു കാണുന്നത് ആശാവഹമാണ്. പരി. ബാവാ തിരുമേനിയുടെ പത്രപ്രസ്താവനകൾ സഭയുടെ സാമൂഹ്യ പ്രതിബദ്ധതയെ ഉയർത്തിക്കാട്ടുന്നവയാണ്.

മദ്യപാനം മൂലം സഭാംഗങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടം കാതോലിക്കാദിനപ്പിരിവിന്റെ ഏകദേശം നൂറിരട്ടിയെങ്കിലും വരും. ആത്മീയ-മാനസിക സംഘർഷങ്ങൾ, ആരോഗ്യ പ്രശ്നങ്ങൾ, കുടുംബം-തൊഴിൽ എന്നിവയിൽ ഉണ്ടാകുന്ന നഷ്ടങ്ങൾ എന്നിവ കണക്കുകൂട്ടുക തന്നെ അസാധ്യം. പെന്തക്കോസ്തു പോലുള്ള തുരുത്തുകളിലേക്ക് ഒതുങ്ങി മദ്യം പൂർണ്ണമായി ഉപേക്ഷിച്ചവർ ധാരാളമുണ്ട്. സഭ നിരന്തരം പോരാടേണ്ട ഒരു വിഷയമാണ് മദ്യവും മയക്കുമരുന്നും. ഒരു അയഞ്ഞ സമീപനം ഇക്കാര്യത്തിൽ എടുക്കാൻ പാടില്ല. മറ്റു സമുദായങ്ങൾക്ക് കൂടി മാതൃകയാകുന്ന വിധത്തിൽ മദ്യവിപത്തിനോട് പ്രതികരിച്ച ജോർജിയൻ മിററിന് അഭിനന്ദനം.

ജോർജി ഐസക്
അങ്കമാലി

മദ്യപന്റെ കുടുംബത്തോടൊപ്പം നിൽക്കുക

മദ്യവിരുദ്ധ പ്രസ്ഥാനങ്ങൾ പുതിയ തന്ത്രങ്ങൾ ആവിഷ്കരിക്കേണ്ട സമയമായി. സാധാരണക്കാരായ മനുഷ്യരെ (സ്ത്രീകളെയും കുട്ടികളെയും പോലും) മദ്യത്തിലേക്ക് ആകർഷിച്ച്, മദ്യത്തിന് അടിമകളാക്കി, പരമാവധി ചൂഷണം ചെയ്യുകയെന്നതാണ് സർക്കാർ തന്ത്രം. പണത്തിനു വേണ്ടി സ്വന്തം പൗരന്മാരെ ഇത്രത്തോളം ചൂഷണം ചെയ്യുന്ന ഏതെങ്കിലും ഭരണയന്ത്രം ലോകത്തെവിടെയെങ്കിലും നിലവിലുണ്ട് എന്നു തോന്നുന്നില്ല. മദ്യപന്റെയും കുടുംബത്തിന്റെയും മനുഷ്യാവകാശ പ്രശ്നങ്ങൾക്കു വേണ്ടി പൊരുതുക എന്ന തന്ത്രമാണ് മദ്യവിരുദ്ധ പ്രസ്ഥാനങ്ങൾ സ്വീകരിക്കേണ്ടത്. സമുദായങ്ങൾ ഇതിനു പൂർണ്ണ പിന്തുണ നല്കണം. പഞ്ചാബിൽ സിക്ക് സമുദായം മദ്യവിപത്തിനെതിരെ വലിയ പോരാട്ടം തുടങ്ങിക്കഴിഞ്ഞു. ഇത് ക്രിസ്തീയ സഭയ്ക്ക് മാതൃകയാണ്.

"പുകവലി കാൻസർ രോഗത്തിന് കാരണമാകും" എന്നു തുടങ്ങിയ നിയമപ്രകാരമുള്ള മുന്നറിയിപ്പുകൾ സിഗരറ്റ് പാക്കറ്റിൽ തന്നെ കാണുന്നുണ്ട്. എന്നാൽ ഇത് പുകവലിക്കാരെ നിരുത്സാഹപ്പെടുത്താനല്ല. മറിച്ച്, ഭാവിയിൽ ഉണ്ടാകാൻ ഇടയുള്ള നഷ്ടപരിഹാര കേസുകളിൽനിന്ന് സഗരറ്റ് നിർമ്മാതാക്കളെയും സർക്കാരിനെയും പ്രതിരോധിക്കാനാണ്. ചൂഷകരുടെ ഭാഗത്താണ് സർക്കാരുകൾ. നമുക്ക് എന്ന് യഥാർത്ഥ ജനാധിപത്യ അവകാശങ്ങൾ ലഭിക്കും?

കെ.ടി. വർഗീസ്
കൊച്ചി

തുടക്കം ഒരു വ്യക്തിയിൽനിന്ന്

സഭാ മക്കൾ മലങ്കരസഭയെ സ്നേഹിക്കുന്നവരാണ്. പല വിധ പരീക്ഷണ ഘട്ടങ്ങളിലും തലമുറകളായി സഭയിൽ ഉറച്ചു നിന്നിട്ടുള്ളവരാണവർ. സഭയുടെ പ്രവർത്തനത്തിൽ പങ്കാളികളാകാൻ തൽപരരാണെങ്കിലും, പല കാരണങ്ങളാൽ മടിച്ചു നിൽക്കുന്നവരെ എല്ലാ ഇടവകകളിലും ഇന്നു കണ്ടെത്താൻ കഴിയും. "നേതൃത്വത്തിനു താൽപര്യമില്ല, ആവശ്യത്തിനു പണം കണ്ടെത്താൻ കഴിയില്ല, കൂടെ പ്രവർത്തിക്കാൻ ആളെ കിട്ടില്ല, സഭാംഗങ്ങളുടെ പിന്തുണയുണ്ടാവില്ല... തുടങ്ങിയ ഒട്ടനവധി കാരണങ്ങൾ അവർ നിരത്താറുണ്ട്. പണമോ അംഗീകാരമോ ധാരാളം പ്രവർത്തകരോ ഒന്നുമല്ല ക്രിസ്തുവിന് വിലയേറിയത്. ഒരു വ്യക്തിയുടെ പ്രാർത്ഥനയും ഉത്സാഹവും ഹൃദയശുദ്ധിയോടുകൂടിയുള്ള പ്രവർത്തനവും ധാരാളം മതി, ദൈവം ഒരു സംരംഭത്തെ അനുഗ്രഹിക്കുന്നതിന്. ആവശ്യത്തിന് പണവും പിന്തുണയും നേതൃത്വത്തിന്റെ ആശീർവാദവും എല്ലാം തക്കസമയത്ത് ലഭിക്കും എന്നതിന് ക്രൈസ്തവ സഭാചരിത്രം തന്നെ സാക്ഷിയാണ്. കുറവുകൾക്ക് പരസ്പരം പഴിചാരാതെ, സഭയ്ക്കു വേണ്ടി പ്രവർത്തിക്കാൻ തയ്യാറുള്ള വ്യക്തികളാണ് സഭയ്ക്ക് വേണ്ടത്.

ടി.പി. നൈനാൻ
മുംബൈ

വിധ്വംസക പ്രവർത്തനം ഇടവകയിൽ

സമാധാനപ്രവർത്തകർ എന്ന വ്യാജേന ഇടവകകൾ മുറിക്കുന്നതിന് പരിശ്രമം നടത്തുന്നവരുമായി സഹകരിക്കുന്നതു ക്രിസ്തുവിരുദ്ധവും ഭാരതസഭയുടെ ഭാവിക്കു വേണ്ടി നൂറ്റാണ്ടുകൾ ത്യാഗം സഹിച്ചവരോടു ചെയ്യുന്ന അന്യായവുമാണ്. ഓർത്തഡോക്സ് വിശ്വാസം ഭാരതത്തിൽനിന്ന് ഇല്ലാതാകണം എന്നാഗ്രഹിക്കുന്ന വിദേശശക്തികളുടെ പിന്തുണ വിഭജനക്കാർക്ക് ഉണ്ട്.

യഥാർത്ഥ സമാധാനം ആഗ്രഹിക്കുന്നവർ ഐക്യത്തിനു വേണ്ടി പ്രാർത്ഥിക്കണം. എല്ലാവരെയും സഭയുടെ അംഗങ്ങളായി കാണുന്നതിന് മനസ്സുണ്ടാകണം. അപ്പോഴാണ് ഐക്യസഭ യാഥാർത്ഥ്യമാകുന്നത്.

തോമസ് കോശി
പുത്തൻ കുരിശ്

വിവേകശാലിയായ പിതാവ്

അടുത്തയിടെ ഒരു വിവാഹപരസ്യം കണ്ടു. അമേരിക്കയിലുള്ള ഒരു പിതാവ് തന്റെ ഉന്നതശ്രേണിയിലുള്ള പ്രൊഫഷണലായ മകൾക്ക് വേണ്ടി നൽകിയ പരസ്യത്തിൽ Altar boys preferred എന്ന് ചേർത്തിരിക്കുന്നതു കണ്ടു. വിവാഹജീവിതത്തിൽ ഇത്രയധികം പ്രശ്നങ്ങളുള്ള ഇക്കാലത്ത് ഈ പിതാവിന്റെ വിവേകം ശ്രദ്ധിക്കേണ്ടതാണ്.

നിഷ മാത്യൂസ്
കൊച്ചി

MATRIMONIAL marry2love.com ...a lasting relationship

Orthodox parents from Kottarakkara invite proposals for their daughter 24/167/BDS working in a private clinic in Mumbai from professionally qualified and well settled good looking boys.

Phone : 0484 - 2972155, Mob: 09447543453

വരിക്കാരുടെ ശ്രദ്ധയ്ക്ക്

വരിസംഖ്യ : 1 വർഷം (4 കോപ്പികൾ തപാലിൽ) ₹ 200/-
3 വർഷം - ₹ 500/- 5 വർഷം - ₹ 800/-
വൈദികർക്ക് : ₹ 130/- 1 വർഷം (80 + 50 പോസ്റ്റേജ്)
3 വർഷം -₹ 350/-

Account No.: 617302010000662
Union Bank of India, Palarivattom

നേരിട്ട് അക്കൗണ്ടിൽ പണമടയ്ക്കുന്നവർ സർക്കുലേഷൻ മാനേജരെ ഫോണിൽ ബന്ധപ്പെടുക:

- പോസ്റ്റൽ മണി ഓർഡർ / ചെക്ക് / DD ആയോ നേരിട്ട് പള്ളി ഓഫീസിലോ വരിസംഖ്യ അടയ്ക്കാവുന്നതാണ്.
- ചെക്ക് / DD എടുക്കുന്നത് Payable in favour of **St. George Orthodox Valiyapally, Palarivattom, Kochi-682 025** എന്ന് ആയിരിക്കണം.

FOR ADVERTISEMENTS :
Marketing Manager, Mob : 9446135081
St. George Orthodox Valiyapally, Palarivattom, Kochi - 682 025.
Phone : 0484-2346096, E -mail: gmirrormail@gmail.com

കൂടുതൽ വിവരങ്ങൾക്ക്
പി.എം. പീറ്റർ (സർക്കുലേഷൻ മാനേജർ)
94478 19048, gmirrormail@gmail.com

ത്രിയേകദൈവത്തിൽ വിശ്വസിക്കുന്നു

■ ഫാ. ടി.ജെ. ജോഷ്വ

ഓർത്തഡോക്സ് ദൈവശാസ്ത്രത്തിന്റെ കേന്ദ്രവും ഉറവിടവും ത്രിയേക ദൈവത്തിലുള്ള വിശ്വാസമാണ്. ആരാധനക്രമങ്ങളിലൂടെ ക്രോഡീകരിക്കപ്പെടുകയും ആഘോഷിക്കപ്പെടുകയും ചെയ്യുന്ന ത്രിയേക ദൈവ വിശ്വാസമാണ് രക്ഷാകര ചരിത്രത്തിന്റെയും അടിസ്ഥാനമാനദണ്ഡം. ദൈവം ഏകനാണെന്നും, ഈ ഏകത്വത്തിൽ മൂന്നു ആളത്തങ്ങൾ ഉണ്ടെന്നും അങ്ങനെ **ദൈവം ഒരേ സമയം ത്രിയേകനാണെന്നും, ആദിമുതലേ അപ്രകാരം തന്നെ സ്ഥിതി ചെയ്യുന്നുവെന്നുമുള്ള വിശ്വാസമാണ് വിശുദ്ധ ത്രിത്വം** എന്നതുകൊണ്ട് വിവക്ഷിക്കുന്നത്.

ക്രിസ്ത്യാനികൾ എന്നവകാശപ്പെടുന്നവരിൽ വി. ത്രിത്വ വിശ്വാസം നിഷേധിക്കുന്നവരുണ്ട്. 'യൂണിറ്റേറിയൻസ്' എന്നവകാശപ്പെടുന്നവർ പാശ്ചാത്യരാജ്യങ്ങളിൽ ഉണ്ടെങ്കിലും ഇവിടേക്ക് എത്തിച്ചേർന്നിട്ടില്ല. എന്നാൽ നമ്മുടെയിടയിൽ നുഴഞ്ഞുകയറ്റം നടത്തുന്ന ഒരു വിഭാഗമുണ്ട്. അവർ ആദ്യകാലങ്ങളിൽ പല പേരുകളിൽ അറിയപ്പെട്ടിരുന്നു. മെട്രോപ്പൊലിത്തൻ പുൾപിറ്റ്, വില്ലേനിയൽ സോൺ, ഇന്റർനാഷണൽ ബൈബിൾ സ്റ്റുഡന്റ്സ് അസോസിയേഷൻ, വാച്ച്ടവർ അസോസിയേഷൻ എന്നീ പേരുകൾ ഉണ്ടായിരുന്നെങ്കിലും 1931 നു ശേഷം അവർ സർവ്വ സമ്മതമായി അംഗീകരിച്ചിട്ടുള്ള പേര്, 'യഹോവയുടെ സാക്ഷികൾ" എന്നത്രേ. യെശയ്യ 43:10 അടിസ്ഥാനമാക്കി ആ പേര് നിർദ്ദേശിച്ചത് സ്ഥാപകരിലൊരാളായ റൂതർ ഫോർഡാണ്.

യഥാർത്ഥത്തിൽ 'യഹോവയുടെ സാക്ഷികൾ' യഹൂദന്മാരാണ്. യേശുവിനെ രക്ഷകനായി അംഗീകരിക്കുകയും അദ്ദേഹത്തെ പിൻപറ്റുകയും ചെയ്യുന്നവർ 'ക്രിസ്തുവിന്റെ സാക്ഷി'കളാണ്. ഉയിർത്തെഴുന്നേറ്റ ക്രിസ്തു പ്രഖ്യാപിച്ചത് **"നിങ്ങൾ എന്റെ സാക്ഷികൾ ആകും"** എന്നാണ് (അ.പ്ര. 1:8). **അപ്പോസ്തോലന്മാരും ആദിമശിഷ്യരും അഭിമാനപൂർവ്വം അവകാശപ്പെട്ടത് "അവന്റെ (ക്രിസ്തുവിന്റെ) സാക്ഷികൾ" എന്നത്രേ (അ.പ്ര.13:31). പുതിയ നിയമത്തിൽ ഒരിടത്തുപോലും "യഹോവയുടെ സാക്ഷികൾ" എന്ന പേരോ പ്രയോഗമോ ക്രിസ്തീയ വിശ്വാസികൾ ഉപയോഗിച്ചതായി കാണുന്നില്ല.**

ത്രിത്വ വിശ്വാസത്തെ ചോദ്യം ചെയ്യുന്ന "യഹോവാ സാക്ഷികൾ" ഉന്നയിക്കുന്ന വാദങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

(1) വി.വേദപുസ്തകത്തിൽ 'ത്രിത്വം' എന്ന വാക്ക് ഒരിടത്തുപോലുമില്ല. ത്രിയേകദൈവം എന്നു വിശ്വസിക്കാൻ തക്കവണ്ണം വേദപുസ്തകത്തിൽ സാക്ഷ്യങ്ങളില്ല.

ഏകദൈവത്തെ ആരാധിക്കണമെന്നേ കൽപനയുള്ളൂ. (ആവ. 6:4) ശ്ലീഹന്മാരും ആദിമവിശ്വാസികളും ത്രിത്വ രഹസ്യം പഠിപ്പിച്ചില്ല.

(2) 'ഏലോഹിം' എന്ന പദപ്രയോഗം ഒരിക്കലും ത്രിത്വത്തിന്റെ പരാമർശമായി കരുതാൻ ന്യായമില്ല.

(3) യേശു, ദൈവത്തെക്കാൾ താഴ്ന്നവനാണ്. പിതാവ് എന്നെക്കാൾ വലിയവനാണെന്ന് യേശു തന്നെ സമ്മതിച്ചിട്ടുണ്ട്. യേശു, ദൈവത്തെ 'പിതാവേ' എന്നു വിളിക്കുമ്പോൾ പിതാവിൽനിന്നു വ്യത്യസ്തമായ ഒരസ്തിത്വമാണ് തനിക്കുള്ളത്.

(4) ത്രിത്വം പുറജാതിമതങ്ങളിൽനിന്നു കടമെടുത്ത ഒരു വിശ്വാസമാണ്. ഇതു ക്രിസ്തീയ വിശ്വാസത്തോടു പിൽക്കാലത്തു കൂട്ടിച്ചേർത്തതാണ്.

(5) നിഖ്യാ സുന്നഹദോസിനു മുമ്പുള്ള പിതാക്കന്മാർ ത്രിത്വ വിശ്വാസം പഠിപ്പിച്ചില്ല. സുന്നഹദോസിൽത്തന്നെ ഈ വിശ്വാസത്തെ എതിർത്തവർ ഉണ്ടായിരുന്നു.

(6) ത്രിത്വവാദികൾ അവകാശപ്പെടുന്നതുപോലെ ത്രിത്വം അടിസ്ഥാനപരമായ ഒരു വിശ്വാസസത്യമാണെങ്കിൽ അതു സംബന്ധിച്ച കാര്യങ്ങൾ വ്യക്തമായി ബൈബിളിൽ കാണേണ്ടതാണ്. അങ്ങനെയില്ലെന്നുള്ളതാണ് സത്യം.

ഈ വിധത്തിൽ പോകുന്നു ഈ നൂതനവേദവിപരീതികളുടെ വാദങ്ങൾ. 'ആട്ടിൻപറ്റത്തിലേക്കു വാതിലിലൂടെയല്ലാതെ നുഴഞ്ഞുകയറി ആടുകളെ ചിതറിക്കുന്ന' ഇത്തരം ഗ്രൂപ്പുകളുടെ കടന്നുകയറ്റം പ്രതിരോധിക്കേണ്ടതാണ്. കുഞ്ഞാടുകളുടെ വേഷം ധരിച്ച ചെന്നായ്ക്കളെ സൂക്ഷിച്ചുകൊള്ളണമെന്നു കർത്താവും അപ്പോസ്തോലന്മാരും മുന്നറിയിപ്പു നൽകുന്നുണ്ട്.

യേശുക്രിസ്തു മനുഷ്യാവതാരത്തിനു മുമ്പ് ഒരു മാലാഖയായിരുന്നുവെന്നാണ് യഹോവ സാക്ഷികൾ പഠിപ്പിക്കുന്നത്. അവർക്ക് ക്രിസ്തു ഒരു സൃഷ്ടിയാണ്. ഈ പഠിപ്പിക്കലുകൾ വേദവിരുദ്ധമാണ്

'ദൈവം മനുഷ്യവർഗ്ഗത്തിനു നൽകിയ വെളിപാടാണ് ബൈബിൾ' എന്നു യഹോവാ സാക്ഷികൾ സമ്മതിച്ചു പറയുന്നതിനാൽ വെളിപ്പെടുത്തപ്പെട്ട സത്യത്തെ ഇന്നും മനുഷ്യന് പ്രാപ്യമാക്കുന്ന ഈ സ്രോതസ്സിൽനിന്നു തന്നെ ത്രിത്വത്തെ വിശദീകരിക്കാം. ദൈവം സ്വയം വെളിപ്പെടുത്തിയതിനാലാണ് നാം ദൈവത്തെ അറിയുന്നതും വിശ്വസിക്കുന്നതും. "പൂർവ്വകാലങ്ങളിൽ പിതാക്കന്മാരോട് പലപ്പോഴും പല വിധേനയും പ്രവാചകന്മാർ വഴി ദൈവം സംസാരിച്ചു. ഈ അന്ത്യനാളുകളിലാകട്ടെ പുത്രൻ മുഖേന സംസാരിച്ചിരിക്കുന്നു." (എബ്രാ. 1:1-2) ദൈവത്തിന്റെ ഏറ്റവും വ്യക്തവും ഉജ്ജ്വലവുമായ വെളിപാടാണ് മനുഷ്യാവതാരത്തിൽ സംഭവിച്ചത്. പുത്രനിലൂടെ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തി. ഈ മനുഷ്യാവതാരം തന്നെയാണ് ത്രിത്വത്തിന്റെ ഏറ്റം ഉദാത്തമായ വെളിപാട്. സുവിശേഷകന്മാർ ഇതു വ്യക്തമായി വിവരിക്കുന്നു: പിതാവായ ദൈവം മനുഷ്യാവതാര സന്ദേശം ദൂതൻ മുഖാന്തരം അറിയിക്കുന്നു; **നിത്യവചനമായ പുത്രൻ മറിയാമിന്റെ ഉദരത്തിൽ മാംസം ധരിക്കുന്നു; റൂഹായുടെ ആവാസത്താൽ മറിയം വചനത്തെ ഗർഭം ധരിച്ച് ദൈവപുത്രനു ജന്മം നൽകുന്നു.** (മത്താ. 1:18 മു; ലൂക്കോ. 1:26 മു) മാലാഖയുടെ അറിയിപ്പും ദൈവപുത്രന്റെ ജനനവും ഈ വിധത്തിൽ ത്രിത്വത്തിലേക്കു വിരൽചൂണ്ടുന്നു.

യോർദ്ദാൻ നദിയിലെ സ്നാപനം പരിശുദ്ധ ത്രിത്വത്തിന്റെ ഏറ്റവും മഹനീയ വെളിപാടാണ്. അവിടെ, **''ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്നു പിതാവിന്റെ സ്വരം കേട്ടു; മാമോദീസാ സ്വീകരിക്കുന്ന പുത്രനും പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവന്ന റൂഹായും അവിടെ ദൃശ്യമാണ്.** (മത്താ. 3:13 മു; ലൂക്കോ. 3:21 മു)

ത്രിത്വോപദേശം പഴയനിയമത്തിൽ വ്യക്തമായി പരാമർശിക്കപ്പെട്ടിട്ടില്ല എന്നു പറയാമെങ്കിലും, പല ഭാഗത്തും അംഗീകരിക്കത്തക്ക സൂചനകൾ കാണാം. എന്നാൽ പഴയ നിയമത്തിൽ ശക്തീകരണം നൽകിയിട്ടുള്ളത് ഏകദൈവവിശ്വാസം (monotheism) എന്നതിലാണ്. നിരവധി ദൈവങ്ങളെ ആരാധിക്കുകയും കല്ലും മണ്ണും മരവും കൊണ്ടുള്ള വിഗ്രഹങ്ങളെ വന്ദിക്കുകയും ചെയ്യുന്ന ജനങ്ങളുടെ നടുവിലാണ് ഇസ്രയേൽ ജനത്തെ തെരഞ്ഞെടുത്ത് അവർക്ക് തന്റെ മഹത്വവും ഔന്നത്യവും യഹോവ വെളിപ്പെടുത്തിക്കൊടുത്തത്. ത്രിത്വരഹസ്യം മനസ്സിലാക്കാൻ തക്കവണ്ണം അവരെ ഒരുക്കി എന്നു പറയാം.

പഴയനിയമത്തിലെ ചില സൂചനകൾ കാണാം:

(1) ലോകസൃഷ്ടിയിൽ: ദൈവം സകലവും സൃഷ്ടിച്ചു. (എബ്രാ. 3:4) ഉണ്ടാകട്ടെ എന്ന വചനത്താൽ സൃഷ്ടി. (കൊലോ.1:16) ആത്മാവ് വെള്ളത്തിനു മീതെ പരിവർത്തിച്ചു. (ഉല്പ.1:1, 2)

(2) "ഏലോഹിം" എന്ന നാമം: ഉല്പത്തിയിൽ ദൈവത്തിന് ഉപയോഗിച്ചിട്ടുള്ള പേര് 'ഏലോഹിം' എന്നാണ്. അതു ബഹുവചനമാണ് – സൃഷ്ടിയെപ്പറ്റി ഇപ്രകാരം പറയുന്നു; അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ, നമ്മുടെ സാദൃശ്യത്തിൽ മനുഷ്യനെ ഉണ്ടാക്കുക (ഉല്പ. 1:26)

(3) ഉല്പ. 18:1-33 യഹോവ അബ്രഹാമിനു പ്രത്യക്ഷനായി. അവൻ തല ഉയർത്തി നോക്കിയപ്പോൾ മൂന്ന് ആളുകൾ തനിക്കെതിരെ നിൽക്കുന്നതു കണ്ടു. ഒന്ന് മൂന്നായും, മൂന്ന് ഒന്നായും അബ്രഹാം കാണുന്നതും സംസാരിക്കുന്നതും ഈ അദ്ധ്യായത്തിൽ നാം വായിക്കുന്നു.

(4) മനുഷ്യാവതാരത്തെപ്പറ്റിയുള്ള പ്രവചനം: യെശ. 9:6-7 ൽ "നമുക്കു ഒരു പുത്രൻ ജനിച്ചിരിക്കുന്നു; നമുക്ക് ഒരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ തോളിലായിരിക്കും. വിസ്മയനീയനായ ഉപദേഷ്ടാവ്, **ശക്തനായ ദൈവം,** നിത്യനായ പിതാവ് സമാധാനത്തിന്റെ രാജാവ്, എന്ന് അവൻ വിളിക്കപ്പെടും." ഇവിടെ, ജനിപ്പാനിരിക്കുന്ന ശിശുവിനെ"ശക്തനായ ദൈവം" എന്നു വിളിച്ചിരിക്കുന്നു. ദൈവത്തിനു മാത്രം നൽകപ്പെട്ടിരുന്ന വിശേഷണങ്ങളുമാണ് ഈ ശിശുവിനു നൽകിയിരിക്കുന്നത്. ത്രിത്വ രഹസ്യം വെളിപ്പെടുത്താനുള്ള കളമൊരുക്കുകയാണ് ഇവിടെ എന്നു കരുതാം.

പുതിയ നിയമത്തിലേക്കു കടക്കുമ്പോൾ ചിത്രം വ്യക്തമായി തെളിയുന്നു. ക്രിസ്തുവിന്റെ ജനനത്തിലും, മാമോദീസായിലും ത്രിത്വ രഹസ്യം വെളിപ്പെടുന്നതായി നാം മുകളിൽ കണ്ടു.

(1) വിശ്വാസിയുടെ സ്നാപനം ത്രിത്വ നാമത്തിൽ: **പിതാവിന്റെയും പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ** (നാമങ്ങളിൽ എന്നല്ല) സ്നാനപ്പെടുത്താൻ ഉത്ഥിതനായ ക്രിസ്തു കൽപിക്കുന്നു. (മത്താ. 28:19)

(2) ആശീർവാദത്തിൽ ത്രിത്വ പ്രസാദം: (2 കൊരി. 13:14) യേശുക്രിസ്തുവിന്റെ കൃപയും, ദൈവത്തിന്റെ സ്നേഹവും, പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും ആശംസിക്കുന്നു.

(3) കൃപാവരങ്ങളിൽ ത്രിത്വ വിശ്വാസം: (1 കൊരി. 12:4, 5, 6) കൃപാവരങ്ങളിൽ വ്യത്യാസം ഉണ്ട്; ആത്മാവ് ഒരുവൻ; ശുശ്രൂഷകളിൽ വ്യത്യാസമുണ്ട്; കർത്താവ് ഒരുവൻ - എങ്കിലും എല്ലാവരിലും പ്രവർത്തിക്കുന്ന ദൈവം ഒരുവൻ.

(4) വൃതന്മാരുടെ തെരഞ്ഞെടുപ്പിൽ ത്രിത്വ വ്യാപാരം: (1 പത്രോ. 1:2) പിതാവായ ദൈവത്തിന്റെ മുന്നറിവിന് ഒത്തവണ്ണം; ആത്മാവിന്റെ വിശുദ്ധീകരണം പ്രാപിച്ചു; യേശുക്രിസ്തുവിന്റെ രക്തത്താൽ തളിക്കപ്പെട്ടവൻ.

(5) രക്ഷണ്യ പ്രവർത്തനത്തിൽ ത്രിത്വ വ്യാപാരം: (എഫേ. 1:3-14)
- ലോക സ്ഥാപനത്തിനു മുമ്പേ പിതാവ് തിരഞ്ഞെടുത്ത് പുത്രത്വ പദവി നൽകി
- പുത്രന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ്
- വാഗ്ദത്തങ്ങളിൽ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു.

(6) സഭാ നടത്തിപ്പിൽ ത്രിത്വ സഹായം: (യോഹ. 15:26) **"ഞാൻ, പിതാവിന്റെ അടുക്കൽ നിന്ന് അയയ്ക്കുന്ന കാര്യസ്ഥനായ സത്യാത്മാവ് വരും."**

(7) സകല കാര്യങ്ങളിലും ബന്ധപ്പെട്ട ത്രിയേക ദൈവം: (എഫേ. 4:6) ആത്മാവ് ഒന്ന്, കർത്താവ് ഒരുവൻ എല്ലാവരിലും കൂടി വ്യാപിച്ചിരിക്കുന്ന ദൈവം ഒരുവൻ.

ഇവിടെനിന്നെല്ലാം വ്യക്തമാകുന്നത് **പിതാവും പുത്രനും, പരിശുദ്ധ റൂഹായും ഒറ്റപ്പെട്ട വ്യക്തികളല്ല. (independent and isolated) മറിച്ച്, പരിപൂർണ്ണ സ്വാതന്ത്ര്യവും സമത്വവും തുല്യതയുമൊക്കെയുള്ള മൂന്നു ആളത്വങ്ങളുടെ കൂട്ടായ്മയാണ്.** ഇതുതന്നെയാണ് ക്രിസ്തീയ വിശ്വാസത്തിന്റെ നൂതനത്വവും. ഇതര മതങ്ങളിൽ ബഹുദൈവങ്ങളാണ്. (many independent gods or beings) പക്ഷേ ക്രിസ്തുമതത്തിൽ മൂന്നു ദൈവങ്ങളില്ല; ഏക ദൈവമേയുള്ളൂ: സത്തയിൽ, സാരാംശത്തിൽ ഒന്നായ ത്രിയേക ദൈവം.

യേശുക്രിസ്തുവിന്റെ ദൈവത്വം

ക്രിസ്തുവിന്റെ ആളത്തം സംബന്ധിച്ചാണ് ഏറ്റവും പ്രമാദമായ വേദവിപരീതം ഇക്കൂട്ടർ പ്രചരിപ്പിക്കുന്നത്. 'യഹോവ സാക്ഷികൾ' പഠിപ്പിക്കുന്നത് ശ്രദ്ധിക്കുക.

(1) യേശുക്രിസ്തു മനുഷ്യനാകുന്നതിനു മുമ്പുള്ള അവസ്ഥയിൽ, ദൈവത്തിന്റെ സൃഷ്ടി ആയിരുന്നു; ആദ്യത്തെ സൃഷ്ടി. അന്ന് ക്രിസ്തുവായിട്ടല്ല അറിയപ്പെട്ടിരുന്നത്; മിഖായേൽ ആയിരുന്നു. ആ അവസ്ഥയിൽ "ഒരു ദൈവം" എന്നു വേണമെങ്കിൽ പറയാം. പക്ഷേ യഹോവയോട് ഒരിക്കലും സമനല്ലായിരുന്നു.

(2) മനുഷ്യനായിത്തീർന്നതു ദൈവമല്ല, സൃഷ്ടിയായ പുത്രന്റെ ആളത്തമാണ്. യേശുക്രിസ്തുവിൽ ദൈവത്വം, മനുഷ്യത്വം എന്ന രണ്ടു സ്വഭാവങ്ങളില്ല; മനുഷ്യത്വം മാത്രം.

(3) ഉയിർപ്പിനുശേഷമുള്ള അവസ്ഥയിൽ മനുഷ്യത്വം ഉപേക്ഷിച്ചു; ശക്തനും, അമർത്യനുമായ ആത്മപുത്രൻ! ക്രിസ്തുവിന്റെ ശാരീരിക പുനരുത്ഥാനം നടന്നില്ല. അപ്പോൾ യേശുവിന്റെ ശരീരത്തിന് എന്തു സംഭവിച്ചു? യഹോവയായ ദൈവം അതെവിടെയോ സൂക്ഷിച്ചു-മോശയുടെ ശരീരം എവിടെയോ സൂക്ഷിച്ചതുപോലെ. പുനരുത്ഥാനസമയത്താണ് ക്രിസ്തുവിനു മരണമില്ലായ്മ നൽകിയത്; സൃഷ്ടികളിൽ ഒന്നാമതായി ഈ ദാനം ലഭിച്ചത് ക്രിസ്തുവിനാണ്.

ഇക്കൂട്ടരുടെ വിശ്വാസത്തിൽ, ക്രിസ്തു മനുഷ്യാവതാരത്തിനു മുമ്പ് മാലാഖ, മനുഷ്യാവതാരത്തിൽ കേവലം മനുഷ്യൻ; പുനരുത്ഥാനശേഷം ദൈവികപദവിയും മരണമില്ലായ്മയും പ്രാപിച്ച മാലാഖ!

തിരുവെഴുത്തിന്റെ വെളിച്ചത്തിൽ ക്രിസ്തുവിനെ സംബന്ധിച്ചുള്ള വസ്തുതകൾ പരിശോധിക്കാം:

(1) യേശുക്രിസ്തു ഒരു ദൂതനായിരുന്നു എന്നു തിരുവെഴുത്തുകളിൽ ഒരിടത്തും പറഞ്ഞിട്ടില്ല. നേരെമറിച്ച് ക്രിസ്തുവിനെക്കുറിച്ചു പിതാവ് അരുൾചെയ്ത വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് എബ്രായ ലേഖനകർത്താവ് ചോദിക്കുന്നു: "ഇങ്ങനെ ദൂതന്മാരിൽ ആരോടെങ്കിലും വല്ലപ്പോഴും അരുൾചെയ്തിട്ടുണ്ടോ?" (എബ്രാ. 1:5) മാത്രമല്ല ആദ്യജാതനെ "ദൈവത്തിന്റെ സകല ദൂതന്മാരും നമസ്കരിക്കണം" എന്നു കാണാം. (എബ്രാ. 1:6)

(2) ക്രിസ്തു ഒരു സൃഷ്ടി ആയിരുന്നു എന്നതിനു തെളിവായി സദൃ. 8:22 മുതലുള്ള വാക്യങ്ങൾ അവർ ഉദ്ധരിക്കുന്നു. ഇത് ജ്ഞാനത്തെപ്പറ്റിയുള്ള ഒരു വർണ്ണനയാണ്. ജ്ഞാനം സൃഷ്ടിക്കു മുമ്പേയുണ്ടായിരുന്നു എന്നും അതിനാൽ എല്ലാവരും അതിനെ പിൻപറ്റണമെന്നും കാണിക്കുക മാത്രമാണ് പ്രസ്തുത ഭാഗം ചെയ്യുന്നത്.

കൊലൊ.1:15 "ക്രിസ്തു സർവ്വ സൃഷ്ടിക്കും ആദ്യജാതൻ" എന്നുള്ള വാക്യത്തിൽ പുത്രൻ സൃഷ്ടിയെന്നു പറഞ്ഞിട്ടില്ല. സകല സൃഷ്ടിക്കും മുമ്പേയുള്ളവൻ എന്നു മാത്രമേയുള്ളൂ. വെളി. 3:14. "ദൈവസൃഷ്ടിയുടെ ആരംഭമായവൻ" എന്നതിന്റെ അർത്ഥം, ദൈവത്തിന്റെ സൃഷ്ടിക്ക് കാരണഭൂതനായവൻ എന്നാണ്. 'ആർക്കെ' എന്ന ഗ്രീക്ക് വാക്കിന്, ആരംഭം, ഹേതു, കാരണം എന്നെല്ലാമർത്ഥമുണ്ട്. അവൻ മുഖാന്തരമാണ് സകലതും ഉണ്ടായത് എന്നു മറ്റു ഭാഗങ്ങളിൽ കാണാം. യോഹ. 1:3; എബ്രാ. 1:10.

സൃഷ്ടിയെ ഭജിച്ച് ആരാധിക്കുന്നതു പാപമാണല്ലോ. (റോ. 1:25) എങ്കിലും ക്രിസ്തുവിനെ നമസ്കരിപ്പാൻ ദൈവം കൽപിക്കുന്നു. (എബ്രാ. 1:6) ക്രിസ്തു ഒരു സൃഷ്ടി ആയിരുന്നെങ്കിൽ തന്നെ നമസ്കരിപ്പാൻ ആരെയും അനുവദിക്കയില്ലായിരുന്നു. എന്നാൽ വിദ്വാന്മാർ തന്നെ വണങ്ങി നമസ്കരിച്ചു. (മത്താ. 2:11) പരസ്യ ശുശ്രൂഷാകാലത്ത് അനേകർ വന്നു തന്നെ നമസ്കരിച്ചു. അതൊന്നും താൻ വിലക്കിയില്ല സ്വർഗ്ഗത്തിലും താൻ ആരാധിക്കപ്പെടുന്നു. (വെളി. 5:8-10) പുത്രൻ പിതാവിനോടു സമനല്ലായിരുന്നുവോ?

യോഹ.1:3 ൽ "വചനം ഒരു ദൈവമായിരുന്നു" എന്നാണ് ഇവരുടെ സ്വന്തം ബൈബിളിൽ കാണുന്നത്. മറ്റെല്ലാ പരിഭാഷകളിലും വചനം ദൈവമായിരുന്നു എന്നു തന്നെയാണ്. NIE.B-ൽ What God was, the Word was'' എന്നുള്ളത് അർത്ഥം വ്യക്തമാക്കുന്നു.

ഫിലി.2:6-ൽ ഇവരുടെ ബൈബിളിൽ "പിതാവിനോടുള്ള സമത്വം കവർച്ചയായിട്ടെടുക്കണമെന്നു വിചാരിക്കാതെ" എന്നാണ്. എന്നാൽ മറ്റെല്ലാ പരിഭാഷകളിലും, സമത്വം മുറുകെ പിടിച്ചുകൊള്ളണമെന്നു വിചാരിക്കാതെ" എന്നാണ്.

യോഹ.14:28-ൽ **"എന്റെ പിതാവ് എന്നെക്കാൾ വലിയവനാകുന്നു" എന്നു പറഞ്ഞിട്ടുള്ളത്, മനുഷ്യനായിത്തീർന്ന അവസ്ഥയിലെ കാര്യമാണ്. അല്ലാതെ നിത്യതയിലുള്ള അവസ്ഥയെക്കുറിച്ചല്ല.**

മാർത്തോമ്മാ ശ്ലീഹാ "എന്റെ കർത്താവും, എന്റെ ദൈവവുമേ" എന്നു യേശുവിനെ സംബോധന ചെയ്യുന്നു. ഏകദൈവ വിശ്വാസത്തിൽ അടിയുറച്ച തോമ്മാ ശ്ലീഹായ്ക്ക് യേശുക്രിസ്തു ദൈവം തന്നെ എന്നു നിർണ്ണയത്തിലെത്തിയെന്നാണ് മനസ്സിലാക്കാവുന്നത്.

"എന്നെ കണ്ടവൻ പിതാവിനെ കണ്ടു". (യോഹ. 14:9) "ഞാനും പിതാവും ഒന്നാകുന്നു" - ഇങ്ങനെയുള്ള ക്രിസ്തുവിന്റെ പ്രസ്താവനകൾ എന്താണ് വ്യക്തമാക്കുന്നത്. അവിടുന്ന് സത്യമായും ദൈവമായിരുന്നു എന്നാണ്. ദൈവത്തിനു മാത്രമുള്ള സ്വഭാവങ്ങളും കർത്തവ്യങ്ങളും ക്രിസ്തുവിനുമുള്ളതായി പ്രതിപാദിക്കുന്ന വേദഭാഗങ്ങൾ അനവധിയാണ്.

നിത്യത്വം (എബ്രാ.1:12) സർവ്വജ്ഞത (യോഹ. 21:7) സർവ്വശക്തി (മത്താ. 28:18) സർവ്വ വ്യാപകത്വം (മത്താ. 18:20; യോഹ. 3:13) സ്രഷ്ടാവ്, (കൊലൊ.1:16; യോഹ.1:3) പാപമോചകൻ (ലൂക്കോ.5:20,11) പ്രാർത്ഥന കേൾക്കുന്നവൻ (യോഹ.15:16) ആരാധിക്കപ്പെടേണ്ടവൻ (വെളി. 5:12) രക്ഷിക്കുന്നവൻ (അ.പ്ര.4:12) ഉയിർപ്പിക്കുന്നവൻ (യോഹ. 5:21) ന്യായം വിധിക്കുന്നവൻ. (യോഹ. 5:27) സ്വയംഭൂ (യോഹ. 14:6).

പഴയനിയമത്തിൽ ദൈവം മോശയ്ക്കു വെളിപ്പെടുത്തിയ അതേ നാമം തന്നെ യേശുവിന്റെ രഹസ്യജീവിത കാലത്ത് അവിടുത്തെ ദൈവികതയെ വെളിപ്പെടുത്തുന്ന സന്ദർഭങ്ങളിൽ അവിടുന്നു ഉപയോഗിക്കുന്നുണ്ട്. അതായത് **"ഞാൻ ആകുന്നു"** എന്ന വിശേഷണം ഏഴു പ്രാവശ്യം യോഹന്നാന്റെ സുവിശേഷത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ('I am' sayings) "ഞാൻ ആകുന്നു, ജീവന്റെ അപ്പം"; "ഞാൻ ആകുന്നു ലോകത്തിന്റെ വെളിച്ചം" "ഞാൻ ആകുന്നു വാതിൽ"; 'ഞാൻ ആകുന്നു ഇടയൻ"; 'ഞാൻ ആകുന്നു പുനരുത്ഥാനവും ജീവനും'; "ഞാൻ ആകുന്നു വഴിയും സത്യവും ജീവനും; ഞാൻ ആകുന്നു മുന്തിരിവള്ളി."

ഇങ്ങനെ മശിഹാ തന്റെ ജീവിതത്തിലൂടെയും പ്രബോധനത്തിലൂടെയും "താനും പിതാവും ഒന്നാകുന്നു" എന്നു വ്യക്തമാക്കുന്നു. പുത്രന്റെ ദൈവത്വത്തെ നിഷേധിക്കുന്നവനെക്കുറിച്ച് യോഹന്നാൻ ശ്ലീഹാ പറഞ്ഞിരിക്കുന്നത് അവൻ അന്തിക്രിസ്തു ആകുന്നു എന്നാണ് (1 യോഹ. 2:22).

പരിശുദ്ധാത്മാവിന്റെ ദൈവത്വവും ആളത്തവും കൂടി പ്രതിപാദിക്കുമ്പോൾ മാത്രമേ ഈ പഠനം പൂർത്തിയാവുകയുള്ളൂ. അത് പിന്നാലെയാകാം. GM

പുതുവേഷം അണിഞ്ഞ അറിയോസ് മതം അഥവാ യഹോവയുടെ സാക്ഷികൾ

സഭയിൽ കൂടി, സഭ മുഖാന്തരമാണ് വേദപുസ്തകം രൂപംകൊണ്ടത്. സഭാ ജീവിതവും മനുഷ്യന്റെ പരിമിതിയും പരിശുദ്ധാത്മ പ്രേരണയും ഒത്തുചേർന്നുള്ള അനുഭവത്തിലാണ് വിശുദ്ധ വേദപുസ്തകം രചിച്ചിട്ടുള്ളത്. ആയതിനാൽ എഴുതപ്പെട്ട അതേ അനുഭവത്തിൽ നിന്നുകൊണ്ട് വേദപുസ്തകം വ്യാഖ്യാനി ക്കാത്തതുകൊണ്ടാണ് യേശുക്രിസ്തു സ്ഥാപിച്ച സഭയിൽ ഭിന്നിപ്പുകളും ധാരാളം ഉപവിഭാഗങ്ങളും പൊട്ടിമുളയ്ക്കുന്നത്. വേദപുസ്തകം ശരിയായി വ്യാഖ്യാനിക്കാനും മനസ്സിലാക്കുവാനും പാരമ്പര്യം അത്യാവശ്യം തന്നെ. ഓരോ പാരമ്പര്യത്തിന്റെയും സ്ഥാനവും ആവശ്യകതയും നിർണ്ണയിക്കാൻ വേദപുസ്തകം നിർബന്ധമായും വേണം. ക്രിസ്ത്യാനിയുടെ പാരമ്പര്യത്തിന്റെ ഭാഗങ്ങളായ ആരാധന, വിശ്വാസപ്രമാണം, കൂദാശകൾ, പ്രബോഷണങ്ങൾ, അനുഷ്ഠാനങ്ങൾ, ഐക്കണുകൾ തുടങ്ങിയവ എല്ലാം വേദപുസ്തകം അടിസ്ഥാനമാക്കിയിട്ടുള്ളതാണ്.

വേദാനുഷ്ഠാനങ്ങളിൽ ഉള്ളതു മാത്രമേ ക്രിസ്തുസഭ സ്വീകരിച്ചിട്ടുള്ളു. മറിച്ചുള്ളതെല്ലാം പിശാചിന്റെ പ്രേരണയാൽ ഉണ്ടാകുന്നതാണ്. യേശുവിൽ കേന്ദ്രീകരിച്ചാണ് സഭ നിൽക്കുന്നത്. സഭയുടെ പ്രവർത്തനവും ജീവിതവും യേശുക്രിസ്തുവിൽ അധിഷ്ഠിതം തന്നെ. ചുരുക്കത്തിൽ വേദപുസ്കവും പാരമ്പര്യവുമാണ് സഭയുടെ അടിസ്ഥാനം. (അവതരിച്ച വചനവും അരുൾചെയ്ത വചനവും പാരമ്പര്യവും)

പരിശുദ്ധാത്മ നിവേശിതമായി എഴുതപ്പെട്ട 73 പുസ്തകങ്ങൾ കൂടിച്ചേർന്നതാണ് ഹോളി ബൈബിളെന്ന് സഭാ പണ്ഡിതന്മാർ വ്യക്തമാക്കുന്നു. ഓർത്തഡോക്സിയിൽ വിശ്വസിക്കുന്ന പൗരസ്ത്യ ഓർത്തഡോക്സ് സഭകളും കത്തോലിക്കാ സഭയും അക്കാര്യത്തിൽ ഒരേ വിശ്വാസക്കാരാണ്. എന്നാൽ സെക്ടേറിയൻ സംഘടനകളും പെന്തിക്കോസ്തുകാരും യഹോവാ സാക്ഷികളും പ്രൊട്ടസ്റ്റന്റുകാരും വിശുദ്ധ വേദപുസ്തത്തിന്റെ ഘടനയെക്കുറിച്ച് ചില കാര്യങ്ങളിൽ വ്യത്യസ്ത ചിന്താഗതിക്കാരാണ്. വിഘടിതരുടെയും യഹോവാ സാക്ഷികളുടെയും നിലപാടുകൾ വിശകലനം ചെയ്യുമ്പോൾ അവരുടെ ചിന്താഗതിയിൽ അപകടങ്ങൾ പതിയിരിക്കുന്നതായി മനസ്സിലാക്കാം.

ഏബ്രഹാം ലിങ്കന്റെ പുകൾ പെറ്റ ഗെറ്റിസ്ബർഗ് പ്രസംഗത്തിൽ അദ്ദേഹം ജനാധിപത്യത്തെ വിശകലനം ചെയ്തതുപോലെ സത്യവേദപുസ്തത്തെ വിശകലനം ചെയ്താൽ "സഭയ്ക്കു വേണ്ടി സഭയാൽ (വിശുദ്ധ അപ്പോസ്തോലന്മാർ) ആരാധനയ്ക്കായി രചിക്കപ്പെട്ടതാണ് വേദപുസ്തകം" എന്നു കാണാം. ചുരുക്കത്തിൽ സഭയ്ക്കു വേണ്ടി (ആരാധനയ്ക്കായി) രചിക്കപ്പെട്ടതാണ് വിശുദ്ധ വേദപുസ്തകം.

ആദിമസഭയിൽ ഇന്നു കാണുന്ന രീതിയിൽ വേദപുസ്തകം ഇല്ലായിരുന്നു. പഴയനിയമം ആയിരുന്നു സഭയിലെ ആദ്യ വേദപുസ്തകം. പഴയനിയമവും പുതിയനിയമവും തമ്മിൽ പല കാര്യങ്ങളിലും ബന്ധം ഉണ്ട്. പഴയനിയമത്തിലെ വെളിപ്പെടുത്തലുകളുടെ പൂർത്തീകരണം പുതിയനിയമം ക്രോഡീകരിച്ചപ്പോഴും ഉണ്ടെന്നു കാണാം. പഴയനിയമം നിഴലായി കാണുമ്പോൾ പുതിയനിയമം പൊരുളായാണ് കാണുന്നത്. ക്രിസ്തുവെന്ന കുഞ്ഞാടിനെപ്പറ്റിയുള്ള പരാമർശങ്ങൾ പഴയനിയമത്തിലുണ്ട്. ക്രിസ്തു കുഞ്ഞാടായും, ബലിവസ്തുവായും പഴയനിയമത്തിൽ ചിത്രീകരിക്കുന്ന നിരവധി ഭാഗങ്ങൾ പഴയനിയമം പരതിയാൽ കാണാം. യോഹ. 1:29 ലെ വെളിപ്പെടുത്തൽ പഴയനിയമത്തിന്റെ പൂർത്തീകരണമാണ്.

ലേവ്യ പുസ്തകം 16-ാം അദ്ധ്യായം, ഉൽപ്പത്തി 22:13, പുറപ്പാട് 12-ാം അദ്ധ്യായം, തുടങ്ങിയ ഭാഗങ്ങളിൽ ക്രിസ്തുവാകുന്ന കുഞ്ഞാടിനെപ്പറ്റി പരാമർശിച്ചിട്ടുണ്ട്. അബ്രഹാമിന്റെ ഏകജാതനായ പുത്രനെ ബലികഴിക്കാൻ പോകുന്ന ഭാഗങ്ങളും അനുബന്ധ സംഭവങ്ങളും പുതിയനിയമത്തിലെ ക്രിസ്തുവിന്റെ സൂചനയാണ്. ഇവിടെ ദൈവം ഇസ്സഹാക്കിന് പകരം അയച്ചുകൊടുത്ത ആട്ടുകൊറ്റൻ ക്രിസ്തുവിനെ പ്രതിനിധീകരിക്കുന്നു. ആട്ടുകൊറ്റനെപ്പോലെ നിർദ്ദോഷിയായിരുന്നു ക്രിസ്തു.

ഇന്ന് നമുക്ക് ലഭിച്ചിട്ടുള്ള വേദപുസ്തകം പൂർണ്ണമല്ലെന്നു വേദപുസ്തകം തന്നെ സാക്ഷീകരിക്കുന്നു. യോഹന്നാൻ 21:25, 2 യോഹന്നാൻ 12; യോഹന്നാൻ 16:12 ഭാഗങ്ങൾ വേദപുസ്തകം പൂർണ്ണമല്ലെന്നു വ്യക്തമാക്കുന്നു.

വേദപുസ്തകം മാത്രം സഭയുടെ ആധാരമെന്നു വിശ്വസിക്കുന്ന യഹോവാ സാക്ഷികളും, പെന്തിക്കോസ്തുകാരും പ്രൊട്ടസ്റ്റന്റുകാരും വേദപുസ്തകത്തിലെ എല്ലാ വാക്യങ്ങളും പൂർണ്ണമായ അർത്ഥത്തിൽ സ്വീകരിക്കുന്നില്ല. അവർക്ക് ഇഷ്ടമുള്ള വേദഭാഗങ്ങൾ അടർത്തിയെടുത്ത് അവരുടെ ഇഷ്ടത്തിനൊത്ത് വ്യാഖ്യാനിച്ച് കുഴപ്പങ്ങളും, ഭിന്നിപ്പുകളും ഉണ്ടാക്കുന്നു.

മലയാളഭാഷയിൽ വേദപുസ്തകം ഭാഗികമായെങ്കിലും ഉണ്ടായത് രണ്ടേകാൽ നൂറ്റാണ്ടു മുമ്പാണ്. ക്രൈസ്തവസഭ ഉണ്ടായി എത്രയോ നൂറ്റാണ്ടുകൾ കഴിഞ്ഞാണ് മലയാള വേദപുസ്തക പരിഭാഷ ഇവിടെ വന്നത്. ആ കാലത്ത് 200 ൽ അധികം വേദപുസ്തകങ്ങൾ മലയാള ഭാഷയിൽ ഉണ്ടായിരുന്നില്ല.

പിന്നീട് ആംഗ്ലിക്കൻ മിഷനറിമാർ ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്ത വേദപുസ്തകം ഒട്ടുമിക്ക വീടുകളിലും അവർ എത്തിച്ചു. ബൈബിൾ സൊസൈറ്റിയാണ് വേദപുസ്തകം മലയാളത്തിലേക്കാക്കിയത്. ബൈബിൾ സൊസൈറ്റി 66 പുസ്തകങ്ങളിൽ വേദപുസ്തകത്തെ പരിമിതപ്പെടുത്തി. ആ വേദപുസ്തകം അപൂർണ്ണമായിരുന്നു. മാർട്ടിൻ ലൂഥറിന്റെ നേതൃത്വത്തിലുള്ള നവീകരണ പ്രസ്ഥാനം റോമൻ കത്തോലിക്കാസഭ ചെയ്തതെല്ലാം തെറ്റെന്ന രീതിയിൽ വേദപുസ്തകം ചമയ്ക്കുകയും യഹൂദർ ഉപയോഗിക്കുന്ന പഴയനിയമത്തിലേക്ക് (39 പുസ്തകം) അവർ തിരിച്ചുപോവുകയും ചെയ്തു. സെപ്റ്റുവജിന്റിലെ അധിക പുസ്തകങ്ങൾ അവർ ഉപേക്ഷിക്കുകപോലും ചെയ്തു. 39 പുസ്തകങ്ങളും, പുതിയനിയമത്തിലെ ഭാഗങ്ങളും കൂടി ചേർത്ത് 66 പുസ്തകങ്ങളുള്ള വേദപുസ്തകമാക്കി. ബൈബിൾ സൊസൈറ്റിയുടെ വേദപുസ്തകം മാർട്ടിൻ ലൂഥറിന്റെ നവീകരണ പ്രസ്ഥാനത്തിന്റെ തുടർച്ചയായിരുന്നു. ഓർത്തഡോക്സ് സഭയും, യാക്കോബായ സഭയും വേദപുസ്തക കാര്യത്തിൽ വലിയ ശ്രദ്ധപതിപ്പിക്കാതിരുന്നതിനാൽ ബൈബിൾ സൊസൈറ്റി വ്യാപകമായി അവരുടെ പുസ്തകം വീടുകളിൽ എത്തിച്ചുകൊടുത്തു.ഇപ്പോൾ അതാണ് യഥാർത്ഥ വേദപുസ്തകമെന്ന ധാരണ പടർന്നു. എന്നാൽ കത്തോലിക്കർ അവരുടെ വേദപുസ്തകം നേരത്തെതന്നെ അടിച്ചിറക്കിയിരുന്നു.

പ്രൊട്ടസ്റ്റന്റുകാരും യഹോവാ സാക്ഷികളും ക്രോഡീകരിച്ച വേദപുസ്തകത്തെ ഓർത്തഡോക്സ് വിശ്വാസികൾ ഔദ്യോഗികമായി അംഗീകരിക്കുന്നില്ല. സെപ്റ്റുവജിന്റിൽനിന്നു രൂപംകൊണ്ട വേദപുസ്തകത്തിൽനിന്ന് വ്യത്യസ്തമാണ് അവരുടെ വേദപുസ്തകങ്ങൾ. സെപ്റ്റുവജിന്റ് വേദപുസ്തകത്തിലെ പല ഭാഗങ്ങളെയും അവർ എതിർക്കുന്നുമുണ്ട്. 73 പുസ്തകങ്ങളെങ്കിലുമുള്ളതാണ് ഓർത്തഡോക്സ് സഭയും മറ്റും അംഗീകരിച്ചിട്ടുള്ള വേദപുസ്തകം. സെപ്റ്റുവജിന്റിൽ ഇതിനപ്പുറം 4 പുസ്തകങ്ങൾ എങ്കിലും ഉണ്ട്.

യഹോവാ സാക്ഷികളും, സെക്ടേറിയൻ വിഭാഗവും, പ്രൊട്ടസ്റ്റന്റുകാരും, പെന്തിക്കോസ്തു വിഭാഗങ്ങളും വേദപുസ്തകം മാത്രം അതും 66 പുസ്തകങ്ങൾ മാത്രമുള്ള അപൂർണ്ണ വേദപുസ്തകം സഭയ്ക്കാധാരം എന്ന ആശയം ഉയർത്തി ക്രിസ്തുവിന്റെ സഭയെ വെട്ടിമുറിക്കുന്നു.

യഹൂദന്മാരുടെ ന്യായപ്രമാണങ്ങളാണ് പഴയനിയമ ഗ്രന്ഥങ്ങളിൽ ഉണ്ടായിരുന്നത്. യേശുക്രിസ്തുവും ശിഷ്യന്മാരും ഉപയോഗിച്ചിരുന്നത് സെപ്റ്റുവിജിന്റ് വേദപുസ്തകമാണ്. അതിനുള്ള സൂചനകൾ ഹാനോക്ക് പ്രവചനത്തിലും, മക്കാബിയുടെ രണ്ടാം പുസ്തകത്തിലും ഉണ്ട്. ക്രിസ്ത്യാനികൾ ലോകമെമ്പാടും വ്യാപിച്ചപ്പോൾ യഹൂദന്മാർ സെപ്റ്റുവിജിന്റിലെ അധിക പുസ്തകങ്ങൾ ഉപേക്ഷിച്ചു.

വ്യാജോപദേഷ്ടാക്കളും വിപരീതോപദേശങ്ങളും വരുമെന്ന മുന്നറിയിപ്പ് യേശുക്രിസ്തുവും അപ്പോസ്തോലന്മാരും നേരത്തെ നൽകിയിരുന്നു. മർക്കോസ് 13:22; അ.പ്ര. 20:29-30; 2 തിമൊ. 3:8, 9; 2 പത്രോസ് 2:1; യൂദാ 4;1 യോഹ. 2:18-26 എന്നീ ഭാഗങ്ങൾ പരിശോധിച്ചാൽ ദുരുപദേഷ്ടാക്കളുടെ കടന്നാക്രമണം അപ്പോസ്തോലിക കാലം മുതൽ സഭയ്ക്കു നേരിടേണ്ടിവന്നിട്ടുണ്ട് എന്നു മനസ്സിലാക്കാം. അവയ്ക്കെതിരെയുള്ള വാദമുഖങ്ങൾ അപ്പോസ്തോലന്മാരുടെ ലേഖനങ്ങളിൽ കാണാം. നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഉയർന്നുവന്ന ഗുരുതരമായ വേദവിപരീതമായിരുന്നു 'അറിയോസിന്റെ സിദ്ധാന്തം'. യേശുക്രിസ്തുവിന്റെ നിത്യതയും ദൈവത്വവും നിഷേധിക്കുന്ന ഈ പാഷണ്ഡോപദേശം അന്ന് സഭാ പിതാക്കന്മാർ തകർത്ത് തരിപ്പണമാക്കി. എ.ഡി. 325 ലെ നിഖ്യാ സുന്നഹദോസ് 'അറിയോസ് സിദ്ധാന്തം' എതിർത്ത് തോൽപ്പിച്ചതോടെ ആ പ്രസ്ഥാനത്തിന്റെ കൂമ്പടഞ്ഞു. എന്നാൽ അതേ സിദ്ധാന്തം കുറേനാൾ കഴിഞ്ഞ് പുതിയ രൂപത്തിലും ഭാവത്തിലും യഹോവാ സാക്ഷികൾ വീണ്ടും പടച്ചുണ്ടാക്കി. ആ സിദ്ധാന്തമാണ് ഇപ്പോൾ പരമ്പരാഗത സഭകളിൽ നിന്ന് യുവതീയുവാക്കളെ അടർത്തിക്കൊണ്ടുപോയി പഠി

പ്പിക്കുന്നത്. ഇതിനെ നേരിടണമെങ്കിൽ നമ്മുടെ ആചാരങ്ങളും, ആരാധനകളും പഠിപ്പിക്കാൻ ശ്രമങ്ങളും സംവിധാനങ്ങളും ഉണ്ടാകണം.

കഴിഞ്ഞ നൂറ്റാണ്ടിൽ അമേരിക്കയിൽ മുളച്ച ഈ വിശ്വാസം ലോകത്തിന്റെ ഒട്ടുമിക്ക ഭാഗങ്ങളിലും വ്യാപിച്ചിട്ടുണ്ട്. ഓരോ കാലത്തിലും പല പേരിലും അറിയപ്പെട്ട ഇവർ 1931 ന് ശേഷം 'യഹോവാ സാക്ഷികൾ' എന്ന പേരിൽ അറിയപ്പെട്ടു. യെശയ്യ 43 ന്റെ 10 അടിസ്ഥാനമാക്കിയ പ്രസ്ഥാനത്തിന് 'യഹോവാ സാക്ഷികൾ' എന്ന് പേരിട്ടത് റൂതർ ഫോർഡാണ്. ത്രിത്വ വിശ്വാസത്തെ അവർ നഖശിഖാന്തം എതിർക്കുന്നു. യഥാർത്ഥത്തിൽ യഹോവയുടെ സാക്ഷികൾ ക്രിസ്തുവിനെ എതിർക്കുന്ന യഹൂദന്മാരാണ്. ക്രിസ്തുവിനെ എതിർത്ത് കുരിശിലേറ്റിക്കൊന്നവരാണ് യഹൂദന്മാർ. അവരുടെ വിശ്വാസം പോലൊന്നാണ് യഹോവാ സാക്ഷികളുടെ വിശ്വാസവും. യേശുക്രിസ്തുവിനെ രക്ഷകനായി അംഗീകരിക്കുകയും അവനെ പിൻപറ്റുകയും ചെയ്യുന്നവർ ക്രിസ്തുവിന്റെ സാക്ഷികളാണ്. ഉയിർത്തെഴുന്നേറ്റ യേശു പ്രഖ്യാപിച്ചത് "നിങ്ങൾ എന്റെ സാക്ഷികൾ" എന്നാണ്. (അ.പ്ര. 1 : 8)

അപ്പോസ്തോലന്മാരും ആദിമശിഷ്യരും അഭിമാനപൂർവ്വം അവകാശപ്പെട്ടിരുന്നത് 'ക്രിസ്തുവിന്റെ സാക്ഷികൾ' എന്നായിരുന്നല്ലോ? (അ.പ്ര. 13:31).

പുതിയനിയമത്തിൽ ഒരിടത്തുപോലും യഹോവയുടെ സാക്ഷികൾ എന്ന പേരോ പ്രയോഗമോ ഉണ്ടായിട്ടില്ല. പുതിയനിയമം ആണല്ലോ ക്രിസ്ത്യാനികളുടെ പ്രധാന ആധാരം.

ജനങ്ങൾ എവിടെ ഉണ്ടെങ്കിലും അവരെ കണ്ടെത്തി കുടുംബങ്ങളിൽ ചെന്ന് തങ്ങളുടെ ആശയം പ്രചരിപ്പിക്കുന്ന വേദവിപരീതികളാണ് യഹോവാ സാക്ഷികൾ. 'ചെകുത്താൻ വേദം ഓതുന്നു' എന്ന ആപ്തവാക്യത്തിൽ പറയുന്നതുപോലെയുള്ള വേദവിപരീതമാണീ കൂട്ടർ നടത്തിക്കൊണ്ടിരിക്കുന്നതെന്ന് പറയാതെവയ്യാ!

ചാൾസ് മേസ് റസ്സൽ എന്ന അമേരിക്കക്കാരനാണ് യഹോവാ സാക്ഷി വിശ്വാസം തുടങ്ങിവച്ചത്. പെൻസിൽവാനിയ സംസ്ഥാനത്തിലെ ആലിഗനി പട്ടണത്തിൽ 1852 ൽ ജനിച്ച റസ്സൽ ആദ്യകാലത്ത് 'കോൺഗ്രിഗേഷൻ' സഭയിലെ അംഗമായിരുന്നു. പിതാവിന്റെ കൂടെ തുണിത്തരങ്ങളും ഡ്രസ്സുകളും വിൽപന നടത്തിയിരുന്ന റസ്സൽ ഇരുപതാം വയസ്സിൽ വേദപുസ്തകം 'സ്വതന്ത്രമായി' പഠിക്കാൻ തുടങ്ങി. വേദപുസ്തകത്തിൽ അദ്ദേഹത്തിന്റേതായ വ്യാഖ്യാനങ്ങൾ കണ്ടെത്തി. അദ്ദേഹത്തിന്റെ വ്യാഖ്യാനപഠനങ്ങൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചു. പഴയനിയമത്തിലെ വാക്യങ്ങൾ പല ഭാഗത്തുനിന്ന് എടുത്ത് അദ്ദേഹത്തിന് ഇഷ്ടപ്പെട്ട രീതിയിൽ വ്യാഖ്യാനിച്ചു.

സങ്കീർത്തനത്തിൽ മരണത്തെപ്പറ്റി പറയുന്ന ചില ഭാഗങ്ങളെടുത്ത് വ്യാഖ്യാനിച്ച് ആത്മാവില്ലെന്ന് സമർത്ഥിച്ചു. മനുഷ്യനും മൃഗങ്ങളും മരിച്ചാൽ ഒരുപോലെതന്നെയാണെന്നും മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടെന്നും പ്രാർത്ഥിച്ചാൽ പ്രയോജനം ഇല്ലെന്നും മരിക്കുന്നതോടെ എല്ലാം തീർന്നെന്നും വ്യാഖ്യാനിച്ചു.

1879 ൽ "വീക്ഷണഗോപുരം" എന്ന മാസിക ആരംഭിച്ചു. ഏഴു വർഷങ്ങൾക്കു ശേഷം 'വേദഗ്രന്ഥപഠനം' എന്ന പേരിൽ ഏഴ് വാല്യങ്ങളിലായി 'വ്യാഖ്യാനഗ്രന്ഥം' പുറത്തിറക്കി. അതായിരുന്നു അവരുടെ പ്രമാണഗ്രന്ഥം.

റസ്സലിന്റെ സ്വകാര്യജീവിതം തികഞ്ഞ പരാജയമായിരുന്നു. അയാൾക്കെതിരെ സ്വഭാര്യപോലും നിരവധി ആരോപണങ്ങൾ ഉന്നയിച്ച് കേസ് കൊടുത്ത് വിജയിച്ച് വിവാഹമോചനം നേടിയത്രെ. അയാൾ പല പ്രാവശ്യം കോടതിയിൽ കയറി പരാജയപ്പെട്ടിട്ടുണ്ട്.

"ബ്രൂക്ക്ലിൻ ഈഗിൾ" എന്ന പത്രം റസ്സലിന്റെ വ്യാജപ്രചാരണപാടവം വെളിച്ചത്തു കൊണ്ടുവന്നു. 'അത്ഭുത ഗോതമ്പ്' എന്ന പേരിൽ ഒരു പറയ്ക്ക് 60 ഡോളർ വില വച്ച് ഗോതമ്പ് വിറ്റു. സാധാരണ ഗോതമ്പിനേക്കാൾ 5 ഇരട്ടി വിളവ് ലഭിക്കുമെന്ന് പറഞ്ഞ് വലിയ വില വാങ്ങിയിരുന്നുവത്രെ!! പക്ഷെ പരീക്ഷണത്തിൽ അത് ഏറ്റവും മോശപ്പെട്ട ഗോതമ്പാണെന്ന് പിന്നീട് തെളിഞ്ഞു.

ദാനിയേൽ, വെളിപാട് എന്നീ പുസ്തകങ്ങളെ അടിസ്ഥാനമാക്കി ജാതികളുടെ കാലത്തെക്കുറിച്ചും ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെപ്പറ്റിയും അദ്ദേഹം പ്രവചനങ്ങൾ നടത്തി. 1914 ൽ ജാതികളുടെ കാലം അവസാനിക്കുമെന്നും, ദൈവരാജ്യം സ്ഥാപിക്കാൻ ക്രിസ്തു വരുമെന്നും അയാൾ പ്രവചിച്ചു. അനുയായികൾ അത് വിശ്വസിച്ചു. ഒടുവിൽ 1914 ൽ ജർമ്മനി യുദ്ധം ആരംഭിച്ചു. എന്നാൽ കർത്താവിന്റെ വരവിന്റെ യാതൊരു ലക്ഷണവും കണ്ടില്ല. അപ്പോൾ റസ്സൽ പുതിയൊരു വ്യാഖ്യാനം കണ്ടുപിടിച്ചു. വെളിപാട് 12 ൽ പറയുന്ന ആൺകുട്ടി ജനിച്ചു, യുദ്ധം സ്വർഗ്ഗത്തിൽ നടന്നു, സാത്താനെ ഭൂമിയിലേക്കു തള്ളി; അതു നിമിത്തം ഭൂമിയിൽ യുദ്ധം ഉണ്ടായി. പക്ഷേ യുദ്ധത്തിന്റെ അന്ത്യം റസ്സലിന് കാണാൻകഴിഞ്ഞില്ല, 1916 ൽ യാത്രാമധ്യേ അയാൾ തലകുത്തിവീണ് ദാരുണമായി കൊല്ലപ്പെട്ടു.

അതുവരെ നിയമോപദേഷ്ടാവായിരുന്ന ജോസഫ് ഫ്രാങ്ക്ലിൻ റൂതർ ഫോർഡ് പിന്നീട് സമൂഹത്തിന്റെ പ്രസിഡന്റായി. അദ്ദേഹത്തെ സർക്കാർ കുറെനാൾ ജയിലിൽ അടച്ചിരുന്നു. ജയിൽ മോചിതനായ ശേഷം ഏഷ്യയിലും ആഫ്രിക്കയിലും, പ്രത്യേകിച്ച് ഇന്ത്യയിലും സമൂഹം സ്ഥാപിച്ചു. 1942 ൽ അദ്ദേഹം മരിച്ചു.

'നോർ' എന്നയാൾ സമൂഹത്തിന്റെ മൂന്നാം പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. 1943 ൽ വാച്ച്ടവർ ബൈബിൾ സ്കൂൾ സ്ഥാപിച്ചു. ദൈവം സത്യവാൻ എന്ന അവരുടെ പ്രാമാണിക ഗ്രന്ഥം 1946ൽ പ്രസിദ്ധപ്പെടുത്തി.

1961 ൽ അവരുടെ സ്വന്തം പരിഭാഷയിൽ ക്രോഡീകരിച്ച് തിരുവെഴുത്ത് വേദപുസ്തകം പുറത്തിറക്കി. 'The New World Translation of the Christian Greek Scriptures' എന്നായിരുന്നു വേദപുസ്തകത്തിന്റെ അന്തർദ്ദേശീയ പേര്. കാതോലിക സഭകൾ അംഗീകരിച്ചിട്ടുള്ള പരിഭാഷകളിൽനിന്ന് പല വിധത്തിലും വ്യത്യസ്തമാണ് യഹോവാ സാക്ഷികളുടെ പരിഭാഷ. **അവരുടെ ഉപദേശങ്ങളും സിദ്ധാന്തങ്ങളും അവതരിപ്പിക്കാനും ന്യായീകരിക്കാനും ഉതകുന്ന വിധത്തിൽ കൃത്രിമങ്ങൾ നടത്തിയ തർജ്ജമയാണവരുടേത്. മൂലകൃതിയോടു നീതിപുലർത്താത്ത തർജ്ജമയാണത്.**

പരിഭാഷയിലെ കൃത്രിമങ്ങൾക്ക് ചില ഉദാഹരണങ്ങൾ

പരിശുദ്ധാത്മാവിന്റെ ആളത്തം യഹോവാ സാക്ഷികൾ നിഷേധിക്കുന്നു. ത്രിത്വത്തെ കുറിക്കുന്ന വാക്യത്തിൽ, പിതാവ് എന്നുള്ളതും, പുത്രൻ എന്നുള്ളതും വലിയ അക്ഷരത്തിലും പരിശുദ്ധ റൂഹ എന്നുള്ളത് ചെറിയ അക്ഷരത്തിലുമാണ്. (മത്താ. 28:29 ലും 2 കൊരി. 13:14 ലും അങ്ങനെ കാണാം.) യേശുക്രിസ്തു സത്യദൈവവും നിത്യജീവനും ആകുന്നുവെന്ന യോഹന്നാൻ 5 ന്റെ 20-ാം വാക്യം യഹോവാ സാക്ഷികൾ അംഗീകരിക്കുന്നില്ല. യഹോവയാണവരുടെ മഹാദൈവം. യോഹന്നാൻ 14:26, അ.പ്ര.8:29; 1 കൊരി. 12:3; അ.പ്ര. 5:4 തുടങ്ങി അനവധി ഭാഗങ്ങളിൽ യഹോവാ സാക്ഷികൾ അവർക്കു വേണ്ട വിധത്തിൽ ഒറിജിനലിൽ നിന്ന് മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. യോഹ: 14:26 ൽ "ഞാൻ അയയ്ക്കുന്ന കാര്യസ്ഥ"ന്റെ വിശേഷണം 'അവൻ' എന്നുള്ളത് 'അത്' (which) എന്നാക്കി മാറ്റി. യോഹ. 1:1 ൽ പുത്രന്റെ ദൈവത്വവും നിത്യതയും അവർ നിഷേധിക്കുന്നു. യോഹ. 1:1 ൽ "ആദിയിൽ വചനം ഉണ്ടായിരുന്നു...... വചനം ഒരു ദൈവമായിരുന്നു" എന്ന് അവർ പറയുന്നു. അവരുടെ തർജ്ജമ പ്രകാരം പുത്രൻ ദൈവം അല്ല, പിതാവിന് സമനല്ല, പിന്നെയോ ഒരു 'ഛോട്ടാ ദൈവം'. ക്രിസ്തുവിനെ സൃഷ്ടികളിലൊരുവനെന്ന് വരുത്താൻ കൊലൊ. 1:15-17 പരിഭാഷപ്പെടുത്തിയപ്പോൾ "സകലവും അവൻ മുഖാന്തരവും, അവനായിട്ടും സൃഷ്ടിക്കപ്പെട്ടു" എന്നുള്ളതിന് "മറ്റുള്ള സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു" എന്നാക്കി മാറ്റി (All other things have been created through him). "മറ്റുള്ള" എന്ന പദം മൂലഭാഷയിൽ ഇല്ല എന്നോർക്കുക. ഫിലി. 2:6ൽ "ദൈവത്തോടുള്ള സമത്വം കവർച്ചയായിട്ടെടുക്കണമെന്ന് വിചാരിക്കാതെ" എന്ന് വിവർത്തനം ചെയ്യുന്നതിൽ കൂടി ദൈവത്തോടുള്ള സമത്വം ഇല്ല എന്ന് സമർത്ഥിക്കുകയാണു ചെയ്യുന്നത്.

തീത്തോസ് 2:12 ൽ "മഹാദൈവവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷത" എന്നുള്ളത് "മഹാദൈവത്തിന്റെയും, രക്ഷകനായ യേശുക്രിസ്തുവിന്റെയും" എന്നാക്കി മാറ്റിയിരിക്കുന്നു. കാരണം ക്രിസ്തുവിനെ മഹാദൈവം എന്നു വിളിക്കരുത്! മൂലകൃതിയിൽ (ഗ്രീക്ക് ഭാഷയിൽ) ഇവരുടെ വിവർത്തനംപോലെയല്ല പറയുന്നതെന്നോർക്കുക.

വെളി. 3:14 ൽ "ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവയുടെ ആരംഭമായവൻ" എന്നുള്ള ഭാഷാന്തരം ക്രിസ്തുവിനെ 'സൃഷ്ടി'യാക്കിയിരിക്കുന്നു. മൂലഭാഷയിൽ ദൈവത്താൽ എന്നതിനു പകരം ദൈവത്തിന്റെ എന്നാണ് ചേർത്തിട്ടുള്ളത്. കൊലൊ. 3:23-24 ൽ "നിങ്ങൾ ചെയ്യുന്നതൊക്കെയും മനുഷ്യർക്കെന്നല്ല കർത്താവിന് (Lord) എന്ന പോലെ മനസ്സോടെ ചെയ്‌വിൻ. അവകാശമെന്ന പ്രതിഫലം കർത്താവ് (Lord) തരും എന്നറിഞ്ഞ് കർത്താവായ ക്രിസ്തുവിനെ സേവിപ്പിൻ" ഈ ഭാഗം അവരുടെ തർജ്ജമയിൽ നിങ്ങൾ ചെയ്യുന്നതൊക്കെയും മനുഷ്യർക്കെന്നല്ല 'യഹോവയ്ക്ക്' എന്നവണ്ണം മനസ്സോടെ ചെയ്‌വിൻ; അവകാശം എന്ന പ്രതിഫലം യഹോവ തരും എന്നറിഞ്ഞ് ക്രിസ്തുവിന് ദാസരാകുവിൻ" ആദ്യത്തെ രണ്ടു ഭാഗങ്ങളിലും കർത്താവ് എന്നതിന് യഹോവ എന്ന് തർജ്ജിമ ചെയ്തപ്പോൾ കർത്താവ് എന്ന പദം ക്രിസ്തുവിനോട് ചേരുന്ന സ്ഥലത്ത് യഹോവയായ ക്രിസ്തു എന്ന തർജ്ജമ വരേണ്ടിടത്ത് അത് മാറ്റിക്കളഞ്ഞ് ക്രിസ്തുവിനെ താഴ്ത്തി കാണിച്ചിരിക്കുന്നു.

ക്രിസ്തുവിന്റെ സ്ഥാനവും അധികാരവും നിഷേധിക്കാൻ പല ഭാഗങ്ങളിലും കൃത്രിമങ്ങൾ പരിഭാഷയിൽ ചെയ്തിട്ടുള്ളതിന് ധാരാളം ഉദാഹരണങ്ങൾ അവരുടെ വേദപുസ്തകത്തിൽ കാണാം.

സഭാ പാരമ്പര്യമോ, പിതാക്കന്മാരുടെ ഉപദേശങ്ങളോ യഹോവാ സാക്ഷികൾ അവരുടെ വേദപുസ്തകത്തിൽ സ്വീകരിച്ചു കാണുന്നില്ല. അവർ എഴുതിയിരിക്കുന്നത് അവരുടെ താൽപര്യങ്ങൾ ഉള്ള വേദപുസ്തകം മാത്രമാണ്. അവരുടെ ഉപദേശങ്ങൾക്കുസൃതമായ വേദവാക്യങ്ങളെ മാത്രമേ അവർ അംഗീകരിക്കൂ. മറ്റുള്ള വേദപുസ്തകവും, അനുബന്ധ ഗ്രന്ഥങ്ങളും അവർ അംഗീകരിക്കില്ല. ദാനിയേൽ, യെഹസ്ക്കേൽ, വെളിപാട് എന്നീ പുസ്തകങ്ങളാണവരധികവും ഉപയോഗിക്കുന്നത്. അവയിൽ ഗൂഢാത്മകങ്ങളായ പ്രതിരൂപങ്ങളും, ചിത്രങ്ങളും, ദർശനങ്ങളും ധാരാളം ഉള്ളതുകൊണ്ടാണ് യഹോവാ സാക്ഷികൾ അതുപയോഗിക്കുന്നത്. അവയുടെ വ്യാഖ്യാനങ്ങൾ തെറ്റിദ്ധാരണാജനകമാക്കാൻ ധാരാളം സൗകര്യമുണ്ട്. സെക്ടേറിയൻ ഗ്രൂപ്പുകൾ വളരുന്നത് ആ പുസ്തകങ്ങളിലെ വ്യാഖ്യാനം മൂലമാണെന്നോർക്കുക. സ്വന്തം ഭാവനയിൽ എന്തും മെനഞ്ഞെടുക്കാവുന്ന ആശയങ്ങളാണ് മേൽപ്പറഞ്ഞ ഭാഗങ്ങളിൽ ഉള്ളത്. അതാണ് യഹോവാ സാക്ഷികൾ എടുത്തുകാട്ടി പ്രചരിപ്പിക്കുന്നത്.

റസ്സലിന്റെ കാലം മുതലാണ് വേദപുസ്തകത്തിന്റെ യഥാർത്ഥ സന്ദേശം ജനങ്ങൾക്ക് മനസ്സിലായിട്ടുള്ളതെന്നാണ് അവർ അവകാശപ്പെടുന്നത്. ലേവ്യ 17:14 ൽ "യാതൊരു ജഡത്തിന്റെ രക്തവും നിങ്ങൾ ഭക്ഷിക്കരുത്. അത് ഭക്ഷിക്കുന്നവനെയെല്ലാം ഛേദിച്ചുകളയണം" ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ രക്തദാനം ചെയ്യുന്നതിനെയും, രക്തം കുത്തിവയ്ക്കുന്നതിനെയും കർശനമായി യഹോവ സാക്ഷികൾ നിരോധിക്കുന്നു. 'ക്രിസ്തുമസ് ട്രീ' അലങ്കരിക്കുന്നതിനെ അവർ അംഗീകരിക്കുന്നില്ല. യിരമ്യ 10:3–4 വാക്യങ്ങൾ പ്രകാരമാണ് ക്രിസ്തുമസ് ട്രീയെ അവർ അംഗീകരിക്കാത്തത്. അവിടെ ജാതികൾ ബിംബങ്ങളെ ഉണ്ടാക്കുന്നതുപോലെ വിഗ്രഹങ്ങൾ നിർമ്മിക്കരുത് എന്ന കൽപ്പന യഹോവാ സാക്ഷികളുടെ വീക്ഷണത്തിൽ ക്രിസ്തുമസ് ട്രീക്ക് എതിരാണ്.

ത്രിത്വം എന്നത് ദൈവം വെളിപ്പെടുത്തിയ സത്യമാകുന്നു. ത്രിത്വം എന്ന പദം വേദപുസ്തകത്തിലില്ലെന്നാണവർ പ്രചരിപ്പിക്കുന്നത്. എന്നാൽ പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ത്രിയേക ദൈവത്തെപ്പറ്റി പഴയനിയമത്തിൽ സൂചനയുണ്ട്. പുതിയനിയമത്തിൽ സ്പഷ്ടമായും അത് പറയുന്നുണ്ട്. അപ്പോസ്തോലന്മാർ ത്രിത്വത്തിൽ അടിയുറച്ചു വിശ്വസിച്ചവരായിരുന്നു. ദൈവിക വെളിപാടിലാണ് അപ്പോസ്തോലന്മാർ ത്രിത്വത്തിലേക്കു വന്നത്, ക്രിസ്തുവിന്റെ സ്നാനത്തിൽ ത്രിത്വ ദർശനം ഉണ്ട്. ക്രിസ്തു വെള്ളത്തിൽ നിൽക്കുന്നു, പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ വരുന്നു, പിതാവ്, "ഇവനെന്റെ പ്രിയപുത്രൻ" എന്ന് സാക്ഷീകരിക്കുന്നു. ത്രിത്വം അവിടെ ദർശിക്കാവുന്നതാണ്.

ത്രിത്വത്തെപ്പറ്റി യേശുക്രിസ്തു തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. യേശുതമ്പുരാൻ മരിച്ചുയിർത്തെഴുന്നേറ്റ് ഗലീലയിൽ വച്ച് 12 ശ്ലീഹന്മാരോടും ഇപ്രകാരം അരുളിച്ചെയ്തതും "ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കൽപ്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊള്ളുവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോട് കൂടെ ഉണ്ട്" (മത്തായി 28:19). അത് കർത്താവിന്റെ കൽപ്പനയായിരുന്നു. പിതാവിന്റെയും, പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എന്നു പറയുന്നതിൽനിന്നും ത്രിത്വം ഏക ദൈവമാണെന്നു വ്യക്തം. അല്ലെങ്കിൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമങ്ങളിൽ എന്ന് പറയേണ്ടതായിരുന്നു. യേശുക്രിസ്തു അവിടെ 'ത്രിത്വത്തെ'പ്പറ്റിയാണ് വ്യക്തമാക്കുന്നത്.

'വേദഗ്രന്ഥങ്ങളുടെ പഠനം' എന്ന വാല്യങ്ങളുടെ ആമുഖത്തിൽ 'യഹോവാ സാക്ഷി' സ്ഥാപകൻ റസ്സൽ ഇങ്ങനെ പറയുന്നു"വേദപുസ്തകം വായിക്കുന്നതിനെക്കാൾ ആവശ്യവും പ്രയോജനവും തന്റെ വ്യാഖ്യാന പുസ്തകങ്ങൾ വായിക്കുന്നതാണ്." അവിടെ അയാളുടെ ഉള്ളിലിരുപ്പ് വെളിച്ചത്താകുന്നു.

മേൽപ്പറഞ്ഞ കാര്യങ്ങളിൽനിന്ന് യഹോവാ സാക്ഷികളുടെ പഠിപ്പിക്കലിലെ പൊള്ളത്തരം വ്യക്തമാകുന്നു. യഹോവയുടെ സാക്ഷികളെ വേദപിപരീതികളെന്നു തീർച്ചയായും വിളിക്കാം. യേശുക്രിസ്തു പഠിപ്പിച്ച എല്ലാ കാര്യങ്ങൾക്കും വിരോധികളായിട്ടാണവർ ഉപദേശിക്കുന്നതും പഠിപ്പിക്കുന്നതും. ക്രിസ്ത്യാനികളുടെ അടിസ്ഥാനവിശ്വാസമായ ത്രിത്വത്തെ അവർ നിരസിക്കുന്നു. **ക്രിസ്തുവിന്റെ സാക്ഷികളാണ് ക്രിസ്ത്യാനികൾ. ക്രിസ്തുവിനെ ദൈവമായി അംഗീകരിക്കാത്ത യഹോവ സാക്ഷികൾ യഥാർത്ഥ ക്രിസ്ത്യാനികളല്ല.**

കൂടുതൽ വായനയ്ക്ക്

വഴിവിളക്ക്:
വിശുദ്ധ ത്രിത്വം
ജോർജിയൻ മിറർ
2013 ഏപ്രിൽ–
ജൂൺ പേജ് 16

യോഹന്നാൻ എഴുതിയ രണ്ടാം ലേഖനത്തിൽ വേദവിപരീതികളെ സൂക്ഷിക്കണമെന്ന് 9 മുതൽ 11 വരെയുള്ള വാക്യങ്ങളിൽ പറയുന്നു. "ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കാതെ അതിർകടന്നുപോകുന്ന ഒരുത്തനും ദൈവം ഇല്ല; ഉപദേശത്തിൽ നിലനിൽക്കുന്നവനോ പിതാവും പുത്രനും ഉണ്ട്. ഒരുത്തൻ ഈ ഉപദേശവുംകൊണ്ടല്ലാതെ നിങ്ങളുടെ അടുക്കൽ വരുന്നുവെങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുത്; അവന്നു കുശലം പറയുകയും അരുത്. അവന്ന് കുശലം പറയുന്നവൻ അവന്റെ ദുഷ്പ്രവൃത്തികൾക്ക് കൂട്ടാളിയല്ലോ?" യോഹന്നാൻ എഴുതിയ രണ്ടാം ലേഖനം ഏഴാം വാക്യത്തിൽ യേശുക്രിസ്തുവിനെ ജഡത്തിൽ വന്നവൻ എന്നു സ്വീകരിക്കാത്ത വഞ്ചകന്മാർ പലരും ലോകത്തിലേക്ക് പുറപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞിട്ടുണ്ട്. ഒന്ന് യോഹന്നാൻ അഞ്ചാം അദ്ധ്യായം 20–ാം വാക്യത്തിൽ "ദൈവപുത്രൻ വന്നു എന്നും സത്യദൈവത്തെ അറിയാൻ നമുക്ക് വിവേകം തന്നു എന്നും നാം അറിയുന്നു; നാം സത്യദൈവത്തിൽ അവന്റെ പുത്രനായ യേശുക്രിസ്തുവിൽ തന്നെ ആകുന്നു. അവൻ സത്യദൈവവും നിത്യജീവനും ആകുന്നു"എന്ന് എഴുതിയിരിക്കുന്നു. ഇതിനെതിരെ പറയുന്നവൻ വഞ്ചകനും എതിർക്രിസ്തുവും ആകുന്നു.

ഈ സാഹചര്യത്തിൽ 2 തിമൊഥെയോസ് 3:1–9 ൽ വി. പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നത് വളരെ ശ്രദ്ധേയമാണ്. പ്രത്യേകിച്ച് അതിന്റെ 6, 7 വാക്യങ്ങൾ. അത് ഇവിടെ ഉദ്ധരിക്കട്ടെ:"ഈ കൂട്ടത്തിലുള്ളവരാകുന്നു, വീടുകളിൽ നുഴഞ്ഞുകയറി, പാപങ്ങളാൽ മൂടപ്പെട്ടവരും, പലവിധ മോഹങ്ങൾക്കധീനരായി, എപ്പോഴും പഠിച്ചിട്ടും സത്യത്തിന്റെ അറിവിലേക്കു വരുവാൻ ഒരിക്കലും കഴിയാത്തവരുമായ സ്ത്രീകളെ സ്വാധീനിക്കുന്നവർ." വി.വേദപുസത്കം സ്വന്തം ഭാവനയനുസരിച്ചും സ്വന്തം സ്വപ്നങ്ങൾ അനുസരിച്ചും വ്യാഖ്യാനിച്ച് സത്യവിശ്വാസത്തിൽ നിൽക്കുന്നവരാണെങ്കിലും വിശ്വാസത്തിന്റെ മർമ്മങ്ങൾ ആഴത്തിൽ സ്വാംശീകരിച്ചിട്ടില്ലാത്തവരെ കുടുക്കുവാൻ തക്കവണ്ണം കച്ചകെട്ടിയിറങ്ങുന്ന നവീകരണ കൂട്ടായ്മക്കാർ ഇന്നെന്ന പോലെ ആദിമകാലത്തും സജീവമായിരുന്നു എന്നാണല്ലോ ഇവിടെ നാം മനസ്സിലാക്കുന്നത്. അന്ന് അപ്പോസ്തോലന്മാരും പിന്നീട് ശ്രേഷ്ഠരായ വിശ്വാസസമർത്ഥകരും ഇത്തരം ദുഷ്പ്രവണതകൾക്കെതിരെ ശക്തമായി നിലകൊണ്ടിരുന്നു. നിർഭാഗ്യവശാൽ ഇന്ന് ഇത്തരം കാര്യങ്ങൾ നമ്മുടെ സഭാപിതാക്കന്മാർ മുൻഗണനയോടെ കണക്കിലെടുക്കുന്നുണ്ടോ എന്നു സംശയമാണ്. 'അജമോഷണം' എന്നൊക്കെ പെരുമ്പറകൊട്ടി പ്രസംഗിക്കുന്ന കലാപരിപാടികൾ അവസാനിപ്പിച്ച് സഭാ മക്കളെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചുനിർത്തുവാൻ കഠിനാധ്വാനം ചെയ്തില്ലെങ്കിൽ യഹോവാസാക്ഷികളും നവീകരണ കൂട്ടായ്മകളും നിർബാധം കയറിയിറങ്ങി വേദവിപരീതത്തെ നമ്മുടെയിടയിൽ സത്യത്തിന്റെ പൊയ്മുഖം അണിയിച്ച് അരക്കിട്ടുറപ്പിക്കും. സഭാ നേതൃത്വം ഈ വിഷയത്തിൽ വി. പൗലോസിനെപോലെ നിതാന്ത ജാഗ്രത പുലർത്തേണ്ടതാണ്.

യേശുക്രിസ്തുവിനെ "ഛോട്ടാ ദൈവമായി" കണക്കാക്കുന്ന യഹോവാ സാക്ഷികൾ സത്യക്രിസ്ത്യാനികളല്ലെന്നു വേദപുസ്തക പ്രകാരം പറയേണ്ടിയിരിക്കുന്നു. യഹോവ സാക്ഷികൾ 'വേദവിപരീതികൾ' തന്നെ. നമ്മുടെ യുവാക്കളെയും കുട്ടികളെയും 'റാഞ്ചി'ക്കൊണ്ട് പോയി ദൈവവിപരീതികളാക്കുന്നത് തടയാൻ നാം സദാ ജാഗരൂകരായിരിക്കണം. നമ്മുടെ വിശ്വാസവും, വേദപുസ്തകവും പഠിപ്പിക്കുവാൻ മാതാപിതാക്കൾ നിർബന്ധമായും കുട്ടികളെ സണ്ടേസ്കൂളിൽ ചേർക്കണം. ഹയർ സെക്കന്ററി വരെ പൂർത്തിയാക്കുവാൻ ശ്രദ്ധിക്കുകയും വേണം. 73 പുസ്തകങ്ങളുള്ള നമ്മുടെ സഭയുടെ വേദപുസ്തകം യാഥാർത്ഥ്യമാവണം, വേദപുസ്തകം ഉടനെ അച്ചടിക്കണം. നമ്മുടെ വീടുകളിൽ എത്രയും വേഗം ആ പുസ്തകം എത്തിച്ചുകൊടുക്കണം. അതിന് ചെലവുവരുന്ന തുക എത്രയും വേഗത്തിൽ ആ ജോലി ചെയ്യുന്നവർക്ക് എത്തിച്ചുകൊടുക്കണം, സഭാ നേതൃത്വത്തിനിത് ചെയ്‌വാനുള്ള കടമയുണ്ട്. സുന്നഹദോസും സിനഡും, മാനേജിങ് കമ്മിറ്റിയും ഇതിനായി ശ്രമിക്കണം. **GM**

റിപ്പോർട്ട്: ***പി.എ. അലക്സാണ്ടർ***

(ഫാ. ടി. ജെ. ജോഷ്വയുടെ 'പുതുവേഷം അണിഞ്ഞ അറിയോസ് മതം', വേദവിജ്ഞാനി, വിക്കിപീഡിയ ഫ്രീ എൻസൈക്ലോപീഡിയ, ഓൺലൈൻ പ്രബന്ധങ്ങൾ എന്നിവയാണ് ഈ ലേഖനം എഴുതാൻ റഫർ ചെയ്തിട്ടുള്ളത്)

യേശുക്രിസ്തു സർവ്വത്തിനും മീതെ സത്യദൈവം

■ ഫാ. ഡോ. കുര്യാക്കോസ് തണ്ണിക്കോട്ട്

ചോദ്യം : യഹോവയുടെ സാക്ഷികൾ, വി. യോഹന്നാൻ 14:28 ഉദ്ധരിച്ചുകൊണ്ട്, യേശുക്രിസ്തു പിതാവിന് സമനല്ല, പിതാവ് പുത്രനെക്കാൾ വലിയവനാണെന്ന് വാദിക്കുന്നു. ഈ വിഷയത്തിൽ സഭയുടെ നിലപാട് ഒന്നു വിശദീകരിക്കാമോ?

കെ.റ്റി. പത്രോസ്, കോലഞ്ചേരി

യേശുക്രിസ്തു സത്യദൈവവും നിത്യ ജീവനും

ഉത്തരം: യഹോവയുടെ സാക്ഷികൾ, പിതാവ്, പുത്രൻ, പരിശുദ്ധ റൂഹായായ കുന്ന ത്രിയേക, ദൈവത്തിൽ വിശ്വസിക്കുന്നവരല്ല. അവർ, സർവ്വത്തിനും മീതെ ദൈവം ഒന്നേയുള്ളു എന്നും, അതു പിതാവാം ദൈവം മാത്രമാണെന്നും, പുത്രനും, റൂഹായും പിതാവിനോടു സമത്വമുള്ളവരല്ലെന്നും, പിതാവ് പുത്രനെക്കാൾ വലിയവനാണെന്നുമാണ് പഠിപ്പിക്കുന്നത്. ഈ വിശ്വാസം വേദപുസ്തകാടിസ്ഥാനത്തിലുള്ളതാണെന്ന്, പുതിയനിയമത്തിലെ വിവിധ വാക്യങ്ങളെ ആധാരമാക്കി, അവർ വീടുകൾ തോറും കയറിയിറങ്ങി പ്രചരിപ്പിക്കുന്നു. അതിൽ പ്രധാനപ്പെട്ട ഒരു വാക്യമാണ് യോഹ. 14:28, അത് ഇപ്രകാരം വായിക്കുന്നു. "നിങ്ങൾ എന്നെ സ്നേഹിക്കുന്നെങ്കിൽ ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതിനാൽ നിങ്ങൾ സന്തോഷിക്കുമായിരുന്നു, പിതാവ് എന്നെക്കാൾ വലിയവനല്ലോ." ഈ വാക്യത്തെക്കുറിച്ച് ചിന്തിക്കുന്നതിനു മുമ്പായി ക്രിസ്തു ആരാണെന്നു നോക്കാം.

യേശുക്രിസ്തു ആരാണ്? സഭയുടെ നിലപാടെന്താകുന്നു?

സഭയുടെ വിശ്വാസം, ത്രിത്വൈക ദൈവവിശ്വാസം, അപ്പോസ്തോലികമാണ്. അതായത് അപ്പോസ്തോലന്മാർ യേശുവിൽനിന്ന് പ്രാപിച്ച്, അപ്പോസ്തോല ശിഷ്യന്മാർക്കും അവരിൽനിന്നു സഭാ പിതാക്കന്മാർക്കും, സഭാ പിതാക്കന്മാരിലൂടെ സഭയ്ക്കും ഭരമേൽപ്പിക്കപ്പെട്ട വിശ്വാസമാണ് സഭയുടെ അടിസ്ഥാനം. എന്നാൽ പുതിയ സഭകൾക്ക് എഴുതപ്പെട്ട വേദപുസ്തകമാണ് അടിസ്ഥാനം. അപ്പോസ്തോലന്മാരിൽനിന്ന് പ്രാപിച്ചത് വേദപുസ്തകത്തിന് വിരുദ്ധമാകുവാൻ പാടില്ലാത്തതും, വേദപുസ്തകാടിസ്ഥാനത്തിൽ ശരിയായിട്ടുള്ളതും ആയിരിക്കണം.

യേശുക്രിസ്തു, സത്യദൈവവും, പൂർണ്ണമനുഷ്യനുമാകുന്നു, ഇതു രണ്ടും ചേർന്ന ഏകസ്വഭാവമാണ് യേശുവിനുള്ളതെന്നുമാണ് സഭയുടെ വിശ്വാസവും നിലപാടും. ഇതു വേദപുസ്തകത്തെ വ്യാഖ്യാനിച്ചുണ്ടാക്കിയ ഒരു വിശ്വാസ തലമല്ല. വേദപുസ്തകത്തിനു മുമ്പേ (പുതിയനിയമം) അപ്പോസ്തോലന്മാർ വിശ്വസിച്ചിരുന്നതും, അവരിൽനിന്ന് പ്രാപിച്ചതുമായ വിശ്വാസമാണ്. സഭയുടെ വിശ്വാസത്തിനടിസ്ഥാനം, വരമൊഴിയും, വാമൊഴിയുമെന്ന രണ്ട് തത്വങ്ങളിൽ ഉറപ്പിച്ചിട്ടുള്ളതാകുന്നു. വരമൊഴിയെന്നത് വേദപുസ്തകത്തെയും മറ്റ് എഴുത്തുകളേയും കുറിക്കുന്നതാകുന്നു; വാമൊഴിയെന്നത് അപ്പോസ്തോലന്മാരിൽ നിന്ന് നേരിട്ട് പ്രാപിച്ച വിശ്വാസാചാരാനുഷ്ഠാനങ്ങളുമാകുന്നു.

വാമൊഴിക്ക് വേദപുസ്തകത്തെപ്പോലെ തന്നെ പ്രാധാന്യമുണ്ട്; അതു പാലിക്കുന്നതിന് വേദപുസ്തത്തിൽ കല്പനയുമുണ്ട്. ശ്രദ്ധിക്കാം. (1) വാക്കിനാലുള്ള പ്രമാണം മുറുകെ പിടിക്കണം (2 തെസ്സ. 2:15), (2) പ്രാപിച്ച പ്രമാണമുണ്ട്, (2 തെസ്സ. 3:6), (3) കാണിച്ച മാതൃകകൾ ഉണ്ട് (ഫിലി. 3:17), (4) കണ്ട് കേട്ട് പഠിച്ച കാര്യങ്ങൾ പ്രമാണിക്കണം (ഫിലി. 4:9), (5) ക്രമപ്പെടുത്തി തന്ന കാര്യങ്ങൾ ഉണ്ട്. (1. കൊരി. 11:34), (6) ഏൽപ്പിച്ച കല്പനകൾ പാലിക്കണം (1 കൊരി. 11:2), (7) സാക്ഷികളുടെ മുമ്പാകെ അപ്പോസ്തോലനോട് കേട്ടത് നിലനിർത്തണം (2 തിമൊ. 2:1, 2), (8) കേട്ടത് കൈക്കൊള്ളണം, കാരണം കേട്ടവർ ഉറപ്പിച്ചുതന്നതാണ് വിശ്വാസം. (എബ്രാ.2:1) ഈ വിധമായ വാക്യങ്ങളെ ഒരുമിച്ച് ചേർത്ത് അടിവരയിട്ടാൽ - അപ്പോസ്തോലന്മാരിൽനിന്ന്, കണ്ട്, കേട്ട്, പഠിച്ച കാര്യങ്ങൾ, അവരിൽനിന്ന് പ്രാപിച്ചതും, അവർ ക്രമീകരിച്ച് ഏൽപ്പിച്ചു തന്നതുമായ കാര്യങ്ങൾ, സഭയുടെ അടിസ്ഥാനപ്രമാണങ്ങൾ തന്നെയെന്ന് തെളിയുന്നതാണ്. ഇവ വലിച്ചെറിയുവാനല്ല, ഉറച്ചുനിന്ന് മുറുകെപ്പിടിക്കുവാനാണ് കല്പന. (2 തെസ്സ. 2:15). ത്രിത്വ ഏകദൈവമെന്ന വിശ്വാസം സഭ അപ്പോസ്തോലന്മാരിൽനിന്ന് പ്രാപിച്ചതാണ്. യേശുക്രിസ്തു സത്യദൈവവും നിത്യ ജീവനുമാകുന്നുയെന്നതു വേദപുസ്തകവും ഉറപ്പിച്ചുതന്നിട്ടുള്ള സത്യമാകുന്നു.

യേശു ക്രിസ്തു ആരാകുന്നു? "അവൻ സർവ്വത്തിനും മീതെ ദൈവമാകുന്നു. (റോമർ 9:5). അവൻ സത്യദൈവവും നിത്യജീവനുമാകുന്നു. (1 യോഹ. 5:20). ആകയാൽ, യേശുക്രിസ്തു സകലത്തിനും മീതെ സത്യദൈവമാകുന്നു (sovereign) എന്നതു തർക്കമറ്റ അപ്പോസ്തോലിക വിശ്വാസമാകുന്നു. നമ്മുടെ പിതാവായ മാർ തോമാ ശ്ലീഹാ ഏറ്റുപറഞ്ഞതും, നമുക്ക് ഏൽപ്പിച്ചുതന്നതുമാണ് ഈ വിശ്വാസം. 'എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവേ" (യോഹ. 20:27–28) എന്ന വിശ്വാസപ്രഖ്യാപനം, ന്യായപ്രമാണത്തിലെ യഹോവയെ കുറിക്കുന്നതാകുന്നു. കാരണം ലോർഡ് എന്ന വാക്കിന് âdôwn (aw-done) എന്ന എബ്രായ പദമാണ് മൂലമായിട്ടുള്ളത്. ഇതിന് sovereign എന്നു പറഞ്ഞാൽ, Yahh/Yahovah എന്നു തന്നെയാണ് അർത്ഥം. (The New Strong's complete Dictionary of Bible words - Page 157). ആകയാൽ, എന്റെ ദൈവമായ യഹോവ എന്നാണ് തോമ്മാ ശ്ലീഹാ ഏറ്റുപറഞ്ഞത്. നാം പ്രാപിച്ചതും, നിലനിൽക്കുന്നതും ഇതേ വിശ്വാസത്തിൽ തന്നെയാകുന്നു.

അപ്പോസ്തോലന്മാരിൽനിന്ന് പ്രാപിച്ച വിശ്വാസം തള്ളിപ്പറയുന്നവരാണ് യഹോവയുടെ സാക്ഷികളും, പെന്തക്കോസ്തു സഭകളും. അവരെക്കുറിച്ച് തിരുവചനം പറയുന്നത് കേട്ട് അനുസരിക്കുക. (1) അവരെ സൂക്ഷിച്ചുകൊള്ളേണം (റോമർ 16:17) (2) അവരോട് അകന്നു മാറണം (2 തെസ്സ. 3 : 6) (3) ഇങ്ങനെയുള്ളവരെ വീട്ടിൽ കയറ്ററുത് (2 യോഹ. 9, 10) (4) അവരോട് സംസർഗ്ഗമരുത് (2 തെസ്സ: 3:14), (5) ഇവർ ശപിക്കപ്പെട്ടവർ (ഗലാ. 1:6–9). ആകയാൽ നാം അപ്പോസ്തോലന്മാരിൽ നിന്ന് പ്രാപിച്ച സത്യവിശ്വാസം മുറുകെ പിടിക്കുകയും, അതിനെതിരായി ഉപദേശിക്കുന്നവർ ശപിക്കപ്പെട്ടവരാകുന്നുയെന്ന തിരുവചനം ഉൾക്കൊണ്ട് **അങ്ങനെയുള്ളവരെ വീട്ടിൽ കയറ്റാതെ അകന്നുമാറുകയുമാണ് തിരുവചനം വിശ്വസിക്കുന്നവർ ചെയ്യേണ്ടത്.**

ഇത്രയും എഴുതിയത് ചോദ്യത്തിൽനിന്ന് ഒഴിഞ്ഞുമാറുവാനായിട്ടല്ല. സഭയുടെ നിലപാട് വ്യക്തമാക്കുക മാത്രമാണ് ചെയ്തത്. പിതാവ് എന്നെക്കാൾ വലിയവനെന്ന് കർത്താവ് പറഞ്ഞത് എന്താണ് വ്യക്തമാക്കുന്നത് എന്ന് ചിന്തിക്കാം.

എന്തുകൊണ്ട് പിതാവ് വലിയവൻ എന്ന് ക്രിസ്തു പറഞ്ഞു?

പുതിയനിയമത്തിൽ, പുത്രൻ പിതാവിനു കീഴ്പെട്ടിരിക്കുന്നുയെന്നു പറയുന്ന അനവധി വചനഭാഗങ്ങൾ ഉണ്ട്. **ദൈവം സ്വയം താഴ്ത്തി മനുഷ്യശരീരം സ്വീകരിച്ചുയെന്നതാണ് ഈ താഴ്ചയ്ക്കു കാരണമായി തീർന്നത്.** വചനം ദൈവമാണെന്നും, വചനം ജഡമായി തീരുമെന്നും യോഹന്നാൻ എഴുതുന്നത് ഈ താഴ്ചയെയാണ് കാണിക്കുന്നത്. (യോഹ. 1:1–4). ഈ കാര്യം വി. പൗലോസ് എഴുതുമ്പോൾ "അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ" (ഫിലി. 2:6–8)എന്നു വ്യക്തമാക്കിയിരിക്കുന്നു. വചനം, ദൈവ സമത്വം മുറുകെ പിടിക്കാതെ തന്നെത്താൻ താഴ്ത്തി രൂപമെടുത്തതാണ് ക്രിസ്തു. **വചനം ദൈവമാണ്, യേശു ആണ്, ആത്മാവാണ്. ആത്മാവായ ദൈവം ജഡം എടുത്തതു മൂലം സ്വയം താഴ്ച സ്വീകരിച്ചു.** അത് തന്റെ അധികാരത്തിൽ തന്നെയാണ്. സ്വയം താഴ്ത്തിയതുകൊണ്ട്, യേശുക്രിസ്തു സകലത്തിനും മീതെ സത്യദൈവവും നിത്യജീവനുമാകുന്നു (റോമർ 9:5; 2 യോഹ. 20) എന്ന സത്യം മരിക്കുന്നില്ല. GM

ദൈവമാതാവായ വിശുദ്ധ കന്യകമറിയാം: സഭയിലെ അമ്മ

■ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്ത



വി. കന്യകമറിയാമിനെ ഓർക്കുകയും അവളുടെ സവിശേഷതകളെ വർണ്ണിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നത് ഓർത്തഡോക്സ് സഭയുടെ ആത്മീകതയുടെയും വിശ്വാസത്തിന്റെയും കാതലായ ഭാഗമാണ്. വി. കുർബ്ബാനയിലും കാനോനിക നമസ്കാരങ്ങളിലും കന്യകമറിയാമിന് നൽകിയിരിക്കുന്ന സ്ഥാനം അതുല്യമാണ്. ധാരാളം പെരുനാളുകൾ മറിയാമിനായി സഭയിൽ വേർതിരിച്ചിട്ടുണ്ട്. **വിത്തുകൾക്കു വേണ്ടി (ജനുവരി 15), കതിരുകൾക്കു വേണ്ടി (മെയ് 15), മറിയാമിനോടുള്ള വചനിപ്പ് (മാർച്ച് 25), മാതാവിന്റെ പുകഴ്ച (ഡിസംബർ 26), മാതാവിന്റെ വാങ്ങിപ്പ് (ഓഗസ്റ്റ് 15) തുടങ്ങിയവ അവയിൽ പ്രധാനമായവയാണ്. വാങ്ങിപ്പ് പെരുനാളിനു മുമ്പ് വരുന്ന പതിനഞ്ചു ദിവസങ്ങൾ സഭ നോമ്പായി ആചരിക്കുന്നു.** കാനോനികമല്ലെങ്കിലും വി. മാതാവിന്റെ ജനനപ്പെരുന്നാളിനോടനുബന്ധിച്ച് സെപ്റ്റംബർ 1 മുതൽ 8 വരെയുള്ള ദിവസങ്ങളിൽ ആചരിക്കുന്ന എട്ടു നോമ്പിലും ധാരാളം വിശ്വാസികൾ സംബന്ധിക്കുന്നുണ്ട്.

വി. കന്യകമറിയാമിന്റെ ചരിത്രം

വി. കന്യകമറിയാമിനെക്കുറിച്ച് ഏറ്റവും വിശ്വാസ്യവും ആധികാരികവുമായ വിവരണങ്ങൾ സുവിശേഷങ്ങളിൽ നിന്നാണ് ലഭിക്കുന്നത്. മറ്റ് ചില പുരാതന കൃതികൾ അതിശയോക്തിപരമായ പല വിവരണങ്ങൾ മറിയാമിനെകുറിച്ച് നൽകുന്നുണ്ടെങ്കിലും സുവിശേഷങ്ങളിൽ നിന്ന് ലഭിക്കുന്ന വിവരണങ്ങളോട് നീതി പാലിക്കുന്ന വസ്തുതകൾ പ്രയോജനകരങ്ങളാണ്.

പുരാതന കൃതിയായ 'യാക്കോബിന്റെ സുവിശേഷം' എന്ന അപ്പോക്രിഫൽ ഗ്രന്ഥത്തിലെ വിവരണം അനുസരിച്ച് യെരുശലേമിലെ നീതിയുള്ള മാതാപിതാക്കളായ യൂയാക്കിമിന്റെയും ഹന്നായുടെയും നിരന്തര പ്രാർത്ഥനയുടെ ഫലമായി ഉണ്ടായ പൈതലാണ് മറിയാം. മാതാപിതാക്കളുടെ നേർച്ച അനുസരിച്ച് യെരുശലേം ദേവാലയത്തിൽ മറ്റ് പെൺകുഞ്ഞുങ്ങളോടൊപ്പം മറിയാം വളർന്നു. പന്ത്രണ്ടാം വയസ്സിൽ പുരോഹിതന്മാരുടെ നേതൃത്വത്തിൽ യൗസേഫുമായുള്ള മറിയാമിന്റെ വിവാഹനിശ്ചയം നടത്തപ്പെട്ടു.

വിവാഹ നിശ്ചയത്തിനുശേഷം നടന്ന അത്ഭുത സംഭവങ്ങളെല്ലാം വി. വേദപുസ്തകം വിവരിക്കുന്നുണ്ട്. തന്റെ മകനായ യേശുക്രിസ്തുവിനോടൊപ്പം ജീവിച്ച മറിയാമിനെ കർത്താവിന്റെ ആവശ്യപ്രകാരം ക്രൂശുമരണത്തെതുടർന്ന് യോഹന്നാൻ ശ്ലീഹായുടെ ഭവനത്തിൽ കൈക്കൊണ്ടു എന്നതാണ് പാരമ്പര്യം.

നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ജെറോം പിതാവിന്റെ ചിന്തയനുസരിച്ച്, യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിന് ശേഷം ആദിമസഭയോട് ചേർന്ന് കർത്താവിന്റെ രക്ഷാപദ്ധതിയിൽ മറിയാം പങ്കുചേർന്നു ജീവിച്ചു. മറിയാമിന്റെ അന്ത്യസമയത്ത് അപ്പോസ്തോലന്മാർ വിവിധ സ്ഥലങ്ങളിൽ നിന്ന് യെരുശലേമിലേക്കു വന്നു. മറിയാമിന്റെ ആത്മാവിനെ കർത്താവ് സ്വർഗ്ഗത്തിലേക്ക് സ്വീകരിച്ച് കൊണ്ടുപോകുന്നത് കാണുവാൻ ശിഷ്യന്മാർക്ക് കഴിഞ്ഞു. ഗത്സമനയിലെ കബറിൽനിന്ന് മറിയാമിന്റെ ഭൗതിക ശരീരം പറുദീസായിലേക്ക് എടുക്കപ്പെട്ടു എന്ന ഒരു പാരമ്പര്യം സഭയിൽ ഉണ്ട്.

സഭയിൽ കന്യകമറിയാമിനുള്ള സ്ഥാനം

കന്യകമറിയാമിനെ സഭ ആരാധിക്കുന്നില്ല. ആരാധന (Adoration / Worship) ദൈവത്തിനു മാത്രമല്ലാതെ മറ്റാർക്കും സഭ നൽകുകയില്ല. സർവ്വചരാചര സ്രഷ്ടാവും ആദിയും അന്തവുമില്ലാത്ത കാരുണ്യവാനുമായി ത്രിയേക ദൈവത്തെ ഓർത്തഡോക്സ് സഭ മനസ്സിലാക്കുകയും ആരാധിക്കുകയും ചെയ്യുന്നു. ദിനംപ്രതി ആവർത്തിച്ചു ചൊല്ലുന്ന പ്രാർത്ഥനകളിലും വിശ്വാസപ്രഖ്യാപനത്തിലും ഈ സത്യം വളരെ വ്യക്തമാണ്. **കന്യകമറിയാമിനോടും വിശുദ്ധരോടും സഭ "വന്ദനപൂർവ്വമായ" ബഹുമാനമാണ് കാണിക്കുന്നത്.** ഈ "വന്ദനം" ഏക ദൈവാരാധനയ്ക്ക് വിരുദ്ധമായ ഒരു കാര്യമല്ല. സഭാമക്കളിൽ ഒരാളുപോലും ഇവരെ ദൈവമായി കണക്കാക്കുന്നില്ല. അക്ഷരജ്ഞാനമില്ലാത്തവർപോലും വി. മറിയാമിനെ ദൈവമായോ ദേവിയായോ മനസ്സിലാക്കുകയോ ആരാധിക്കുകയോ ചെയ്യുന്നില്ല.

കന്യകമറിയാമിന് വിശുദ്ധരുടെ ഗണത്തിൽ പ്രഥമസ്ഥാനമാണുള്ളത്. ഭൂതലമൊക്കെയുടെയും പ്രശംസ, ഭാഗ്യവതി, രണ്ടാം സ്വർഗ്ഗം ,മാലിന്യമില്ലാത്തവൾ, ക്രോബേന്മാരിലും സ്രോപ്പേന്മാരിലും ശ്രേഷ്ഠതയേറിയവൾ തുടങ്ങിയ വിശേഷണങ്ങളാൽ മറിയം സഭയിൽ അലങ്കരിക്കപ്പെട്ടിരിക്കുന്നു. ഇവയേക്കാൾ ഉപരി "നിത്യകന്യക" "ദൈവമാതാവ്" എന്നീ രണ്ടു നാമങ്ങൾ അവളെ അതീവ ശ്രേഷ്ഠയാക്കുന്നു. ഈ രണ്ടു നാമങ്ങളും വചനമാം ദൈവത്തിന്റെ മനുഷ്യാവതാര രഹസ്യവുമായി അഭേദ്യമായി ബന്ധമുള്ളവയാണ്. സർവ്വവ്യാപിയും സർവ്വശക്തനും സർവ്വജ്ഞാനിയും സ്നേഹവാനുമായ ദൈവം സർവ്വസൃഷ്ടിയുടെയും രക്ഷയ്ക്കുവേണ്ടി കാലത്തികവിൽ മറിയാമിൽ നിന്ന് പുരുഷബന്ധം കൂടാതെ അത്ഭുതകരമായി ജനിച്ചതിനാൽ അവളെ നിത്യകന്യകയെന്ന് സഭ വിളിക്കുന്നു. കന്യക മറിയാം പ്രസവിച്ചത് മനുഷ്യാവതാരം ചെയ്ത ദൈവത്തെയാണെന്നും അവൻ പൂർണ്ണ മനുഷ്യനായ ഏക സംയോജിത സ്വഭാവമുള്ളവനാണെന്നും സഭ ഉറച്ച് വിശ്വസിക്കുന്നതിനാൽ അവളെ ദൈവമാതാവ് എന്ന് സഭ വിളിക്കുന്നു. ഇവിടെ കാലങ്ങൾക്ക് മുൻപ് കന്യകമറിയാം ഉണ്ടായിരുന്നു എന്ന അർത്ഥമല്ല, പ്രത്യുത കാലത്തികവിൽ ദൈവം മനുഷ്യനായി എന്ന സത്യമാണ് പ്രഘോഷിക്കപ്പെടുന്നത്.

പ്രൊട്ടസ്റ്റന്റ് സഭകൾ കന്യകമറിയാമിന് സഭയിൽ പ്രത്യേകിച്ച് ഒരു സ്ഥാനവുമില്ല എന്ന് പഠിപ്പിക്കുന്നു. മുട്ടത്തോടിനുള്ളിൽനിന്ന് കോഴിക്കുഞ്ഞ് വിരിഞ്ഞ് പുറത്തുവന്നാൽ തോടിന് യാതൊരു വിലയുമില്ല എന്നു പറഞ്ഞതുപോലെ യേശുവിനെ ജനിപ്പിച്ചതിനു ശേഷം മറിയാമിന് വിലയില്ല എന്ന അഭിപ്രായമാണ് ഇക്കൂട്ടർക്ക് ഉള്ളത്. (കുഞ്ഞിന്റെ ജനനം കഴിഞ്ഞ് അമ്മയോട് ബന്ധമില്ലെന്ന് പറയുന്നതിന് തുല്യമാണിത്) അതിന് അവർ നിരത്തുന്ന വേദപുസ്തക തെളിവുകൾ ഇവയാണ്.

1. അവളുടെ ആദ്യജാതൻ എന്ന വാക്ക്

ലൂക്കോ. 2:7 "അവൾ ആദ്യജാതനായ മകനെ പ്രസവിച്ചു," ആദ്യജാതൻ എന്ന് എഴുതിയിരിക്കുന്നതുകൊണ്ട് യേശു മറിയാമിന്റെ മക്കളിൽ ആദ്യത്തെയാൾ ആണെന്നും യേശുവിന് ശേഷം മറിയാമിന് മറ്റ് മക്കൾ ഉണ്ടായിരുന്നു എന്നും ഇക്കൂട്ടർ വാദിക്കുന്നു.

മറുപടി: ഇതിനുത്തരം വേദപുസ്തകം തന്നെ നൽകുന്നുണ്ട്. ആദ്യജാതനെക്കുറിച്ച് വേദപുസ്തകത്തിൽ ധാരാളം ഭാഗങ്ങളുണ്ട്. അവിടെയൊക്കെ 'ആദ്യജാതൻ' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് അമ്മയുടെ ഉദരത്തിൽ ആദ്യം ജനിച്ച കുട്ടി എന്നു മാത്രമാണ്. കുട്ടികൾ പിന്നീട് ഉണ്ടാകാനും ഉണ്ടാകാതിരിക്കാനും ഉള്ള സാധ്യത മാത്രമേ അവ നൽകുന്നുള്ളൂ. ഉദാഹരണത്തിന്, പുറപ്പാട് 13:2-ൽ അഹറോന്യ പൗരോഹിത്യ സ്ഥാപനത്തിന് മുമ്പുതന്നെ യഹോവായ ദൈവം കൽപ്പിക്കുന്നു: "ഇസ്രായേൽ മക്കളുടെ ഇടയിൽ കടിഞ്ഞൂലായി പിറക്കുന്നതിനെ ഒക്കെയും എനിക്കായി ശുദ്ധീകരിക്കുക. ഇത് എനിക്കുള്ളതാകുന്നു." കടിഞ്ഞൂലായി ജനിച്ചതിനെ, പിന്നീട് ഒന്ന് ജനിച്ചാലും ഇല്ലെങ്കിലും ദൈവത്തിനായി സമർപ്പിക്കണം എന്നാണ് ഇവിടെ പറയുന്നത്. ആദ്യപൈതൽ ജനിച്ചാൽ പിന്നെ മറ്റൊരു കുട്ടി ഉണ്ടാകുന്നതുവരേക്കും അതിനെ ദൈവത്തിന് സമർപ്പിക്കുവാൻ വേണ്ടി മാതാപിതാക്കൾ കാത്തിരിക്കുകയില്ലായിരുന്നു. ആദ്യജാതൻ ഉദരത്തിൽ ആദ്യമായി ഉളവായവനാണ്. അവന് പിന്നാലെ കുട്ടികൾ ഉണ്ടാവാം, ഉണ്ടാവാതെയും ഇരിക്കാം.

സംഖ്യ 18:13-17ൽ യഹോവ പുരോഹിതനായ അഹറോനോട് കൽപ്പിക്കുന്നു; "അവർ (ഇസ്രായേൽ മക്കൾ) തങ്ങളുടെ ദേശത്തുള്ള

എല്ലാറ്റിലും യഹോവയ്ക്ക് കൊണ്ടുവരുന്ന ആദ്യഫലങ്ങൾ നിനക്ക് ആയിരിക്കേണം. നിന്റെ വീട്ടിൽ ശുദ്ധിയുള്ളവനെല്ലാം അത് ഭക്ഷിക്കാം. ... മനുഷ്യരിൽ ആകട്ടെ, മൃഗങ്ങളിൽ ആകട്ടെ, സകല ജഡത്തിലും അവർ യഹോവയ്ക്ക് കൊണ്ടുവരുന്ന കടിഞ്ഞൂൽ ഒക്കെയും നിനക്കു ഇരിക്കേണം. മനുഷ്യന്റെ കടിഞ്ഞൂലിനെയോ വീണ്ടെടുക്കേണം. ... വീണ്ടെടുപ്പ് വിലയോ, ഒരു മാസം മുതൽ മേലോട്ട് പ്രായമുള്ളതിനെ നിന്റെ മതിപ്പ് പ്രകാരം അഞ്ച് ശേക്കെൽ ദ്രവ്യം കൊടുത്ത് വീണ്ടെടുക്കേണം. ... എന്നാൽ പശു, ആട്, കോലാട് എന്നിവയുടെ കടിഞ്ഞൂലിനെ വീണ്ടെടുക്കരുത്; അവ വിശുദ്ധമാകുന്നു. അവയുടെ രക്തം യാഗപീഠത്തിന്മേൽ തളിച്ച് മേദസ്സ് യഹോവയ്ക്ക് സൗരഭ്യവാസനയായ ദഹനയാഗമായി ദഹിപ്പിക്കേണം." ഇവിടെയും ആദ്യജാതനെ അർപ്പിക്കേണം എന്ന് പറയുന്നു. കാരണം ഇത് ഉദരത്തിലെ ആദ്യഫലമാണ്. മറ്റൊന്നും അതിനുശേഷം ജനിച്ചോ ഇല്ലയോ എന്നത് പ്രശ്നമല്ല.

ആയതിനാൽ യേശുക്രിസ്തുവിനെ ആദ്യജാതൻ എന്ന് വിളിക്കുന്നതുകൊണ്ട് അദ്ദേഹത്തിന് ശേഷം കന്യകമറിയാമിന് മറ്റ് സന്താനങ്ങൾ ഉണ്ടായി എന്ന് പറയുന്നതിനോട് യോജിക്കുവാൻ സാധിക്കില്ല. സഭാപിതാവായ ജെറോം പറയുന്നു: "എല്ലാ ഏകജാതന്മാരും ആദ്യജാതന്മാരാണെങ്കിലും എല്ലാ ആദ്യജാതന്മാരും ഏകജാതന്മാരല്ല." അതുകൊണ്ട് ആദ്യജാതൻ എന്ന വാക്ക് തനിക്ക് പിന്നാലെ മറ്റൊരാൾ ജനിച്ചു എന്ന അർത്ഥത്തിലല്ല; പിന്നെയോ തനിക്കുമുമ്പേ തന്റെ മാതാവിൽ നിന്ന് ആരും ജനിച്ചിട്ടില്ല എന്ന അർത്ഥത്തിലാണ് മനസ്സിലാക്കേണ്ടത്.

"കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന് ഇമ്മാനുവേൽ എന്ന് പേർ വിളിക്കും" യെശ. 7:14. ഈ പ്രവചനമാണ് നിവൃത്തിയായത്. ഒരു മകനെ പ്രസവിക്കും എന്നാണ് പറഞ്ഞിരിക്കുന്നത്, മക്കളെ പ്രസവിക്കും എന്നല്ല

കർത്താവായ യേശുക്രിസ്തു മറിയാമിന് ആദ്യജാതനാണ്. തൻെറ തിരുജനനത്തിന് 40 ദിവസം കഴിഞ്ഞ് കന്യകയും യൗസേഫും കൂടി ദൈവത്തിന് യാഗം കഴിച്ചു (ലൂക്കോ. 2:22-24). ന്യായപ്രമാണ പ്രകാരം ആദ്യജാതന്മാരെക്കുറിച്ച് നിവൃത്തിയാക്കേണ്ട കാര്യം കർത്താവിനെ സംബന്ധിച്ചും നടപ്പാക്കി. അതുകൊണ്ട് വേദപുസ്തകത്തിൽ എവിടെയെങ്കിലും ആദ്യജാതൻ എന്ന് പറയുമ്പോൾ അത് രണ്ടാമത് ഒരു കുട്ടി ഉണ്ടായതുകൊണ്ടാണ് എന്ന് വാദിക്കുന്നത് ശരിയല്ല. **ക്രിസ്തു ആദ്യജാതനും ഏകജാതനുമാണ്.**

2. **"നിന്റെ ഭാര്യ," "സ്ത്രീ"** - എന്ന പദങ്ങൾ കന്യകമറിയാമിന് ഉപയോഗിക്കുന്നതിനാൽ അവൾ കന്യകയല്ല എന്ന വാദം (മത്തായി 1:20, 1:24).

മറുപടി : ഇസ്രായേല്യ പാരമ്പര്യം അനുസരിച്ച് വിവാഹനിശ്ചയംകഴിഞ്ഞ പെൺകുട്ടികളെ "ഭാര്യ," "സ്ത്രീ" എന്നീ പദങ്ങൾ ഉപയോഗിച്ച് വിളിക്കുന്നു "ദാവീദിന്റെ മകനായ യൗസേഫേ നിന്റെ ഭാര്യയായ മറിയയേ ചേർത്തുകൊള്ളാൻ ശങ്കിക്കേണ്ട. അവളിൽ ഉത്പാദിതമായതു പരിശുദ്ധാത്മാവിനാൽ ആകുന്നു" (മത്തായി 1:20) എന്ന മാലാഖയുടെ വചനത്തെ നാലം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സഭാപിതാവായ സ്വർണ്ണനാവുകാരൻ ഈവാനിയോസ് വ്യാഖ്യാനിക്കുന്നത് പരിശോധിക്കാം. ഇവിടെ "മാലാഖ," വിവാഹനിശ്ചയം കഴിഞ്ഞ കന്യകയെ ഭാര്യ എന്ന് വിളിക്കുന്നു. കാരണം യഹൂദപാരമ്പര്യം എപ്പോഴും വിവാഹനിശ്ചയം കഴിഞ്ഞ ദമ്പതികളെ പുരുഷനും ഭാര്യയും എന്ന് അവരുടെ വിവാഹത്തിനുമുമ്പ് തന്നെ ജനങ്ങൾ വിളിക്കുന്നു. ചേർത്തുകൊള്ളുക എന്ന് പറഞ്ഞതിന്റെ അർത്ഥം "നിന്റെ വീട്ടിൽ അവളെ സൂക്ഷിക്കുക. അവളെ ദൈവം നിന്നെ ഏൽപ്പിച്ചതാണ്. വിവാഹം കഴിക്കുന്നതിനല്ല പ്രത്യുത അവൾക്ക് സഹായിയായി ജീവിക്കുവാൻ" എന്നാണ്. ഇതേ അർത്ഥത്തിലാണ് കർത്താവ് ക്രൂശിൽ കിടന്നുകൊണ്ട് താൻ സ്നേഹിക്കുന്ന ശിഷ്യനോട് 'ഇതാ നിന്റെ അമ്മ' എന്നു പറഞ്ഞത്.

വിവാഹനിശ്ചയം കഴിഞ്ഞ് കന്യകയായ യുവതിയെ ഭാര്യ എന്ന് വിളിക്കുന്ന വേദഭാഗങ്ങൾ (ആവർ. 22:23, 24) കാണുക: "വിവാഹനിശ്ചയം കഴിഞ്ഞിരിക്കുന്ന കന്യകയായ ഒരു യുവതിയെ ഒരുത്തൻ പട്ടണത്തിൽ വച്ച് കണ്ട് അവളോടുകൂടി ശയിച്ചാൽ യുവതി പട്ടണത്തിൽ ആയിരുന്നിട്ടും നിലവിളിയ്ക്കായ്കകൊണ്ടും പുരുഷൻ കൂട്ടുകാരന്റെ ഭാര്യയ്ക്ക് പോരായ്ക വരുത്തിയതുകൊണ്ടും നിങ്ങൾ അവരെ ഇരുവരെയും പട്ടണവാതിൽക്കൽ കൊണ്ടുവന്ന് കല്ലെറിഞ്ഞ് കൊല്ലണം" (ആവ. 20:7). "ആരെങ്കിലും ഒരു സ്ത്രീയെ വിവാഹത്തിന് നിശ്ചയിച്ച് അവളെ പരിഗ്രഹിക്കാതിരിക്കുന്നു എങ്കിൽ" എന്ന് മറ്റൊരിടത്ത് കാണുന്നു.

വേദപുസ്തകത്തിലെ പല ഭാഗങ്ങളിലും ഭാര്യ, സ്ത്രീ എന്നൊക്കെ ഉപയോഗിച്ചിരിക്കുന്നത് കല്യാണം കഴിഞ്ഞു എന്ന അർത്ഥത്തിൽ ആകണം എന്നില്ല. പ്രത്യുത സ്ത്രീത്വം കാണിക്കുന്നതിനുവേണ്ടിയാണ്. ഹവ്വായെ സൃഷ്ടിച്ചപ്പോൾ നാരി എന്ന് വിളിച്ചത് തന്റെ സൃഷ്ടിയേയും സ്ത്രീത്വത്തേയും വെളിപ്പെടുത്തുന്നു. അതുപോലെ **ഭാര്യ എന്ന പദം കന്യകമറിയാമിന് ഉപയോഗിച്ചിരിക്കുന്നത് വിവാഹനിശ്ചയം കഴിഞ്ഞ കന്യക എന്ന അർത്ഥത്തിൽ മാത്രമാണ്.** ലൂക്കോസ് 2:4, 5 വാക്യങ്ങളിൽ പറയുന്നു. "അങ്ങനെ യോസേഫും ദാവീദിന്റെ ഗൃഹത്തിലും കുലത്തിലും ഉള്ളവൻ ആകകൊണ്ട് തനിക്ക് വിവാഹം നിശ്ചയിച്ചിരിക്കുന്ന മറിയ എന്ന ഗർഭിണിയായ ഭാര്യയോടുകൂടെ ചാർത്തപ്പെടേണ്ടതിന് ഗലീലയിലെ നസറേത്ത് പട്ടണം വിട്ടു." ഇവിടെ ഓർക്കുവാനുള്ള മറ്റൊരു കാര്യം കർത്താവിനെ പ്രസവിച്ചശേഷം മാലാഖ കന്യകമറിയാമിനെ ഭാര്യ എന്ന് വിളിക്കുന്നില്ല എന്നതാണ്. മത്തായി 2:13-ൽ "നീ എഴുന്നേറ്റ് ശിശുവിനെയും, അമ്മയെയും കൂട്ടിക്കൊണ്ട് മിസ്രയീമിലേക്ക് ഓടിപ്പോയി ഞാൻ നിന്നോട് പറയുംവരെ അവിടെ പാർക്കുക" എന്ന് കാണുന്നു. ഈജിപ്തിൽ നിന്ന് യൗസേഫിന്റെ തിരിച്ചുവരവിലും മാലാഖ പറയുന്നത് "ശിശുവിന് പ്രാണഹാനി വരുത്തുവാൻ നോക്കിയവർ മരിച്ചുപോയതുകൊണ്ട് നീ എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടിക്കൊണ്ട് യിസ്രായേൽ ദേശത്തേക്ക് പോവുക. അവൻ എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി യിസ്രായേൽ ദേശത്ത് വന്നു" (മത്തായി 2:21)

കർത്താവ് കന്യകമറിയാമിന്റെ ഉദരത്തിൽ ഉരുവായതിനുശേഷവും ജനനത്തിന് മുമ്പും ഭാര്യ എന്ന പദംകൊണ്ട് കന്യകമറിയാമിനെ വിശേഷിപ്പിക്കുന്നു. കാരണം കന്യകമറിയാം ഒരു മനുഷ്യന്റെ ഭാര്യയല്ല. ഭാര്യയല്ലാതെ ഗർഭിണി ആയാൽ സമൂഹം കല്ലെറിയും എന്ന കാരണത്താൽ ആയിരിക്കാം ഭാര്യ എന്ന പദം ഉപയോഗിക്കുന്നത്. എന്നാൽ കർത്താവിന്റെ ജനനത്തിന് ശേഷം ശിശുവും അമ്മയും എന്നാണ് പറയുന്നത്.

അതുകൊണ്ട് ഭാര്യ എന്ന പദംകൊണ്ട് കന്യകമറിയാമിനെ വിശേഷിപ്പിച്ചതുകൊണ്ട് അവൾ ഭാര്യയായി എന്നോ മറ്റ് കുഞ്ഞുങ്ങൾ ഉണ്ടായി എന്നോ അർത്ഥം ഇല്ല.

3. **"വരെ-മുമ്പേ," എന്ന വാക്കുകൾ**

മത്തായി 1:18-ൽ "അവർ കൂടിവരും മുമ്പേ മറിയാം പരിശുദ്ധറൂഹായാൽ ഗർഭിണിയായി" എന്ന് കാണുന്നു. 'കൂടിവരുംമുമ്പേ' എന്ന്

പരിശുദ്ധ കന്യക അമലോത്ഭവയോ?

അവൻ തന്റെ ദാസിയുടെ താഴ്ച കടാക്ഷിച്ചിരിക്കുന്നുവല്ലോ; ഇന്നുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും - ലൂക്കോസ് 1:48.

മറിയാമിനെ വാഴ്ത്തുന്ന തലമുറകൾ

യഥാർത്ഥ ക്രിസ്ത്യാനികൾ, മറിയാമിനെ ഭാഗ്യവതി എന്ന് വാഴ്ത്തുന്നവരുടെ തലമുറകളാണ്. അവരുടെ ഹൃദയത്തിൽ എപ്പോഴും മറിയാമിന് പ്രത്യേക സ്ഥാനമുണ്ട് - ആദിമശിഷ്യർക്ക് ഉണ്ടായിരുന്നതുപോലെ. ഇത് ക്രിസ്മസ് കാലത്ത് മാത്രം ആശംസാ കാർഡുകൾ കാണുമ്പോൾ ഉള്ള ആദരവല്ല. എല്ലാ പരിശുദ്ധന്മാരിലും ഏറ്റവും ഉയർന്ന സ്ഥാനം നൽകി സഭ മറിയാമിനെ വാഴ്ത്തുന്നു.

മറിയാമിന്റെ ജനനം മുതൽ അല്ല, ദൈവകൃപ ലഭിച്ച നാൾ മുതലാണ് മറിയാമിനെ ഭാഗ്യവതി എന്ന് വാഴ്ത്തുന്നത്. **മറിയാം പരിശുദ്ധാത്മാവിൽ പറഞ്ഞ വാക്കുകൾ തന്നെ അമലോത്ഭവസിദ്ധാന്തം നിരസിക്കുന്നു.**

കന്യകമറിയാം ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ അംഗവും മറ്റുള്ള അംഗങ്ങളെപ്പോലെ ക്രിസ്തുവിലൂടെ മാത്രം രക്ഷിക്കപ്പെടുന്ന വ്യക്തിയുമാണ്. അതുകൊണ്ട് റോമൻ കത്തോലിക്കാസഭ പഠിപ്പിക്കുന്നതുപോലെ മറിയാമിന് ക്രിസ്തുവിനോടൊപ്പം **'സഹരക്ഷകത്വം'** ഉണ്ടെന്ന് പൗരസ്ത്യസഭകൾ പഠിപ്പിക്കുന്നില്ല.

എഴുതിയിരിക്കുന്നതുകൊണ്ട് പിന്നീട് മറിയാമും യൗസേഫും 'കൂടി വന്നു' എന്നാണ് വാദം. മകനെ പ്രസവിക്കുംവരെ അവൻ അവളെ പരിഗ്രഹിച്ചില്ല (മത്തായി 1:25) എന്നതിനെ വ്യാഖ്യാനിച്ച് മകനെ പ്രസവിച്ചതിന് ശേഷം അവൻ അവളെ പരിഗ്രഹിച്ചു എന്ന് പ്രൊട്ടസ്റ്റന്റുകാർ വാദിക്കുന്നു.

മറുപടി: ഇവിടെ സുവിശേഷകൻ ഉദ്ദേശിക്കുന്നത് പരമപ്രധാനമായ മറ്റൊരുകാര്യമാണ്. അതായത് വി. കന്യകമറിയാം പുരുഷസംസർഗ്ഗം കൂടാതെ കർത്താവിനെ ഉദരത്തിൽ വഹിക്കുകയും പ്രസവിക്കുകയും ചെയ്തു. ഈ ചിന്തയ്ക്ക് രണ്ടു കാരണങ്ങളാണ് ഉള്ളത്.

1. കർത്താവിന്റെ ജനനം മറ്റുള്ളവരുടെ ജനനത്തിൽ നിന്ന് വ്യത്യസ്തമാണ്. പുരുഷസംസർഗ്ഗം കൂടാതെ കർത്താവിനെ ഉദരത്തിൽ വഹിച്ചു എന്നത് തന്റെ ദൈവത്വത്തെ പ്രദർശിപ്പിക്കുന്നു. കാരണം കന്യകയിൽ നിന്ന് ഉളവായിരിക്കുന്നത് പരിശുദ്ധാത്മാവിനാൽ ആകുന്നു (മത്തായി 1:20).

2. യേശുതമ്പുരാന്റെ ജനനം പാപമില്ലാത്തതാണ്. പാപമില്ലാത്ത താൻ പാപികളായ നമുക്കുവേണ്ടി മനുഷ്യജന്മം എടുത്തു ക്രൂശിലേറി മരിച്ചു നമ്മെ രക്ഷിച്ചു. കന്യകയിൽ നിന്ന് പുരുഷ സംസർഗം കൂടാതെയുള്ള ജനനം താൻ പാപമില്ലാത്തവനാണെന്ന് കർത്താവ് നമ്മെ ഉറപ്പിച്ച് പഠിപ്പിക്കുന്നു. തന്റെ പാപരഹിതമായ മനുഷ്യാവതാരത്തെ സൂചിപ്പിക്കുകയാണ് സുവിശേഷകൻ ഈ വാക്യങ്ങളിലൂടെ.

ആദ്യജാതനെ "പ്രസവിക്കുംവരെ," "അവർ കൂടിവരും മുമ്പെ" എന്നൊക്കെയുള്ള പ്രയോഗങ്ങൾ കീഴ്‌വഴക്കം അനുസരിച്ച് എഴുതിവരുന്ന ചില പ്രസ്താവനകൾ മാത്രമാണ്. ചില ഉദാഹരണങ്ങൾ: 2. ശമുവേൽ 6:23-ൽ ശൗലിന്റെ മകളായ മീഖളിന് മരിക്കുന്നിടംവരെ ഒരു കുട്ടിയും ഉണ്ടായില്ല എന്ന് എഴുതിയിരിക്കുന്നു. അതുകൊണ്ട് മരണശേഷം കുട്ടികൾ ഉണ്ടായി എന്ന് അർത്ഥമുണ്ടോ? മത്തായി 28:26-ൽ "ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടു കൂടിയുണ്ട്" എന്ന് കർത്താവ് പറയുന്നു. ലോകാവസാനത്തിനു ശേഷം കർത്താവിന്റെ നിലനിൽപ്പ് നഷ്ടപ്പെടുമെന്നാണോ ഇതിന്റെ അർത്ഥം.

ആകയാൽ മകനെ പ്രസവിക്കുംവരെ എന്നതുകൊണ്ട് പിന്നീട് പരിഗ്രഹിച്ചു എന്ന് അർത്ഥം നൽകുവാൻ സാധ്യമല്ല. പ്രത്യേകിച്ച് ഇത്രയും അത്ഭുതങ്ങളും അടയാളങ്ങളും ഒക്കെ കാണുകയും അനുഭവിക്കുകയും ചെയ്ത യൗസേഫിന് ഇനി അത് പറ്റുമോ? മാലാഖമാർ നൽകിയ ചില അരുളപ്പാടുകൾ, യേശുവിന്റെ ജനനത്തിലെ സംഭവങ്ങൾ, ആട്ടിടയന്മാരുടെയും വിദ്വാന്മാരുടെയും വരവ്, തനിക്കുതന്നെ ലഭിച്ച ദർശനങ്ങളും അരുളപ്പാടുകളും ഒക്കെ യൗസേഫിന് പ്രധാനങ്ങളല്ലേ?

4. യേശുവിന്റെ സഹോദരങ്ങൾ എന്ന വാക്ക്

യേശുവിന്റെ സഹോദരങ്ങൾ കന്യകമറിയാമിന് ജനിച്ചവർ എന്ന് ചില പ്രൊട്ടസ്റ്റന്റുകാർ വാദിക്കുന്നു (മത്തായി 12:46, 13:54-56, മർക്കോസ് 3:32, 33, അപ്പോ. പ്രവൃ. 1:14, ഗലാത്യ 1:18, 19).

മറുപടി : എബ്രായ പാരമ്പര്യത്തിൽ സഹോദരൻ എന്ന വാക്കുകൊണ്ട് അടുത്ത ബന്ധുക്കളെയും ഉദ്ദേശിക്കുന്നുണ്ട്. ചില ഉദാഹരണങ്ങൾ കാണുക. ഉൽപ്പത്തി 29:10-12. തന്റെ അമ്മയുടെ സഹോദരനായ ലാബാന്റെ മകൾ റാഹേലിനെയും അവരുടെ ആടുകളെയും കണ്ടപ്പോൾ യാക്കോബ് അടുത്തുചെന്ന് കിണറ്റിന്റെ വാതിൽക്കൽ നിന്ന് കല്ല് ഉരുട്ടി, അമ്മയുടെ സഹോദരനായ ലാബാന്റെ ആടുകൾക്ക് വെള്ളംകൊടുത്തു. താൻ അവളുടെ അപ്പന്റെ സഹോദരൻ എന്നും റിബേക്കായുടെ മകൻ എന്നും യാക്കോബ് റാഹേലിനെ അറിയിച്ചു. റാഹേലിന്റെ അപ്പനായ ലാബാനെ തന്റെ അമ്മയുടെ സഹോദരൻ ആയിട്ടും സഹോദരൻ എന്ന് വിളിക്കുന്നു. ലാബാൻ യാക്കോബിനോടും ഇതേ രീതിയിൽ സംസാരിക്കുന്നുണ്ട്.

ഉൽപ്പത്തി 19:15. "ലാബാൻ യാക്കോബിനോട് നീ എന്റെ സഹോദരൻ ആകകൊണ്ട് വെറുതെ എന്നെ സേവിക്കണമോ? നിനക്ക് എന്തു പ്രതിഫലം വേണം" എന്ന് ചോദിക്കുന്നു. ലാബാൻ ഇവിടെ സഹോദരിയുടെ മകനെ സഹോദരൻ എന്ന് വിളിക്കുന്നു.

ലോത്ത് അബ്രഹാമിന്റെ സഹോദരനായ ഹാരാന്റെ മകനാണ്. (ഉൽപ്പത്തി 11:31). എന്നാൽ ഉൽപ്പത്തി 14:14-ൽ "അബ്രഹാം തന്റെ സഹോദരനെ (ലോത്തിനെ) ബദ്ധനാക്കി കൊണ്ടുപോയി എന്ന് കേട്ടപ്പോൾ അവൻ തന്റെ വീട്ടിൽ ജനിച്ചവരും അഭ്യാസികളുമായ 318 പേരെ കൂട്ടി ദാൻ വരെ പിന്തുടർന്നു" എന്നു പറയുന്നു. ലോത്ത് അബ്രഹാമിന്റെ സഹോദരപുത്രൻ എങ്കിലും അടുത്ത ബന്ധം കാണിക്കുന്നതിന് വേണ്ടി സഹോദരൻ എന്ന പദം ഉപയോഗിക്കുന്നു.

> ഒൻപതു മാസം ലോകരക്ഷകനെ ഉദരത്തിൽ വഹിച്ച്, മുലപ്പാൽ കൊടുത്തു വളർത്തിയ ദൈവമാതാവിന് പുണ്യം ലവലേശമില്ല. എന്നാൽ കർത്താവ് നടന്ന ഭൂമി പുണ്യമാണ് എന്ന് നവീകരണ പെന്തക്കോസ്തു നേതാക്കളും പാസ്റ്റർമാരും പരസ്യം നൽകി യരുശലേമിൽ പോകാൻ ആളെ കൂട്ടുമ്പോൾ അതിന്റെ വേദശാസ്ത്രം ഒട്ടും പിടികിട്ടുന്നില്ല.
>
> **ഫാ. ഡോ. ഒ. തോമസ്**
>
> *മലങ്കരസഭ ഓഗസ്റ്റ് 2013*

കർത്താവിന്റെ സഹോദരങ്ങൾ ആര്

കർത്താവ് തന്റെ പിതൃനഗരത്തിൽ വന്ന് അവരുടെ പള്ളികളിൽ ഉപദേശിച്ചു. അവിടെയുള്ളവർ വിസ്മയിച്ചിട്ട് പറയുന്നു: "ഇവന് ഈ ജ്ഞാനവും വീര്യപ്രവൃത്തികളും എവിടെനിന്ന്? ഇവൻ തച്ചന്റെ മകൻ അല്ലയോ? ഇവന്റെ സഹോദരങ്ങൾ യാക്കോബ്, യോസെ, ശീമോൻ, യൂദാ എന്നിവർ അല്ലയോ? ഇവന്റെ സഹോദരിമാരും നമ്മുടെ കൂടെയില്ലയോ? (മത്തായി 13:55-56, മർക്കോസ് 6:1-3).

പൗലോസ് ശ്ലീഹാ താൻ കർത്താവിന്റെ സഹോദരനായ യാക്കോബിനെ കണ്ടു എന്ന് പറയുന്നു. (ഗലാ.1:19). ഈ യാക്കോബിനെ ചെറിയ യാക്കോബ് എന്ന് വിളിക്കുന്നു (മർക്കോസ് 15:40). സെബദിപുത്രനായ യാക്കോബല്ല ഇത് എന്ന് കാണിക്കുന്നതിനു വേണ്ടിയാണ് ഇത്. അദ്ദേഹത്തെ മറ്റൊരു ഭാഗത്ത് അല്‌ഫായിയുടെ മകനായ യാക്കോബ് എന്ന് വിളിക്കുന്നു (മത്തായി 10:3) ഇദ്ദേഹം ഒരു അപ്പോസ്തോലൻ ആയിരുന്നു (ഗലാ. 1:19, മത്തായി 10:3).

മത്തായി ശ്ലീഹാ പറയുന്നു "ഗലീലിയായിൽ നിന്ന് യേശുവിനെ ശുശ്രൂഷിച്ചുകൊണ്ട് അനുഗമിച്ച പല സ്ത്രീകളും ദൂരത്ത് നോക്കിക്കൊണ്ട് ഇരുന്നു. അവരിൽ മഗ്ദലക്കാരത്തി മറിയയും യാക്കോബിന്റെയും യോസെയുടെയും അമ്മയായ മറിയയും സെബദിപുത്രന്മാരുടെ അമ്മയും ഉണ്ടായിരുന്നു" (മത്തായി 27:55-56). യാക്കോബിന്റെയും യോസെയുടെയും അമ്മയുടെ പേര് മറിയ എന്നായിരുന്നു. ആ മറിയയുടെ ഭർത്താവിന്റെ പേര് ക്ലെയോപ്പാ എന്നായിരുന്നു. യോഹ. 19:25-ൽ പറയുന്നു. "യേശുവിന്റെ കുരിശിന്റെ അരികിൽ അവന്റെ അമ്മയും അമ്മയുടെ സഹോദരിയും ക്ലെയോപ്പായുടെ ഭാര്യയുമായ മറിയയും മഗ്ദലക്കാരത്തി മറിയയും നിന്നിരുന്നു" എന്ന്.

യാക്കോബിന്റെയും യോസെയുടെയും അമ്മയായ മറിയാമായിരുന്നു കുരിശിൻചുവട്ടിൽ മഗ്ദലക്കാരി മറിയയോട് ഒത്തുനിന്നിരുന്നത്. (മത്തായി 27:55-56). ഇവർ രണ്ടുപേരുമായിരുന്നു സുഗന്ധവർഗ്ഗവുമായി കർത്താവിന്റെ കല്ലറയ്ക്കൽ ചെന്നവർ (യോഹ. 19:25). ഇവരെക്കുറിച്ചാണ് യോഹന്നാൻ ശ്ലീഹായും ക്രൂശിനരികെ നിന്ന സ്ത്രീകളെന്ന് പറയുന്നത്.

ആകയാൽ കർത്താവിന്റെ സഹോദരങ്ങൾ എന്ന് എഴുതിയിരിക്കുന്നത് അടുത്ത ബന്ധത്തിൽപ്പെട്ടവരെ ഉദ്ദേശിച്ചാണ്. കർത്താവിന്റെ സഹോദരങ്ങൾ എന്ന പദത്തിൽ മാത്രം ശ്രദ്ധ വയ്ക്കാതെ ഏത് തരത്തിലുള്ള സഹോദരങ്ങൾ എന്ന് കൂടി വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുവാൻ പ്രൊട്ടസ്റ്റന്റുകാർ ശ്രദ്ധിക്കണം.

സഭാപിതാക്കന്മാരായ മാർ അപ്രേം, മാർ എപ്പിപ്പാനിയസ് തുടങ്ങിയവർ കർത്താവിന്റെ സഹോദരർ, യൗസേഫിന് ആദ്യ ഭാര്യയിൽ നിന്നുള്ളവരാണ് എന്ന് ചിത്രീകരിക്കുന്നുണ്ട്. എല്ലാ സഹോദരങ്ങളുടെ കാര്യങ്ങളിലും അത് ശരിയല്ലെങ്കിലും ചില സഹോദരങ്ങൾ ആ രീതിയിൽ ഉള്ളവർ ആയിരിക്കും. എന്തായാലും **യേശുവല്ലാതെ കന്യകമറിയാമിന് മറ്റ് മക്കളില്ലായിരുന്നു എന്നുള്ളത് വേദപുസ്തകം തന്നെ വ്യക്തമാക്കുന്നുണ്ട്.** ക്രൂശിൽ കിടന്നുകൊണ്ട് തന്റെ മാതാവിനെ താൻ ഏൽപ്പിക്കുന്നത് താൻ സ്നേഹിക്കുന്ന ശിഷ്യന്റെ (യോഹന്നാന്റെ) കയ്യിലാണ് (യോഹ. 19:26, 27). മറ്റ് മക്കൾ കന്യകമറിയാമിന് ഉണ്ടായിരുന്നെങ്കിൽ ഇതിന്റെ ആവശ്യമില്ലായിരുന്നു.

ഉപസംഹാരം

ചുരുക്കത്തിൽ, **കന്യകമറിയാമിനെ നിത്യകന്യകയെന്ന് സഭ ഘോഷിക്കുന്നത് യേശുതമ്പുരാന്റെ അത്ഭുതകരമായ ജനനവുമായി ബന്ധപ്പെട്ടാണ്.** യേശുതമ്പുരാൻ ദൈവമാണ്. "കന്യകമറിയാമിന്റെ ഉദരം ദൈവം വസിച്ച സിംഹാസനമാണ്. ആ സിംഹാസനത്തിൽ മറ്റാരും ഇരിക്കുന്നത് ദൈവത്തിന്റെ അത്യുന്നത ശ്രേഷ്ഠതയ്ക്ക് തന്നെ ഭംഗം വരുത്തുന്നതാണ്" എന്ന് മാർ അപ്രേം പറഞ്ഞിട്ടുണ്ട്. യെഹസ്കിയേൽ പ്രവചനത്തിൽ "വി. മന്ദിരത്തിന്റെ കിഴക്കോട്ട് ദർശനമുള്ള പുറത്തെ ഗോപുരത്തിൽ തുറക്കാതെ അടച്ചിരിക്കുന്ന വാതിലുണ്ട്. യഹോവ അരുളിച്ചെയ്യുന്നു; ഈ ഗോപുരം തുറക്കാതെ അടച്ചിരിക്കേണം. ആരും അതിൽക്കൂടി കടക്കരുത്. യിസ്രായേലിന്റെ ദൈവമായ യഹോവ അതിൽക്കൂടി അകത്തു കടന്നതുകൊണ്ട് അത് അടച്ചിരിക്കേണം" (യെഹ. 44:2). ഈ ഗോപുരം വചനമാം ദൈവം ഇറങ്ങിവസിച്ച വി. കന്യകയുടെ ഉദരമാണ്. മറ്റാർക്കും ഈ ഗോപുരം വഴി പ്രവേശിക്കുവാൻ അർഹതയില്ല. GM

ക്രൂശിതരൂപം

ഒരു കത്തോലിക്കാ ദേവാലയവും ഒരു ഓർത്തഡോക്സ് ദേവാലയവും തമ്മിൽ കാഴ്ചയിൽ കാണുന്ന ഏറ്റവും പ്രകടമായ വൈരുദ്ധ്യം കത്തോലിക്കാ ദേവാലയത്തിൽ പലയിടത്തും കാണുന്ന ക്രിസ്തുവിന്റെ ക്രൂശിതരൂപങ്ങളാണ്. ഓർത്തഡോക്സ് ദേവാലയങ്ങളിൽ രൂപങ്ങൾ ഇല്ല, ചിത്രങ്ങൾ തന്നെയും ഒരിക്കലും ക്രിസ്തുവിന്റെ ക്രൂശിതരൂപം ആയിരിക്കുകയില്ല. പള്ളിയിലുള്ള കുരിശുകൾ വെറും സാധാരണ കുരിശുകൾ മാത്രമായിരിക്കും.

Empty Cross Empty Tomb

കാര്യങ്ങൾ ഇങ്ങനെയാണെങ്കിലും പല ഓർത്തഡോക്സ് ഭവനങ്ങളിലും ക്രൂശിതരൂപങ്ങൾ വെക്കുന്നതായി കണ്ടുവരുന്നുണ്ട്. ഇത് ഒരുപക്ഷെ ഏതെങ്കിലും സാഹചര്യത്തിൽ സുഹൃത്തുക്കളോ മറ്റോ നൽകുന്ന സമ്മാനങ്ങൾ ആയിരിക്കാം. ഒരുപക്ഷെ കടയിൽനിന്ന് വാങ്ങിവെക്കുന്നതും ആകാം. ഇങ്ങനെയൊക്കെ സംഭവിക്കുന്നത് ശരിയല്ല എന്നു പലർക്കും അറിയില്ല എന്നതാണ് വാസ്തവം. കത്തോലിക്കാ പാരമ്പര്യത്തിൽപെടുന്ന 'കൊന്ത'യുടെ ഭാഗമായും ഒരു ക്രൂശിതരൂപം കാണാറുണ്ടല്ലൊ. ഇത്തരം 'കൊന്ത'കളും ഓർത്തഡോക്സ് ഭവനങ്ങളിലും വാഹനങ്ങളിലും പലപ്പോഴം കാണാറുണ്ട്.

RISEN Christ, our souls adore Thee

എന്തുകൊണ്ടാണ് ഓർത്തഡോക്സ് പാരമ്പര്യം ക്രൂശിതരൂപത്തെ അംഗീകരിക്കാത്തത് എന്ന് നമ്മൾ വ്യക്തമായി മനസിലാക്കേണ്ടതാണ്. അതേസമയം കത്തോലിക്കാ പാരമ്പര്യം അതിനെ അംഗീകരിക്കുക മാത്രമല്ല, ആരാധനയുടെ കേന്ദ്രബിന്ദു വായിത്തന്നെ കാണുന്നു. പൗരസ്ത്യ, പാശ്ചാത്യ ക്രിസ്തുശാസ്ത്രങ്ങളുടെ അന്തരം തന്നെയാണ് ഇതിന്റെ പ്രധാന കാരണം. എ.ഡി. 451ൽ നടന്ന കൽക്കദൂൻ സുന്നഹദോസിന്റെ പരിണതഫലമായിട്ടാണല്ലൊ സഭകൾ രണ്ടായി പിളർന്നത്. ഈ സുന്നഹദോസാണ് ക്രിസ്തുവിന്റെ സ്വഭാവത്തിലെ ദൈവത്വത്തെയും മനുഷ്യത്വത്തെയും കുറിച്ച് ചർച്ച ചെയ്തത്. ഇതിനെതുടർന്ന് **ദൈവത്വവും മനുഷ്യത്വവും വേർപിരിഞ്ഞു നിൽക്കുന്നതല്ല എന്ന നിലപാട് ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ സ്വീകരിച്ചു.** പാശ്ചാത്യസഭകൾ ഇതിനു വിരുദ്ധമായ നിലപാടും സ്വീകരിച്ചു. ഈ നിലപാടിനായിരുന്നു സുന്നഹദോസിൽ 'ഭൂരിപക്ഷം.' അതുകൊണ്ടാണ് നമ്മൾ ഉൾപ്പെടുന്ന ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ കൽക്കദൂൻ സുന്നഹദോസിനെ സാർവത്രിക സുന്നഹദോസായി അംഗീകരിക്കാത്തത്.

ഇതനുസരിച്ച് **കത്തോലിക്കർ ക്രിസ്തുവിലെ മനുഷ്യസ്വഭാവത്തെ വേറിട്ട് കാണുന്നു.** ക്രിസ്തു ജഡത്തിൽ സഹിച്ച പീഡനങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുത്ത് അവർ ധ്യാനിക്കുന്നു. കത്തോലിക്കാ ആരാധനയിലെ 'കുരിശിന്റെ വഴി'യും മറ്റും രൂപീകൃതമായത് ഈ പശ്ചാത്തലത്തിലാണ്. അതുകൊണ്ടുതന്നെ കുരിശിൽ തൂങ്ങിക്കിടക്കുന്ന ക്രിസ്തുവിനെ അവർ വലിയ പ്രാധാന്യത്തോടെ ആരാധിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നു.

ഓർത്തഡോക്സ് പാരമ്പര്യത്തിൽ മരണത്തെ ജയിച്ച് പാതാളഗോപുരങ്ങളെ അതിജീവിച്ച ക്രിസ്തുവിനാണ് പ്രാധാന്യം. നമ്മൾ ക്രിസ്തുവിന്റെ മർത്യശരീരത്തെ വേറിട്ടുകാണുന്നില്ല. അതുകൊണ്ട് ക്രൂശിതനായ ക്രിസ്തുവിന്റെ ചിത്രങ്ങൾ നമ്മൾ പ്രോത്സാഹിപ്പിക്കുന്നില്ല. പൗരസ്ത്യ പാരമ്പര്യത്തിൽപ്പെട്ട ഐക്കണുകൾ ചിത്രീകരിക്കുന്നതും കുരിശിൽ കിടക്കുന്ന ക്രിസ്തുവിനെയല്ല, ഉത്ഥാനം ചെയ്ത് മഹത്വീകരിക്കപ്പെട്ട ക്രിസ്തുവിനെയാണ്. ബൈസന്റയിൽ ഓർത്തഡോക്സ് സഭകൾ കൽക്കദൂൻ സുന്നഹദോസിനെ അംഗീകരിച്ചിരുന്നുവെങ്കിലും **ക്രൂശിത ഭാവത്തെയോ പീഡാസഹനങ്ങളെയോ ആരാധിക്കുന്നില്ല, മറിച്ച് ഉത്ഥിതനായ, മഹത്വീകരിക്കപ്പെട്ട ക്രിസ്തുവിനെത്തന്നെയാണ് ആരാധിക്കുന്നത്.**

മേൽപറഞ്ഞ ക്രിസ്തുശാസ്ത്രസംബന്ധിയായ കാരണങ്ങളാൽ **ഓർത്തഡോക്സ് പാരമ്പര്യത്തിൽ ക്രിസ്തുവിന്റെ ക്രൂശിത ചിത്രങ്ങൾക്ക് സ്ഥാനം ഇല്ല** എന്ന് നാം മനസിലാക്കണം. നമ്മുടെ കേന്ദ്രബിന്ദു ഉത്ഥിതനായ, മഹത്വീകരിക്കപ്പെട്ട ക്രിസ്തുതന്നെയാണ്.

GM

മാർ ഓസ്താത്തിയോസ് സ്മൃതിമന്ദിരം

മലങ്കര സഭാരത്നം ഭാഗ്യസ്മരണാർഹനായ ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് വലിയ തിരുമേനിയുടെ മഹത്വം തലമുറകൾ മാർഗദീപമാക്കുവാൻ, പരിശുദ്ധ പിതാവ് അന്ത്യവിശ്രമംകൊള്ളുന്ന മാവേലിക്കര മിഷൻ സെന്ററിലെ കബറിനോട് ചേർന്ന് നിർമ്മാണം ആരംഭിച്ചിരിക്കുന്ന സ്മാരകമാണ് മാർ ഒസ്താത്തിയോസ് സ്മൃതിമന്ദിരം. പ്രാർത്ഥനയുടെ മാധുര്യവും മഹത്വവും അനുഭവിച്ചറിഞ്ഞ പിതാവിന്റെ സാമീപ്യം നുകർന്നുകൊണ്ട് കുറച്ചുസമയം ധ്യാനനിരതരായി ഇരിക്കുവാനുള്ള ചെറിയ പ്രാർത്ഥനാലയവും തിരുമേനിയെ അടുത്തറിയുവാനുള്ള ഒരു ജ്ഞാനകേന്ദ്രവും എന്ന ലക്ഷ്യ സാക്ഷാത്കരണത്തിനാണ് ഈ സ്മൃതിമന്ദിരം.



- അല്പമായോ അധികമായോ ദൈവം നൽകിയിരിക്കുന്ന കൃപകൾക്കനുസൃതമായി സ്മൃതിമന്ദിര നിർമ്മാണ ഫണ്ടിലേക്ക് സംഭാവന നൽകുക.
- സ്മൃതിമന്ദിരത്തിൽ പ്രാർത്ഥിക്കാൻ എത്തുന്നവർക്ക് താമസിക്കുവാൻ ഒരുക്കുന്ന ഏതാനും മുറികളുടെ പണികൾക്കാവശ്യമായ സാമ്പത്തികസഹായം നൽകുക.
- സ്മൃതിമന്ദിര കെട്ടിടത്തിന് 15 ലക്ഷം രൂപയും അതിനുള്ളിലെ സജ്ജീകരണങ്ങൾക്ക് 10 ലക്ഷം രൂപയും, സ്മൃതിമന്ദിരം സന്ദർശിക്കുന്നവർക്ക് വിശ്രമത്തിനായി പണികഴിപ്പിക്കുന്ന 10 മുറികളിൽ ഓരോന്നിനും 3 ലക്ഷം രൂപ വീതവും ആകുമെന്നാണ് പ്രാഥമിക കണക്ക്. വ്യക്തികളായോ, കുടുംബങ്ങളായോ ഇവയിൽ ഏതെങ്കിലും സ്പോൺസർ ചെയ്യുക.
- പ്രദർശന യോഗ്യമായവ മ്യൂസിയത്തിലും ജ്ഞാനകേന്ദ്രത്തിലും ഉൾപ്പെടുത്തുന്നതിനുവേണ്ടി അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയുടെ ലേഖനങ്ങളോ ലേഖനങ്ങൾ അടങ്ങുന്ന പ്രസിദ്ധീകരണങ്ങളോ തിരുമേനിയുടെ അപൂർവ്വ ഫോട്ടോകളോ കൈവശമുള്ളവർ മാവേലിക്കര എം.റ്റി.സി.യെ ഏൽപ്പിക്കുക.

ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്
മെത്രാപ്പോലീത്ത
(പ്രസിഡന്റ്, മിഷൻ ബോർഡ്)

ഡോ. യൂഹാനോൻ മാർ തേവോദോറോസ്
മെത്രാപ്പോലീത്ത
(ഡയറക്ടർ, എം.റ്റി.സി.)

ഫാ. പി.കെ. ജോൺസൺ
(മാനേജർ, എം.റ്റി.സി.)

നിങ്ങളുടെ സംഭാവനകൾ അയക്കേണ്ട വിലാസം

Manager
St. Paul's Mission Training Centre
Mavelikkara - 690 103, Kerala, India

Bank Details:

Dr. Yuhanon Mar Thevodoros
A/C No. 504102010055521, IFSC : UNBIN0550418
Union Bank of India Mavelikara Branch

ദൈവത്തിന്റെ പർവ്വതത്തിലേക്കൊരു തീർത്ഥയാത്ര

■ അഡ്വ. വർഗീസ് പി. തോമസ്

ഹോരേബിനെ ദൈവത്തിന്റെ പർവതം എന്നു വിശേഷിപ്പിക്കുന്നു. ഹോരേബിന്റെ സ്ഥാനനിർണ്ണയത്തെപ്പറ്റി സൂചനകൾ പഴയനിയമത്തിലുണ്ട്. സീനായി ഉപദ്വീപിന്റെ തെക്കെ മുനമ്പിൽനിന്നും 80 കി.മീറ്റർ വടക്കായി ജബൽ മൂസാ അല്ലെങ്കിൽ മോശയുടെ പർവതം എന്നു വിളിച്ചുപോരുന്ന കരിങ്കൽ പർവതമായിരുന്നു ഹോരേബ് എന്നു ചരിത്ര പാരമ്പര്യം പറയുന്നു. **യഹോവയായ ദൈവം മോശയ്ക്ക് പത്തു കൽപനകൾ കൽപലകകളിൽ നൽകിയതും നിയമങ്ങൾ ഉണ്ടാക്കിയതും ഹോരേബിൽ വച്ചാണ്. ഈ സ്ഥലത്തെ പൊതുവായി സീനായി എന്നു വിളിക്കുന്നു.**

സാധാരണ തീർത്ഥാടകർ സീനായി മലയുടെ അടിവാരത്തിൽ സ്ഥിതിചെയ്യുന്ന സെന്റ് കാതറിൻ ദയറാ അല്ലെങ്കിൽ ആശ്രമം സന്ദർശിക്കും. അതിനു സമീപത്തു മോശ കണ്ട എരിയുന്ന മുൾപ്പടർപ്പിന്റെ ഓർമ്മയ്ക്കായി വളർത്തുന്ന പച്ചചെടിയും മോശയുടെ കിണറും പ്രത്യേകതയുള്ള കാഴ്ചയാണ്. എന്നാൽ **ഹോരേബ് എന്ന കൊടുമുടിയിൽ** എത്തുവാൻ പ്രത്യേക തയ്യാറെടുപ്പ് ആവശ്യമുണ്ട്. അവിടേക്ക് ഏതാണ്ട് ആറു മണിക്കൂർ അതികഠിനമായ യാത്ര ചെയ്തു വേണം എത്താൻ. ഇവിടേക്ക് തീർത്ഥയാത്ര നടത്തിയ **ഡോ. കെ.എം. ജോർജ് അച്ചനുമായി** നടത്തിയ സംഭാഷണത്തിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ ലേഖനം

2011 നവംബറിൽ ജോർജ് അച്ചൻ ഈജിപ്റ്റിൽ എത്തി. അച്ചന്റെ മകൻ അബു ജോർജ് IFS, ഈജിപ്തിലെ ഇന്ത്യൻ എംബസിയിൽ ഡിപ്ലോമാറ്റായി ജോലിചെയ്യുന്നു. കോട്ടയത്ത് അഭിഭാഷകനായി പ്രാക്ടീസ് ചെയ്തിരുന്ന അച്ചന്റെ സുഹൃത്തും അമേരിക്കയിൽ സ്ഥിരതാമസക്കാരനുമായ രാജൻ മാർക്കോസും അച്ചന്റെയും മകന്റെയും കൂടെ ഹോരേബിലേക്ക് യാത്ര ചെയ്യുന്നതിന് ഈജിപ്റ്റിലെത്തി. അച്ചൻ മുമ്പ് പല പ്രാവശ്യം ഈജിപ്റ്റിൽ പോയിട്ടുണ്ട്. മൂവരും ഒരുമിച്ച് അലക്സാന്ത്രിയ, കോപ്റ്റിക് ഓർത്തഡോക്സ് സഭകളുടെ പള്ളികളും ആശ്രമങ്ങളും, മരുഭൂപ്രദേശങ്ങളിലെ പല സന്യാസാശ്രമങ്ങളും സന്ദർശിച്ചു. ആശ്രമവാസികളുടെ സ്നേഹവാത്സല്യങ്ങൾ പരസ്പരം പങ്കിട്ടു. കെയ്റോയിൽ പിരമിഡുകൾ, മ്യൂസിയം എന്നിവയും കണ്ടു.

ഈജിപ്റ്റിന്റെ തലസ്ഥാനമായ കെയ്റോയിൽനിന്നും രണ്ടു ദിവസം എടുക്കും ഹോരേബിൽ പോയിവരുന്നതിന്. ചെങ്കടൽ തീരത്തുകൂടി ആറേഴു മണിക്കൂർ യാത്ര ചെയ്ത് സെന്റ് കാതറിൻ ആശ്രമത്തിൽ എത്തി. നാലാം നൂറ്റാണ്ടിൽ നിർമ്മിക്കപ്പെട്ട അതിപുരാതനമായ ആശ്രമമാണ് ഇത്. അന്നു മുതൽ സന്യാസിമാർ തുടർച്ചയായി ഈ ആശ്രമത്തിൽ ഉണ്ടായിരുന്നു. ബൈബിളിന്റെ ലഭ്യമായ ഏറ്റവും പഴക്കമേറിയ ഒരു പകർപ്പ് അവിടെ ഉണ്ട്. അച്ചന്റെ പരിചയത്തിലുള്ള ഒരു വൈദിക സന്യാസി ആശ്രമത്തിൽ ഉണ്ടായിരുന്നതിനാൽ മൂന്നു പേർക്കും സെന്റ് കാതറിൻ മൊണാസ്ട്രിയുടെ റസ്റ്റ്ഹൗസിൽ താമസിക്കുവാൻ സാധിച്ചു.

രാത്രി പന്ത്രണ്ടു മണിക്കാണ് ഹോരേബിലേക്കുള്ള മലകയറ്റം തുടങ്ങുന്നത്. തുടർച്ചയായ ആറു മണിക്കൂർ കയറ്റമുള്ള യാത്രയുടെ അവസാനത്തിൽ ഹോരേബിലെത്തും. ലോകത്തിന്റെ പല ഭാഗത്തുനിന്നും വരുന്നവർ ഒന്നിച്ചായിരിക്കും മലകയറുന്നത്. തീർത്ഥാടകരായും സാഹസിക യാത്രികരായും ഇവർ എത്തുന്നു. യഹൂദന്മാരും, മുസ്ലിമുകളും ക്രൈസ്തവരും ഈ സംഘത്തിൽ ഉണ്ടായിരുന്നു. ചൈനയിൽനിന്നും റഷ്യയിൽനിന്നും അമേരിക്കയിൽനിന്നും യൂറോപ്പിന്റെ പല ഭാഗത്തുനിന്നും വന്നിരുന്നവരിൽ സ്ത്രീകളുടെ സാന്നിദ്ധ്യം ഒട്ടും കുറവല്ലായിരുന്നു. രാത്രി പന്ത്രണ്ടു മണിക്ക് യാത്ര തുടങ്ങുന്നത് പകലത്തെ അസഹനീയമായ ചൂട് ഒഴിവാക്കുന്നതിനു വേണ്ടിയാണ്. പാറക്കെട്ടുകൾക്കിടയിലൂടെ വേണം നടന്നുകയറുവാൻ. മരങ്ങളോ ചെടികളോ അവിടെയില്ല. നടക്കുവാൻ പ്രയാസമുള്ളവരെ കൊണ്ടുപോകുന്നതിന് ഒട്ടകത്തിന്റെ സഹായം ഉണ്ടായിരുന്നു. എന്നാൽ അവസാനത്തെ ഏതാണ്ട് ഒന്നര മണിക്കൂർ കയറ്റമുള്ള യാത്രയിൽ ഒട്ടകത്തിന്റെ സഹായം ലഭിക്കുകയില്ല. പോകുന്ന വഴിയിൽ രണ്ടു മൂന്നു സ്ഥലത്ത് വെള്ളവും പാനീയവും ലഭിക്കുന്നതിനുമുള്ള ബൂത്തുകൾ ഉണ്ട്.

സംഘത്തോടൊപ്പം കുറെ കയറി കഴിഞ്ഞപ്പോൾ അച്ചന് നേരിയ നെഞ്ചുവേദനയും ശാരീരിക ക്ഷീണവും അനുഭവപ്പെടുവാൻ തുടങ്ങി. സുഹൃത്ത് രാജൻ മാർക്കോസിനും യാത്ര ദുഷ്കരമായി അനുഭവപ്പെടുവാൻ തുടങ്ങി. രണ്ടു പേരും ഒട്ടകങ്ങളുടെ പുറത്തു കയറി യാത്ര തുടർന്നു. എന്നാൽ നടക്കുന്നതിലും ദുഷ്കരമായിരുന്നു ഒട്ടക യാത്ര എന്ന് അച്ചൻ പറഞ്ഞു. ഒട്ടകം പൊതുവേ വളരെ ഉയരംകൂടിയ മൃഗമായതിനാൽ അതിന്റെ കാലുകൾക്കും ആനുപാതികമായി വളരെ പൊക്കമുണ്ട്. ഒട്ടകത്തിനു മുകളിൽ പ്രത്യേക ഇരിപ്പിടം തയ്യാറാക്കിയിട്ടുണ്ട്. പുറത്തിരിക്കുമ്പോൾ ബാലൻസ് തെറ്റാതിരിക്കുവാൻ ഉപ്പൂണിപോലെ ചെറിയ കൈപ്പിടി ഇരിപ്പിടത്തിനൊപ്പം ഘടിപ്പിച്ചിട്ടുണ്ട്. ചെറുതും ഇടുങ്ങിയതുമായ കരിങ്കൽ പാതയിലൂടെ ഒട്ടകത്തിനു മുകളിൽ ഇരുന്നു യാത്ര ചെയ്തപ്പോൾ അതിന്റെ നടത്തത്തിനനുസരണമായി ശരീരം ഉലഞ്ഞ് യാത്ര വളരെ പ്രയാസമുള്ളതായി അനുഭവപ്പെട്ടു. ഈ ഒട്ടകത്തെ നിയന്ത്രിക്കുന്നതും പരിപാലിക്കുന്നതും ബഡുവിൻ എന്ന ഗോത്രവർഗ്ഗക്കാർ ആണ്. അവർ പുരാതനകാലം മുതൽ നാടോടികളായി മരുഭൂപ്രദേശത്തു മാത്രം കഴിഞ്ഞുകൂടുന്നു. ഒട്ടകത്തെയും ആടുകളെയും സീനായി മരുഭൂപ്രദേശത്തു മേയിച്ചു തമ്പടിച്ചു ജീവിക്കുന്നവരെ യാത്രയിൽ കണ്ടു. ഈ വർഗ്ഗത്തിൽ പെട്ടവർ ഗൈഡായി രാത്രിയിൽ ടോർച്ചടിച്ചും ഒട്ടകത്തെ നിയന്ത്രിച്ചും യാത്രക്കാരിൽനിന്നു പ്രതിഫലം പറ്റി സഹായം ചെയ്യുന്നു. ഹിമാലയൻ യാത്രകളിൽ ഷേർപ്പകളായി വരുന്നവരെപ്പോലെ ബഡുവിൻ സഹായികളെ കണ്ടപ്പോൾ അച്ചന് തോന്നി. **സീനായി യാത്രയ്ക്ക് ഏതാനും മാസങ്ങൾ മുമ്പാണ് അച്ചൻ ഹിമാലയത്തിൽ കൈലാസത്തിലേക്കും മാനസസരസ്സിലേക്കും യാത്ര ചെയ്തത്.**

ആറു മണിക്കൂർ മലകയറ്റം പാറക്കെട്ടുകളിലൂടെയാണ് നടത്തേണ്ടത്. കരിങ്കല്ലുകളാൽ നിബിഡമായ ഗിരിനിരകളാണ് സിനായി ദേശമൊക്കെയും. അനേകം പാറക്കെട്ടുകൾ കൂർത്ത ഇരുമ്പിൻകൂടംപോലെ പല നിരകളിലായി പൊങ്ങിയും താണും നിൽക്കുന്നു. ഒട്ടകവും തീർത്ഥാടകരും യാത്രചെയ്യുന്ന ചെറിയ വഴിയുടെ വശങ്ങൾ ഗർത്തങ്ങൾ ആണ്. താഴേക്ക് നോക്കിയാൽ ഭയം തോന്നും. കാലുതെറ്റിയാൽ അപകടത്തിലേക്കു നീങ്ങിയിരിക്കും. പോകുന്ന വഴിയിൽ ഉഗ്രവിഷമുള്ള പാമ്പുകളുടെ സാമീപ്യം ഉണ്ടാകാം. പർവ്വതത്തിന്റെ ചരിവിലൂടെയുള്ള യാത്രയിൽ മൃഗമായ ഒട്ടകത്തിന്റെ കാലുതെറ്റിയാൽ ഉണ്ടാകുന്ന അവസ്ഥയെപ്പറ്റി രാജൻ മാർക്കോസ് ആശങ്കപ്പെട്ടപ്പോൾ, അബു പറഞ്ഞു ഒട്ടകം ഒരിക്കലും ചതിക്കുകയില്ല എന്ന്. അബു അറബി ഭാഷ പഠിച്ചിരുന്നതിനാൽ ഒട്ടകത്തിന് അറബിയിൽ

“ഗമാൽ” എന്നാണ് വിളിക്കുന്നതെന്നും “ഗമാൽ” എന്നതിന്റെ അർത്ഥം വിശ്വസ്തൻ എന്നാണെന്നും പറഞ്ഞുതന്നു. അച്ചനും രാജൻ മാർക്കോസിനും ഇതു കേട്ടപ്പോൾ ആശ്വാസവും വിശ്വാസവുമുണ്ടായി. ഒട്ടകത്തിന്റെ കാലുകൾ വയ്ക്കുന്നതിനനുസരിച്ച് ശരീരം ഉലഞ്ഞുകൊണ്ടിരുന്നു. ആദ്യയാത്രികർക്ക് ഇതൊരു പരീക്ഷണം ആയിരുന്നു. അബു നന്നെ ചെറുപ്പക്കാരൻ ആയതിനാൽ യാത്രയിലുടനീളം നടക്കുകയായിരുന്നു.

അവസാനത്തെ ഒന്നര മണിക്കൂർ കയറ്റം കീഴ്ക്കാംതൂക്കായ പാറയിടുക്കുകളിൽ കൂടിയായിരുന്നു. ആ യാത്രയിൽ ഒട്ടകത്തിന്റെ ഉപയോഗം ഒരു കാരണവശാലും സാധിക്കുകയില്ല. ഈ ഭാഗം നടന്നു തന്നെ കയറണം. “നടന്നുകയറിയ ആ നിമിഷം മുതൽ എന്റെ ശരീരവേദനയും നെഞ്ചുവേദനയും ക്ഷീണവും ക്ഷണത്തിൽ മാറി. എനിക്കതു വിസ്മയമായി തോന്നി” എന്ന് അച്ചൻ പറഞ്ഞു. യാത്ര ചെയ്യുന്ന സമയത്തു നിലാവുണ്ടായിരുന്നു. പാറയുടെ വശങ്ങളിൽ കൂടി ചുറ്റിക്കയറുന്നതിനാൽ മലയുടെ മറവിൽ എത്തിയാൽ കടുത്ത ഇരുട്ട് അനുഭവപ്പെടും. പല മലകൾക്കിടയിൽ കൂടി കടന്നു യാത്ര ചെയ്യുമ്പോൾ ദിക്കുകളും ലക്ഷ്യങ്ങളും തെറ്റുന്നതിന് സാധ്യതകൾ ഏറെയുണ്ട്. രാജൻ മാർക്കോസിന്റെ ക്ഷീണം ഏറിവന്നതിനാൽ അബു അദ്ദേഹത്തെ താങ്ങിയും കൈയ്ക്കുപിടിച്ചും മുമ്പോട്ട്, മുകളിലേക്ക് യാത്ര ചെയ്യുവാൻ സഹായിച്ചു. അച്ചന് ഏറെ ശാരീരിക സുഖം അനുഭവപ്പെട്ടപ്പോൾ വേഗത്തിൽ കുത്തനെയുള്ള മലകയറി മറ്റുള്ളവർ വന്നുചേരുവാൻ കാത്തുനിന്നു. കൂടെ വന്ന തീർത്ഥാടകരുമായി സൗഹൃദത്തിലായി. ഏതാണ്ട് നേരം വെളുക്കാറായപ്പോൾ, രാവിലെ ആറരയ്ക്ക്, ഹോരേബ് കൊടുമുടിയുടെ നെറുകയിൽ എത്തുവാൻ ദൈവം സഹായിച്ചു. **യിസ്രയേൽ മക്കളുടെ വിമോചകനും പ്രവാചകനുമായ മോശ ഈ കൊടുമുടിയിൽ എത്തി ദൈവസന്നിധിയിൽനിന്നും കൽപനകൾ എഴുതിയ കൽപലകകൾ വാങ്ങിയതുൾപ്പെടെയുള്ള പല സംഭവങ്ങളും ഓർത്തു ദൈവത്തെ മഹത്വപ്പെടുത്തി.**

സൂര്യോദയത്തിനു മുമ്പുതന്നെ കൊടുമുടിയിൽ എത്തിയതിനാൽ കുളിർമയുള്ള കാലാവസ്ഥ അനുഭവപ്പെട്ടു. വെയിലുദിച്ചാൽ ആ കുളിർമ മാറും. ഈ കൊടുമുടിയുടെ മുകളിൽ ചെന്നാൽ പരന്ന സ്ഥലം ഒട്ടുംതന്നെയില്ല. കുറച്ചുപേർക്കു മാത്രം കഷ്ടിച്ചു നിൽക്കുവാൻ സാധിക്കും. വശങ്ങളിലുള്ള പാറകളിൽ അള്ളിപ്പിടിച്ചു വേണം നിൽക്കുവാൻ. അവിടെ ഒരു ചെറിയ ചാപ്പൽ കണ്ടു. അതു ഗ്രീക്ക് ഓർത്തഡോക്സ് സഭയുടേതാണ്. അതു തുറന്നിരുന്നില്ല. ഇതിനോടു ചേർന്ന് ഒരു ചെറിയ മുറി മോസ്കായി ഉപയോഗിക്കുന്നു. ആ മോസ്കിൽ ഞങ്ങൾ മൂന്നു പേരും കയറി പ്രഭാത പ്രാർത്ഥനയുടെ ഒരു ഭാഗം ചൊല്ലി. ഈ ചാപ്പലും മുറിയും ഉപരിതലത്തിന്റെ ഭൂരിഭാഗവും എടുത്തിരിക്കുന്നതിനാൽ ചുറ്റും നടക്കുന്നതിനു പ്രയാസമാണ്. മോസ്കിനകത്ത് ഒരു മലയാളം കലണ്ടർ തൂക്കിയിട്ടിരിക്കുന്നതു കണ്ടു. കോഴിക്കോട്ടെ ഒരു കടയുടെ പേരിൽ ഉള്ളതാണ് അത്. അതിൽ അച്ചന്റെയും രാജൻ മാർക്കോസിന്റെയും അബുവിന്റെയും പേരുകൾ കുറിച്ചു.

അവിടെയെത്തിയാൽ രാവിലെ സൂര്യോദയം കാണുന്നത് ഒരു അവിസ്മരണീയമായ അനുഭവമാണ്. മനോഹരമായി ഉയർന്നുവരുന്ന സൂര്യന്റെ ദൃശ്യം മനസ്സിൽനിന്നും മാറുകയില്ല. ഹോരേബിലെ കരിങ്കല്ലുകളിൽ വിള്ളലുകൾ കാണാം. ബ്ലെയിഡ് കൊണ്ട് മുറിച്ചെടുക്കുമ്പോൾ ഉണ്ടാകുന്നതുപോലെയുള്ള കൽപാളികൾ ആണ്. കയറ്റം പോലെ തന്നെ ദുഷ്കരമാണ് ഇറക്കവും. രാത്രിസമയത്ത് നടന്നുകയറിയ വഴികളും മറ്റും പകൽ വെളിച്ചത്തിൽ കണ്ടപ്പോൾ യാത്ര അതിസാഹസവും അപകടം നിറഞ്ഞതുമായിരുന്നു എന്നു തോന്നി. തിരികെ അതിവേഗം ഈ മലകൾ ഇറങ്ങി. യാത്രയിൽ ചില സ്ഥലങ്ങളിൽ ആഹാരവും പാനീയവും ലഭിക്കുന്ന ബൂത്തുകൾ ഉണ്ടായിരുന്നത് ആശ്വാസമായിരുന്നു.

പുറപ്പാട് 34:28 ൽ മോശ നാൽപതു പകലും നാൽപതു രാവും യഹോവയുടെ കൂടെയായിരുന്നു എന്നും നിയമത്തിന്റെ വചനങ്ങൾ ഉള്ള കൽപലകകൾ എഴുതിയതു ഹോരേബിൽ വച്ച് കൊടുത്തു എന്നും തിരുവചനം പറയുന്നു. ആവർത്തനം 9:9, 10 ൽ മോശ പർവ്വതത്തിൽ കയറി നാൽപതു ദിവസം അവിടെ ദൈവസന്നിധിയിൽ താമസിച്ചു എന്നും തിരുവചനം പറയുന്നു. ദൈവസന്നിധിയിൽ എത്തുവാനുള്ള യാത്ര ദുഷ്കരവും സമയം എടുക്കുന്നതുമായിരിക്കും എന്ന് അച്ചൻ ഉറപ്പിച്ചു പറഞ്ഞു. ഒരുപക്ഷെ മോശ നാൽപതു രാവും നാൽപതു പകലും ദൈവസന്നിധിയിൽ ആയിരുന്നു എന്നത് മറ്റൊരു



അർത്ഥത്തിൽ യാത്ര പുറപ്പെട്ടുകഴിഞ്ഞ് ഹോരേബിൽ ദൈവസന്നിധിയിൽ എത്തുന്നതുവരെ മലയിടുക്കുകൾക്കിടയിൽ മോശയ്ക്ക് വഴിതെറ്റി അലഞ്ഞതാകാം എന്ന് അച്ചൻ ഫലിതരൂപേണ പറഞ്ഞു. ഇതൊരു മഹാസാധകന്റെ മഹാ തീർത്ഥാടനമായിരുന്നല്ലോ. യാതൊരു ഗൈഡുമില്ലാതെ മോശ മഹോന്നതനും അജ്ഞേയനുമായ ദൈവത്തെ തേടുകയായിരുന്നല്ലോ. വഴിതെറ്റിയതും ഗതിയറിയാതെ അലഞ്ഞതുമൊക്കെ ആ ആത്മീയാന്വേഷണത്തിന്റെ ഭാഗമായിരുന്നു എന്നാണ് അച്ചന്റെ വ്യാഖ്യാനം. ലക്ഷ്യസ്ഥാനം മുന്നമെ അറിഞ്ഞിരുന്നുവെങ്കിൽ ഇത്രയും ദിവസങ്ങൾ എടുക്കയില്ലായിരുന്നു എന്നു കൂടി അച്ചൻ അഭിപ്രായപ്പെട്ടു. GM

SEND A GIFT SUBSCRIPTION FOR YOUR VICAR

Georgian Mirror launches subsidised subscription scheme for Priests of the Church

വരിസംഖ്യ : 1 വർഷം (4 കോപ്പികൾ തപാലിൽ) ₹ 200/-
3 വർഷം - ₹ 500/- 5 വർഷം - ₹ 800/-
വൈദികർക്ക് : ₹ 130/- 1 വർഷം (80 + 50 പോസ്റ്റേജ്)
3 വർഷം - ₹ 350/-

കൂടുതൽ വിവരങ്ങൾക്ക്
പേജ് 50 കാണുക

മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടങ്ങൾ

■ ഫാ. ഡോ. തോംസൺ റോബി

ലോകത്തിലെ ഒരു വിശ്വാസിസമൂഹത്തെയും കീഴടക്കി ഭരിക്കാൻ തോമാശ്ലീഹ സ്ഥാപിച്ച വിശ്വാസിസമൂഹം ഒരിക്കലും ആഗ്രഹിച്ചിട്ടില്ല. തങ്ങളുടെ വിശ്വാസം ജീവിക്കുന്നതിനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി മാത്രമാണ് അവരുടെ പോരാട്ടം. നിയമവിധേയമായ മാർഗങ്ങളിൽ ആ പോരാട്ടം ഇന്നും തുടരുന്നു.

കർത്തൃശിഷ്യനായ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ മലങ്കര സഭയുടെ സ്വാതന്ത്ര്യവും സമാധാനവും അഭംഗുരം കാത്തു സംരക്ഷിക്കുവാൻ മലങ്കര നസ്രാണികൾ എക്കാലത്തും ശ്രമിച്ചിരുന്നു എന്നത് ചരിത്രസത്യമാണ്. "സ്വാതന്ത്ര്യം തന്നെ അമൃത്" എന്ന് വിവേചിച്ചറിഞ്ഞ നസ്രാണികൾ "ബന്ധനം കാഞ്ചനക്കൂട്ടിലാണെങ്കിലും ബന്ധനം ബന്ധനം തന്നെ പാരിൽ" എന്ന കവി ചിന്തയോട് പൂർണ്ണമായി യോജിക്കുന്നവരായിരുന്നു. "സ്വർണ്ണത്തിന്റെ കൂട്ടിലാണെങ്കിലും കിളിക്ക് അതൊരു ബന്ധനമായിതന്നെ തുടരുന്നു" എന്ന് കവി ഇവിടെ ഓർമ്മിപ്പിക്കുകയാണ്. മലങ്കര സഭയിൽ വിദേശികൾ വന്ന് അവരുടെ ഇഷ്ടം നടത്തുവാൻ ശ്രമിച്ചപ്പോൾ അതിനെതിരെ പ്രതികരിക്കുവാൻ മലങ്കര സഭയ്ക്ക് സാധിച്ചതിന്റെ ഫലമായിട്ടാണ് ഇന്ന് നാം പൂർണ്ണാധികാരമുള്ള ഒരു സഭയായി പരിണമിച്ചത്. ഇതിനിടയിൽ ചില നഷ്ടങ്ങൾ വന്നുപോയിട്ടുണ്ടെങ്കിലും അതൊന്നും അത്ര വലുതായി കരുതുന്നില്ല. **മാർത്തോമ്മൻ പൈതൃകവും മലങ്കരയുടെ തനതായ വ്യക്തിത്വവും കാത്തുസൂക്ഷിക്കുവാൻ വേണ്ടി മലങ്കര മണ്ണിൽ നടന്ന സ്വാതന്ത്ര്യ സമരത്തെപ്പറ്റി നാം അറിയണം.** മലങ്കര സഭ നടത്തിയിട്ടുള്ളതും ഇപ്പോൾ നടക്കുന്നതുമായ വ്യവഹാരങ്ങളും മലങ്കര സഭയുടെ സ്വാതന്ത്ര്യം കാത്തു സൂക്ഷിക്കുവാൻ വേണ്ടിയാണ്. അത് നേടി എടുക്കുവാൻ നടന്ന വഴികളിലൂടെയുള്ള ഒരു പ്രയാണമാണ് ഈ ലേഖനത്തിലൂടെ നടത്തുന്നത്.

1. പോർട്ടുഗീസ് - കത്തോലിക്കാ മേധാവിത്വത്തിനെതിരെയുള്ള (സ്വാതന്ത്ര്യ) സമരം

മലങ്കര സഭയുടെ 16-ാം നൂറ്റാണ്ടുവരെയുള്ള ചരിത്രം വിദേശ ശക്തികളുടെ സ്വാധീനത്തിൽ നിന്നു വേറിട്ടതായിരുന്നു. ആത്മീയ കാര്യങ്ങൾക്ക് പേർഷ്യൻ സഭയുമായി ബന്ധപ്പെട്ടിരുന്നു. എന്നാൽ 1498 -ൽ പോർട്ടുഗീസുകാർ ഇന്ത്യയിലെത്തിയപ്പോഴാണ് ഒരു വിദേശശക്തി ഇവിടെ അവരുടെ നേതൃത്വം അടിച്ചേൽപ്പിക്കാൻ ശ്രമിച്ചത്. മുൻപ് വിദേശീയർ വന്നത് സ്വാർത്ഥലാഭത്തിനായിരുന്നില്ല. 1455ൽ പോർട്ടുഗൽ രാജാവിന് പോപ്പ് നൽകിയ പദ്രുവാദോ (പോപ്പ് Romani Pontifex എന്ന രേഖവഴി പ്രഖ്യാപിച്ച അധികാരം) അനുസരിച്ച് കിഴക്കുള്ള രാജ്യങ്ങളിൽ മിഷണറി പ്രവർത്തനം നടത്താനും മതപ്രചരണം നടത്താനും അവകാശം ലഭിക്കും. (പദ്രുവാദോ = patronage/ രക്ഷാധികാരത്വം) ഈ അധികാരത്തിന്റെ ബലത്തിൽ പോർച്ചുഗീസ് സംഘം ഇവിടെ വരുമ്പോൾ മലങ്കരയിൽ ഒരു ക്രിസ്ത്യൻ സഭയും അതിന് നേതൃത്വം കൊടുക്കാൻ "ജാതിക്കു കർത്തവ്യൻ" അഥവാ അർക്കദിയാക്കോൻ എന്ന ഒരു ശക്തനായ നേതാവും ഉണ്ടായിരുന്നു. സുശക്തവും സംഘടിതവുമായ മലങ്കര സഭയിൽ കത്തോലിക്കാവിശ്വാസം അടിച്ചേൽപ്പിക്കാൻ പോർട്ടുഗീസുകാർ ശ്രമിച്ചു.

1534-ൽ ഗോവ കത്തോലിക്കാ സഭയുടെ ഒരു രൂപതയായി. 1557-ൽ അതിരൂപതയുമായി. മലങ്കര ക്രൈസ്തവ സമൂഹത്തെ പോപ്പിന്റെ കീഴിൽ കൊണ്ടുവരുവാൻ 1567, 1575, 1585, 1592 വർഷങ്ങളിൽ (ഗോവൻ) കൗൺസിലുകൾ കൂടുകയും, അതിനുവേണ്ട തന്ത്രങ്ങൾ മെനയുകയും ചെയ്തു.

സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടങ്ങളെ ഏറ്റവും വിശുദ്ധമായിട്ടാണ് അഭിമാനബോധമുള്ള ഏതു സമൂഹവും കാണുന്നത്

പോർട്ടുഗീസുകാരുടെ വരവിന് മുൻപ് മലങ്കരസഭയുടെ ആത്മീയബന്ധം പേർഷ്യൻ സഭയുമായിട്ടായിരുന്നു എന്ന് ചരിത്രം തെളിയിക്കുന്നു. അപ്പോസ്തോലിക പിൻതുടർച്ചയ്ക്കായി പേർഷ്യൻ ബിഷപ്പുമാരെ ആശ്രയിച്ചിരുന്നു എങ്കിലും മലങ്കര സഭയുടെ സ്വാതന്ത്ര്യം അടിയറ വച്ചിരുന്നില്ല. തദ്ദേശിയനായ അർക്കദിയാക്കോന്റെ നേതൃത്വവും പള്ളിയോഗത്തിന്റെ തീരുമാനപ്രകാരമുള്ള ഭരണവും മലങ്കരയിൽ ജനാധിപത്യത്തിന്റെ ചിന്ത നിലവിലിരുന്നു എന്ന് തെളിയിക്കുന്നു. അർക്കാദിയാക്കോനെ പള്ളിയോഗമായിരുന്നു തിരഞ്ഞെടുത്തിരുന്നത്. 1563-ൽ മുൻപതിവുപോലെ പേർഷ്യയിൽ നിന്ന് അബ്രഹാം മെത്രാൻ മലങ്കരയിലെത്തി എങ്കിലും അദ്ദേഹത്തെ തടവിലാക്കുകയും പീഡിപ്പിക്കുകയും ചെയ്തു. 1597 ൽ മാർ അബ്രഹാം കാലംചെയ്തപ്പോൾ മലങ്കര അർക്കദിയാക്കോനായിരുന്ന ഗീവർഗീസ് അഡ്മിനിസ്ട്രേറ്ററായി. ഗീവർഗീസിനെ മെത്രാനാക്കാൻ മാർ അബ്രഹാം ശ്രമിച്ചെങ്കിലും അദ്ദേഹം അതിനു തയ്യാറായില്ല.

എന്നാൽ പോർട്ടുഗീസുകാരുടെ ശ്രമം മലങ്കരയിൽ റോമൻ കത്തോലിക്കാ സഭയുടേയും അതിലൂടെ പോപ്പിന്റെയും അപ്രമാദിത്വം സ്ഥാപിക്കുക എന്നതായിരുന്നു. അർക്കദിയാക്കോനെ"ആർച്ചുഡീക്കൻ" ആയി തരം താഴ്ത്തി. അതായത് വൈദികന്റെ താഴെയുള്ള സ്ഥാനം മാത്രം. കൂടാതെ മാർ അബ്രഹാമിനെ"നെസ്തോറിയൻ" എന്ന് മുദ്രകുത്തി അപമാനിച്ചു. ഇങ്ങനെ പലവിധത്തിൽ മലങ്കര സഭയെ ഇകഴ്ത്തി റോമൻ കത്തോലിക്കാസഭാ വിശ്വാസം ശക്തി പ്രയോഗിച്ച് മലങ്കരയിൽ നടപ്പിലാക്കാൻ ശ്രമിച്ചതിന്റെ പൂർണ്ണത 1599 -ൽ നടന്ന ഉദയംപേരൂർ സുന്നഹദോസിൽ അവർ നേടിയെടുത്തു. ഗോവയിലെ മെത്രാനായ ആർച്ചു ബിഷപ്പ് ഡോം അലക്സിയോ മെനെസ്സിസ്, (മലങ്കരയിൽ ഒരു സുന്നഹദോസ് വിളിച്ചു കൂട്ടുവാൻ യാതൊരു അവകാശം ഇല്ലാത്ത വ്യക്തി) വിളിച്ചു കൂട്ടിയത് "അസാധുവായ സുന്നഹദോസ്" ആയിരുന്നു എന്ന് ഡോ. തളിയത്തും (Synod of Diamper എന്ന ഗവേഷണത്തിൽ) ഡോ. സേവ്യർ കൂടപ്പുഴയും തെളിയിച്ചിട്ടുണ്ട്.

ഈ അസാധുവായ സുന്നഹദോസിലൂടെ മെനെസ്സിസ് (Menezes) മലങ്കരയിലെ ക്രൈസ്തവസമൂഹത്തെ മുഴുവനായി തന്റെ ശേഷിയും തന്ത്രവും ഉപയോഗിച്ച് റോമൻ പാപ്പായുടെ നുകത്തിൻ കീഴെ ആക്കി. 1599 മുതൽ 1653 വരെയുള്ള 54 വർഷം ഈ നുകം മലങ്കരസഭ ചുമന്നു. ഈ നീണ്ടവർഷങ്ങളിൽ റോമൻ ആധിപത്യത്തിൻ കീഴിൽ മലങ്കരയുടെ സ്വാതന്ത്ര്യം പൂർണ്ണമായി ചവിട്ടിയരയ്ക്കപ്പെട്ടു. ഈ സ്വാതന്ത്ര്യ നിഷേധത്തിന്റെ നേരെ ഉയർന്ന ക്രൈസ്തവ സമൂഹത്തിന്റെ പ്രതിഷേധമായിരുന്നു 1653 ജനുവരി 3-ാം തീയതി നടന്ന കൂനൻകുരിശു സത്യം. ഇതുവഴി "ഇനിമേലാൽ പാപ്പായുടെ അധികാരത്തിന് കീഴ്പ്പെടുകയില്ല മലങ്കര മക്കൾ" എന്ന് സത്യം ചെയ്തു.

പോർട്ടുഗീസിന്റെയും പോപ്പിന്റെയും മേധാവിത്വത്തിനെതിരെ മാർത്തോമ്മാ ക്രിസ്ത്യാനികൾ സംഘടിതമായി നടത്തിയ സ്വാതന്ത്ര്യ പ്രഖ്യാപനമായിരുന്നു കൂനൻകുരിശ്സത്യം. മലങ്കര നസ്രാണികളുടെ മഹത്തായ പാരമ്പര്യങ്ങളെയും അനുഷ്ഠാനങ്ങളെയും അവഗണിച്ച് പാശ്ചാത്യസഭയിലെ അനുഷ്ഠാനങ്ങളും ഭരണരീതികളും അടിച്ചേല്പിക്കുന്നതിനെതിരെ മലങ്കരസഭാ മക്കൾ പ്രകടിപ്പിച്ച ധർമ്മരോഷത്തിന്റെ വ്യക്തമായ പ്രതികരണമായിരുന്നു കൂനൻകുരിശ് സത്യം. **ഈ വിപ്ലവത്തെ "ഇന്ത്യയിലെ ആദ്യ സ്വാതന്ത്ര്യസമരം (first war of Indian Independence)" എന്ന് വിശേഷിപ്പിക്കുന്നു.** ഭാരതമണ്ണിൽ വിദേശിയർക്കെതിരെ ആദ്യമായി നടത്തിയ ഈ വിപ്ലവം മലങ്കര സഭാമക്കളുടെ സ്വാതന്ത്ര്യത്തിനായുള്ള അഭിവാഞ്ചയുടെ പ്രതിഫലനമായിരുന്നു. വിദേശ ശക്തികൾക്കെതിരെ 19-ാം നൂറ്റാണ്ടിൽ പോരാടിയ വേലുത്തമ്പി ദളവയുടേയും പഴശ്ശിരാജയുടേയും മുൻപു തന്നെ (രണ്ട് നൂറ്റാണ്ടുകൾക്ക് മുൻപ്) മലങ്കര നസ്രാണികൾ വിദേശശക്തിക്കെതിരെ പോരാടി വിജയം വരിച്ചു എന്നത് മലങ്കര നസ്രാണികളുടെ സ്വാതന്ത്ര്യദാഹത്തിന് ഉദാഹരണമാണ്. ഈ പൗരാണികത കാത്തു സൂക്ഷിക്കാനുള്ള മലങ്കര മക്കളുടെ പ്രവർത്തനം പിൽക്കാലത്ത് സഭയുടെ വളർച്ചയ്ക്കും വ്യക്തിത്വ വികസനത്തിനും ഇടയാക്കി എന്നാണ് ചരിത്രം സാക്ഷിക്കുന്നത്.

2. നവീകരണശക്തികൾക്കെതിരെയുള്ള (സ്വാതന്ത്ര്യ) സമരം:

1653ന് ശേഷം മലങ്കരയെ നയിച്ച മാർത്തോമ്മാ ഒന്നാമന്റെ സ്ഥാനത്തെ 1665ൽ സ്ഥിരീകരിച്ച ശേഷം മലങ്കരയിൽ തദ്ദേശിയ എപ്പിസ്ക്കോപ്പൽ സമ്പ്രദായം നിലവിൽ വന്നു. 1653 മുതൽ 1817 വരെ 'മാർത്തോമ്മാ' എന്ന സ്ഥാനപേരിൽ ഒൻപത് മെത്രാൻമാർ മലങ്കര സഭയെ നയിച്ചു. 1795ൽ ഇംഗ്ലീഷുകാർ ഡച്ചുകാരെ പൂർണ്ണമായി പുറന്തള്ളി മലങ്കരയിൽ ആധിപത്യം ഉറപ്പിച്ചു. തുടർന്ന് തിരുവിതാംകൂർ റസിഡന്റ് ആയി വന്ന കേണൽ മക്കാളെയും, കേണൽ മൺറോയും മലങ്കര സുറിയാനി ക്രിസ്ത്യാനികളെ സഹായിക്കാനും മറ്റും ഉള്ള കാഴ്ചപ്പാടുള്ളവർ ആയിരുന്നു. അതിൻപ്രകാരമാണ് 1815 -ൽ കോട്ടയത്ത് പഴയസെമിനാരി സ്ഥാപിച്ചത്. ഈ വൈദികപഠിത്ത

വീട്ടിൽ പഠിപ്പിക്കുവാൻ കേണൽ മൺറോയുടെ ക്ഷണം സ്വീകരിച്ചാണ് ആംഗ്ലിക്കൻ ചർച്ചിന്റെ സഹായത്തോടെ ചർച്ച് മിഷൻ സൊസൈറ്റി (CMS) മലങ്കരയിൽ എത്തിച്ചേർന്നത്. 1806ൽ മലങ്കര സന്ദർശിച്ച ക്ലോഡിയസ് ബുക്കാനന്റെ ഇടപെടൽ ഇതിന് സഹായകമായി. അതനുസരിച്ച് 1816ൽ റവ. നോർട്ടണും, റവ. ബഞ്ചമിൻ ബെയ്‌ലിയും 1818-ൽ റവ. ജോസഫ് ഫെന്നും, 1819-ൽ ഹെൻട്രി ബേക്കറും ഈ സെമിനാരിയിൽ അദ്ധ്യാപകരായി ചുമതലയേറ്റു. ജോസഫ് ഫെന്നിനായിരുന്നു സുറിയാനി പട്ടക്കാരെ പഠിപ്പിക്കുന്ന സെമിനാരിയുടെ ഉത്തരവാദിത്വം.

ഈ മിഷണറിമാർ പ്രൊട്ടസ്റ്റന്റ് സഭാ വിശ്വാസികളായിരുന്നതിനാൽ മലങ്കരയിൽ നിലവിലിരുന്ന വിശ്വാസ ആചാരങ്ങളെ ഉൾക്കൊള്ളാൻ അവർക്കു സാധിച്ചില്ല. മറിച്ച് അവരുടെ വിശ്വാസം ഇവിടെ നടപ്പിലാക്കുവാനാണ് ആഗ്രഹിച്ചത്. 1818-ലെ മാവേലിക്കര അസംബ്ലിയിൽ സഭയിൽ നിലനിന്നിരുന്ന ചില ചിന്തകളെപ്പറ്റി സംവാദം നടന്നു. ഇതേ തുടർന്ന് സി.എം.എസ്. മിഷണറിമാരുടെ ശ്രദ്ധ മലങ്കരയിലെ ആത്മീയ കാര്യങ്ങളിലും എത്തിച്ചേർന്നു. 1833-ൽ റവ.ജോസഫ് പീറ്റിന്റെയും റവ. വുഡ്കോക്കിന്റെയും വരവോടെ ഈ ചിന്തകൾ മലങ്കരയിൽ നടപ്പിലാക്കാൻ അവർ ആഗ്രഹിച്ചു. അങ്ങനെ മലങ്കരയിൽ പാലിച്ചുപോന്ന വിശ്വാസത്തിനെതിരായി ചിന്തിക്കാൻ പഠിപ്പിച്ചുതുടങ്ങി. വിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന, മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന, പെരുന്നാൾ ആഘോഷിക്കുന്നതിലുള്ള സാംഗത്യം മുതലായവ ചോദ്യം ചെയ്തു പഠിപ്പിച്ചു. ഇത് മലങ്കര മെത്രാനായിരുന്ന മാർ ദിവന്നാസ്യോസ് നാലാമനും, മിഷണറിമാരും തമ്മിൽ പിരിമുറുക്കം സൃഷ്ടിക്കുകയും ചെയ്തു. 1835ലെ ബിഷപ്പ് വിൽസന്റെ നിർദ്ദേശവും തള്ളപ്പെട്ടു. **1836-ൽ മിഷണറിമാരെ തോല്പിക്കുവാൻ അന്ത്യോഖ്യൻ ബന്ധം മാവേലിക്കര പടിയോലയിലൂടെ നാം അംഗീകരിച്ചു.** ഇത് ഒരു വലിയ സ്വാതന്ത്ര്യപ്രഖ്യാപനമായിരുന്നു. വിദേശിയരായ ആംഗ്ലിക്കൻ സഭ മലങ്കരയെ സ്വാധീനിക്കാൻ ശ്രമിച്ചപ്പോൾ മലങ്കരയിൽ നടന്ന മറ്റൊരു സ്വാതന്ത്ര്യ സമരമായിരുന്നു ഈ പടിയോല.

ഈ സംഭവത്തിനു ശേഷം നവീകരണ വിഭാഗത്തിന്റെ നേതാവ് പാലക്കുന്നത്ത് മാത്യൂസ് സിറിയയിൽ പോയി പട്ടമേൽക്കുകയും പാലക്കുന്നത്ത് മാർ അത്താനാസ്യോസ് എന്ന പേരിൽ മലങ്കരയിൽ എത്തി ഈ നവീകരണ ചിന്തകൾ തുടരുകയും ചെയ്തു. ഇത് ക്രമേണ കോടതി വ്യവഹാരങ്ങളിലേക്ക് പോവുകയും **1889- ലെ റോയൽ കോടതി വിധിയോടെ നവീകരണ വിഭാഗക്കാർ മലങ്കര സഭ വിട്ടുമാറി 'മാർത്തോമ്മാ സഭ' രൂപീകരിക്കുകയും ചെയ്തു.**

മലങ്കരയിൽ ക്ഷണം സ്വീകരിച്ചെത്തിയ വിദേശീയ ശക്തിയെ തുരത്താൻ മലങ്കര മക്കൾ നടത്തിയ രണ്ടാമത്തെ സ്വാതന്ത്ര്യസമരമാണ് നവീകരണക്കാർക്ക് എതിരെയുള്ള മേൽപറഞ്ഞ സമരം. ചില നഷ്ടങ്ങൾ ഒന്നാം സ്വാതന്ത്ര്യസമരത്തിന് ശേഷം ഉണ്ടായതുപോലെ (കുറെ ആളുകൾ മലങ്കര സഭ വിട്ട് കത്തോലിക്കാ സഭയോടു ചേർന്നു) 1889-ലെ വിധിയോടെ ഒരു വിഭാഗം സഭാ മക്കൾ നവീകരണ സഭയോടു ചേർന്നു എന്നുള്ളത് വീണ്ടും നഷ്ടംതന്നെ. തൽഫലമായി മലങ്കര സഭയുടെ ഗതിവിഗതികളെ മറ്റൊരു ദിശയിലേക്ക് നയിച്ചു എന്നത് ചരിത്ര യാഥാർത്ഥ്യമാണ്. ഇവിടെ സ്വാതന്ത്ര്യം നേടുന്നതിൽ നമ്മൾ വിജയിച്ചെങ്കിലും ഒരു ശത്രുവിനെ ജയിക്കാൻ മറ്റൊരു ശത്രുവിനെ ആശ്രയിച്ചതുപോലെയായിത്തീർന്നു. മലങ്കര സഭ അന്ത്യോഖ്യൻ ബന്ധം തേടിയത് പിന്നീട് മൂന്നാം സ്വാതന്ത്ര്യസമരത്തിലേക്ക് നയിക്കുകയാണുണ്ടായത്.

3. അന്ത്യോഖ്യൻ ബന്ധത്തിൽ നിന്നുള്ള മോചനത്തിനായുള്ള (സ്വാതന്ത്ര്യ)സമരം

ആംഗ്ലിക്കൻ സഭയുടെ പിടിയിൽ നിന്ന് മോചനം നേടുവാൻ 1836-ലെ മാവേലിക്കര പടിയോലയിലൂടെ മലങ്കരസഭയ്ക്ക് സാധിച്ചു. എന്നാൽ ഇത് പുതിയൊരു അടിച്ചമർത്തലിന്റെ ആരംഭമായിരുന്നു.

പാലക്കുന്നത്ത് മാർ അത്താനാസ്യോസിന്റെ നവീകരണ ചിന്തകളിൽ സഹികെട്ട് മാർ ദീവന്നാസ്യോസ് നാലാമൻ സ്ഥാനത്യാഗം ചെയ്തു. എന്നാൽ അദ്ദേഹത്തിനുശേഷം മാർ ദീവന്നാസ്യോസ് അഞ്ചാമൻ, 1864-ൽ മാർ യാക്കോബ് ദ്വിതീയൻ പാത്രിയർക്കീസിൽ നിന്ന് മേൽപ്പട്ടസ്ഥാനം സ്വീകരിക്കുകയും അത്താനാസ്യോസിനെതിരെ രാജകീയ വിളംബരം നേടുകയും ചെയ്തു. ഇതേ തുടർന്ന് നവീകരണ വിഭാഗക്കാരിൽ നിന്നും മോചനം നേടുവാനായി പാത്രിയർക്കീസിനെത്തന്നെ മലങ്കരയിലേക്ക് ക്ഷണിക്കുകയും 1875 ജൂൺ 24-ാം തീയതി പത്രോസ് മൂന്നാമൻ മലങ്കരയിൽ എത്തുകയും ചെയ്തു. 1876 ജൂൺ 5ന് മുളന്തുരുത്തി സുന്നഹദോസ് കൂടി മലങ്കരസഭയിൽ പുതിയ ചിന്തകളും പരിഷ്ക്കാരങ്ങളും നടപ്പിലാക്കുകയും ചെയ്തു.

ഇന്ന് നാം നടത്തുന്ന വ്യവഹാരങ്ങളും സഭാ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടമാണ്. അതിനെ ആദരവോടെ കാണണം

എന്നാൽ പുലിക്കോട്ടിൽ ദീവന്നാസ്യോസ് അഞ്ചാമന് ശേഷം 1908-ൽ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മലങ്കര മെത്രാൻ ആയ ശേഷം പാത്രിയർക്കീസുമായി ഉള്ള പ്രശ്നം രൂക്ഷമായി. 1909-ൽ അന്ത്യോഖ്യാ പാത്രിയാർക്കീസ് അബ്ദുള്ള മലങ്കരയിൽ എത്തി. ഇദ്ദേഹം മലങ്കരസഭയുടെ ആത്മീയ-ഭൗതിക അധികാരങ്ങളേയും മററും തന്റെ അധികാരത്തിൻ കീഴിൽ കൊണ്ടുവരാൻ ശ്രമിച്ചു. ഇദ്ദേഹത്തെ മലങ്കര സഭയുടെ വൈദിക ട്രസ്റ്റി കോര മാത്തൻ മല്പ്പാനും ആത്മായ ട്രസ്റ്റി സി.ജെ. കുര്യനും മറ്റും പിൻതാങ്ങി. 1910ൽ എം.ഡി. സെമിനാരിയിൽ കൂടിയ അസ്സോസിയേഷൻ പാത്രിയർക്കീസിന്റെ സകല വാദത്തേയും തള്ളിക്കളഞ്ഞു.

ഇതേതുടർന്ന് പാത്രിയർക്കിസും മലങ്കരമെത്രാനും തമ്മിലുള്ള അഭിപ്രായവ്യത്യാസം ശക്തമായി. 1911 ജൂൺ 8ന് പാത്രിയർക്കിസ് മലങ്കരമെത്രാൻ വട്ടശ്ശേരിൽ തിരുമേനിയെ മുടക്കി. എന്നാൽ ഈ മുടക്ക് മലങ്കര മെത്രാൻ കാര്യമായി സ്വീകരിച്ചില്ല. 1911 ആഗസ്റ്റ് 30ന് ആലുവായിൽ പാത്രിയർക്കിസ് വിളിച്ച മീറ്റിംഗിൽ മലങ്കരയിൽ രണ്ടു വിഭാഗം (മെത്രാൻ കക്ഷിയും ബാവാ കക്ഷിയും) തിരിഞ്ഞുള്ള പോരിന് ഇടയാക്കി. ഈ അവസരത്തിൽ 1911 സെപ്റ്റംബർ 7ന് കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ മീറ്റിംഗിൽ വച്ച് പാത്രിയർക്കീസ് അബ്ദേദ് മശിഹായെ മലങ്കരയിലേക്ക് ക്ഷണിക്കുവാൻ തീരുമാനിക്കുകയും അതിൻപ്രകാരം 1912 ജൂൺ 5ന് അദ്ദേഹം മലങ്കരയിൽ എത്തിച്ചേരുകയും ചെയ്തു. (പത്രോസ് മൂന്നാമന് ശേഷം 1895ൽ അന്ത്യോഖ്യൻ പാത്രിയർക്കീസായി അബ്ദേദു മശിഹാ അവരോധിതനായി എന്നാൽ 1906-ൽ അബ്ദുള്ള മെത്രാൻ പാത്രിയർക്കീസ് ആയി അബ്ദേദ് മശിഹായെ സ്ഥാനഭ്രഷ്ടനാക്കി; രാജകീയ അംഗികാരം നേടുകയും ചെയ്തു. ഇങ്ങനെ പുറത്താക്കി എങ്കിലും അന്ത്യോഖ്യയുടെ പാത്രിയർക്കീസായി അംഗീകരിച്ചാണ് നമ്മൾ അബ്ദേദ് മശിഹായെ മലങ്കരയിലേക്ക് ക്ഷണിച്ചത്. 1915 ൽ രണ്ടു പേരും കാലംചെയ്യുന്നതുവരെ ഈ വടംവലി തുടർന്നുവന്നു.

അബ്ദേദ് മശിഹായുടെ ആഗമനത്തിന് ശേഷം 1912 ആഗസ്റ്റ് 29 ന് കൂടിയ മാനേജിംഗ് കമ്മറ്റിയിൽ വച്ച് മുറിമറ്റത്തിൽ മാർ ഈവാനിയോസിനെ കാതോലിക്ക ആയി തിരഞ്ഞെടുക്കുകയും 1912 സെപ്റ്റംബർ 15ന് നിരണം പള്ളിയിൽ വച്ച് മാർ പൗലോസ് ബസേലിയോസ് ഒന്നാമൻ കാതോലിക്കയായി വാഴിക്കുകയും ചെയ്തു. അന്ത്യോഖ്യൻ ശക്തിയെ തുടച്ചുമാറ്റി കാതോലിക്കേറ്റ് മലങ്കരയിൽ സ്ഥാപിച്ചു.

ഇവിടെ കാതോലിക്കേറ്റ് സ്ഥാപിച്ചതും സ്വാതന്ത്ര്യത്തിന്റെ പ്രതീകമാണ്. വിദേശ ശക്തിയായ അന്ത്യോഖ്യൻ പാത്രിയർക്കീസ് മലങ്കരസഭയുടെ മേൽ അധിപത്യം സ്ഥാപിക്കുവാൻ ശ്രമിച്ചപ്പോൾ അതിനെതിരെ മലങ്കര നസ്രാണികൾ സ്വാതന്ത്ര്യത്തിനായി ശ്രമിക്കുകയും ഇവിടെ ഒരു സ്വയംഭരണ അവകാശമുള്ള സ്വതന്ത്ര കാതോലിക്കേറ്റ് സ്ഥാപിക്കുകയും ചെയ്തു. ഈ സ്വാതന്ത്ര്യത്തിന്റെ ഫലമായാണ് 1934-ൽ സഭയ്ക്ക് ഭരണഘടനയും കാതോലിക്കോസിനേയും മറ്റും വാഴിക്കുന്നതിനും മൂറോൻ കൂദാശ പോലുള്ള ആത്മീയ കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനുള്ള അവകാശം ലഭിച്ചത്. മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനു വിലങ്ങായി പാത്രിയർക്കീസ് നിന്നാലും അതു തെറ്റാണ്. ഇന്നും മലങ്കരമക്കൾ ഈ വിദേശ ശക്തിയെ പൂർണ്ണമായി തുരത്തുവാൻ നടത്തുന്ന ഉദ്യമങ്ങൾ ഈ സ്വാതന്ത്ര്യത്തിന്റെമേൽ നടത്തുന്ന കടന്നുകയറ്റത്തിലുള്ള പ്രതിഷേധത്തിന്റെ പ്രതിഫലനമാണ്.

മലങ്കരസഭയ്ക്ക് സ്വാതന്ത്ര്യം പരമപ്രധാനം

മലങ്കര സഭയുടെ മേൽ വിദേശശക്തികൾ തങ്ങളുടെ അധിനിവേശം ഉറപ്പിക്കാൻ ശ്രമിച്ചപ്പോഴൊക്കെ അതിനെതിരെ ശക്തമായി പ്രതിരോധിക്കുവാൻ മലങ്കര നസ്രാണികൾ ശ്രമിച്ചിട്ടുണ്ട്. പോർച്ചുഗീസ് കത്തോലിക്കാ ശക്തിയിൽ നിന്നും, നവീകരണമിഷണറിമാരുടെ സ്വാധീനത്തിൽ നിന്നും അന്ത്യോഖ്യൻ ബാന്ധവത്തിൽ നിന്നും, മോചനം നേടുവാൻ മലങ്കര സഭയ്ക്ക് കഴിഞ്ഞത് സ്വാതന്ത്ര്യത്തിന്റെ ആഗ്രഹഫലമായിട്ടായിരുന്നു. ഈ സഭയുടെ സ്വാതന്ത്ര്യത്തെ ആർക്കും അടിയറവു വെക്കുവാൻ മലങ്കര മക്കൾ ഒരിക്കലും തയ്യാറല്ല.

ഈ സ്വാതന്ത്ര്യത്തിന്റെ പൂർണ്ണതയാണ് ഇന്ന് മലങ്കരയിൽ നിലകൊള്ളുന്ന സ്വതന്ത്ര കാതോലിക്കേറ്റ്. ഇന്നും മലങ്കരയുടെ മേലുള്ള പാത്രിയർക്കീസിന്റെ കടന്നുകയറ്റത്തെ ഇന്നല്ലെങ്കിൽ നാളെ മലങ്കര സഭ അതിജീവിക്കും എന്നതിൽ സംശയമില്ല. ഈ സഭയുടെ **സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും ആധികാരികതയും കവർന്നെടുക്കാൻ ഒരു വിദേശ ശക്തിയേയും അനുവദിക്കുകയില്ല എന്ന് മലങ്കര മക്കൾ സാക്ഷിക്കണം.** അതിനായുള്ള ഇന്നത്തെ എല്ലാ പ്രവർത്തനങ്ങളിലും നമുക്ക് കൈത്താങ്ങുകളായി നിലകൊള്ളാം.

സി.പി. ചാണ്ടിസാർ: മലങ്കരസഭയുടെ സ്വർഗ്ഗീയ വരദാനം

■ അജോയി ജേക്കബ് ജോർജ്

പരിശുദ്ധ സഭയുടെ ആരാധനാവർഷത്തിലെ പ്രാർത്ഥനാനിബദ്ധമായ ആത്മീയതീർത്ഥയാത്രയ്ക്കായി ദിവ്യയാനപാത്രം രൂപപ്പെടുത്തിയിരിക്കുന്നത് ആദിമപിതാക്കന്മാരുടെ പ്രാർത്ഥനകളാലും ആരാധനാഗീതങ്ങളാലും ആണ്. ഞായറാഴ്ചകൾ ഉൾപ്പടെയുള്ള ആ ദിവ്യദിനങ്ങളിലെല്ലാം സ്വർഗ്ഗത്തിലെ ആരാധനയ്ക്ക് സമാനമായി നമ്മുടെ ആരാധനകൾ ഉയരുന്നുവെങ്കിൽ, ഏറ്റം ഉചിതമായ രചനകൾ കൊണ്ട് അതിന് അസ്ഥിവാരമിട്ട വ്യക്തിയെ - പ്രത്യേകിച്ച്, പുരോഹിതസ്ഥാനിയല്ലാത്ത ഒരു വ്യക്തിയെന്നതിനാലും, ആരാധനാഗീതങ്ങൾക്ക് അദ്ദേഹത്തിന്റെ കരസ്പർശം മൂലം കൈവന്ന അർത്ഥസംപുഷ്ടിയും അവയുളവാക്കുന്ന ആത്മശാന്തിയും കണക്കിലെടുക്കുമ്പോൾ - ഒരിക്കലും വിസ്മൃതിയുടെ ആഴങ്ങളിലേക്ക് തള്ളിക്കളഞ്ഞുകൂടാത്തതാണ്. എന്തുകൊണ്ടോ ഓരോ വർഷവും മെയ് 4നോ ശേഷമോ വരുന്ന ആദ്യ ഞായറാഴ്ചയിൽ വി. കുർബ്ബാനയിലും ധൂപാർപ്പണത്തിലും മാത്രമുള്ള ഓർമ്മയായി ചുരുക്കപ്പെട്ടിരിക്കുന്നു ആ 'കുറിയ,' വലിയ മനുഷ്യൻ - സഭാകവി സി.പി. ചാണ്ടിസാർ - എന്നത് സഭാംഗങ്ങളായ ഓരോരുത്തരെയും ഇരുത്തിചിന്തിപ്പിക്കേണ്ടതാണ്.

മലങ്കരസഭയുടെ അമൂല്യരത്നങ്ങളിൽ ഒന്നായ സി.പി. ചാണ്ടിസാർ, സഭ ഒന്നാകെ അറിഞ്ഞിരിക്കേണ്ടതായ ഒരു അതുല്യവ്യക്തിത്വമാണ്. ചാണ്ടിസാറിന്റെ അനുഗ്രഹീത കവനവൈഭവവും, മാറ്റ് തെളിയിച്ചെടുത്ത ഭാഷാന്തരീകരണ പാടവവും ഒന്നുകൊണ്ടു മാത്രമാണ് ഇന്ന് വി. കുർബ്ബാനവേളകളിലും മറ്റ് കൂദാശകളിലും കാതുകൾക്കും മനസ്സുകൾക്കും മാധുര്യവർഷമാകുന്ന, ആരാധനാഗാനശേഖരം നമുക്കേവർക്കും അനുഭവവേദ്യമായത് എന്ന് അടിവരയിട്ട് പറയേണ്ട കാര്യമാണ്.



മണിമലയാറും പമ്പയാറും ഫലഭൂയിഷ്ഠമാക്കിയ വെണ്ണിക്കുളം എന്ന, കാർഷിക ഗ്രാമത്തിൽ ചാലക്കുന്നേൽ ഫിലിപ്പോസ് ഉപദേശിയുടെയും അക്കാമ്മയുടെയും മകനായി കൊല്ലവർഷം 1091 കുംഭം 13 ന് (**1916 ഫെബ്രുവരി**) ചാണ്ടി ജനിക്കുമ്പോൾ മലങ്കര ഓർത്തഡോക്സ് സഭയ്ക്കും ഓർത്തഡോക്സ് ആരാധനാസംഗീതശാഖയ്ക്കും ഒരു വരദാനം ആകുവാൻ നിയോഗിക്കപ്പെട്ടവൻ ആകുന്നു എന്ന് ആരും ചിന്തിച്ചു കാണില്ല.

മാതൃഭാഷയോടുള്ള തന്റെ തീവ്രമായ താൽപര്യംമൂലം, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിലെ മലയാളം അദ്ധ്യാപകനായി ചാണ്ടിസാർ ചുമതലയേൽക്കുകയായിരുന്നു. അദ്ദേഹത്തിന്റെ അദ്ധ്യാപനശുശ്രൂഷ ഒരു യഥാർത്ഥ ദൈവനിയോഗമായതിനാലാകാം, അതേ സമയത്തുതന്നെ, സഭയുടെ ഭാവിമഹാരഥന്മാരിലൊരാളായ വി.കെ. മാത്യൂസിനെ കണ്ടുമുട്ടാൻ കഴിഞ്ഞത്. വേദശാസ്ത്രം പഠിപ്പിക്കുവാനായി സെമിനാരിയിൽ നിയോഗിക്കപ്പെട്ട വി.കെ. മാത്യൂസ്, പിന്നീട് മാത്യൂസ് അച്ചനായും മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാതിരുമേനിയായും പ്രശസ്തിയാർജ്ജിച്ചതിനെപ്പറ്റി നമുക്കറിയാം. മേൽപ്പറഞ്ഞ രണ്ടു സഭാസ്നേഹികൾ തമ്മിലുള്ള സമാഗമം, പരിശുദ്ധസഭയ്ക്ക് അക്ഷരാർത്ഥത്തിൽ അനുഗ്രഹകരമായി തീർന്നു. കാരണം, ഇരുവരും ചേർന്ന് സുറിയാനിയിലുള്ള പ്രാർത്ഥനകൾക്കും ഗീതങ്ങൾക്കും ഉചിതമായ മലയാള പദപ്രയോഗങ്ങൾ കണ്ടെത്തി, മലയാളം കുർബ്ബാനക്രമത്തിനും കൂദാശക്രമങ്ങൾക്കും രൂപവും ഭാവവും നൽകുകയായിരുന്നു. സുറിയാനി ഭാഷയിൽ വി.കെ. മാത്യൂസ് അച്ചന്റെ അവഗാഹം, ഗീതങ്ങളുടെ ശരിയായ അർത്ഥം ചാണ്ടിസാറിന് ബോദ്ധ്യപ്പെടുത്തി നൽകുന്നതിനും, അദ്ദേഹത്തിന് അത് മാതൃഭാഷയിലെ ശ്രേഷ്ഠരചനകൾ ആയി സമർപ്പിക്കുന്നതിനും വഴിമരുന്നിട്ടു എന്ന് പറയുന്നതാവും കൂടുതൽ ശരി. മാത്യൂസ് അച്ചനിൽനിന്ന് കേൾക്കുന്ന വാക്കുകൾക്കും അർത്ഥങ്ങൾക്കും നേരിട്ട് കാവ്യരൂപം നൽകുക എന്ന എളുപ്പവഴിയെക്കാളും താരതമ്യേന ശ്രമകരവും സമയദൈർഘ്യം കൂടുതൽ വേണ്ടിവരുന്നതുമായ ഭാഷാന്തരീകരണശൈലിയാണ് ചാണ്ടിസാർ തെരഞ്ഞെടുത്തത്. **തന്റെ മാതൃസഭയ്ക്ക്വേണ്ടി ഏതറ്റംവരെയും പോയി അദ്ധ്വാനിക്കുവാനുള്ള അദ്ദേഹത്തിന്റെ സന്നദ്ധതയും സമർപ്പണമനോഭാവവും, അതിന് വർദ്ധിത പ്രചോദനമായി കോർത്തിണക്കപ്പെട്ട ദൈവകൃപയും ചേർന്നപ്പോൾ,** വി. കുർബ്ബാനക്രമത്തിന്റെ പൂർണ്ണവിവർത്തനം 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

ചാണ്ടിസാറിന്റെ വൈദികസെമിനാരിയിലെ അദ്ധ്യാപനവും താമസവും 3 വർഷം മാത്രമേ നീണ്ടുനിന്നുള്ളുവെങ്കിലും തുടർന്നുള്ള പ്രവർത്തനമേഖലയും പ. സഭയ്ക്ക് അനുഗ്രഹത്തിന്റെ സദ്ഫലങ്ങൾ പൊഴിയുവാൻ കാരണമായി. ഇരുപതുകളുടെ അന്ത്യത്തിൽ എത്തിയ ഒരു യൗവ്വനക്കാരൻ ആയാണ് സെമിനാരിവാസം തുടങ്ങിയതെങ്കിലും ആ ഹ്രസ്വകാലംകൊണ്ട്, മുപ്പതുകളിലേക്ക് കടക്കും മുൻപ്തന്നെ തിരുഹിതാനുസരണം വി. കുർബ്ബാനഗീതങ്ങൾ പൂർത്തീകരിക്കുക എന്ന ദൈവനിയോഗം സാക്ഷാത്കരിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ജീവിതത്തിലെ നിർണ്ണായകമായ യൗവ്വനകാലത്ത് വ്യക്തിപരമായ കാര്യങ്ങൾ സ്വന്തം സഭയ്ക്കായി ബലികഴിക്കുന്നതിലും വലുതല്ല ഉദ്യോഗം, പദവി, സ്വത്ത് മുതലായ നേട്ടങ്ങൾ എന്നും അവയോട് ആവശ്യത്തിന് മാത്രം അടുപ്പം സൂക്ഷിക്കുന്നുവെങ്കിൽ മറ്റെല്ലാം ദൈവംതമ്പുരാൻ നടത്തിക്കൊള്ളും എന്നും അദ്ദേഹത്തിന്റെ ആത്മാവ് ഇന്നത്തെ തലമുറയോട് മന്ത്രിക്കുന്നുണ്ടാകണം. ഭാഗ്യസ്മരണീയനായ പുത്തൻകാവ് കൊച്ചുതിരുമേനി, പുത്തൻകാവിൽ മെട്രോപ്പൊലീത്തൻ ഹൈസ്ക്കൂൾ തുടങ്ങുന്ന വേളയിൽ ചാണ്ടിസാർ അവിടെ അദ്ധ്യാപകനായി ജോലിചെയ്യണമെന്ന തിരുമേനിയുടെ ആജ്ഞയെ ശിരസാവഹിക്കുകയും പിന്നീട് കാതോലിക്കേറ്റ് ഹൈസ്ക്കൂൾ പത്തനംതിട്ടയിൽ ആരംഭിച്ചപ്പോൾ അവിടേക്ക് അദ്ദേഹം മാറ്റിനിയമിക്കപ്പെടുകയും ചെയ്തു. അഭിവന്ദ്യ പുത്തൻകാവ് തിരുമേനി ദീർഘവീക്ഷണത്തോടെ ഒരു ആശ്രമമാക്കി വളർത്തണം എന്ന ഉദ്ദേശ്യത്തിൽ, കർത്താവിന്റെ 12 അപ്പോസ്തോലന്മാരുടെ എണ്ണത്തിനൊത്തവണ്ണം 12 അന്തേവാസികൾക്ക് താമസിക്കുവാൻ അടിസ്ഥാനമിട്ട് നിർമ്മിച്ച ദയറാ നാലുകെട്ടിന്റെ ആദ്യകാല അംഗവും അന്തേവാസിയുമായിരുന്നു ചാണ്ടിസാർ. ദയറാംഗമായിരുന്ന 32-ാം വയസ്സ് മുതൽ കാതോലിക്കേറ്റ് സ്കൂളിൽനിന്ന് പിരിഞ്ഞശേഷവും ഏകദേശം 90-കളുടെ തുടക്കംവരെയെങ്കിലും അവിടുത്തെ അന്തേവാസിയായിരുന്ന ഏക അയ്മേനി ചാണ്ടിസാർ മാത്രം ആയിരുന്നു. പുരോഹിതസ്ഥാനികളോ അതിനായി ഒരുങ്ങുന്നവരോ മാത്രം താമസിച്ചിരുന്ന രീതിയ്ക്ക് വ്യത്യസ്തമായി, ഒരു പ്രത്യേക സ്ഥാനം ചാണ്ടി സാറിന് സഭ നൽകിയിരുന്നതുകൊണ്ട് കൂടിയാണിത്.

മണ്ണിൽനിന്നും മനുഷ്യനെ മെനഞ്ഞെടുത്ത ദൈവത്തിന്റെ സാന്നിദ്ധ്യം അചേതനവസ്തുക്കളിൽപോലും തേജസ്സോടെ വിരാജിക്കുന്നത് ദർശിക്കുവാൻ ബഹു. ചാണ്ടിസാറിന് കഴിഞ്ഞിരുന്നു. നിശ്ചേതനത്വം ദ്യോതിപ്പിക്കുന്ന കല്ലറകളും ഗിരിശൃംഗങ്ങളും ദൈവസാന്നിദ്ധ്യം തിരിച്ചറിഞ്ഞ്, ശ്രേഷ്ഠസൃഷ്ടിയായ മനുഷ്യനെക്കാളും ശ്രേഷ്ഠമായി നിലകൊള്ളുന്നതായി താഴെപറയുന്ന ഗീതങ്ങളിൽ അദ്ദേഹം നമുക്ക് ദൃശ്യവൽക്കരിച്ചുനൽകുന്നു:-

ഋതുമതിക്കൾക്കിരുളിൽ ദ്യുതി ഉളവായി
ദ്യുതി ഉദയം ചെയ്തെൻ കർത്താവേ
കൂരിരുൾ നീങ്ങുമ്പോൾ നിന്നെ
കൂപ്പുന്നു ഗഗനം ധരയെന്നീ
ദ്രുതമുണ്ടായൊരു സോദരിമാർ.....

പ. വിവാഹകൂദാശയിലെ "ഏദൻതോട്ടം നട്ടോനേ....," "സുന്ദരികളിലതി സുന്ദരി നീ...," "..... വിനയം, മാനം, പതിഭക്തി എൻപ്രിയ തന്നുടെ മൂടുപടം" എന്നിങ്ങനെ മനസ്സിനെയും ആത്മാവിനെയും മധുരിപ്പിക്കുന്ന പ്രശസ്തവും മനോജ്ഞവുമായ വരികൾ ഒരു നിത്യബ്രഹ്മചാരിയായ ചാണ്ടിസാറിന് എങ്ങനെ എഴുതാൻ കഴിഞ്ഞു എന്ന് അതിശയിക്കുന്നവരുണ്ട്. എന്നാൽ യേശുക്രിസ്തുവെന്ന നിത്യമണവാളന് തന്റെ മണവാട്ടിയായ വി. സഭയോടുള്ള സ്നേഹവും പ്രേമവും വിവാഹിതരാകുന്ന മണവാളനും മണവാട്ടിയുമുൾപ്പെടെയുള്ളവരിലേക്ക് പകർന്ന് നൽകുക എന്ന ദൗത്യം, ചാണ്ടിസാറിന് മാത്രം സാദ്ധ്യമായ അനായാസതയോടെ അദ്ദേഹം നിർവ്വഹിച്ചു എന്ന് മാത്രമേ പറയാൻ കഴിയൂ. ഉത്തമഗീതത്തിൽ എന്ന ജ്ഞാനിയായ ശലോമോൻ രേഖപ്പെടുത്തിയിരുന്നതിന്റെ ആന്തരാർത്ഥം മശിഹായ്ക്ക് തന്റെ പ്രാണപ്രിയയായ സഭയോടുള്ള സ്നേഹം തന്നെ ആണെന്ന് ഈ വരികൾ വ്യക്തമാക്കുന്നു. വി. കുർബാനക്രമത്തിലെ ഗീതങ്ങൾക്കുശേഷം ചാണ്ടിസാർ ശ്രമിച്ചത് 'ഹൂത്തോമ്മോ' ഗാനങ്ങൾ വിവർത്തനം ചെയ്യുവാനായിരുന്നു. കുർക്കുമാ ദയറായിലെ പഠനംകൊണ്ട് പ. ഔഗേൻബാവാ തിരുമേനി സ്വായത്തമാക്കിയ, ഘനമേറിയ പ്രാചീനസുറിയാനിയിൽ നിന്നായിരുന്നു മലയാള ഭാഷാന്തരീകരണം നടത്തേണ്ടിയിരുന്നത് ആ ദൗത്യവും ചാണ്ടിസാർ പൂർത്തിയാക്കിയത് മലങ്കരസഭയ്ക്ക് അഭിമാനാർഹമായ രത്നശോഭ പ്രസരിപ്പിക്കുന്ന പല അമൂല്യഗാനങ്ങളും സമ്മാനിച്ചുകൊണ്ടായിരുന്നു. സുറിയാനിഗീതങ്ങളിലെ ഒരുവരി, ചാണ്ടിസാറിന്റെ വിവർത്തനത്തിനു

ശേഷം നാലുവരികളുടെ ദൈർഘ്യമുള്ളതായെങ്കിലും, ഗീതങ്ങളുടെ അന്തിമരൂപത്തിൽ അവ അർത്ഥഭംഗിയിൽ കുറവോ, വിരസതയുളവാക്കുന്നതോ ആയി തോന്നിയില്ലെന്ന് മാത്രമല്ല, ചാണ്ടിസാറിന്റെ കരസ്പർശത്താൽ അവ കൂടുതൽ മനോഹാരിതയുള്ളതായി മാറുകയും ചെയ്തു. "പരമോന്നതാം പദമതിലമരും പരനാം ദേവാ..." അവയിൽ ഒന്നുമാത്രമാണ്.

ഞങ്ങളുടെയൊക്കെ സ്കൂൾ - കോളേജ് വിദ്യാഭ്യാസകാലഘട്ടത്തിൽ, സൺഡേ സ്കൂൾ - ബാലസമാജം - OVBS പഠനവേളകളിൽ ചാണ്ടിസാറിനെ ദൂരെ കണ്ടും, സമീപത്തുനിന്ന് കേട്ടും അന്ന് പ്രാധാന്യം മനസ്സിലാക്കാൻ കഴിയാതെപോയ അനിതരസാധാരണമായ കഴിവുകൾക്കുടമയാണ് അദ്ദേഹമെന്ന് ക്രമേണ മനസിലാക്കുവാൻ സാധിച്ചു. ജന്മസിദ്ധമായ കഴിവുകൊണ്ട് കവിയായിരുന്ന അദ്ദേഹം പ്രസംഗങ്ങൾക്കും സംഭാഷണങ്ങൾക്കുമിടെ വാഗ്ശകലങ്ങൾ നർമ്മോക്തികളുമായി ഉചിതമായ അളവിൽ കോർത്തിണക്കി, നിമിഷകവിതകളുടെ അകമ്പടിയോടെ ശ്രദ്ധയോ പ്രാധാന്യമോ ലഭിക്കാതെ കിടന്നിരുന്ന വിഷയങ്ങളിലേക്ക് ആബാലവൃദ്ധം കേഴ്‌വിക്കാരുടെയും ശ്രദ്ധ കേന്ദ്രീകരിപ്പിക്കുവാൻ സവിശേഷമായ കഴിവുള്ളയാളായിരുന്നു. തുമ്പമൺ ഭദ്രാസനത്തിലെ എല്ലാ ആത്മീയപ്രസ്ഥാനങ്ങളുടെയും വാർഷികയോഗങ്ങളിലും, മറ്റ് ഭദ്രാസനങ്ങളിൽ പ്രത്യേക ക്ഷണിതാവായും 80-കളുടെ അന്ത്യംവരെ അതീവതാൽപര്യത്തോടെ ചാണ്ടിസാർ പങ്കെടുക്കുകയും സ്വതസിദ്ധമായ ശൈലിയിൽ പ. സഭയുടെ (ഇന്ന് നാം പലയിടങ്ങളിലും കാണുന്ന സ്വയം പുകഴ്ചാശൈലിയിലല്ല) അകവും പുറവും പ്രശോഭിതമാക്കുവാനും തന്മൂലം യേശുക്രിസ്തുവിന്റെ നാമം മഹത്വപ്പെടുത്തുവാനുമായി അദ്ദേഹം യത്നിച്ചിരുന്നു. പ്രഗത്ഭനായ ഒരു അദ്ധ്യാപകൻകൂടിയായിരുന്നു ചാണ്ടിസാർ; ഒരു ഉത്തമ അദ്ധ്യാപകൻ തന്റെ പാഠ്യവിഷയം ശിഷ്യരിലേക്ക് ആഴ്ന്നിറങ്ങാൻ എന്തൊക്കെ ഒരേ സമയം ആയിരിക്കണം - വിദ്യാർത്ഥി, ഫലിതപ്രിയൻ, ഗായകൻ, കവി, സർവ്വോപരി ദൈവത്തെ ഉപാസിക്കുന്ന ഒരു ഭക്തൻ - എന്ന് തന്റെ ക്ലാസ്സുകൾ വഴി അദ്ദേഹം തെളിയിച്ചു. അദ്ദേഹത്തിന്റെ സംഭാഷണശകലങ്ങളിൽ ഓർമ്മയിൽ മായാതെ നിൽക്കുന്ന ചിലത് മാത്രം താഴെ പങ്കുവയ്ക്കുന്നു.

സൺഡേസ്കൂൾ പ്രസ്ഥാനം ഡയറക്ടർ ആയിരുന്ന ദാവീദച്ചൻ രൂപംകൊടുത്ത 'ഒരണാ-പിരിവ്' സൺഡേസ്കൂൾ അദ്ധ്യാപകരെ കേന്ദ്രീകരിച്ച് നടത്തുന്നതിനെസംബന്ധിച്ച് അദ്ദേഹത്തിന്റെ വരികൾ.

(പൗലോസ് ശ്ലീഹാ..... എന്ന രീതി)

ധന്യൻ ദാവീദച്ചൻ ചൊൽകേട്ടേനിതേവം
'ഒരണാ-പിരിവി'ലൊരണുപോലും പ്രിയരേ നിങ്ങളമക്കരുതേ
മാനവനെങ്കിലുമാവാദ്ധ്യാർ താനേൽക്കും സഭയിൻശാപം
പിരിവുകളനവധി അനിശമഹോ സഭയിലുദിച്ചു പരക്കുന്നു
കുട്ടികളുടെ പിരിവിൽ പൈസാ വെട്ടിച്ചിടാത്തോൻ - ധന്യൻ

മറ്റൊരു വിദ്യാർത്ഥിപ്രസ്ഥാനം യോഗത്തിൽ ബഹു. ചാണ്ടിസാറിന്റെ നാവിൻതുമ്പിൽനിന്ന് നേരിട്ട് കേട്ട മറ്റൊരു രചന (ഭൂവിലശേഷം...... എന്ന രീതി)

ഭൂവിലശേഷം
സാത്താനാൽ പ്രേരിതരായ ഭൂതത്താന്മാർ
മാപ്പിളമാരിടയിൽ
ഭൂതലസീമയതോളം നൽ-ഏടാകൂടം
കൈക്കൊൾവോർക്കൊക്കെയെഴും നേട്ടമിതെന്നറിയിച്ചു
നരകമഹാ - രാജ്യം

അദ്ദേഹത്തിന്റെ അപ്രകാശിതമായ രചനകളുടെ വളരെ ചെറിയ ഒരു പരിച്ഛേദം മാത്രമാണ് ആ ബഹുമുഖപ്രതിഭയെ വർത്തമാനകാലം അറിയുവാൻ വേണ്ടി ചേർത്തത്.

മുകളിൽ പരാമർശിച്ചതുപോലെ, ആത്മീയപ്രസ്ഥാനങ്ങളിൽ പ്രധാനമായും ബാലസമാജം അദ്ദേഹത്തിന്റെ പ്രത്യേക പ്രീതിക്ക് പാത്രമായിരുന്നു; അതിനാലാകാം അദ്ദേഹം പങ്കെടുക്കാത്ത ബാലസമാജം യോഗങ്ങൾ കുറവായിരുന്നു; തുമ്പമൺ ഭദ്രാസനത്തിലെ ബാലസമാജത്തിന്റെ ആദ്യ ജന. സെക്രട്ടറിമാരിലൊരാളായ സാറിന് അങ്ങനെയാവാതിരിക്കാൻ പറ്റുകയുമില്ലല്ലൊ! ബേസിൽ ദയറായുടെ സമീപവാസികളായ ആരും സാക്ഷിയായിരുന്ന ഒരു സ്ഥിരം കാഴ്ചയായിരുന്നു ദയറാ നാലുകെട്ടിന് ചുറ്റിലും ഇന്നത്തെപ്പോലെ വികസിച്ചിട്ടില്ലാത്ത പത്തനംതിട്ട ടൗൺ വരെയും നിശ്ശബ്ദനായി, മിക്കപ്പോഴും താഴേക്ക് നോക്കി, മറ്റ് വഴിയാത്രക്കാർക്ക് മുഖം കൊടുക്കാതെ ജൂബ്ബായിലും മുണ്ടിലും നടന്നിരുന്ന ചാണ്ടിസാറിന്റെ ചിത്രം. ഉള്ളിൽനിന്നും പൊന്തുന്ന ചെറുതും വലുതുമായ കവിതകൾക്ക് ഊർജ്ജദായകമായ, ചില ചെത്തിമിനുക്കലുകൾ നടന്നുകൊണ്ടിരുന്ന ഒരു സൂതികാഗൃഹമായിരുന്നിരിക്കാം ആ നിശ്ശബ്ദഗമനസമയങ്ങളിൽ അദ്ദേഹത്തിന്റെ മനസ്സ്. അങ്ങനെ ജന്മം നൽകപ്പെട്ടവയെല്ലാം താൻ ഭാഗമായിരുന്ന സഭയ്ക്കും സമൂഹത്തിനും പ്രതിഫലേച്ഛയില്ലാതെ സമർപ്പിക്കുവാൻ അദ്ദേഹം സന്നദ്ധനായിരുന്നു. അക്ഷരനഗരിയായ കോട്ടയത്തോടും പഴയസെമിനാരിയോടും വിടപറഞ്ഞ് ബേസിൽ ദയറാ അന്തേവാസിയായി മാക്കാംകുന്നിൽ താമസമായ ആദ്യനാളുകളിൽ അദ്ധ്യാപനത്തോടൊപ്പം അദ്ദേഹം ഒരു സ്ലീബാ ദാസൻ ആയും പ്രവർത്തിച്ചിരുന്നു. ഭാഗ്യസ്മരണീയനായ അഭിവന്ദ്യ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ എന്ന താപസശ്രേഷ്ഠൻ, താൻ ഉപയോഗിച്ച 'പാദരക്ഷകൾ കൊണ്ട് ധൂർത്തനായി' സഞ്ചാരസുവിശേഷദൗത്യത്തിന്റെ പ്രാധാന്യം സഭയെ ബോദ്ധ്യപ്പെടുത്തിക്കൊണ്ട് രൂപീകരിച്ച സ്ലീബാദാസസമൂഹം (1924) തുമ്പമൺ ഭദ്രാസനത്തിൽ മാക്കാംകുന്ന്, തോട്ടുപുറം ഇടവകകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചപ്പോൾ തന്റെ ജോലിസമയം കഴിഞ്ഞ് അധഃസ്ഥിതരുടെ കുടിലുകൾ സന്ദർശിക്കുവാനും യേശുക്രിസ്തുവിന്റെ സുവിശേഷം പ്രചരിപ്പിക്കുന്നതിനും ചാണ്ടിസാർ മുന്നിട്ടിറങ്ങിയിരുന്നു. ഭാഗ്യസ്മരണീയനായ അഭിവന്ദ്യ ഫിലിപ്പോസ് മാർ യൗസേബിയോസ് തിരുമേനി തുമ്പമൺ ഭദ്രാസനത്തിൽ സഹായമെത്രാപ്പോലീത്തായായി സ്ഥാനമേറ്റവേളയിൽ അദ്ദേഹത്തെ 'നിസ്സഹായ മെത്രാപ്പോലീത്താ' എന്ന് സംബോധനചെയതതുമുൾപ്പെടെ പല പ്രമുഖരും അദ്ദേഹത്തിന്റെ സന്ദർഭോചിത പ്രയോഗങ്ങളിലെ നർമ്മശരങ്ങൾ ഏൽക്കേണ്ടി വന്നതിനെപറ്റി കേൾക്കാൻ കഴിഞ്ഞിട്ടുണ്ട്.

ലൗകീകമായ യാതൊരു നേട്ടങ്ങളും ലക്ഷ്യമിടാതെ സഭയോടുള്ള സമർപ്പണത്തിന്റെ പേരിൽ മാത്രം സഭാനേതൃനിരയിലെ മിക്കവാറും എല്ലാവരോടും ചാണ്ടിസാർ സെമിനാരി വാസകാലം മുതൽ തന്നെ നല്ല ബന്ധം സൂക്ഷിച്ചിരുന്നു. വാർദ്ധക്യത്തിലെ വിശ്രമകാലത്തിനിടെ അദ്ദേഹത്തിന്റെ ജീവചരിത്രം പ്രസിദ്ധപ്പെടുത്തിയതുൾപ്പെടെയുള്ള കാര്യങ്ങൾ സഭാനേതാക്കന്മാരുടെ മനസ്സുകളിലെങ്കിലും അദ്ദേഹം വിസ്മൃതിയിലായിരുന്നില്ല എന്നതിന്റെ തെളിവായിരുന്നു. പരിശുദ്ധ ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാതിരുമേനിയാണ് അദ്ദേഹത്തിന് **'മലങ്കരയുടെ അപ്രേം'** എന്ന സ്ഥാനം നൽകിയതെങ്കിൽ മാത്യൂസ് പ്രഥമൻ ബാവായും ഔഗേൻബാവായുമാണ് യഥാക്രമം ആരാധനാക്രമവും ഹൂത്തോമ്മോഗീതങ്ങളും വിവർത്തനം ചെയ്യാൻ അദ്ദേഹത്തെ ചുമതലയേൽപിച്ചത്. ചാണ്ടിസാറിന് അടുത്ത ബന്ധമുണ്ടായിരുന്ന എം.സി. കുറിയാക്കോസ് റമ്പാൻ ആയിരുന്നു അദ്ദേഹത്തെപ്പറ്റി ആദ്യമായി **'സമുദായകവി'** എന്ന് പരാമർശിച്ചത്. 1964-ൽ പ. ഔഗേൻബാവാ അദ്ദേഹത്തെ 'സഭാകവി' എന്ന സ്ഥാനം നൽകി ആദരിച്ചു. ജീവിതാന്ത്യം വരെ അദ്ധ്യാപകനായിരുന്ന അദ്ദേഹത്തിന്റെ ഓർമ്മയെ നിലനിർത്തിക്കൊണ്ട് 'ആചാര്യ അവാർഡ്' എന്ന പേരിൽ സഭ ഏർപ്പെടുത്തിയ പുരസ്കാരം മികച്ച അദ്ധ്യാപകർക്ക് നൽകപ്പെടുന്നു. **ചാണ്ടിസാറിന്റെ അനുഗൃഹീതരചനകൾ അനശ്വരമായി നിലനിൽക്കുംവിധം അവ യാക്കോബായ, മലങ്കര കത്തോലിക്ക, മാർത്തോമ്മാ സഭകളും അവരുടെ ആരാധനകളിൽ സ്ഥിരമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.** തന്റെ ദയറായോടുള്ള സാമീപ്യവും സമർപ്പണവും വിളിച്ചറിയിച്ചിരുന്ന ശരീരഭാഷയും അത് മൂകമായി ലോകത്തോട് പറഞ്ഞുകൊണ്ടിരുന്ന ആത്മാവും തികച്ചും സത്യമായിരുന്നുവെന്നത് 2005 മെയ് 4-ാം തീയതി തന്റെ നാഥന്റെ സന്നിധിയിലേക്ക് വിളിക്കപ്പെട്ട് ബേസിൽ ദയറാ അങ്കണത്തിൽ നിത്യവിശ്രമം കൊള്ളുന്നതുവഴി അദ്ദേഹം തെളിയിച്ചു. **ജീവിച്ചിരുന്നപ്പോൾ പ്രശസ്തിയുടെ വെള്ളിവെളിച്ചത്തിൽനിന്ന് പരമാവധി അകന്നുനിന്ന ആ മഹാശയന്റെ ജീവിതവഴികൾ ലോകത്തിന് വെളിപ്പെടുത്തിക്കൊടുക്കുന്നതിൽ പ. സഭ ഒട്ടും അമാന്തിച്ചുകൂടാ.** ചാണ്ടിസാറിനെപോലെയുള്ളവരുടെ ജീവിതം, രചനകൾ, സ്വഭാവം, വ്യക്തിത്വം എന്നിവ വരുംതലമുറയ്ക്ക് പഠിക്കാനും മാതൃകാപരമായി ഉൾക്കൊള്ളാനും കഴിയുംവിധം സൺഡേസ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനെപ്പറ്റി ചിന്തിക്കണം.

ദൈവസന്നിധിയിൽനിന്ന് ഭാഷാവരവും വാഗ്വൈഭവവും ഒരുപോലെ വർഷിക്കപ്പെട്ട ഒരു വേറിട്ട വ്യക്തിത്വമായിരുന്നു സി.പി. ചാണ്ടിസാർ. തന്നിലേക്ക് ദൈവത്തിന്റെ അനുഗ്രഹവർഷമായി കിനിഞ്ഞിറങ്ങിയ കവനപാടവം, മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് വിലമതിക്കാനാവാത്ത സ്വത്തായി മാറിയ ആരാധനാഗാനശേഖരമായി സമർപ്പിക്കുവാനാണ് അദ്ദേഹം വിനിയോഗിച്ചത്.

'മലങ്കരയുടെ മാർ അപ്രേം,' 'മലങ്കരയുടെ സ്വർഗ്ഗീയ കിന്നരം' എന്നീ വിശേഷണങ്ങൾ ചാണ്ടിസാറിനോളം മറ്റാർക്കും യോജിക്കാത്തതിന് കാരണം കാലങ്ങൾ കഴിഞ്ഞാലും മനസ്സും നാവുംകൊണ്ട് ദൈവത്തെ സ്തുതിച്ച മറ്റാരെയും നമുക്ക് കണ്ടെത്താനാവില്ല എന്നതുതന്നെ.

കാലാകാലങ്ങളിൽ തന്നെ അകമ്പടി സേവിച്ച മനസ്സിന്റെ സ്പന്ദനങ്ങളെ സഭയുടെ ഭിത്തികളിൽ കോറിയിട്ട ബഹു. ചാണ്ടിസാറിനെ പോലെയുള്ള അപൂർവ്വ വ്യക്തിത്വങ്ങളെ, പ. സഭയ്ക്കുള്ളിൽ വീണ്ടും ജനിപ്പിയ്ക്കുവാൻ 'തുണയും ജീവവഴി കാണിക്കുന്നവനും' ആയ കർത്താവിനോട് ചാണ്ടിസാറിനൊപ്പം നമുക്കും ആത്മാർത്ഥമായി പ്രാർത്ഥിക്കാം.... വാഴ്ത്തുക ഞങ്ങളെ ദേവേശാ - കാത്തരുളുക നിർമ്മാതാവേ - കർത്താവേ തുണയായവനേ കാണിക്കണമേ ജീവവഴി!

GM

മക്കൾ ഉപരിപഠനത്തിന് പുറപ്പെടുമ്പോൾ...

■ ഫാ. ഡോ. ഒ. തോമസ്

ചോദ്യം: നമ്മുടെ സഭാംഗങ്ങൾ, ഡിഗ്രി പഠനശേഷം ജീവിതമാർഗം തേടി പുറത്തുപോയിരുന്ന സ്ഥാനത്ത് ഇന്ന് സ്കൂൾ പഠനത്തിനു ശേഷം 17 വയസ്സ് മാത്രമുള്ള കുട്ടികൾ കേരളത്തിനു പുറത്തുപോയി പഠിക്കുന്നു. പല സ്ഥലങ്ങളിലും അവർക്ക് നമ്മുടെ പള്ളിയോ ആരാധനയോ ഉണ്ടാവില്ല. അങ്ങനെയുള്ള സാഹചര്യങ്ങളിൽ അവരെ ചൂഷണം ചെയ്യുന്ന ചില പ്രധാന പ്രാർത്ഥനാഗ്രൂപ്പുകളിൽ ഇവർ ചെന്നുപെടുന്നു. ചിലർ പഠനം ശരിയായി പൂർത്തിയാക്കാതെ വഴിതെറ്റിപോകുന്നതും കണ്ടിട്ടുണ്ട്. വീട് വീട്ടു പുറത്തുപഠിക്കാൻ പോകുന്ന വിദ്യാർത്ഥികൾ പ്രധാനമായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?

എലിസബത്ത് കോശി
കൊച്ചി

ഉത്തരം: അടിയന്തര പ്രാധാന്യമുള്ള ഒരു വിഷയമാണ് ഈ ചോദ്യത്തിൽ കൂടി ഉന്നയിച്ചിരിക്കുന്നത്. ഒരാളിനെപ്പോലും പുതുതായി ചേർക്കാനാവാതെ, അതേസമയം അനേകം പേർ കൊഴിഞ്ഞുപോകുന്ന ഒരു സഭയായി നാം തീർന്നിരിക്കുന്നു. ഒരു ഇടവകയും അതേപ്പറ്റി കാര്യമായി വേദനിക്കുന്നുണ്ടെന്നും തോന്നുന്നില്ല. പെരുന്നാളാഘോഷങ്ങൾ പൂർവ്വാധികം പൊടിപൊടിക്കുന്നുണ്ടെങ്കിലും ഈ കൊഴിഞ്ഞുപോക്ക് തടയുവാൻ ഗൗരവമായി നാം ഒന്നും ചെയ്തു തുടങ്ങിയിട്ടുമില്ല.

മിക്കവാറും ഹയർ സെക്കൻഡറി കഴിയുമ്പോൾ തന്നെ നമ്മുടെ അനേകം കുട്ടികൾ കേരളത്തിനു പുറത്തും കുറച്ചു പേർ ഇന്ത്യയ്ക്കു പുറത്തുമായി ഉപരിപഠനങ്ങൾക്കു പോകുന്നു. മാതാപിതാക്കളുടെ നിർബന്ധം മൂലം പോകുന്നവരുമുണ്ട്. ചില കുട്ടികളുടെ കാര്യത്തിൽ മാതാപിതാക്കൾ തന്നെ തീരുമാനമെടുക്കുന്നു. സ്വന്തമായ താൽപര്യമനുസരിച്ച് പോകുന്ന കുട്ടികളും ഉണ്ട്. രണ്ടായാലും പുതിയ സാഹചര്യത്തിൽ ഇഴുകിച്ചേരാൻ അനേകർക്കും പ്രയാസമാകുന്നു. പ്രൊഫഷണൽ കോളജിൽ ചേരുന്ന ചില കുട്ടികൾക്ക് വിഷയങ്ങൾ അത്ര എളുപ്പമായിരിക്കുകയില്ല. പഠനം വളരെ പ്രയാസകരമായി തോന്നുന്നു. കൂടാതെ നല്ല കൂട്ടുകാരെ ലഭിച്ചിരിക്കുകയില്ല. ഭക്ഷണം, കാലാവസ്ഥ, ഹോസ്റ്റൽ സൗകര്യങ്ങൾ ഇവയിലൊന്നും കാര്യമായ തൃപ്തിയുണ്ടാകണമെന്നില്ല. ചുരുക്കത്തിൽ ജീവിതം വിരസമാകുന്നു. Boredom is the root of all evils. **വിരസത എല്ലാ തിന്മകൾക്കും കാരണമാകുന്നു** എന്നത് ചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളം വളരെ അർത്ഥവത്താണ്. വിരസത ഒഴിവാക്കാനുള്ള ഒരു മാർഗ്ഗം അൽപസ്വൽപം സ്വയം നിർമ്മിതമായ ഉല്ലാസങ്ങളിൽ ഏർപ്പെടുകയെന്നതാണ്. സിനിമ, മദ്യം, അശ്ലീലം, പ്രേമം എന്നിവയിൽ ഒക്കെ മുഴുകുമ്പോൾ വിരസത ഒഴിവായി കിട്ടും. എന്നാൽ ഇത്തരം തിന്മയിൽ വീഴരുതെന്ന് ആഗ്രഹിക്കുന്ന ചില കുട്ടികളുണ്ടാകാം. അവർ ആത്മീയതയുടെ വഴി തെരഞ്ഞെടുക്കും. സഭയേതെന്ന ചോദ്യം ഈ സമയത്ത് അവർ കാണുകയില്ല. ദുഷിച്ചതും അസാന്മാർഗ്ഗികവുമായ വഴികളിൽ പോകാതിരിക്കാൻ ഏതു പ്രാർത്ഥനാ കൂട്ടവും അവർക്ക് താൽപര്യമുള്ളതായി അനുഭവപ്പെടും. അവിടെ ലഭിക്കുന്ന കൂട്ടുകാർ, വൈകാരികാനുഭൂതി തരുന്ന പാട്ടുകൾ, പ്രാർത്ഥന, വ്യക്തിപരമായ പ്രശ്നങ്ങളിൽ ലഭിക്കുന്ന കൈത്താങ്ങൽ എന്നിവയൊക്കെ ആ പ്രായത്തിലും സന്ദർഭത്തിലും യൗവനക്കാർക്ക് വളരെ ആശ്വാസപ്രദമാകും. അത്തരമൊരു വൈകാരിക സന്തോഷം പകർന്നുകൊടുക്കാൻ സഭയ്ക്കു കാര്യമായ ഉപാധികളൊന്നുമില്ല. പലയിടങ്ങളിലും ആരാധനാലയങ്ങൾ തന്നെയില്ല. അഥവാ ചിലയിടങ്ങളിൽ ഉണ്ടായാലും, അവരുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന് അവരുടെ മാനസിക സംഘർഷങ്ങളെ മനസ്സിലാക്കി കൂട്ടായ്മയുടെ വലംകൈ കൊടുക്കാനുള്ള വൈദികരും സ്നേഹിതന്മാരുമില്ല. കുട്ടികളുടെ മുൻപിലുള്ള രണ്ടു വഴികളിൽ ഒന്നു തിരഞ്ഞെടുക്കുവാൻ അവർ നിർബന്ധിതരാകുന്നു. ഒന്ന്, ലൗകിക സുഖഭോഗങ്ങളിൽ മുഴുകി ജീവിതാസ്വാദനത്തിലേക്കു നീങ്ങുക, പഠിത്തം ഉഴപ്പുക. മറ്റൊന്ന് പഠിത്തം നഷ്ടപ്പെടുത്താതെ, പ്രാർത്ഥനാ കൂട്ടങ്ങളുടെ പിൻബലത്തോടെ ലക്ഷ്യം നേടിയെടുക്കുക,

വഴിതെറ്റിപ്പോകുന്ന ജീവിതത്തെക്കാൾ അഭികാമ്യമാണല്ലോ സഭ മാറിയാലും ചില തിന്മകളിൽനിന്ന് ഒഴിഞ്ഞ് ജീവിക്കാൻ സാധിക്കുക എന്നത്. അവരെ സംബന്ധിച്ചിടത്തോളം അതു വലിയ ആത്മീയതയുടെ അനുഭവമായി കണക്കാക്കപ്പെടുകയും അതുവഴി മാതൃസഭയിൽനിന്നുള്ള അകൽച്ചയെ സാധൂകരിക്കുകയും ചെയ്യുന്നു. പ്രാർത്ഥനാ കൂട്ടങ്ങൾ ഇത്തരക്കാരെ തേടിപ്പിടിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും അവരെ മാത്രം പഴി പറയുന്നതിൽ അർത്ഥമില്ല. സ്വന്തം വീടും നാടും വിട്ട് പറിച്ചുനടപ്പെട്ട അന്തരീക്ഷത്തിൽ പിടിച്ചുനിൽക്കാൻ ചില സ്നേഹിതരും കൂട്ടുകെട്ടും ഉണ്ടായേ മതിയാകൂ. ഈ പ്രാർത്ഥനാ കൂട്ടങ്ങൾ അത്തരത്തിൽ ഒരു കൂട്ടായ്മയും സുരക്ഷിതത്വബോധവും പ്രദാനം ചെയ്യുന്നു. തൽക്കാലം അതു സ്വീകരിക്കുകയല്ലാതെ വേറെ വഴിയില്ല.

ലോകമെങ്ങുമുള്ള സഭാവിശ്വാസികളെ ബന്ധിപ്പിക്കുന്നതിനുള്ള ചിലവുകുറഞ്ഞ സാങ്കേതിക വിദ്യ ഇന്നുണ്ട്. അത് നാം ഉപയോഗപ്പെടുത്തണം

ഇത്തരത്തിൽ ചെറുപ്പക്കാർ ആകൃഷ്ടരാകാൻ മറ്റൊരു കാരണം കൂടിയുണ്ടാകാം. ഓർത്തഡോക്സ് സഭയിൽ ജനിച്ചു വളർന്നെങ്കിലും, സഭയുടെ ആഴമേറിയ ആത്മീയ തലങ്ങളിലേക്കൊന്നും പ്രവേശിക്കാൻ പലർക്കും സാധിച്ചു എന്നിരിക്കയില്ല. സൺഡേസ്കൂൾ വിദ്യാഭ്യാസം നാലഞ്ചു ക്ലാസുകൾക്കകം നിലച്ചുകാണും. പിന്നെ സെക്കുലർ വിദ്യാഭ്യാസം അതിപ്രധാനമാകയാൽ ഞായറാഴ്ചകൾ പോലും ട്യൂഷനും കോച്ചിങ്ങിനുമായി നീക്കിവയ്ക്കുന്നു. പിന്നെ പെരുന്നാളിലും പ്രദക്ഷിണത്തിലും ഒക്കെ പങ്കെടുത്തു ലഭിക്കുന്ന ബാലകൗതുകത്തിന്റെ ചില അനുഭൂതിയുടെ തലങ്ങളല്ലാതെ പ്രതിസന്ധികളിൽ കൂടെ നിൽക്കുന്ന ഒരു ദൈവത്തെയൊന്നും അവർ അനുഭവിച്ച് അറിഞ്ഞിരിക്കയില്ല. വിരസമായ ജീവിതത്തിന്റെ പ്രതിസന്ധിയിൽ പ്രാർത്ഥനാ കൂട്ടങ്ങൾ നൽകുന്ന ഉപരിപ്ലവമായ അനുഭൂതി, നേരത്തെ ലഭിച്ചിട്ടുള്ളതിനേക്കാൾ തീവ്രമായതിനാൽ അതുതന്നെ മെച്ചമെന്നു തീരുമാനിക്കുകയും അതിൽ ആകൃഷ്ടരാവുകയും ചെയ്യുന്നു.

ഈ പ്രവണതയെ ചെറുക്കണമെങ്കിൽ പലകാര്യങ്ങൾ കുടുംബമായും സഭയായും ചെയ്യേണ്ടിയിരിക്കുന്നു.

1. ബാല്യം മുതൽ കുടുംബ പ്രാർത്ഥനയിലും പള്ളി ആരാധനയിലും സൺഡേസ്കൂൾ പഠനത്തിലും വീഴ്ചകൂടാതെയുള്ള പരിശീലനത്തിലൂടെ ഓർത്തഡോക്സ് ആത്മീയതയെ പകർന്നു നൽകുക.
2. കുട്ടികൾക്ക് താൽപര്യമുള്ള പഠനവും, സ്ഥലങ്ങളും തെരഞ്ഞെടുത്ത് അവരുടെ ജീവിതം വിരസമാകുന്നില്ലെന്ന് ഉറപ്പുവരുത്തുക, അവരുടെ കഴിവിനപ്പുറമുള്ള പഠനമൊന്നും അവരിൽ അടിച്ചേൽപ്പിക്കരുത്.
3. പള്ളികൾ ഉള്ളിടത്ത് അവിടെയുള്ള വൈദികരും വിശ്വാസികളും നമ്മുടെ കുട്ടികളെ തേടിപ്പിടിച്ച് പ്രാർത്ഥനാ കൂട്ടായ്മകൾ ഉണ്ടാക്കുക.
4. പരിശീലനം ലഭിച്ച പക്വതയുള്ള സുവിശേഷകരെ ഇത്തരം സ്ഥലങ്ങളിലേക്കു ഭദ്രാസനങ്ങളോ സഭയോ ശമ്പളം കൊടുത്തു നിയമിക്കുക. കൊച്ചു പ്രാർത്ഥനാ കൂട്ടങ്ങൾ ഈ സുവിശേഷകരുടെ നേതൃത്വത്തിൽ ആരംഭിക്കുക.
5. മാതാപിതാക്കൾ മുൻകൈ എടുത്ത് ഓരോ സ്ഥലത്തുമുള്ള ഓർത്തഡോക്സ് സഭാംഗങ്ങളെ കൂട്ടി വരുത്തി പ്രാർത്ഥനാ യോഗങ്ങൾ ആരംഭിക്കുക.

ഇങ്ങനെ ഒട്ടേറെ കാര്യങ്ങൾ ഈ കുട്ടികൾക്കു വേണ്ടി നാം ചെയ്യേണ്ടിയിരിക്കുന്നു. GM

സത്യസന്ധമായ സഭാചരിത്രാന്വേഷണങ്ങൾ

■ ഡോ. പോൾ മണലിൽ

അക്കാദമിക് പരിശീലനമൊന്നും ലഭിക്കാതെ സഭാചരിത്ര രംഗത്തു പ്രവർത്തിക്കുന്ന ഒട്ടേറെ എഴുത്തുകാർ നമ്മുടെ സഭയിൽ ഉണ്ട്. **അക്കാദമിക് പരിശീലനം ലഭിക്കുകയും സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലിക്കു പ്രവേശിക്കുകയും ചെയ്തിട്ടുള്ള സഭാംഗങ്ങളായ ഒട്ടേറെ ചരിത്രാധ്യാപകർ നമുക്കുണ്ടായിട്ടും സഭാപരമായ എന്തെങ്കിലും ചരിത്രാന്വേഷണങ്ങൾ നടത്തിവരുന്നതും സഭാ ചരിത്രരചനകൾ നടത്തിയിട്ടുള്ളതും അക്കാദമിക് മേഖലയുമായി നേരിട്ടു ബന്ധമില്ലാത്തവരാണ്.** പി. തോമസ് പിറവം എഴുതിയ 'സഭാചരിത്രാന്വേഷണങ്ങൾ' എന്ന പുസ്തകം വായിച്ചപ്പോൾ ഈയൊരു യാഥാർത്ഥ്യം ഓർത്തുപോയി.

ആർജ്ജവവും സത്യസന്ധതയും പ്രതിബദ്ധതയും വിശ്വാസവും കൈമുതലായുള്ള പി. തോമസ് പിറവത്തിന്റെ ആദ്യത്തെ ഗ്രന്ഥമാണ് 'സഭാചരിത്രാന്വേഷണങ്ങൾ.' ഗ്രന്ഥപ്പുരകൾ കയറിയിറങ്ങി വേറിട്ട അന്വേഷണത്തിലൂടെ തയ്യാറാക്കിയതാണീ ഗ്രന്ഥം. യഥാർത്ഥ രേഖകൾ കണ്ടെത്തി പലപ്പോഴായി എഴുതിയ പതിനാറു ലേഖനങ്ങളുടെ സമാഹാരമാണിത്. വേദശാസ്ത്ര പരിശീലനമോ ചരിത്രപരമായ എന്തെങ്കിലും പരിശീലനമോ ഇല്ലാതെ ഗവേഷണരംഗത്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗ്രന്ഥകാരന്റെ ചരിത്രപരമായ സത്യസന്ധതയുടെ നിദർശനമാണ് 'സഭാചരിത്രാന്വേഷണങ്ങൾ' എന്നു പറയുന്നതിൽ ഒരതിശയോക്തിയുമില്ല.

സഭാചരിത്രത്തെ സ്വന്തം മനോഗതി പ്രകാരം വ്യാഖ്യാനിക്കുന്നവരും ചരിത്രപരമായ സത്യസന്ധത പുലർത്താത്തവരും ഒട്ടേറെ ഉള്ളപ്പോൾ പി. തോമസിന്റെ ഗ്രന്ഥത്തിനൊരു വ്യതിരിക്തതയുണ്ട്. വിഷയങ്ങളുടെ പുതുമ, നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നതിലുള്ള വസ്തുതാപരമായ സമീപനം, വിശ്വാസത്തിന്റെ പ്രബുദ്ധത എന്നിവ പി. തോമസിനെ വേറിട്ട ചരിത്രകാരനാക്കുന്നു.

ഈ പുസ്തകത്തിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങളെല്ലാം കൂടുതൽ പഠനങ്ങൾക്ക് വിധേയമാക്കേണ്ടവയാണ്. മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മദിനത്തെ സംബന്ധിച്ചുള്ള ആദ്യപഠനം തന്നെ ഒരു ഉദാഹരണം. ദുക്റോനോ ജൂലൈ മൂന്നിനു തന്നെയാണെന്ന കാഴ്ചപ്പാട് അടിവരയിട്ട് ഉറപ്പിക്കുകയാണ് ഈ ലേഖനത്തിൽ. എന്നാൽ ചരിത്രമെന്നത് ഏതാനും ആളുകളുടെ വിശ്വാസത്തിന്റെ കാര്യമല്ലെന്നും റോമൻ പാരമ്പര്യങ്ങളെ ചൂണ്ടിക്കാട്ടി എടുത്തുപറയാൻ ഗ്രന്ഥകാരൻ മടിക്കുന്നില്ല.

ബൈബിൾ വിവർത്തനങ്ങളെപ്പറ്റി രണ്ടു പഠനങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 'ബൈബിളിന്റെ മലയാള വിവർത്തനകഥ' എന്ന പഠനത്തിൽ ബുക്കാനന്റെ നേതൃത്വത്തിൽ പുറത്തിറങ്ങിയ ആദ്യത്തെ ബൈബിൾ വിവർത്തനം മുതൽ മലയാളത്തിൽ ഇറങ്ങിയ എല്ലാ വിവർത്തനങ്ങളെപ്പറ്റിയും പരാമർശിക്കുന്നുണ്ട്. ബഞ്ചമിൻ ബെയ്‌ലി നടത്തിയ ബൈബിൾ വിവർത്തനത്തിന്റെ 1829 ലെ പതിപ്പിന്റെ രണ്ടാം പതിപ്പിനെപ്പറ്റിയുള്ള ലേഖനമാണ് 'ബെയ്‌ലി ബൈബിളിന്റെ 1834 ലെ ലണ്ടൻ പതിപ്പ്' എന്ന പഠനം. "മലയാള വേദപുസ്തകത്തിന്റെ പിൽക്കാല പരിഷ്കരണത്തിൽ നവീകരണ ഉപദേശങ്ങളും സാധൂകരണത്തിന് ഉതകുംവിധം വ്യാഖ്യാനപരമായും മറ്റും വേണ്ട മാറ്റങ്ങൾ സത്യവേദപുസ്തകത്തിൽ വരുത്തി എന്നത് ഈ പുസ്തകം നോക്കിയാൽ വ്യക്തമാണ്" എന്നൊരു വിലയിരുത്തലും ഈ പഠനത്തിൽ ഗ്രന്ഥകാരൻ നടത്തുന്നുണ്ട്.

മാർത്തോമ്മാ ആറാമൻ കത്തോലിക്കാ സഭയിൽ ചേർന്നു പ്രവർത്തിച്ചിരുന്നു എന്ന റോമൻ കത്തോലിക്കാ ചരിത്രകാരന്മാരുടെ വ്യാഖ്യാനങ്ങൾക്കു സത്യസന്ധമായ ഒരു മറുപടിയാണ് 'ആറാം മാർത്തോമ്മാ കത്തോലിക്കരുമായി പുനരൈക്യപ്പെട്ടോ?' എന്ന പഠനം, സുറിയാനി സമുദായത്തിന്റെ ഐക്യത്തിനു വേണ്ടി പരിശ്രമിച്ച **ആറാം മാർത്തോമ്മാ പുനരൈക്യപ്പെട്ടു എന്ന വാദം ചരിത്രത്തോടുള്ള അനാദരവായി ഗ്രന്ഥകാരൻ ചൂണ്ടിക്കാട്ടുന്നു.** കേരളത്തിലെ ആദിമുദ്രണ പ്രസിദ്ധീകരണങ്ങളും ക്രൈസ്തവരുടെ സംഭാവനകളും, മലങ്കരസഭയുടെ സാമൂഹ്യ പരിഷ്കരണശ്രമങ്ങളും പരുമല തിരുമേനിയും തുടങ്ങിയ ശീർഷകങ്ങളിൽ ചർച്ച ചെയ്യുന്ന കാര്യങ്ങൾ കൂടുതൽ പഠനങ്ങൾക്ക് പ്രചോദനം പകരുന്നു.

സീയോൻ സഞ്ചാരിയായ ക്രൈസ്തവ സഭാംഗത്തിന് സ്വന്തം പള്ളിയിൽ സ്ഥിരാവകാശമില്ല. 'പാരീഷ്' എന്നാൽ പരദേശിസമൂഹം ആണ്

– പി. തോമസ് പിറവം

മലങ്കര ഓർത്തഡോക്സ് സഭയിൽ കാതോലിക്കാദിനപ്പിരിവിന്റെ തുടക്കത്തെപ്പറ്റിയും അതിന്റെ രീതിയെപ്പറ്റിയും വിശദീകരിക്കുന്ന ഒരു ലേഖനമുണ്ട് ഈ പുസ്തകത്തിൽ. പ്രഥമ കാതോലിക്കാനിധി പിരിവിന്റെ റിപ്പോർട്ട് ഗ്രന്ഥകാരൻ വിശദീകരിക്കുമ്പോൾ ഒ.എം. ചെറിയാൻ തുടങ്ങിയ അന്മായ നേതാക്കൾക്ക് സഭയോടുണ്ടായിരുന്ന കൂറും ആവേശവും ഇന്നത്തെ തലമുറയെ ഓർമ്മിപ്പിക്കുന്നതുപോലെ തോന്നും.

മലങ്കരസഭയുടെ ചരിത്രത്തിൽ പാമ്പാക്കുട, പിറവം തുടങ്ങിയ കേന്ദ്രങ്ങളിൽ നടന്ന പ്രവർത്തനങ്ങൾ മനസ്സിലാക്കാൻ ഉപകരിക്കുന്ന ചില പഠനങ്ങൾ ഈ പുസ്തകത്തിലുണ്ട്. മലങ്കരസഭയിലെ നവീകരണ ശ്രമങ്ങളും കോനാട്ട് അബ്രഹാം മല്പാനും പാലക്കുന്നത്ത് മാത്യൂസ് അത്തനാസ്യോസും പുലിക്കോട്ടിൽ തിരുമേനിയും പാമ്പാക്കുട പഠിത്തവീടും, കോനാട്ട് മാത്തൻ മല്പാൻ ഒരു വ്യത്യസ്ത വീക്ഷണം, മലബാർ ത്രിസ്സേസ് ശുബഹോ സമൂഹം, സുറിയാനി നമസ്കാരക്രമങ്ങളുടെ മലയാള തർജ്ജമയും കോനാട്ട് മാത്തൻ മല്പാനും, പിറവം പള്ളിയും മലങ്കരസഭയും, നമ്മുടെ പെരുന്നാളുകളും, പിറവം പള്ളിയിലെ പെരുന്നാൾ പട്ടികയും, തുടങ്ങിയ ലേഖനങ്ങൾ അതിനൊരു ദൃഷ്ടാന്തമാണ്. കോനാട്ട് മാത്തൻ മല്പാൻ, കോനാട്ട് അബ്രഹാം മല്പാൻ തുടങ്ങിയവരെപ്പറ്റി കൂടുതൽ വിവരങ്ങൾ ഇതിലൂടെ ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നുണ്ട്. സുറിയാനി നമസ്കാരക്രമങ്ങളുടെ വിവർത്തനത്തെപ്പറ്റി ഹൃദ്യമായ അറിവു പകരുന്ന പഠനത്തിൽ മാതൃഭാഷയിലുള്ള ആരാധനാരീതിയെപ്പറ്റി ചിന്തിക്കാൻ വഴിയൊരുക്കിയത് ഇംഗ്ലീഷ് മിഷനറിമാരുടെ സമ്പർക്കമാണെന്നു പി. തോമസ് നിരീക്ഷിക്കുന്നുണ്ട്.

സഭാ ചരിത്രം സംബന്ധിച്ചു ചില പുതിയ നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്ന പഠനങ്ങളാണ് സഭാ പാരമ്പര്യ പശ്ചാത്തലത്തിൽ ഇടവകയും പൊതുസഭയും, യൂദകുലശേഖരൻ രണ്ടാം ഭാഗം മലയാളത്തിൽ എന്നീ ലേഖനങ്ങളിൽ ഉള്ളത്. ഇടവകയും പൊതുസഭയും തമ്മിലുള്ള ബന്ധത്തെപ്പറ്റിയും സഭയുടെ ഭരണസംവിധാനത്തെപ്പറ്റിയും പ്രതിപാദിക്കുന്നു 'സഭാ പാരമ്പര്യ പശ്ചാത്തലത്തിൽ ഇടവകയും പൊതുസഭയും' എന്ന ലേഖനത്തിൽ. പള്ളിയും സ്വത്തുക്കളും പൊതുസഭയുടെ ഭാഗമാണെന്നും മലങ്കരസഭാ ഭരണഘടനയിൽ ഇത്തരം വ്യവസ്ഥകൾ ചേർത്തതു പാരമ്പര്യപ്രകാരമാണെന്നും ഇതിൽ ചൂണ്ടിക്കാട്ടുന്നു. സീയോൻ സഞ്ചാരിയായ ക്രൈസ്തവ സഭാംഗത്തിന് സ്വന്തം പള്ളിയിലോ ഇടവകയിലോ സ്ഥിരാവകാശമില്ലെന്നും 'പാരീഷ്' എന്ന പദത്തിന് പരദേശിസമൂഹം എന്നാണ് ഗ്രീക്ക് ഭാഷയിലെ അതിന്റെ മൂലരൂപത്തിന് അർത്ഥമുള്ളതെന്നും പി. തോമസ് ചൂണ്ടിക്കാട്ടുന്നു.

യോഹന്നാൻ മാംദാനായുടെ പ്രസംഗം മുതൽ യേശുവിന്റെ സ്വർഗ്ഗാരോഹണം വരെയുള്ള വേദപുസ്തക സംഭവങ്ങളുടെ ചിത്രീകരണം ഉൾക്കൊള്ളുന്ന 'യൂദകുലശേഖരൻ' എന്ന പുസ്തകത്തെപ്പറ്റിയാണ് 'യൂദകുലശേഖരൻ രണ്ടാം ഭാഗം മലയാളത്തിൽ' എന്ന ലേഖനത്തിൽ പ്രതിപാദിക്കുന്നത്. കോരുതു കോരുതു പാദ്രി വിവർത്തനം ചെയ്ത ഈ പുസ്തകത്തെപ്പറ്റി അറിവും അനുഭവവും പകരുന്നു ഈ ലേഖനത്തിൽ. യേശുവിന്റെ പരസ്യപ്രവർത്തനങ്ങൾ നേരിൽ കണ്ട അദീന അതേപ്പറ്റി പിതാവായ മനശ്ശെ ബന്യാമീനെ കത്തുകളുടെ രൂപത്തിൽ അറിയിക്കുന്നതാണ് ഈ രചന. ഇപ്രകാരം ഈ പുസ്തകത്തിലെ ഓരോ രചനയും അറിവിന്റെ പുതിയ രസം വായനക്കാർക്ക് പകർന്നുകൊടുക്കുന്നു.

സഭാചരിത്രാന്വേഷണങ്ങൾ (ലേഖനങ്ങൾ)
പി. തോമസ് പിറവം
വില 150 രൂപ
വിതരണം: സോഫിയാ ബുക്സ്
കണ്ടത്തിൽ ബിൽഡിങ്, തിരുനക്കര, കോട്ടയം

GM

ബന്ധങ്ങൾ സ്വപ്നങ്ങളാകരുത്

■ ജോർജ് ജോസഫ് ഇഞ്ചക്കാട്ടിൽ

പ്രായം എഴുപതിന് മേൽ ഉണ്ടെങ്കിലും, ആ അപ്പച്ചനും അമ്മച്ചിയും ഞായറാഴ്ചകളിലെ പള്ളി ആരാധനയ്ക്ക് മുടക്കം വരുത്താറില്ല. ഇടവകയിലെ വിവിധ ആത്മീയപ്രസ്ഥാനങ്ങളുമായിട്ടുള്ള സഹകരണത്തിനോ സംബന്ധത്തിനോ ഒട്ടുംകുറവില്ല. സുസ്മേരവദനരായി എല്ലാവരോടും സഹകരിച്ച് വാർദ്ധക്യകാല ജീവിതം സജീവമായി കൊണ്ടുനടക്കുന്നു.

അടുത്തകാലത്ത് അവരുടെ വീട്ടിൽ ഒരു ചെറിയ സന്ദർശനം നടത്തുവാൻ ഇടയായി. ഭേദപ്പെട്ട സാമ്പത്തിക ഭദ്രതയുടെ സർവലക്ഷണങ്ങളും ആ വീട്ടിൽ പ്രകടമാണ്. അൽപസമയത്തെ കുശലപ്രശ്നങ്ങൾക്കിടയിൽ സാമാന്യമര്യാദയനുസരിച്ച് മക്കളുടെ ക്ഷേമത്തെപ്പറ്റി അന്വേഷിച്ചു. രണ്ട് ആൺമക്കൾ. ഒരാൾ കാനഡയിൽ, അപരൻ സ്റ്റേറ്റ്സിൽ. രണ്ടുപേരും ഉയർന്ന വിദ്യാഭ്യാസയോഗ്യത നേടി വലിയ മൾട്ടിനാഷനൽ കമ്പനികളിൽ ഉത്തരവാദിത്വങ്ങൾ ഏറെയുള്ള ചുമതലകൾ കൈകാര്യം ചെയ്യുന്നു. ഭാര്യമാരും ഏറെക്കുറെ അങ്ങനെതന്നെ. മക്കളുടെ ഈ നല്ല അവസ്ഥയിൽ അപ്പച്ചനും അമ്മച്ചിയും സന്തുഷ്ടരാണെങ്കിലും മക്കളുടെയും കൊച്ചുമക്കളുടെയും വിവരങ്ങൾ പങ്കുവെക്കുമ്പോൾ രണ്ടുപേരുടെയും മുഖത്തെ പ്രസന്നഭാവത്തിന് മങ്ങൽ സംഭവിച്ചോ എന്നൊരുസംശയം.

ക്രമേണ ഒരു കാര്യം ബോധ്യമായി. കുറച്ചു വർഷങ്ങളായിട്ട് മക്കളുമായും കൊച്ചുമക്കളുമായുള്ള ബന്ധം ടെലഫോണിലും സ്കൈപ്പിലുമായി ഒതുങ്ങിപ്പോകുന്നു. മൂത്തവനും കുടുംബവും കാനഡയിലെ ജോലിത്തിരക്കിൽ പെട്ടുപോയതിന്റെ പരിണതഫലമായി അപ്പച്ചനെയും അമ്മച്ചിയെയും മുഖാമുഖം കണ്ടിട്ട് വർഷം മൂന്നായി. ഇതിനിടെ കാനഡക്കാരായ കുട്ടികളെ നിഷ്പ്രഭരാക്കിക്കൊണ്ട് കൊച്ചുമോൻ ഒന്നാമനായി ഗ്രാജുവേറ്റ് ചെയ്ത സന്തോഷം ശരിക്ക് ഉൾക്കൊള്ളുവാൻപോലും സാധിച്ചില്ല. രണ്ടാമത്തെ മകന്റെ കാര്യവും ഒട്ടും വ്യത്യസ്തമല്ല. കുടുംബവീട്ടിലേക്കു വരുവാൻ തീരെ സമയം കിട്ടുന്നില്ല. ജോലിത്തിരക്കുതന്നെ.

ഇന്ന് ഒട്ടുമിക്ക കുടുംബങ്ങളുടെയും അവസ്ഥ ഇങ്ങനൊക്കെത്തന്നെയാണ്. മക്കളുടെ ജോലി വിദേശരാജ്യങ്ങളിൽ അല്ലാത്തപ്പോഴും സ്ഥിതിക്ക് വലിയ മാറ്റമൊന്നും ഇല്ല എന്ന സത്യം പരിതാപകരമല്ലേ? എന്താണ് ഇതിന് ഒരു പരിഹാരം? സ്നേഹത്തിന്റെ കുറവൊന്നും ഈ സംഗതിക്ക് ഒരു കാരണമല്ല. **ഒരുവിധം 'വർക്ക്ഹോളിക്ക്' മനഃസ്ഥിതിയും ഞാനില്ലെങ്കിൽ ഒന്നും ശരിയാവുകയില്ല എന്ന മിഥ്യാബോധവും തന്നെ പ്രധാനകാരണം.** ഇത് കേരളത്തെയോ ഇൻഡ്യയെയോ മാത്രമല്ല, ലോകമെമ്പാടും ബാധിക്കുന്ന, ബാധിച്ചിരിക്കുന്ന പ്രശ്നം തന്നെയാണ്. പാശ്ചാത്യസംസ്കാരം രക്തബന്ധങ്ങൾക്ക് ഒരു പക്ഷെ വലിയ പ്രാധാന്യം, ജീവിതത്തിന്റെ കൗമാരദശയ്ക്കപ്പുറം കൊടുക്കുന്നുണ്ടാവില്ല. എന്നാൽ പൗരസ്ത്യസംസ്കാരം ഇക്കാര്യത്തിൽ വിഭിന്നമാണ്. രക്തബന്ധങ്ങൾക്കുള്ളിലൂടെ കുടുംബബന്ധങ്ങൾക്കും അതിന്നപ്പുറത്ത് സുഹൃദ്ബന്ധങ്ങൾക്കും ഏറെ ആഴം പൗരസ്ത്യദേശങ്ങളിലുണ്ട്.

കുടുംബബന്ധം: ഒരു ചൈനീസ് മോഡൽ

ഈ പശ്ചാത്തലത്തിൽ വേണം ഈയടുത്ത കാലത്ത്, കൃത്യമായി പറഞ്ഞാൽ 2013 ജൂലൈ ഒന്നാം തീയതി ചൈനയിലെ ഗവൺമെന്റ് നടപ്പിൽ കൊണ്ടുവന്ന ഒരു നിയമത്തെ മനസിലാക്കേണ്ടത്. സംക്ഷിപ്തമായി പറഞ്ഞാൽ നിയമത്തെ ഇങ്ങനെ സംഗ്രഹിക്കാം: **മക്കൾ തങ്ങളുടെ മാതാപിതാക്കളെ കൂടെക്കൂടെ സന്ദർശിക്കുകയും അവരുടെ പരിപാലനയിൽ ശുഷ്കാന്തി കാണിക്കുകയും വേണം.**

എന്തുകൊണ്ട് ഇങ്ങനെയൊരു നിയമം? മാതാപിതാക്കളെ പരിപാലിക്കുന്ന കാര്യത്തിൽ മക്കൾ വേണ്ടത്ര ശ്രദ്ധപതിപ്പിക്കുന്നില്ല എന്നൊരു സാഹചര്യം നിലവിൽവന്നു എന്നതുതന്നെ കാരണം. ചൈനയിൽ പഴയകാലത്ത് മാതാപിതാക്കളെയും മുതിർന്നവരെയും പരിപാലിക്കുകയെന്നത് ഏറ്റവും വലിയ സുകൃതമായി കണക്കാക്കിപ്പോന്നിരുന്നു. പതിമൂന്നാം ശതകത്തിലെ ഒരു കൺഫ്യൂഷ്യൻ കൃതിയിൽ മാതാപിതാക്കളെ കൊതുകു കടിയിൽനിന്നും സംരക്ഷിക്കുവാൻ തന്റെ രക്തം സന്തോഷത്തോടെ കൊതുകുകൾക്ക് ദാനം ചെയ്യുന്ന ഒരു എട്ടുവയസുകാരനെപ്പറ്റി സൂചിപ്പിക്കുന്നുണ്ട്. എന്നാൽ ഇന്ന് തങ്ങളെ ഒരുനോക്കു **കാണുവാനോ കുറച്ചുസമയം ഒന്നിച്ചിരുന്നു സംസാരിക്കുവാനോ ഒന്നും കിട്ടാത്ത മക്കളെയോർത്ത് മാതാപിതാക്കൾ വിലപിക്കുന്നു.** പഴയകാലമൂല്യങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുമ്പോൾ ചൈനയിൽ 60 വയസിനുമേൽ പ്രായം ഉള്ളവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടേയിരിക്കുകാണ്. 2050 ആകുമ്പോഴേക്കും ചൈനയിലെ ജനസംഖ്യയിൽ 33%നു മേൽ ജനങ്ങൾക്കും പ്രായം 60ന്നപ്പുറം ആകുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ചൈനയിൽ മാത്രമല്ല ഇൻഡ്യയിലും ഇതിനു സമാനമായിട്ടുതന്നെയാണ് കാര്യങ്ങൾ പോകുന്നത്. ഇത്തരം ഒരു സാഹചര്യം നിലവിൽവരുമ്പോഴേക്കും, അതായത് മുതിർന്നവരെ കരുതുക എന്നത് ചെറുപ്പക്കാരുടെ ധർമ്മമാണ് എന്നും മറ്റുമുള്ള മൂല്യങ്ങൾ ക്രമേണ അപ്രത്യക്ഷമാകുകയും പ്രായം ചെന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയുംചെയ്യുമ്പോൾ, മുതിർന്നവരുടെ ക്ഷേമം എങ്ങനെ ഉറപ്പുവരുത്തും എന്നത് സമൂഹത്തെ അലട്ടുന്ന ഒരു പ്രശ്നം തന്നെയാണ്.

സുതാര്യത കുറവാണെങ്കിലും ഇതിനു സമാനമായ മറ്റൊരു നിയമം ചൈനയിൽ നിലനിന്നിരുന്നു. **'മുതിർന്ന പൗരന്മാരുടെ അവകാശങ്ങളുടെയും താൽപര്യങ്ങളുടെയും സംരക്ഷണം'** എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ നിയമത്തിന് രൂപഭേദം വരുത്തിയാണ് മക്കൾ കൂടെക്കൂടെ മാതാപിതാക്കളെ സന്ദർശിച്ചേ മതിയാകൂ എന്ന പുതിയനിയമം കൊണ്ടുവന്നത്. ഇതിനോടുചേർന്ന് മറ്റൊരു നിബന്ധനകൂടി കൊണ്ടുവന്നിട്ടുണ്ട്. **അതിൻപ്രകാരം തൊഴിൽദായകർ തങ്ങളുടെ ജോലിക്കാർക്ക്, അവർ മാതാപിതാക്കളുടെ ഒപ്പമല്ല താമസിക്കുന്നതെങ്കിൽ, നിർബന്ധമായും വർഷംതോറും 20 ദിവസത്തെ 'ഭവനാവധി' അനുവദിച്ചേ മതിയാകൂ.**

ഇത്തരത്തിലുള്ള നിയമനിർമ്മാണത്തിന് ചൈനയിലെ ഭരണനേതൃത്വത്തെ പ്രേരിപ്പിച്ചത് തീർച്ചയായും എണ്ണത്തിൽ വർദ്ധിച്ചുവരുന്ന തങ്ങളുടെ മുതിർന്നവരുടെ ക്ഷേമവും സംരക്ഷണവുംതന്നെ എന്ന കാര്യത്തിൽ സംശയംവേണ്ട. കൃത്യതയോടെ ഇത് നടപ്പിലാക്കുവാൻ അവർക്കു സാധിക്കും, ആയതിനുവേണ്ടുന്ന ഇച്ഛാശക്തി ഭരണനേതൃത്വത്തിനുണ്ട് എന്ന് നമുക്കു കരുതാം.

പ്രസ്തുത നിയമത്തെപ്പറ്റിയുള്ള വാർത്തകൾ പ്രചരിച്ചപ്പോൾ ചൈനയിലും ചൈനയ്ക്കുപുറത്തും ജോലിചെയ്യുന്നവരായ ചെറുപ്പക്കാരുടെ പ്രതികരണം അത്രയ്ക്കൊന്നും പ്രോത്സാഹജനകമായിരുന്നില്ല. പ്രത്യക്ഷത്തിൽ ഈ പുതിയനിയമത്തെ നിസാരവൽക്കരിക്കും വിധമുള്ളതായിരുന്നു ആദ്യപ്രതികരണങ്ങൾ; ചുരുങ്ങിയപക്ഷം ഓൺലൈൻ സംവിധാനങ്ങളിൽ സജീവമായവരുടെയെങ്കിലും. തങ്ങളുടെ സ്വകാര്യതയ്ക്കുമേലുള്ള ഗവൺമെന്റിന്റെ ഇടപെടലായി പല ചെറുപ്പക്കാരും ഇതിനെ വ്യാഖ്യാനിച്ചു. മറ്റു ചിലരാകട്ടെ, മുതിർന്നവരെ സംരക്ഷിക്കുവാനും അവരുടെ സുരക്ഷ ഉറപ്പാക്കുവാനും ഉള്ള ഉത്തരവാദിത്വം സാധാരണ പൗരന്മാരുടെമേൽ അടിച്ചേൽപ്പിക്കുവാനുള്ള ഒരു തന്ത്രമാണിതെന്ന് തുറന്നടിച്ചു. "ആവശ്യത്തിന് പെൻഷനും സാമൂഹ്യസംരക്ഷണവും ഉറപ്പുവരുത്തത്തക്കവണ്ണമുള്ളതാവണം നിയമത്തിന്റെ കാതൽ; കാരണം അവ നടപ്പിലാക്കുവാൻ പ്രായേണ എളുപ്പമാണ്" എന്നാണ് ചൈനീസ് അക്കാഡമി ഓഫ് സോഷ്യൽ സയൻസസ് എന്ന സ്ഥാപനത്തിലെ യു ഷാവോസിയാംഗ് അഭിപ്രായപ്പെട്ടത്. പെക്കിംഗ് സർവകലാശാലയുടെ സാമൂഹ്യശാസ്ത്രജ്ഞനായ ഷിയ സുവേല അൻ താൽപര്യപ്പെടുന്നത് കൂടുതൽ വ്യക്തതയുള്ള നടപടിക്രമങ്ങളാണ്.

ചുരുക്കത്തിൽ വളരെ നല്ലത് എന്ന് സാധാരണഗതിയിൽ സ്വാഗതം ചെയ്യപ്പെടേണ്ട ഈ നിയമം ചൈനയിൽ അത്രയേറെയൊന്നും സ്വാഗതം ചെയ്യപ്പെട്ടില്ല, അല്ലെങ്കിൽ നിയമത്തിന്റെ അപര്യാ

പ്തതകളാണ് കൂടുതൽ ശ്രദ്ധിക്കപ്പെട്ടത് എന്നുവേണം മനസിലാക്കവാൻ. എങ്കിലും ഈദൃശ ചോദ്യം ചെയ്യപ്പെടലുകൾക്കു മദ്ധ്യേയും ഒരു പ്രധാനലക്ഷ്യം സാധിച്ചു എന്നുതന്നെ പറയാം. മുതിർന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ സാമൂഹ്യസുരക്ഷയിലേക്ക് ജനങ്ങളുടെ ശ്രദ്ധതിരിയുവാൻ ഇടയായി എന്നത് നിസ്സാരമായി കാണേണ്ടതല്ല. ഈ നിയമം ചൈനയിൽ എത്ര ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിക്കും എന്ന സംഗതി അവർക്കുതന്നെ വിട്ടുകൊടുക്കുന്നതുതന്നെ നല്ലത്.

അതേസമയം, ഇത്തരം പ്രശ്നങ്ങളെ ഇൻഡ്യയിൽ എങ്ങനെ കാണുന്നു എന്നത് ചൈനയിലെ പ്രതികരണങ്ങളുടെ പശ്ചാത്തലത്തിൽ ആലോചിച്ചു നോക്കണ്ടേ? 60 അഥവാ 65 വയസുകഴിഞ്ഞ മുതിർന്നവരുടെ സംഖ്യ 2010ൽ 6 കോടിയായിരുന്നത് 2050ൽ അതിന്റെ നാലിരട്ടിയാകും എന്നാണ് കണക്കുകൾ പറയുന്നത്. ലോകം ആകെക്കൂടി നോക്കിയാൽ ഇവരുടെ സംഖ്യ 2050ൽ 150 കോടി ആയേക്കുമത്രെ. ചുരുക്കത്തിൽ ഇന്നത്തെ ഇളംതലമുറ മദ്ധ്യവയസെത്തുമ്പോൾ ലോകജനസംഖ്യയുടെ 16% വൃദ്ധജനങ്ങളായിരിക്കും. ജോലിയിൽ ഇരുന്നു ശമ്പളം വാങ്ങിയതിലും അധികം കാലം പെൻഷൻ വാങ്ങാൻ ഇടയാകുന്ന ഒരു സാഹചര്യം സംജാതമായിക്കൊണ്ടിരിക്കുകയാണ്.

ചുരുക്കത്തിൽ പറയുകയാണെങ്കിൽ ഇൻഡ്യയിലെ അവസ്ഥ ചൈനയുമായി താരതമ്യപ്പെടുത്തുമ്പോൾ വലിയ വ്യത്യാസം ഒന്നും ഇല്ല. ആഗോളതലത്തിലും സ്ഥിതി ഏറെക്കുറെ സമാനമാണ്. എന്നാൽ ഒരു കാര്യത്തിൽ കാര്യമായ വ്യത്യാസം ഉണ്ടുതാനും. പാശ്ചാത്യ, പരിഷ്കൃത രാജ്യങ്ങളിൽ നിലവിലുള്ള സാമൂഹ്യസുരക്ഷാസംവിധാനങ്ങളും വൃദ്ധജനസംരക്ഷണനിയമങ്ങളും മുതിർന്നവർക്ക് പലതരത്തിലും ഭൗതികതലത്തിൽ ആശ്വാസം പകർന്നുകൊടുക്കുന്നു. ഇൻഡ്യയിൽ സാധാരണക്കാർക്ക് പ്രയോജനകരമായ അത്തരം സംവിധാനങ്ങൾ ഒന്നുംതന്നെ കാര്യമായിട്ട് ഇല്ല. ചൈനയിൽ ഇപ്പോൾ രൂപം കൊടുത്തതുപോലെയൊരു നിയമം ഇൻഡ്യയിൽ കൊണ്ടുവന്നാൽ അത് നടപ്പിലാക്കുന്ന കാര്യത്തിൽ കാര്യമായ വിജയം സംഭവിക്കുമെന്നു തോന്നുന്നില്ല. അങ്ങനെയൊക്കെ സാഹചര്യങ്ങൾ നിലനിൽക്കെ പ്രശ്നപരിഹാരത്തിന് ഒരുപക്ഷെ, സ്ഥായിയായ മാർഗ്ഗം ഒന്നുമാത്രം. അത് മറ്റൊന്നുമല്ല, മാതൃപിതൃപുത്രപുത്രീബന്ധം കൂടുതൽ ഊഷ്മളമാകുക; അത്രതന്നെ.

എന്തുകൊണ്ടാണ് രക്ഷകർത്താക്കളും മക്കളും തമ്മിലുള്ള ബന്ധത്തിൽ ഊഷ്മളതയ്ക്കു കുറവുവരുന്നത്? ഭൗതികതലത്തിൽ നേട്ടങ്ങൾ കൊയ്തെടുക്കുവാനുള്ള അമിതവാഞ്ചതന്നെ ഇതിനു പ്രധാനകാരണം. സ്കൂളിൽ പഠിക്കുമ്പോൾതന്നെ മാതാപിതാക്കൾ എത്രയും കൂടുതൽ പണം സമ്പാദിക്കുക എന്ന ലക്ഷ്യം മക്കളുടെ മനസിൽ വെച്ചുകൊടുക്കുന്നു. അത് സാധ്യമാകത്തക്കവണ്ണമുള്ള ട്യൂഷനുകളും സ്പെഷ്യൽ കോച്ചിംഗുകളും തരപ്പെടുത്തിക്കൊടുക്കുന്നു. ദേവാലയങ്ങളിലെ ആരാധനകളും സൺഡേ സ്കൂൾ പഠനവും സമസൃഷ്ടികളുമായി ഉണ്ടായിരിക്കേണ്ട ആരോഗ്യകരമായ സുഹൃദ്ബന്ധങ്ങളും ഒക്കെ പിന്തള്ളപ്പെടുകയും ആവുന്നത്ര നേട്ടങ്ങൾ കൊയ്തെടുക്കുക എന്ന ലക്ഷ്യം മുൻഗണനനേടുകയും ചെയ്യുന്നു. സ്വാഭാവികമായും തൊഴിൽ നേടിക്കഴിയുമ്പോഴും ഇത് തുടരുകയാണ്. കുടുംബത്തിലും സമൂഹത്തിലും ദേവാലയങ്ങളിലും ഒക്കെ നടക്കുന്ന കൂടിവരവുകളിൽ പല മാതാപിതാക്കളും മക്കൾ ട്യൂഷന് അല്ലെങ്കിൽ കോച്ചിംഗ് ക്ലാസ്സുകൾക്ക് പോയതിനാൽ വരാൻ സാധിച്ചില്ല എന്ന് അഭിമാനത്തോടെ പറയുന്നു. അതിൽ അവർക്കുള്ള സന്തോഷം വളരെയേറെയാണ്. **പക്ഷെ ഇരുപതോ മുപ്പതോ വർഷങ്ങൾ കഴിയുമ്പോഴേക്കുമാണ് ഈ ആത്മാഭിമാനം തിരിച്ചടിയായി മാറുന്നത്.** ബന്ധങ്ങളുടെ ഊഷ്മളതയ്ക്ക് കോട്ടം സംഭവിക്കുന്നു. ബന്ധം നിലനിന്നുപോകുവാൻ സ്കൈപ്പിനേയും മറ്റും ആശ്രയിക്കേണ്ടതായി വന്നുകൂടുന്നു.

ഈ സാഹചര്യങ്ങൾ ബലംപ്രാപിച്ചുവന്നുകൊണ്ടിരിക്കുന്ന അവസ്ഥയ്ക്ക് കടിഞ്ഞാണിട്ടേ മതിയാകൂ. **രക്ഷകർത്താക്കൾക്ക് നേരായ തരത്തിലുള്ള ബോധവൽക്കരണം നടത്തുവാൻ ആത്മീയ, സാമൂഹിക സന്നദ്ധസംഘടനകളും മറ്റും മുൻകൈ എടുക്കണം.** അങ്ങനെ ക്രമേണ ഈ ദുരവസ്ഥയിൽ നിന്ന് മോചനം പ്രാപിക്കണം. ചൈനയിൽ കൊണ്ടുവന്ന പുതിയ നിയമം വഴി നേടിയ, അല്ലെങ്കിൽ നേടാവുന്ന ഊഷ്മളത സ്ഥായിയായി നിലനിൽക്കുമെന്നു തോന്നുന്നില്ല, കാരണം അതിന് ഒരുതരം ബലപ്രയോഗത്തിന്റെ സ്വഭാവമാണുള്ളത്. അതുകൊണ്ട് തക്കസമയത്തുള്ള തിരുത്തൽ തന്നെയാണ് അഭികാമ്യം. പക്ഷെ, ഇനി ഒട്ടും അമാന്തിക്കരുത്. **GM**

കണക്കുകൾക്ക് കടപ്പാട്: ഡോ. വർഗീസ് പുന്നൂസ്, ജോർജിയൻ മിറർ, പേജ് 37, ഏപ്രിൽ-ജൂൺ 2013

Elders Forum

1999 ജൂലായ് മാസം ഒന്നാം തീയതിയിലെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ വളരെ ശ്രദ്ധേയമായ ഒരു ആഹ്വാനം ‘മലങ്കരസഭ’ പ്രസിദ്ധീകരിച്ചിരുന്നത് അതിന്റെ കാലികപ്രസക്തികൊണ്ട് ഇപ്പോഴും വളരെ പ്രാധാന്യം അർഹിക്കുന്നു. ഇതിലെ പ്രധാനവിഷയം വൃദ്ധജനസംരക്ഷണം ആണെന്നു പറയാം. പരിശുദ്ധ ബാവായുടെ ഈ ആഹ്വാനത്തിന്റെ കാതൽ താഴെപ്പറയും വിധം സംഗ്രഹിക്കാമെന്നു തോന്നുന്നു.

പ്രായമേറുന്നവരെ സംരക്ഷിക്കുക എന്നത് യുവതലമുറയുടെയും മധ്യവയസുകാരുടെയും ഉത്തരവാദിത്വമാണ്. വാർദ്ധക്യകാലത്ത് സർവവിധ കരുതലുകളും അവർക്ക് ലഭ്യമാണ് എന്ന് ഉറപ്പുവരുത്തണം. അവരുടെ ആരോഗ്യപരിപാലനത്തിൽ ഏറ്റവും അധികമായ ശ്രദ്ധ നിർബന്ധമായും പതിഞ്ഞിരിക്കണം. ഭവനങ്ങളിൽ കഴിയുന്ന ഈ പ്രായംചെന്നവരെ കൂടെക്കൂടെ സന്ദർശിക്കുന്നതിൽ ഉപേക്ഷ വിചാരിക്കരുത്. അവരുടെ ആത്മീയ ജീവിതം സജീവമായിത്തന്നെ നിലനിർത്തേണ്ടതും മേൽപറഞ്ഞ ഉത്തരവാദിത്വങ്ങളിൽ ഉൾപ്പെടുന്നതാണ്. **പള്ളിയിൽ അവരെ വരുത്തിയോ അല്ലെങ്കിൽ ഏതെങ്കിലും ഭവനത്തിൽ ഒത്തുകൂടുവാനുള്ള സാഹചര്യം സൃഷ്ടിച്ചുകൊണ്ടോ അവരുടെ മാനസിക, ആത്മീയ സൗഖ്യം ലക്ഷ്യമിട്ട് വേദപുസ്തക പഠന ക്ലാസുകളും ധ്യാനയോഗങ്ങളും സംഘടിപ്പിക്കാവുന്നതാണ്.** ഇത്തരം കൂടിവരവുകളിൽ അവരുടെ ആരോഗ്യപരിപാലനം മുൻനിർത്തിക്കൊണ്ടുള്ള ക്ലാസ്സുകളും ചർച്ചകളും വളരെ പ്രയോജനകരമായിരിക്കും.

വാസ്തവത്തിൽ പരിശുദ്ധ ബാവായുടെ മേൽപറഞ്ഞ ആഹ്വാനത്തിൽനിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ടാണ് ഇടവകതലത്തിൽ സീനിയർ സിറ്റിസൺസ് ഫോറം അഥവാ എൽഡേഴ്സ് ഫോറം രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി വിവിധതലങ്ങളിൽ ആലോചനകൾ നടന്നത്. ഇന്ന് ചുരുക്കം **ചില ഇടവകകളിൽ ഇത്തരം ഫോറങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മലങ്കരസഭയിലെ സർവ ഇടവകകളിലും ഇവ രൂപീകരിക്കുന്നത് വളരെ നല്ല ഒരു കാൽവയ്പാണെന്നതിൽ യാതൊരു സംശയവും വേണ്ട.**

എറണാകുളത്ത് പാലാരിവട്ടം സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകയിൽ വളരെ നല്ല രീതിയിൽ ഒരു എൽഡേഴ്സ് ഫോറം പ്രവർത്തിക്കുന്നുണ്ട്. മാസത്തിൽ ഒരു ദിവസം (ബുധൻ) താൽപര്യമുള്ള ഒരു വിഷയത്തെപ്പറ്റി (ആരോഗ്യപരിപാലനം, കുടുംബജീവിതം, സാമൂഹ്യവിപത്തുകളെ നേരിടുന്നത്, ആരാധനാ സംബന്ധിയായവ....) വൈദഗ്ദ്ധ്യമുള്ളവരുടെ ക്ലാസുകളും അനുബന്ധ ചർച്ചകളും സംഘടപ്പിച്ചുവരുന്നു. മറ്റു ബുധനാഴ്ചകൾ വേദപുസ്തക പഠനത്തിനായി ഉപയോഗിക്കുന്നു. ധാരാളം ആളുകൾ സന്തോഷത്തോടെ ഇവയിലെല്ലാം ഭാഗഭാക്കാകുന്നുണ്ട്. കൂടാതെ, മറ്റു പല പ്രവർത്തനങ്ങളും ഇതിനോട് ചേർന്ന് നടക്കുന്നു.

സഭയുടെ മാനവവിഭവശേഷി വകുപ്പിന്റെ ഉത്സാഹപ്രകാരം ആരംഭിച്ചിരിക്കുന്ന **“സ്നേഹത്തണലിൽ ഈ സായാഹ്നം”** എന്ന പദ്ധതിയും ഇടവകകൾ ആവേശത്തോടെ ഏറ്റെടുക്കേണ്ടതാണ്. ജോർജിയൻ മിറർ ഏപ്രിൽ - ജൂൺ 2013 ലക്കം ശ്രദ്ധിക്കുക. ഇതിന്റെ ഭാഗമായി സംഘടിപ്പിക്കാവുന്ന **പകൽവീടുകളും സാന്ത്വന ശുശ്രൂഷാ യൂണിറ്റുകളും വൃദ്ധജനങ്ങൾക്ക് പകരുന്ന ആശ്വാസത്തിന് അതിരുകൾ ഇല്ലാത്തതാണ്** എന്ന് നമ്മൾ ഓർക്കണം.

നമ്മുടെ യുവ- മധ്യതലമുറകൾ ഇത് മനസിലാക്കി ഉണർന്നു പ്രവർത്തിക്കും എന്ന് ആശിക്കട്ടെ. **GM**

മലങ്കരസഭയുടെ പഞ്ചമസ്വഭാവം – അഥവാ അത്മായ പങ്കാളിത്തം

■ ഡോ. വർഗീസ് പുന്നൂസ്

1. ചരിത്ര പശ്ചാത്തലം

ഏകം, വിശുദ്ധം, അപ്പോസ്തോലികം, കാതോലികം എന്നിങ്ങനെ ചതുർസ്വഭാവത്തോടുകൂടിയതാണ് സഭ എന്നാണു നമ്മൾ പഠിച്ചിട്ടുള്ളത്. പക്ഷേ ആഗോള ക്രൈസ്തവ സഭകൾക്കിടയിൽ നസ്രാണി സമൂഹത്തെ വേർതിരിച്ചുനിർത്തുന്നത് അതിന്റെ പഞ്ചമ സ്വഭാവമായ അത്മായ പങ്കാളിത്തമാണ്. പുരോഹിതന്മാർക്ക് കൗദാശികവും ആരാധനാ സംബന്ധവുമായ കാര്യങ്ങളിൽ നേതൃസ്ഥാനമുണ്ടെങ്കിലും, സഭയുടെ ദൈനംദിനപ്രവർത്തനങ്ങളിൽ അത്മായർക്കുള്ള സജീവ പങ്കാളിത്തം മാർത്തോമ്മൻ ക്രിസ്ത്യാനികളുടെ ശ്രേഷ്ഠവും വ്യതിരിക്തവുമായ പാരമ്പര്യമാണ്. നസ്രാണി സമുദായത്തിൽ 16-ാം നൂറ്റാണ്ടിനുമുമ്പ് നിലവിലുണ്ടായിരുന്ന പൗരോഹിത്യ പദവികളെപ്പറ്റി വ്യക്തതക്കുറവ് ഉണ്ട് എങ്കിലും, ശക്തമായ അത്മായ നേതൃത്വത്തെപ്പറ്റിയോ പങ്കാളിത്തത്തെപ്പറ്റിയോ ആർക്കും സംശയമില്ല. ജാതിക്ക് കർത്തവ്യൻമാരായ അർക്കദിയാക്കോൻമാരും, ഉദയംപേരൂർ സുന്നഹദോസിൽ പങ്കെടുത്ത അത്മായ പ്രതിനിധികളുമൊക്കെ അത്മായ പങ്കാളിത്തത്തിന്റെയും നേതൃത്വത്തിന്റെയും ചരിത്രസാക്ഷ്യങ്ങളാണ്. കൂനൻകുരിശും മാവേലിക്കര പടിയോലയും അത്മായർ നേതൃത്വം കൊടുത്ത വിപ്ലവങ്ങൾ ആയിരുന്നു. നയപരവും വിശ്വാസപരവും ഭരണപരവുമായ തീരുമാനങ്ങൾ എടുക്കാൻ വൈദികരും, ഇടവക പ്രതിനിധികളും ചേർന്ന സമ്മേളനങ്ങൾ 'മലങ്കര സുന്നഹദോസുകൾ' ആയിരുന്നു. (ഇന്നിപ്പോൾ സുന്നഹദോസ് എന്നാൽ മെത്രാൻമാർ മാത്രം ചേരുന്ന സർവ്വാധികാരങ്ങളും കേന്ദ്രീകൃതമായ രഹസ്യ സമ്മേളനം എന്നാണ് സാധാരണക്കാർ മനസ്സിലാക്കുന്നത്!)

റോമൻ കത്തോലിക്കാ സഭയിൽ നാമമാത്രമായെങ്കിലും അത്മായ പങ്കാളിത്തം ഉണ്ടാകുന്നത് രണ്ടാം വത്തിക്കാൻ കൗൺസിലിനു ശേഷം ആണ് എന്ന് ഓർക്കണം. പരിമിതമായ അത്മായ പങ്കാളിത്തത്തെപ്പോലും ഭയാശങ്കകളോടെയാണ് പരമ്പരാഗതമായ പൗരോഹിത്യ നേതൃത്വം കാണുന്നത് എന്നത് ആഗോള കത്തോലിക്കാ സഭയിൽ ഇന്നും നിലവിലുള്ള ഒരു യാഥാർത്ഥ്യമാണ്. ഒരു പക്ഷേ പ്രൊട്ടസ്റ്റന്റ് – പെന്തിക്കോസ്തൽ-റിവൈവൽ വിഭാഗങ്ങളിൽ അത്മായ ഇടപെടൽ മൂലവും, പൗരോഹിത്യത്തിന്റെ ശോഷിപ്പുമൂലവും ഉണ്ടായ അരാജകത്വവും, ശിഥിലീകരണവും ആകാം അത്മായ പങ്കാളിത്തത്തെ സംശയത്തോടെ വീക്ഷിക്കുവാനും നിരുത്സാഹപ്പെടുത്തുവാനും പരമ്പരാഗത അപ്പോസ്തോലിക സഭകളെ പ്രേരിപ്പിക്കുന്ന പ്രധാനഘടകം.

2. അത്മായ പങ്കാളിത്തത്തിന്റെ ശോഷിപ്പും ശേഷിപ്പും

16-ാം നൂറ്റാണ്ടു മുതലുണ്ടായ വൈദേശിക (യൂറോപ്യൻ-കത്തോലിക്ക, പ്രൊട്ടസ്റ്റന്റ്, മധ്യപൗരസ്ത്യ-കൽദായ, സിറിയൻ) ആധിപത്യങ്ങളാണ് നമ്മുടെ തനതായ അത്മായ പങ്കാളിത്തത്തെ ശോഷിപ്പിച്ചത് എന്ന് നിസ്സംശയം പറയാം. ഉദയംപേരൂരിൽ നഷ്ടപ്പെട്ടത് കൂനൻകുരിശ് സത്യത്തിലൂടെയോ, 1912 ലെ കാതോലിക്കേറ്റ് സ്ഥാപനത്തിലൂടെയോ, 1934 ലെ ഭരണഘടനയിലൂടെയോ ഒന്നും പൂർണ്ണമായി നമുക്ക് തിരിച്ചുകിട്ടിയിട്ടില്ല എന്നതാണ് വാസ്തവം.

റോമിന്റെയും അന്ത്യോക്യയുടെയും പൗരോഹിത്യ മേധാവിത്വത്തിന്റെ കീഴിൽ കൂറുകളായി പിരിഞ്ഞപ്പോൾ ഉണ്ടായ ഏറ്റവും വലിയ നഷ്ടം മാർത്തോമ്മൻ നസ്രാണി പാരമ്പര്യത്തിലെ പൈതൃകമായ അത്മായ പങ്കാളിത്തമായിരുന്നു. സ്വതന്ത്ര നിലനിൽപ്പിനായുള്ള പോരാട്ടത്തിൽ നാം നമ്മുടെ സ്വത്വബോധത്തെപ്പറ്റി വേണ്ടവിധത്തിൽ അവബോധമില്ലാത്തവരായി തീർന്നു. അലക്സാന്ത്രിയൻ-പേർഷ്യൻ-സുറിയാനി പാരമ്പര്യങ്ങളിൽനിന്ന് ഓറിയന്റൽ ഓർത്തഡോക്സിയും, ആരാധനാക്രമങ്ങളും, അപ്പോസ്തോലിക കൈവയ്പ്പിന്റെ തുടർച്ചയും നമുക്കു ലഭിച്ചു. അതിനു നൽകേണ്ടിവന്ന വില നമ്മുടെ ജാത്യാചാരങ്ങളും, അത്മായ പങ്കാളിത്തത്തിലൂടെയുള്ള സ്വയം നിർണ്ണയാവകാശവും ആയിരുന്നു. 1912 ലെ കാതോലിക്കേറ്റ് സ്ഥാപനത്തിലൂടെ അന്ത്യോക്യയിലെ പാത്രിയാർക്കേറ്റിനു സമാനമായ ഒരു സ്ഥാപനം എന്നതായിരുന്നു സങ്കൽപം. പാത്രിയർക്കീസിൽ കേന്ദ്രീകരിക്കപ്പെട്ടിരുന്ന ആത്മീയ അധികാരങ്ങൾ കാതോലിക്കായിലേക്കു പൂർണ്ണമായും എന്നെന്നേക്കുമായി മാറി എന്നതിനെ ഒട്ടും തുച്ഛീകരിച്ച് കാണുന്നില്ല. പക്ഷേ നസ്രാണി സമൂഹത്തിന്റെ ജാത്യാചാരമായിരുന്ന സജീവമായ അത്മായ പ്രാതിനിധ്യത്തിന്റെ പൂർണ്ണമായ വീണ്ടെടുപ്പിന് 1934 ലെ ഭരണഘടനാ ശില്പികൾ എന്തുകൊണ്ടോ കാര്യമായ പരിശ്രമങ്ങൾ ചെയ്തതായി കാണുന്നില്ല. മലങ്കരസഭയുടെ പാർലമെന്റ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന മലങ്കര അസോസിയേഷനും, നേരിട്ട് തെരഞ്ഞെടുക്കപ്പെടുന്ന മാനേജിങ് കമ്മിറ്റിക്കും ഒക്കെ ഭരണഘടനയുടെ ഏടുകളിൽ മാത്രമേ അധികാരമുള്ളൂ എന്ന് ഈ സമിതികളുടെ ഒക്കെ മീറ്റിങ്ങിൽ ഒരു പ്രാവശ്യമെങ്കിലും പങ്കെടുത്തിട്ടുള്ളവർക്കു മനസ്സിലാകും. പ്രായോഗികമായി നോക്കിയാൽ അധികാരം മുഴുവൻ കേന്ദ്രീകരിച്ചിരിക്കുന്നത് പൗരോഹിത്യ സ്ഥാനങ്ങളിലും സുന്നഹദോസിലും മാത്രമാണ്.

> **മാറ്റങ്ങൾ ഉൾക്കൊള്ളാൻ സഭ സന്നദ്ധമാണോ?**

"ഓന്ത് ഓടിയാൽ വേലിവരെ" എന്ന പഴമൊഴിപോലെ വേലിവരെ ഓടാൻ ഇടവക പൊതുയോഗങ്ങൾക്കു കഴിയും എന്നതു വിസ്മരിക്കുന്നില്ല. പക്ഷേ ആ വേലി എവിടെ കെട്ടണം എന്നു നിശ്ചയിക്കുന്നത് ഇടവക വികാരിയായ പുരോഹിതനും, ഭദ്രാസന ഭരണാധികാരിയായ മെത്രാനുമാണ്!

ഭദ്രാസനഭരണത്തിൽ ജനങ്ങൾക്കു ലഭിക്കുന്ന പങ്കാളിത്തം ഇന്ന് ഏതാണ്ട് ശൂന്യപ്രായമാണ്.

3. അത്മായ പങ്കാളിത്തത്തിന്റെ സാധ്യതകൾ

മലങ്കരസഭയുടെ ഏറ്റവും വലിയ വിഭവശേഷി അതിന്റെ ഗുണമേന്മയുള്ള ജനസമൂഹമാണ്. എണ്ണത്തിൽ കുറവാണ് എങ്കിലും **ഗുണത്തിൽ മെച്ചമുള്ള അത്മായ വിഭവശേഷിയെ വിനിയോഗിക്കാതിരിക്കുന്നത് അക്ഷന്തവ്യമായ ഒരു പോരായ്മയാണ്.**

ജനിതകവും വംശീയവുമായ കാരണങ്ങളാലും, ചരിത്രപരവും സാമൂഹികവും വിദ്യാഭ്യാസപരവുമായ കാരണങ്ങളാലും നസ്രാണി ജനവിഭാഗം ഭാരതത്തിലെ മറ്റേതു വിഭാഗം ജനങ്ങളേക്കാളും മുമ്പിൽ നിൽക്കുന്നവർ ആണ്. നസ്രാണികൾ എത്തിപ്പിടിച്ചിരിക്കുന്ന നേട്ടങ്ങൾ (സംവരണത്തിന്റെയോ മറ്റു യാതൊരു സൗജന്യങ്ങളുടെയോ ആനുകൂല്യങ്ങൾ ഇല്ലാതിരുന്നിട്ടും) ജനസംഖ്യയിൽ ഉള്ള അവരുടെ പ്രാതിനിധ്യവുമായി യാതൊരു പൊരുത്തവുമില്ലാത്തവണ്ണം ഉയർന്നതാണ്. ഇത്രമാത്രം സമ്പുഷ്ടമായ മനുഷ്യവിഭവശേഷിയെ ഉപയോഗപ്പെടുത്തുന്നതിൽ ഇന്ന് ഏറ്റവും പുറകിൽ നിൽക്കുന്നത് ഒരു പക്ഷേ മലങ്കര ഓർത്തഡോക്സ് യാക്കോബായ സഭാ വിഭാഗങ്ങൾ തന്നെയാകാനാണ് സാധ്യത.

സെമിനാരികളിൽ പ്രവേശനം കിട്ടുന്നവരുടെ എണ്ണവും, അവർക്കു കിട്ടുന്ന പരിശീലനവും മെച്ചപ്പെട്ടിട്ടുണ്ട് എന്നതിൽ സംശയമില്ല. സെമിനാരികളിലേക്കുള്ള പരിമിതമായ സീറ്റുകളിലേക്കു കിട്ടുന്ന അപേക്ഷകൾ പല മടങ്ങാണ്. ഉയർന്ന പരീക്ഷാ യോഗ്യതയുള്ളവർ വൈദികരാകാൻ തയ്യാറായി വരുന്നുണ്ട്. ഇതൊക്കെയാണെങ്കിലും സഭയിലെ ഏറ്റവും നല്ല മസ്തിഷ്കങ്ങളാണ് വൈദികപഠനം തെരഞ്ഞെടുക്കുന്നത് എന്നു പറയാൻ സാധിക്കില്ല. ഏറ്റവും മികച്ച മസ്തിഷ്കങ്ങളിൽ ഭൂരിഭാഗവും സഭാ പ്രവർത്തനങ്ങളിൽ വ്യത്യസ്ത അകലങ്ങളിൽ സ്ഥിതിചെയ്യുന്ന അത്മായക്കാരുടെ ഇടയിൽ തന്നെയാണ്. വിലപ്പെട്ട ഈ അത്മായ സമ്പത്തിനെകണ്ടെത്തുകയും, ഉപയോഗിക്കുകയും, നിക്ഷേപിക്കുകയും ചെയ്യുക എന്ന ബൃഹത്തായ സാധ്യതയാണ് നമ്മുടെ മുമ്പിൽ 21-ാം നൂറ്റാണ്ട് തുറന്നുവയ്ക്കുന്നത്.

3എ. ഇടവക/ഭദ്രാസന/കേന്ദ്ര ഭരണ സംവിധാനങ്ങൾ

ഓരോ ഇടവകകളിലും പള്ളിയോട് ഏറ്റവും ചേർന്നുനിൽക്കുന്ന ചില വ്യക്തികളും കുടുംബങ്ങളും ഉണ്ട്. ഈ ന്യൂനപക്ഷം തന്നെയാണ് പലപ്പോഴും മാറിയും മറിഞ്ഞും സ്ഥാനികളായി വരുന്നത്. ഭൂരിപക്ഷം വരുന്ന സാധാരണ വിശ്വാസികൾ "കുർബാനയും കണ്ട് നേർച്ചയുമിട്ട്" മടങ്ങിപ്പോകുന്നവരാണ്. പൊതുയോഗത്തിൽ പോലും അവർ ഇരിക്കില്ല. പിരിവുകൾ ഒക്കെ കൊടുക്കും. പക്ഷേ വഴക്കിനും ഭരണത്തിനുമൊന്നും ഞങ്ങളില്ല എന്ന നിലപാടാണ് ഈ ഭൂരിപക്ഷ

ത്തിന്. ഈ വിഭാഗം പൊതുവേ സമാധാനപ്രിയരായ ഇടത്തരക്കാരും ഉയർന്ന മധ്യവർഗ്ഗക്കാരും ആണ്. ഇടവകകളുടെ ഭരണ സംവിധാനങ്ങ ളിൽനിന്ന് അല്പം അകലം പാലിച്ച് പോകുന്ന ഇത്തരം വ്യക്തിക ളെയും കുടുംബങ്ങളെയും ഇടവക കാര്യത്തിൽ സജീവ പങ്കാളിത്തം നൽകിയാൽ അവർ ഉത്സാഹത്തോടെ മുമ്പോട്ടു വന്ന് തങ്ങളെ ഏൽപ്പിച്ച ഭാഗം ഉത്തരവാദിത്തത്തോടെ ചെയ്യാറു ണ്ട്. വിദ്യാഭ്യാസപരമായും തൊഴിൽപരമായും മുമ്പിൽ നിൽക്കുന്ന ഈ വിഭാഗത്തിനെ പള്ളി കമ്മിറ്റികളിലേക്കും ഭദ്രാസനപ്രതിനിധി, മലങ്കര അസോസിയേഷൻ പ്രതിനിധി എന്നീ സ്ഥാനങ്ങളിലേക്കും തെരഞ്ഞെടുക്കുന്നത് അവ രുടെ പങ്കാളിത്തം ഉറപ്പാക്കാൻ സഹായിക്കും. കുരിശും തൊട്ടി പണിയിക്കൽ, കൊടിമരം സ്വർണ്ണം പൂശൽ തുട ങ്ങിയ പതിവു പരിപാടികളിൽനിന്ന് വ്യത്യസ്തമായി ചിന്തിക്കാനും പുത്തൻ ആശയങ്ങൾ നടപ്പിലാക്കാനും ഇവ രുടെ പങ്കാളിത്തവും നേതൃത്വവും സഹായകമാകും.

മാനേജിംഗ് കമ്മിറ്റി, വർക്കിംഗ് കമ്മിറ്റി യോഗങ്ങൾ ഗൗരവമുള്ള ചർച്ചയ്ക്ക് വേദിയാവണം

പള്ളിയോട് ഏറ്റവും കൂറുള്ള പാവപ്പെട്ടവരെ മാറ്റിനിർത്തി ഒരു വരേണ്യ വർഗ്ഗത്തെ അവിടെ പ്രതിഷ്ഠിക്കണം എന്നല്ല ഈ നിർദ്ദേശം കൊണ്ട് ഉദ്ദേശിക്കുന്നത്. പള്ളിയിൽനിന്ന് അകന്നു പൊയ്ക്കൊണ്ടി രുന്ന മധ്യവർഗ്ഗത്തെ സഭയുടെ മുഖ്യധാരയിലേക്ക് കൊണ്ടെത്തി ക്കാനും അവരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കാൻ വേണ്ടിയുമാണ്.

അഭ്യസ്തവിദ്യരും, അഭിപ്രായസ്ഥിരതയും, സ്വന്തമായ കാഴ്ച പ്പാടും ഉള്ള വ്യക്തികൾ പള്ളി ഭരണത്തിലേക്കു വരുന്നതിൽ ചില വൈദികരെങ്കിലും ആശങ്കയുള്ളവരാണ്. വിറകുവെട്ടാനും, വെള്ളം കോരാനും, ജാഥകൾക്ക് അണികളായി പോയി മുദ്രാവാക്യം മുഴ ക്കാനും മാത്രം ശീലിപ്പിക്കപ്പെട്ട **വിശ്വസ്ത വിധേയന്മാരുടെയും സ്തുതിപാഠകരുടെയും മാത്രം പിന്തുണ തങ്ങൾക്കു പോരാ എന്ന് വൈദികർ തിരിച്ചറിയണം. മാനേജിങ് കമ്മിറ്റിയിലേക്കുള്ള നോമിനേ ഷനുകളിൽ തങ്ങളുടെ കർമ്മരംഗത്ത് ശോഭിക്കുന്ന സഭാംഗങ്ങൾ ആയിരിക്കണം ഉൾപ്പെടേണ്ടത്.** അവരെ ഉപയോഗിക്കുക എന്ന സ്വാർത്ഥതാൽപര്യം തന്നെ വേണം നമുക്ക്! രാഷ്ട്രീയത്തിലിറങ്ങാ നുള്ള കുറുക്കുവഴിയായി സഭാ പ്രവർത്തനത്തെ ചിലർ ദുരുപയോഗം ചെയ്യുന്നു എന്നു പലരും വിമർശിക്കാറുണ്ട്. പക്ഷേ അതിലെന്താണ് തെറ്റ്? - ദുരുപയോഗം എന്നതിനേക്കാൾ ഉപരി സമർത്ഥമായി നമ്മൾ ഉപയോഗപ്പെടുത്തേണ്ട മേഖലയല്ലേ അത്?

സമസ്ത മേഖലയിലും ഇന്ന് രാഷ്ട്രീയം പിടിമുറുക്കിയിരിക്കുക യാണ്. നയങ്ങൾ രൂപപ്പെടുന്നതും തീരുമാനങ്ങൾ എടുക്കുന്നതും രാഷ്ട്രീയമായിട്ടാണ്. എണ്ണത്തിൽ കുറവായ സമുദായത്തിലെ അംഗ ങ്ങൾക്ക് ആൾക്കൂട്ടത്തിന്റെ പിൻബലത്തിൽ മാത്രം താക്കോൽ സ്ഥാന ങ്ങളിൽ എത്താൻ കഴിയില്ല എന്നത് യാഥാർത്ഥ്യമാണ്. ഗുണമേന്മയും സ്വഭാവവൈശിഷ്ട്യവുമുള്ള രാഷ്ട്രീയ നേതാക്കന്മാരെ സൃഷ്ടി ക്കാനും അവരെ നാടിന് സംഭാവനചെയ്യാനും സഭയ്ക്ക് കഴിയണം. സമുദായ വഴക്കിനോ കേസിനോ നമുക്ക് അനർഹമായി ഒന്നും നേടി യെടുക്കാനല്ല ഇത്.

പകരം വയ്ക്കാനില്ലാത്ത ഉന്നത നേതാക്കന്മാരെ രാഷ്ട്രത്തിന് സംഭാവനചെയ്ത സമുദായമാണ് നമ്മുടേത് - ഇ. ജോൺ ജേക്കബും, സി.എം. സ്റ്റീഫനും, ഡോ. ജോൺ മത്തായിയും, എ.എം. തോമസും, ഡോ. പി.സി. അലക്സാണ്ടറും ഒക്കെ ഉൾപ്പെടുന്ന ഗണത്തിലേക്ക് ഇനിയും നമുക്ക് സംഭാവനകൾ നൽകേണ്ടേ?

തെരഞ്ഞെടുപ്പുകളിൽ അർഹമായ പ്രാതിനിധ്യം ലഭിച്ചില്ല എന്നു നാം ഇന്നു വിലപിച്ച് നടക്കുകയാണ്. **നല്ല നേതാക്കന്മാർ ഉണ്ടായാൽ പ്രാതിനിധ്യം തരാൻ രാഷ്ട്രീയ പാർട്ടികൾ നിർബന്ധിതരാകും.** എണ്ണം പെരുപ്പിച്ച് രാഷ്ട്രീയ ശക്തിയായി മാറാൻ നമുക്കു കഴിയില്ല. അതിനാൽ ഗുണമേന്മയുള്ള രാഷ്ട്രീയക്കാരെ ഉൽപാദിപ്പിക്കുവാനും പരിശീലിപ്പിക്കുവാനും ഉള്ള കളരി തന്നെയാകണം സമുദായ പ്രവർത്തനം എന്നതാണ് കേരളത്തിലെ വർത്തമാനകാല യാഥാർത്ഥ്യം.

3.ബി. ആധ്യാത്മിക സംഘടനകൾ

1908 ൽ സ്ഥാപിതമായ വിദ്യാർത്ഥി പ്രസ്ഥാനം മുതൽ അടുത്തകാ ലത്ത് ഉരുത്തിരിഞ്ഞുകൊണ്ടിരിക്കുന്ന സീനിയർ സിറ്റിസൺ ഫോറം വരെയുള്ള ആത്മീയ സംഘടനകൾ അത്മായ നേതൃത്വത്തിനും പങ്കാ ളിത്തത്തിനുമുള്ള ഉത്തമ മേഖലകളാണ്. പക്ഷേ വെറും പോഷക സംഘടനകൾ എന്ന നിലവാരത്തിൽനിന്നും ഉയർന്ന് അവയുടെ സ്ഥാപനലക്ഷ്യങ്ങളും മോട്ടോയും സാക്ഷാത്കരിക്കത്തക്ക രീതിയിൽ സജീവമായ പ്രവർത്തനങ്ങളും ദിശാബോധമുള്ള നേതൃത്വവും അവ യ്ക്കുണ്ടാവണം; പള്ളിപ്പെരുനാളിന് തോരണം കെട്ടുകയും സ്റ്റാൾ ഇട്ട് കച്ചവടം നടത്തുകയും ചെയ്യുക എന്നതിൽ ഒതുങ്ങിനിൽക്കേണ്ട തല്ല ആധ്യാത്മിക സംഘടനകളുടെ പ്രവർത്തനം

ആധ്യാത്മിക സംഘടനകളുടെ പ്രസിഡന്റായി വികാരി അച്ചനും ഇടവക മെത്രാപ്പോലീത്തായും ഇരിക്കുന്ന രീതി മാറണം. അവർ രക്ഷാധികാരികളായി ഇരുന്ന് ചെറുപ്പക്കാ രെയും മധ്യവയസ്കരെയും ഒക്കെ നേതൃസ്ഥാനങ്ങളി ലേക്ക് കൊണ്ടുവരണം. ഇടവക വികാരിയും, ഭദ്രാസന മെത്രാപ്പോലീത്തായും ഭരണസംബന്ധമായ പ്രശ്നങ്ങ ളിലും മുൻഗണന ആവശ്യമായ മറ്റനേകം കൂദാശാപരമായ കാര്യങ്ങളിലും മുഴുകേണ്ടിവരുമ്പോൾ, മാറ്റിവയ്ക്കപ്പെടു ന്നതും അവഗണിക്കപ്പെടുന്നതും ആധ്യാത്മിക സംഘടന കളുടെ പ്രവർത്തനങ്ങളാണ്.

പള്ളിഭരണത്തിന്റെ കാര്യത്തിലെന്നപോലെ പല ആധ്യാത്മിക സംഘടനകളിലും ഒരേ ആൾക്കാർ തന്നെ ഭാരവാഹികളായി തുടരു ന്നതിന്റെ മരവിപ്പും മടുപ്പും ഉണ്ട്. പുതിയ വ്യക്തികൾ രംഗത്തു വരി കയും ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുകയും ചെയ്യുമ്പോൾ സംഘട നയ്ക്ക് പുതുജീവനും ഊർജ്ജവും നൽകും.

3.സി. പ്രബോധനരംഗം

മിക്ക ഇടവകകളിലും പ്രാർത്ഥനാ യോഗങ്ങൾ സജീവമായിട്ടു ണ്ട്. നോമ്പിലെ പ്രാർത്ഥനാ സംഗമങ്ങളും ഒക്കെ ഇന്ന് വളരെ സജീവ മാണ്. ഒരു വൈദികൻ നടത്തുന്ന പ്രഘോഷണൽ പ്രസംഗം മാത്രമാണ് പതിവു പരിപാടികളായ പ്രാർത്ഥന, വേദവായന എന്നിവയോടൊപ്പം പ്രാർത്ഥനാ യോഗങ്ങളിൽ നടക്കുന്നത്. അയ്മേനികൾ ബൈബിൾ ക്ലാസുകളും ചർച്ചകളും നയിക്കുന്നതിനെ ഭയാശങ്കകളോടെ കാണേ ണ്ടതില്ല. അവർക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും സംശയ പരിഹാര ങ്ങളും വൈദികർക്ക് നൽകാമല്ലോ? ദിവ്യബോധനം പഠനപദ്ധതി അയ്മേനികളുടെ വേദപഠനത്തിന് ഉതകുന്ന മികച്ച ഒരു വേദിയാണ്. അയ്മേനികളെ ക്രൈസ്തവ വിശ്വാസത്തിന്റെയും സാക്ഷ്യത്തി ന്റെയും മർമ്മങ്ങൾ മനസ്സിലാക്കി പരിശീലിപ്പിക്കുന്നതിന് ഏറ്റവും നല്ല ഒരു മാർഗ്ഗമാണിത്. "മാതൃകാപരമായ ജീവിതം" നയിക്കാത്ത അയ്മേനികൾ മറ്റുള്ളവർക്ക് മുമ്പിൽ പ്രസംഗിക്കുന്നത് ശരിയാകുമോ എന്ന വിമർശനമുണ്ടാകാം. പക്ഷേ ഈ വിമർശനം പുരോഹിത ന്മാർക്കും ബാധകമല്ലേ? മാത്രമല്ല പ്രബോധനം നടത്തണമെങ്കിൽ വായിക്കുകയും ചിന്തിക്കുകയും വേണം. ആ വായനയും ചിന്തയും വ്യക്തികൾ എന്ന നിലയിൽ അവർക്ക് പ്രയോജനം ചെയ്യും. തന്റെ പ്രബോധനത്തിന് അനുസൃതമായി ജീവിക്കണമല്ലോ എന്ന ഉൾപ്രേര ണയും അവർക്ക് ഉണ്ടാകും.

അത്മായ പ്രേഷിതത്വം എന്ന ആശയം കത്തോലിക്കാ സഭയിൽ വേരുപിടിച്ചുവരുന്ന ആശാസ്യകരമായ ഒരു പ്രതിഭാസമാണ്.

അറിവും പ്രാർത്ഥനാജീവിതവും പക്വതയും പ്രബോധനവരവു മുള്ള അയ്മേനികൾക്ക് പൗരോഹിത്യം സ്വീകരിക്കാതെ തന്നെ വ്യക്തികൾക്കും കുടുംബങ്ങൾക്കും ആശ്വാസമെത്തിച്ചുകൊടുക്കാൻ പറ്റുന്ന ബർന്നബാസുമാർ ആയിത്തീരാൻ കഴിയും. സ്തുതിചൊവ്വാ കപ്പെട്ട സത്യവിശ്വാസമെന്ന അമൃത് രുചിക്കാൻ കഴിയാതെ **കപട ആത്മീയ പ്രസ്ഥാനങ്ങളുടെ ഫാസ്റ്റ് ഫുഡ് മേളകളിലേക്ക് പോകുന്ന ഓർത്തഡോക്സ് വിശ്വാസിയെ സംരക്ഷിക്കുവാൻ അത്മായ പ്രേഷി തത്വം എന്ന ആശയത്തെ നമ്മൾ സജീവമായി ഏറ്റെടുക്കുകയും നട പ്പിലാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.**

3.ഡി. വനിതാ പ്രാതിനിധ്യം - മലങ്കരയുടെ സ്ത്രീധനം

മലങ്കരസഭയുടെ ഏറ്റവും വലിയ മാനുഷികമായ ശക്തിസ്രോ തസ്സ് ഏതാണ് എന്നു ചോദിച്ചാൽ നിസ്സംശയം പറയാം - മാർത്തയും മറിയയും! നമ്മുടെ അമ്മമാരും, സഹോദരിമാരുമാണ് നമ്മെ നമസ്ക രിക്കാനും നോമ്പെടുക്കാനും പഠിപ്പിച്ചത്. രാവിലെ ഒരുക്കി പള്ളിയിൽ വിട്ട് ശീലിപ്പിച്ചതവരാണ്. തലമുറ തലമുറയായി "ഓർത്തോപ്ര ക്സീസ്" നമ്മളെ ശീലിപ്പിച്ച നമ്മുടെ **സ്ത്രീശക്തിയെ നാം അഗണ്യ മായി തള്ളുന്നത് വളരെ നിർഭാഗ്യകരമാണ്.**

ഓർത്തഡോക്സ് സഭയിൽ നിന്നും നന്നായി പരിശീലിപ്പിച്ചു വിട്ട പെൺകുട്ടികളാണ് മാർത്തോമ്മാ സഭയെ നിലനിർത്തുന്നത് എന്ന് ആ സഭയിലെ ഒരു മേലധ്യക്ഷൻ പൊതുവേദിയിൽ തന്നെ പ്രസ്താ വിച്ചത് വളരെ വാസ്തവമാണ്.

സൺഡേസ്കൂളിലും, സെക്കുലർ സ്കൂളിലും ഏറ്റവും മികച്ച പ്രകടനം നടത്തുന്നത് നമ്മുടെ പെൺകുട്ടികളാണ്. കലാകായിക രംഗത്തും, രാഷ്ട്രീയ നേതൃരംഗത്തും അവർ പിന്നിലല്ല. പള്ളിക്കാര്യങ്ങളിൽ ഏറ്റവും മുമ്പിൽ അവരാണ്. പക്ഷേ തീരുമാനമെടുക്കുന്നതിലും ഭരണകാര്യങ്ങളിലും അവരെ അകറ്റിനിർത്തുന്നു. പഞ്ചായത്തുകളിലും നഗരസഭകളിലും വനിതാ പ്രാതിനിധ്യം വന്നപ്പോൾ എല്ലാവരും നെറ്റിചുളിച്ചു. പക്ഷേ പത്തു വർഷത്തിനുള്ളിൽ ഏറ്റവും മികച്ച ഭരണം നടത്തുന്നതും ഏറ്റവും ആത്മാർത്ഥമായും അഴിമതിരഹിതമായും കാര്യക്ഷമമായി പ്രവർത്തിക്കുന്നതും വനിതകൾ നേതൃത്വം നൽകുന്ന പഞ്ചായത്തുകളാണ് എന്ന നില വന്നു. ഈ വസ്തുത നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതാണ്.

മറിയയെപ്പോലെ വചനം കേൾക്കേണ്ടവൾ മാത്രമല്ല, മാർത്തയെപ്പോലെ ദൈവ ഭവനത്തിലെ ശുശ്രൂഷ ചെയ്യേണ്ടവളുമാണ് അവൾ. ഭരണഘടനാ ഭേദഗതിയിലൂടെ ഉണ്ടായ നാമമാത്രമായ വനിതാ പ്രാതിനിധ്യമല്ല, സജീവമായ പങ്കാളിത്തവും നേതൃത്വവുമാണ് വനിതകളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്. വീട്ടമ്മമാർ, അധ്യാപികമാർ, നഴ്സുമാർ, ഡോക്ടർമാർ, എൻജിനീയർമാർ, ബാങ്കുദ്യോഗസ്ഥകൾ, ഐ.ടി. പ്രൊഫഷണലുകൾ എന്നിങ്ങനെഅതിശക്തവും അമൂല്യവും ആയ സ്ത്രീധനം മലങ്കരസഭയ്ക്കുണ്ട്. ഈ വിഭവശേഷിയുടെ ഒരു അംശമെങ്കിലും ഇടവകകളിൽ ഉപയോഗിക്കാൻ കഴിഞ്ഞെങ്കിൽ!

സി.എസ്.ഐ. സഭയുടെ ഒരു ദേവാലയത്തിലെ വനിതാ ഉദ്യോഗസ്ഥ സംഘത്തിന്റെ പ്രവർത്തനം നമുക്കു മാതൃകയാക്കാവുന്നതാണ്. ഇരുന്നൂറോളം വീടുകളുള്ള ആ ഇടവകയിൽ ഒരു വക്കീലും, ഇരുപതോളം അധ്യാപികമാരും നാല് ബാങ്ക് ഉദ്യോഗസ്ഥകളും, പത്തോളം എൻജിനീയർമാരും മറ്റു പല ഉദ്യോഗസ്ഥകളും ഉണ്ട്. ഇവരുടെ കൂട്ടായ വിഭവശേഷി (pooled resources) ആ ഇടവകയുടെയും സമീപ പ്രദേശങ്ങളുടെയും സേവനത്തിനു നൽകുന്ന സംഭാവന വളരെ വിലപ്പെട്ടതാണ്. നമ്മുടെ മിക്ക ഇടവകകളിലും സമാനമായതോ മെച്ചപ്പെട്ടതോ ആയ വനിതാ വിഭവശേഷിയുണ്ട്. ക്രിസ്തുമസ്സിന് കേക്കുണ്ടാക്കുന്നതിനോ, ഇടവക ദിനത്തിൽ അച്ചാറുണ്ടാക്കുന്നതിനോ, തീർത്ഥാടക സംഘങ്ങൾക്ക് കാപ്പി കൊടുക്കുന്നതിനോ മാത്രമായി ഈ അമൂല്യവിഭവശേഷി പരിമിതപ്പെട്ടുപോകുന്നത് നിർഭാഗ്യകരം തന്നെ. വനിതാ വിഭവശേഷി ഉപയോഗപ്പെടുത്താനുള്ള കർമ്മ പദ്ധതികൾ ഓരോ ഇടവകകളിലും രൂപപ്പെടണം.

3.ഇ. പ്രഫഷനൽ ജീവകാരുണ്യ-സേവനമേഖലകൾ

പാലിയേറ്റീവ് കെയർ, വയോജനസംരക്ഷണം, പരിസ്ഥിതി, പുനരധിവാസം, പാർപ്പിടം, വിദ്യാഭ്യാസ സഹായം എന്നിങ്ങനെ അനേകം സേവനമേഖലകൾ സമൂഹത്തിൽ ക്രൈസ്തവസാക്ഷ്യം വഹിക്കുവാനുതകത്തക്ക രീതിയിൽ നമ്മുടെ മുമ്പിൽ ഉണ്ട്. ഇവയ്ക്കൊക്കെ സാമ്പത്തിക പിന്തുണയേക്കാൾ ആവശ്യം മനുഷ്യവിഭവശേഷിയും പ്രൊഫഷനൽ വൈദഗ്ധ്യവുമാണ്. ഇതിനുള്ള വിഭവശേഷിയുടെ ഒരു വലിയ നിക്ഷേപം ഓർത്തഡോക്സ് സഭയുടെ നിലവറകളിൽ ഉപയോഗിക്കാതെ കിടപ്പുണ്ട്.

ഒരുപക്ഷേ സീറോ-മലബാർ സഭ മാത്രമാകും ഈ വിഭവസമൃദ്ധിയുടെ കാര്യത്തിൽ നമുക്കു മുമ്പിലുള്ളത്. പക്ഷേ **നമ്മുടെ ഉപയോഗം (utilization) എത്രമാത്രം കുറവാണ് എന്ന് വളരെ വ്യക്തമാണ്. അത്മായരുടെ താൽപര്യവും കഴിവും സേഫ് ഡിപ്പോസിറ്റ് ലോക്കറിൽ വച്ച ആഭരണങ്ങൾ പോലെ ഉപയോഗപ്പെടാതെ ഇരിക്കുകയാണ്.** പലരും ഇത്തരം സംരംഭങ്ങളിൽ ഏർപ്പെടാൻ മടിക്കുന്നത് സാമ്പത്തിക ഭാരം ഓർത്തിട്ടാണ്. എന്നാൽ **ഇത്തരം സേവനങ്ങൾ കൊടുക്കുന്ന ഏതൊരു വ്യക്തിയോടും ചോദിച്ചുനോക്കൂ; സാമ്പത്തികമില്ലാത്തതിന്റെ പേരിൽ അടിസ്ഥാനകാര്യങ്ങൾക്ക് ഒരു മുടക്കവും വരുന്നില്ല,** പക്ഷേ പ്രവർത്തിക്കാൻ ആളില്ലാത്തതാണ് ഏറ്റവും വലിയ പ്രശ്നം.

ജോലിയിലിരിക്കുമ്പോഴും, റിട്ടയർ ചെയ്തതിനു ശേഷവും വോളന്റിയർ ആയി പ്രവർത്തിക്കാൻ തയ്യാറുള്ള അനേകം പ്രഫഷനലുകൾ നമ്മുടെ ഇടയിലുണ്ടാകും. അവരുടെ അറിവിന്റെയും കഴിവിന്റെയും സമയത്തിന്റെയും ഒരു ഭാഗം അവർ സന്തോഷപൂർവ്വം നീക്കിവയ്ക്കും. നേതൃത്വം കൊടുക്കാനും, കോ-ഓർഡിനേറ്റ് ചെയ്യാനും സഭയിൽ ഒരു സംവിധാനമുണ്ടായാൽ മതി. ഇതല്ലേ 21-ാം നൂറ്റാണ്ടിലെ യഥാർത്ഥ സുവിശേഷം?

3. എഫ്. ഉപദേശക നയരൂപീകരണ മേഖലകൾ

ശാസ്ത്രം, ആരോഗ്യം, വിദ്യാഭ്യാസം, പരിസ്ഥിതി, മാധ്യമം, സാഹിത്യം, കല, നിയമം, രാഷ്ട്രീയം, വിദേശകാര്യം, ഇതര മതങ്ങളുമായും സഭകളുമായുള്ള ബന്ധങ്ങൾ, ധാർമ്മികത (ethics) എന്നിങ്ങനെ സഭയുടെ നിലപാടുകൾ രൂപീകരിക്കേണ്ടിവരുന്ന അനേകം മേഖലകൾ ഇന്നത്തെ ലോകക്രമത്തിലുണ്ട്. ഇവയിലെല്ലാം പൗരോഹിത്യ സ്ഥാനികൾക്കോ, സെമിനാരി അധ്യാപകർക്കോ വൈദഗ്ധ്യം അവകാശപ്പെടാനില്ലല്ലോ? അതേസമയം ഈ മേഖലകളിലെല്ലാം മുൻനിരയിൽ നിന്ന് പ്രവർത്തിക്കുന്ന പ്രഗല്ഭമതികളും സ്ഥാപനങ്ങളും നമുക്കുണ്ട്.

ഈ രംഗത്തുള്ള വിദഗ്ധരുടെ പാനലുകൾ രൂപീകരിച്ച് സെമിനാരിയുമായും സുന്നഹദോസുമായും സെക്രട്ടേറിയറ്റുമായും ഏകോപിച്ച് പ്രവർത്തിച്ചാൽ അതിന്റെ സാധ്യതകൾ അപാരമായിരിക്കും. മാറുന്ന ലോകക്രമത്തിൽ ഓർത്തഡോക്സിയുടെ പ്രസക്തിയും, നസ്രാണി പാരമ്പര്യത്തിലുള്ള നിലനിൽപ്പും സൂക്ഷ്മമായി നിരീക്ഷിക്കുകയും, നിലപാടുകൾ എടുക്കുകയും ചെയ്യുന്ന ഒരു think-tank ആയിരിക്കും രൂപപ്പെടുന്നത്. ബുദ്ധിപരവും ദീർഘദർശനത്തോടെയും ഉള്ള ഇത്തരം നീക്കങ്ങൾ നടത്താൻ തക്ക പ്രാഗല്ഭ്യമുള്ള അത്മായ വിഭവശേഷി നമുക്കുണ്ട്. ഇന്റർനെറ്റ് സൈബർ ഗ്രൂപ്പുകൾ വഴിയും പഠനശിബിരങ്ങൾ നടത്തിയും ഈ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

ഇപ്പോൾ നിലവിലുള്ള സംവിധാനങ്ങൾ ഒന്നുംതന്നെ (മാനേജിങ് കമ്മിറ്റി, വർക്കിങ് കമ്മിറ്റി) ഇത്തരം ഗൗരവമുള്ള ചർച്ചകൾക്കു വേദിയാകുന്നില്ല എന്നത് ഒരു യാഥാർത്ഥ്യം മാത്രം.

4. ഉപസംഹാരം

കൊടിമര ഘോഷയാത്രകൾ നടത്തിയും, കൽക്കുരിശുകൾ സ്ഥാപിച്ചും എത്രനാൾ പിടിച്ചുനിൽക്കും? അതിദ്രുതം മാറിവരുന്ന **സാമൂഹിക സാഹചര്യങ്ങളിൽ ഒരു സഭയായും സമൂഹമായും നിലനിൽക്കണമെങ്കിൽ നമ്മുടെ ചിന്താഗതിയിലും പ്രവർത്തനശൈലിയിലും സമഗ്രമായ പരിപ്രേക്ഷ്യ വ്യതിയാനം (paradigm shift) ആവശ്യമാണ്.** വർത്തമാനകാലം മെല്ലെ പുരോഗമിച്ച് ഭാവിയിലേക്ക് എത്തുകയല്ല, മറിച്ച് ഭാവി അതിവേഗം വർത്തമാനകാലത്തെ സമീപിക്കുകയാണ് എന്ന് Alwin Toffer, 'Future Shock' എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് ഏറ്റവും പ്രസക്തമായിരിക്കുന്നത് നാം ഉൾപ്പെട്ടുനിൽക്കുന്ന നസ്രാണി സമൂഹത്തിനാണ് എന്നു തോന്നുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിൽ ഉണ്ടായിരുന്നില്ല എങ്കിൽ കത്തോലിക്കാ സഭ ഇന്ന് കാണുന്ന രീതിയിൽ നിലനിൽക്കുമായിരുന്നോ എന്നു സംശയമാണ്. അതേപോലെ കാലഘട്ടത്തിന്റെ ചുവരെഴുത്ത് മനസ്സിലാക്കി മലങ്കരസഭയുടെ ഇന്നത്തെ അവസ്ഥയ്ക്ക് സമഗ്രമായ ഒരു മാറ്റം വരത്തക്ക രീതിയിൽ ആഴത്തിലുള്ള ആലോചനകളും, ദീർഘവീക്ഷണത്തോടെയുള്ള നടപടികളും ഉണ്ടാകണം.

മലങ്കരസഭയുടെ അമൂല്യനിക്ഷേപമായ അയ്മേനി പങ്കാളിത്തം അതിന്റെ എല്ലാ ആഴത്തിലും അർത്ഥത്തിലും സഭയിൽ ഉണ്ടാകണം. ഇതിനായി സമഗ്രമായ ഒരു റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ പ്രഗത്ഭമതികൾ ഉൾപ്പെടുന്ന ഒരു പാനലിനെ നിയമിക്കണം. മിനിസ്ട്രി ഓഫ് ഹ്യൂമൻ എംപവർമെന്റ് എന്ന വകുപ്പിനെ പൂർണ്ണസമയം ചുമതല ഉള്ള ഒരു മെത്രാപ്പോലീത്തായുടെ ഉത്തരവാദിത്വത്തിലാക്കണം.

ഒരു സഭ എന്ന നിലയിലും സമുദായം എന്ന നിലയിലും നിലനിൽപ്പിന്റെ തന്നെ പ്രശ്നങ്ങളെപ്പറ്റി ഗൗരവബുദ്ധിയോടെ സഭാസമിതികൾ പഠിക്കണം. ഒന്നോ രണ്ടോ ദിവസം കൂടിയിരുന്ന് തിടുക്കത്തിൽ പിരിയുന്ന സുന്നഹദോസോ കമ്മിറ്റി യോഗമോ കൊണ്ട് ഒരു പ്രയോജനവും ഉണ്ടാകില്ല. ആഴ്ചകളോ മാസങ്ങളോ നീണ്ടുനിൽക്കുന്ന ഗൗരവചിന്തയും, നയരൂപീകരണവും, പ്രഖ്യാപനവും, നടപ്പിലാക്കൽ നടപടികളുമാണ് വേണ്ടത്.

ജോൺ ഇരുപത്തിമൂന്നാമൻ, ജോൺ പോൾ രണ്ടാമൻ എന്നീ മാർപാപ്പമാരുടെ കാലത്ത് റോമൻ കത്തോലിക്കാ സഭയ്ക്കുണ്ടായ ഒരു മാറ്റം പ. പൗലോസ് രണ്ടാമൻ കാതോലിക്കായുടെ കാലത്ത് മലങ്കര നസ്രാണി സമൂഹത്തിന് ഉണ്ടാകാൻ ആശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുകയാണ് മലങ്കര സഭാ മക്കൾ. GM

സഭാ മാനേജിങ് കമ്മിറ്റി അംഗവും ആലപ്പുഴ ഗവ. മെഡിക്കൽ കോളജിൽ പ്രൊഫസറും സൈക്യാട്രി വിഭാഗം തലവനുമാണ് ലേഖകൻ.

കൽദായ സഭയിലെ പിളർപ്പും ഐക്യവും

■ വർഗീസ് ജോൺ, തോട്ടപ്പുഴ

ലോകത്തിലെ പുരാതനമായ ക്രൈസ്തവസഭകളിലൊന്നാണ് അസിറിയൻ സഭ. പൗരസ്ത്യ സഭ (Church of the East) എന്നാണ് സഭയുടെ ഔദ്യോഗിക പേര്. പൗരസ്ത്യ കൽദായ സുറിയാനി സഭ, പേർഷ്യൻ സഭ, നെസ്തോറിയൻ സഭ തുടങ്ങിയ പേരുകളിൽ ഈ സഭ അറിയപ്പെടുന്നു. ആഗോള തലത്തിൽ അസിറിയൻ സഭ എന്നും ഇന്ത്യയിലും കേരളത്തിലും കൽദായ സഭ എന്നും ആണ് ഇവർ പൊതുവെ അറിയപ്പെടുന്നത്. ഓറിയന്റൽ - ബൈസന്റയിൻ സഭകളിൽപെടാത്ത ഒരു ഓർത്തഡോക്സ് സഭയായി ഈ സഭയെ കരുതുന്നവരുണ്ട്. ആദ്യത്തെ രണ്ടു പൊതു സുന്നഹദോസുകളെ (നിഖ്യാ - 325, കുസ്തന്തീനോപ്പോലീസ് - 381) മാത്രം സ്വീകരിക്കുന്ന ഈ സഭ കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസായിരുന്ന (428-431) നെസ്തോറിയോസിനെയും (386-450) മറ്റ് അന്ത്യോഖ്യൻ വേദശാസ്ത്രജ്ഞരെയും സഭാപിതാക്കന്മാരായി അംഗീകരിക്കുന്നു. പൗരസ്ത്യ സുറിയാനി (കൽദായ സുറിയാനി)യാണ് ആരാധനഭാഷ.

വി. മാർതോമ്മാ ശ്ലീഹായുടെ പിൻഗാമികളായ സെലൂഷ്യാ-സ്റ്റെസിഫോൺ ആസ്ഥാനമായിരുന്ന പൗരസ്ത്യ കാതോലിക്കാമാരുടെ പരമ്പരയിൽപെടുന്ന ബാബിലോണിലെ കാതോലിക്കാ-പാത്രിയർക്കീസുമാരാണ് ഈ സഭയുടെ തലവൻ. പശ്ചിമേഷ്യയിൽ (ഇറാൻ, ഇറാക്ക്, ടർക്കി) വിവിധ സ്ഥലങ്ങൾ സഭ ആസ്ഥാനമാക്കിയിട്ടുണ്ട്. ഒരുകാലത്ത് വളരെ ശക്തമായിരുന്ന ഈ സഭ 15-ാം നൂറ്റാണ്ടോടെ ക്ഷയിച്ചു തുടങ്ങി. കുറെക്കാലമായി സഭയിൽ നിലനിന്ന പാത്രിയർക്കീസുമാരുടെ കുടുംബപാരമ്പര്യവാഴ്ചയെ എതിർത്ത ഒരു വിഭാഗം 1552ൽ റോമാസഭയിൽ ചേർന്ന് കൽദായ കത്തോലിക്കാ റീത്ത് രൂപീകരിച്ചു. ഇപ്പോൾ ഒരു പാത്രിയർക്കിസിന്റെ നേതൃത്വത്തിലുള്ള റോമൻ കത്തോലിക്കാ കൽദായ റീത്ത് അസിറിയൻ സഭയെക്കാൾ അംഗസംഖ്യയിൽ വലുതാണ്. *കൽദായ സഭ* എന്ന് ഇപ്പോൾ ലോകത്ത് പൊതുവെ അറിയപ്പെടുന്നത് ഇവരാണ്. ഇസ്ലാമിന്റെ മുന്നേറ്റവും ശക്തിക്ഷയത്തിനു കാരണമായി. 1968ലെ ഭിന്നിപ്പോടെ പൗരസ്ത്യ അസിറിയൻ സഭയിൽ ഇപ്പോൾ രണ്ടു കക്ഷികളുണ്ട്.



Mar Dinha IV Khanania

Mar Addai II Shimun Geevarghese

Mar Dinha IV Khanania (*Catholicos - Patriarch of the Holy Apostolic Catholic Assyrian Church of the East* - Chicago, USA), Mar Addai II Shimun Geevarghese (*Catholicos - Patriarch of the Ancient Apostolic & Catholic Assyrian Church of the East* - Baghdad, Iraq) എന്നിവരാണ് ഇരു വിഭാഗങ്ങൾക്കും ഇപ്പോൾ നേതൃത്വം നൽകുന്നത്. കൽദായ കത്തോലിക്കാ റീത്തിന് Mar Louis Raphael I Sako (*Chaldean Catholic Patriarch of Babylon* - Baghdad, Iraq) നേതൃത്വം നൽകുന്നു.

ഇന്ത്യയിലെ കൽദായ സഭയുടെ ആധുനികകാലത്തിന് രണ്ടു നൂറ്റാണ്ടിന്റെ ചരിത്രമാണുള്ളതെങ്കിലും ഉദയംപേരൂർ സുന്നഹദോസിനു (1599) മുമ്പുള്ള കാലഘട്ടത്തെ പാരമ്പര്യവും അവർക്ക് അവകാശപ്പെടാവുന്നതാണ്. കൽദായ സഭയുടെ ഇന്ത്യയിലെ ആസ്ഥാനം തൃശൂർ ആണ്. തൃശൂർ നഗരത്തിലെ ഏറ്റവും പുരാതനമായ ദൈവാലയത്തിന്റെ അവകാശികളാണ് കൽദായക്കാർ.

കൽദായ സഭയുടെ തൃശൂരിലെ പ്രഥമ മെത്രാൻ മാർ തോമ്മാ റോക്കോസ് (1861 - 1862) ആണ്. മാർ യോഹന്നാൻ ഏലിയാ മേലൂസ് (1874-1882) പിൻഗാമിയായി. ഇറാക്കിൽ നിന്ന് ഇവരെ അയച്ചത് കൽദായ കത്തോലിക്കാ പാത്രിയർക്കീസാണ്. പാലാ പ്ലാശനാൽ സ്വദേശിയായ മാർ ഔദീശോ തൊണ്ടനാട്ട് (1862-1900) ആണ് കൽദായ സഭയിൽ മെത്രാനാകുന്ന ആദ്യ ഭാരതീയൻ. മിഖായേൽ അഗസ്റ്റിൻ കോറെപ്പിസ്കോപ്പാ അഡ്മിനിസ്ട്രേറ്ററായി (1900 - 1908) പ്രവർത്തിച്ചു. ഈ കാലത്ത് കുർദിസ്ഥാനിലെ നെസ്തോറിയൻ പാത്രിയർക്കീസുമായി ബന്ധം പുനഃസ്ഥാപിച്ചു.

തുർക്കിക്കാരനായ മാർ അബീമലേക്ക് തിമോത്തിയോസ് മെത്രാപ്പോലീത്താ 1908ൽ കേരളത്തിലെ സഭയുടെ ചുമതലയേറ്റു. അതോടെ യഥാർത്ഥ പൗരസ്ത്യ സുറിയാനി (നെസ്തോറിയൻ) പാരമ്പര്യം വീണ്ടെടുത്തു. അതിനു മുമ്പ് കൽദായ കത്തോലിക്കാ ബന്ധമാണുണ്ടായിരുന്നത്. മിഖായേൽ അഗസ്റ്റിൻ കോറെപ്പിസ്കോപ്പായുടെ നേതൃത്വത്തിൽ ഒരു വിഭാഗം അദ്ദേഹത്തെ എതിർത്തു. 1911ൽ ആരംഭിച്ച വ്യവഹാരം 1925ൽ മെത്രാപ്പോലീത്തായ്ക്ക് അനുകൂലമായി അവസാനിച്ചു. തോറ്റ കക്ഷി റോമാ സഭയിൽ ലയിച്ചു. 1945ൽ മാർ തിമോത്തിയോസ് കാലം ചെയ്തു.

സിറിയാക്കാരനായ മാർ തോമ്മാ ധർമ്മോ മെത്രാപ്പോലീത്താ 1952ൽ നിയമിക്കപ്പെട്ടു. 1961ൽ മാർ ഈശൈ ശിംഓൻ XXIII പാത്രിയർക്കീസ് കേരളം സന്ദർശിച്ചു. പാത്രിയർക്കീസും മെത്രാപ്പോലീത്തായും തമ്മിലുണ്ടായ അഭിപ്രായഭിന്നത വർദ്ധിച്ച് 1964ൽ മെത്രാപ്പോലീത്തായുടെ സസ്പെൻഷനിൽ കലാശിച്ചു. കേരളത്തിലെ സഭാ കൗൺസിൽ മെത്രാപ്പോലീത്തായെ പിന്തുണച്ചു. പാത്രിയർക്കീസിനെഅനുകൂലിച്ചവർ *ബാവാകക്ഷി* എന്നും മെത്രാപ്പോലീത്തായെ അനുകൂലിച്ചവർ *മെത്രാൻകക്ഷി* എന്നും അറിയപ്പെട്ടു. വൈകാതെ വ്യവഹാരവും ആരംഭിച്ചു. 15-ാം ശതകം മുതൽ നിലനിൽക്കുന്ന പാത്രിയർക്കീസുമാരുടെ കുടുംബപാരമ്പര്യവാഴ്ചയെയും 1964ൽ സഭ ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ചതിനെയും മെത്രാപ്പോലീത്താ എതിർത്തു.

മാർ തോമ്മാ ധർമ്മോ 1968ൽ ബാഗ്ദാദിലേക്ക് മടങ്ങിപ്പോയി. കുടുംബപാരമ്പര്യവാഴ്ചയെയും കലണ്ടർ പരിഷ്കരണത്തെയും എതിർത്തവർ അദ്ദേഹത്തെ അനുകൂലിച്ചു. ഇറാക്ക് ഗവൺമെന്റ് അദ്ദേഹത്തെ ആകമാനപരമാധികാരിയായി പ്രഖ്യാപിച്ചു. ഇറാക്കിലെ പള്ളികൾ അദ്ദേഹത്തെ ഏൽപിച്ചു. മലയാളികളായ മാർ അപ്രേം മെത്രാപ്പോലീത്തായും പൗലോസ് മാർ പൗലോസ് എപ്പിസ്കോപ്പായും കേരളത്തിലെ മെത്രാൻകക്ഷിക്കു വേണ്ടി 1968ൽ വാഴിക്കപ്പെട്ടു. മാർ തോമ്മാ ധർമ്മോ പാത്രിയർക്കീസായി വാഴിക്കപ്പെട്ടതോടെ അസിറിയൻ സഭ അഗോളതലത്തിലും പിളർന്നു. അദ്ദേഹം 1969ൽ കാലം ചെയ്തതോടെ ആ ഗ്രൂപ്പിന്റെ ശക്തി ക്ഷയിച്ചു. പിൻഗാമിയായി മാർ അദ്ദായി II ശീമോൻ ഗീവർഗീസ് 1972ൽ പാത്രിയർക്കീസായി ബാഗ്ദാദിൽ അവരോധിക്കപ്പെട്ടു.

ഫാ. അന്തോണി ചാക്കോളാ 1964 മുതൽ ബാവാകക്ഷിയുടെ അഡ്മിനിസ്ട്രേറ്ററായി പ്രവർത്തിച്ചു. ഈ കക്ഷിക്കു വേണ്ടി മാർ ഈശൈ ശിംഓൻ പാത്രിയർക്കീസ് 1971ൽ മലയാളിയായ മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായെ വാഴിച്ചു. ഇതോടെ വ്യവഹാരം ശക്തമായി. യോജിപ്പിനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടു. 1973ൽ പാത്രിയർക്കീസ് രാജിവച്ചു; 1975ൽ വധിക്കപ്പെട്ടു. (കൊലപാതകത്തിനു കാരണം കക്ഷിവഴക്കല്ല). പിൻഗാമിയായി മാർ ദിൻഹാ IV ഹനാനിയാ 1976ൽ ലണ്ടനിൽ സ്ഥാനാരോഹണം ചെയ്തു. ഇതോടെ പാത്രിയർക്കീസുമാരുടെ കുടുംബപാരമ്പര്യവാഴ്ച അവസാനിക്കുകയും ഐക്യത്തിനുള്ള അന്തരീക്ഷം സംജാതമാകുകയും ചെയ്തു. യോജിപ്പിനുള്ള ചർച്ചകൾ വൈകാതെ ആരംഭിച്ചെങ്കിലും അന്നു വിജയിച്ചില്ല. സഭയിലെ യോജിപ്പ് ലക്ഷ്യമാക്കി ഇരു ഭാഗത്തെയും ഐക്യവാദികൾ ചേർന്ന ഒരു സംഘം പ്രവർത്തിച്ചിരുന്നു.

ബാവാകക്ഷിയിലെ മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായുടെ ഷഷ്ഠിപൂർത്തി 1980ൽ ആഘോഷിച്ചപ്പോൾ മെത്രാൻ കക്ഷിയിലെ മാർ അപ്രേമും മാർ പൗലോസും സംബന്ധിച്ചത് ശ്രദ്ധേയമായി. ബാവാകക്ഷിയുടെ തലവനായ മാർ ദിൻഹാ പാത്രിയർക്കീസ് 1991ൽ കേരളത്തിലെത്തിയപ്പോൾ മെത്രാൻ കക്ഷി അവരുടെ ആസ്ഥാനത്ത് അദ്ദേഹത്തിന് സ്വീകരണം നൽകി. അന്നു നടത്തിയ ഐക്യശ്രമം പരാജയപ്പെട്ടെങ്കിലും ഇരുകക്ഷികളിലും ഐക്യപ്രതീക്ഷ വർദ്ധിക്കുന്നതിനിടയാക്കി. ആഗോള തലത്തിലുള്ള യോജിപ്പ് വൈകുമെന്ന് മനസ്സിലാക്കിയ പാത്രിയർക്കീസ് ഇന്ത്യയിലെങ്കിലും വൈകാതെ യോജിപ്പുണ്ടാക്കണമെന്ന് നിർദേശിച്ചു.

1995ൽ അന്തരീക്ഷം ആകെ മാറി. മാർ അപ്രേം മെത്രാപ്പോലീത്താ, മറുഭാഗത്തെ ബിഷപ്പ് മാർ ബാവായ് സോറോ യുമായും തുടർന്ന് മാർ ദിൻഹാ പാത്രിയർക്കീസുമായും ചർച്ച നടത്തി. മാർ നർസായ് മെത്രാപ്പോലീത്തായെയും ബിഷപ്പ് മാർ മിലീസ് സയ്യായെയും പാത്രിയർക്കീസ് കേരളത്തിലേക്ക് അയച്ചു. അവർ ഇരുവിഭാഗങ്ങളുമായി ചർച്ച നടത്തി.

ചർച്ച വിജയിച്ചതോടെ ഇന്ത്യയിലെ സഭയിൽ 1995 നവംബർ 13ന് ഐക്യമുണ്ടായി. ഇരു കക്ഷിയിലുമുണ്ടായിരുന്ന മൂന്നു മേൽപ്പട്ടക്കാരെയും പട്ടക്കാരെയും പരസ്പരം അംഗീകരിച്ചു. യോജിച്ച ഇന്ത്യൻ സഭ ഷിക്കാഗോ ആസ്ഥാനമായ (ബാവാകക്ഷിയുടെ) മാർ ദിൻഹാ പാത്രിയർക്കീസിനെ സഭാതലവനായി അംഗീകരിച്ചു. ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ചു. ഏറ്റവും പ്രായം കൂടിയ മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ എപ്പിസ്കോപ്പൽ കൗൺസിൽ ചെയർമാനും മാർ പൗലോസ് എപ്പിസ്കോപ്പാ സെക്രട്ടറിയും മാർ അപ്രേം ഭരണച്ചുമതലയുള്ള മെത്രാപ്പോലീത്തായും ആയിരിക്കണമെന്ന് നിശ്ചയിച്ചു. ഇരുഭാഗത്തുണ്ടായിരുന്ന നാലു വീതം ട്രസ്റ്റിമാർ ഐക്യസഭയുടെ കേന്ദ്ര ട്രസ്റ്റിമാരായി. തുടർന്ന് 1962 മുതലുണ്ടായിരുന്ന കേസുകൾ പിൻവലിച്ചു.

പരിഷ്കരിച്ച ഭരണഘടന 1997ൽ നിലവിൽ വന്നു. എപ്പിസ്കോപ്പൽ കൗൺസിൽ ചെയർമാനായ മാർ തിമോത്തിയോസ് 1997ൽ വിരമിച്ച് പാത്രിയാർക്കൽ ഡെലിഗേറ്റ് മാത്രമായി പ്രവർത്തിച്ചു. മാർ പൗലോസ് 1998ലും മാർ തിമോത്തിയോസ് 2001ലും കാലംചെയ്തു. മാർ ദിൻഹാ പാത്രിയർക്കീസിന്റെ 2000ലെ കേരള സന്ദർശനം ഐക്യം ഊട്ടിയുറപ്പിച്ചു. അദ്ദേഹം വീണ്ടും 2010ൽ കേരളത്തിലെത്തി മാർ ഔഗേൻ കുറിയാക്കോസ്, മാർ യോഹന്നാൻ ജോസഫ് എന്നീ രണ്ട് എപ്പിസ്കോപ്പാമാരെ വാഴിച്ചു. കേരളത്തിൽ ഇപ്പോൾ സഭയ്ക്ക് ഒരു മെത്രാപ്പോലീത്തായും രണ്ട് എപ്പിസ്കോപ്പാമാരുമുണ്ട്.

ആഗോള തലത്തിലും ഐക്യത്തിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അതിനായി പല നിർദേശങ്ങളും ഉയർന്നുവരുന്നുണ്ട്. രണ്ടു പാത്രിയർക്കീസുമാരിൽ ആരെങ്കിലും ഒരാൾ കാലം ചെയ്താൽ അവശേഷിക്കുന്ന ആൾ ഐക്യസഭാതലവൻ ആകണമെന്നുള്ളതാണ് അവയിൽ ഒരു നിർദേശം.

കേരളത്തിലെ മാർതോമ്മാ സഭയിൽ, വിശ്വാസാചാരങ്ങളെ സംബന്ധിച്ച് 1952ലുണ്ടായ തർക്കങ്ങളെ തുടർന്ന് ആ സഭയിൽ നിന്ന് വേർപെട്ട് 1961 ലെ റിപ്പബ്ലിക്ക് ദിനത്തിൽ രൂപീകൃതമായ സഭയാണ് സെന്റ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇന്ത്യ (ആസ്ഥാനം : തിരുവല്ലാ മഞ്ഞാടി). 1966ൽ ഈ സഭയിൽ ഭിന്നതയുണ്ടായതിനെതുടർന്ന് 1971ൽ സെന്റ് തോമസ് ഇവാൻജലിക്കൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യ രൂപീകൃതമായി (ആസ്ഥാനം : കുമ്പനാട് കടപ്ര). അതോടെ വ്യവഹാരവും ആരംഭിച്ചു. 1974 ൽ തുടങ്ങിയ ഐക്യശ്രമങ്ങൾ വിഫലമായി. ഫെലോഷിപ്പിൽ നിന്ന് ഒരു വിഭാഗം 1995ൽ മറുകക്ഷിയിൽ ചേർന്നു. 2000ൽ ഇരുവിഭാഗങ്ങളും ഉണ്ടാക്കിയ ധാരണയനുസരിച്ച് ആരംഭിച്ച ഐക്യശ്രമം വിജയിച്ചതോടെ 2007 ക്രിസ്തുമസ് ദിനത്തിൽ ഇരുവിഭാഗങ്ങളും ഒന്നായിത്തീർന്നു.

റഷ്യൻ ഓർത്തഡോക്സ് സഭയും റഷ്യയ്ക്കു പുറത്തുള്ള റഷ്യൻ ഓർത്തഡോക്സ് സഭയും 80 വർഷത്തെ ഭിന്നിപ്പിനു ശേഷം 2007ൽ യോജിച്ചു. ക്രൈസ്തവ സഭകളിലെ പിളർപ്പും യോജിപ്പും ആദിമകാലം മുതലേ സർവസാധാരണമാണ്. ഇപ്പോൾ ഭിന്നിച്ചു നിൽക്കുന്ന എല്ലാ ഓർത്തഡോക്സ് സഭകളിലും ഐക്യചർച്ചകൾ നടക്കുന്നുണ്ട്. എത്യോപ്യൻ സഭയിൽ ഔദ്യോഗിക വിഭാഗവും രാജ്യത്തിനു പുറത്തുള്ള വിഭാഗവും (എക്സൈൽ സിനഡ്) തമ്മിലും ഐക്യചർച്ചകൾ നടക്കുന്നു. യുക്രൈനിൽ ഓർത്തഡോക്സ് സഭകൾ മൂന്നാണ് - റഷ്യൻ സഭയുടെ (മോസ്കോ പാത്രിയർക്കേറ്റ്) കീഴിലുള്ള വിഭാഗം, കീവ് പാത്രിയർക്കേറ്റ്, സ്വയംശീർഷക യുക്രൈനിയൻ സഭ. ഇവ മൂന്നും തമ്മിൽ ഐക്യചർച്ചകൾ നടക്കുന്നു. മോസ്കോ-കീവ് വിഭാഗങ്ങൾ ലയനം പ്രഖ്യാപിച്ചുകഴിഞ്ഞു.

മലങ്കര സഭയിൽ ഭിന്നതയുണ്ടായ കാലത്ത് (1911, 1975) ഉന്നയിച്ചിരുന്ന വാദങ്ങൾക്ക് ഇന്നു പ്രസക്തിയില്ലാതായി. **കാലഹരണപ്പെട്ടതും കാലികപ്രസക്തിയില്ലാത്തതും ക്രൈസ്തവലോകത്തിന്റെ ഘടനയ്ക്കു യോജിക്കാത്തതുമായ വാദങ്ങൾ ഉന്നയിച്ചാണ് മലങ്കര സഭയുടെ ഐക്യം തകർക്കുന്നത്.** ലോകത്തിന്റെ വെളിച്ചമായ യേശുക്രിസ്തുവിന്റെ അനുഗാമികളായ, രണ്ടായിരം വർഷത്തെ പാരമ്പര്യം ഘോരഘോരം ഉദ്ഘോഷിക്കുന്നവർ എന്തു ക്രൈസ്തവസാക്ഷ്യമാണ് ലോകത്തിന് നൽകുന്നത് എന്നു ചിന്തിക്കുന്നത് ഉചിതമായിരിക്കും.

GM

സഭാ തർക്കത്തിൽ വിശ്വാസകാര്യമില്ല

വിശ്വാസപരമായി ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങൾ തമ്മിൽ ഭിന്നതയിലാണ് എന്ന വാദം നിലനിൽക്കുന്നുണ്ട്. യഥാർത്ഥത്തിൽ ഇത് വിഘടനവാദികളുടെ പ്രചാരണം മാത്രമാണ്. ഇതിൽ യാതൊരു കഴമ്പുമില്ലെന്നതാണ് സത്യം. അന്ത്യോഖ്യാ പാത്രിയർക്കീസ് വി. പത്രോസിന്റെ സ്ഥാനത്താകയാൽ സകല സഭാ മേലദ്ധ്യക്ഷന്മാരും അദ്ദേഹത്തിന്റെ കീഴിൽ ആയിരിക്കണം എന്ന ചിന്തയാണ് 'വിശ്വാസം' എന്ന പേരിൽ പ്രചരിച്ചുവരുന്നത്. ഇന്ന് **സുറിയാനി സഭയുമായി ഏകവിശ്വാസത്തിലും കുർബാനസംസർഗ്ഗത്തിലും കഴിയുന്ന സഭകളാണ് അലക്സാന്ത്രിയൻ, അർമ്മീനിയൻ, എത്യോപ്യൻ, എറിത്രിയൻ സഭകൾ. ഇവയൊന്നും പത്രോസിന്റെ പിൻഗാമികളായ സഭാദ്ധ്യക്ഷന്മാർക്ക് മറ്റുള്ള സഭാദ്ധ്യക്ഷന്മാരുടെ മേൽ ആധിപത്യമുള്ളതായി പഠിപ്പിക്കുന്നില്ല. അന്ത്യോഖ്യാ പാത്രിയർക്കീസ് പോലും മറ്റുള്ള സഭകളുമായുള്ള ബന്ധത്തിൽ ഈ വാദം ഉന്നയിക്കുന്നില്ല.** ഇതൊരു വിശ്വാസകാര്യമായി വ്യവഹരിക്കുന്നില്ല. അതുകൊണ്ടാണല്ലോ മറ്റ് ഓറിയന്റൽ സഭകളുമായി വിശ്വാസ-ആചാര്യത്വപരവും കൗദാശികവുമായ ഐക്യത്തിൽ പുലരുവാൻ സുറിയാനി പാത്രിയർക്കേറ്റിനും സഭാ സംവിധാനത്തിനും കഴിയുന്നത്. **മറ്റുള്ള സഭകളുമായുള്ള ബന്ധത്തിൽ ഇതൊരു വിശ്വാസവിഷയമല്ലെങ്കിൽ ഇതെന്തിന് മലങ്കരസഭയുമായുള്ള ബന്ധത്തിന് വിശ്വാസപ്രശ്നമാക്കണം?**

സുറിയാനി സഭ ഉൾപ്പെടുന്ന ഓറിയന്റൽ ഓർത്തഡോക്സ് സഭകളിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്ന അലക്സാന്ത്രിയ പാത്രിയർക്കീസ് വി. മർക്കോസിന്റെ പാരമ്പര്യമാണ് അവകാശപ്പെടുന്നത്. അവർ വി. പത്രോസിന്റെ കൈവെയ്പ് വഴിയുള്ളവർക്ക് പ്രത്യേക സ്ഥാനം കൽപിക്കുന്നവരുമല്ല. അദ്ദേഹത്തിന് തന്നേക്കാൾ മൂപ്പും, സ്ഥാനവും, നേതൃത്വം നൽകി അന്ത്യോഖ്യാ പാത്രിയർക്കീസ് അംഗീകരിക്കുന്നു. അപ്പോൾ ഇവിടെ വിശ്വാസവിഷയമില്ല. പിന്നെയെന്തിന് മലങ്കരസഭാ കാര്യത്തിൽ പത്രോസ്-തോമസ് കാര്യം പറഞ്ഞ് വിശ്വാസ വിഷയമാക്കുന്നു? അന്ത്യോഖ്യയ്ക്ക് നൽകുന്ന മൂപ്പുസ്ഥാനത്തിന്റെ അടിസ്ഥാനം പത്രോസിന്റെ സ്ഥാനവും പിൻഗാമിത്വവുമല്ല. ആയിരുന്നെങ്കിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന് മൂപ്പു സ്ഥാനം നൽകുവാൻ കഴിയുമായിരുന്നു. **ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങൾ തമ്മിൽ വിശ്വാസപരമായ ഭിന്നതകൾ ഒന്നുമല്ല എന്നതാണ് സത്യം.** ഈ സത്യം വിശ്വാസികളിൽ എത്തിക്കുന്നതിന് മലങ്കരസഭ കൂടുതൽ ശ്രദ്ധിക്കണം.

ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത

'മലങ്കരസഭയിൽ ഇനിയും ഐക്യസാദ്ധ്യത'

കൽദായ സഭയിലെ ഐക്യം: മലങ്കര സഭയ്ക്ക് ഒരു മാതൃക

■ ലെജു പി. തോമസ്, ഉളനാട്

കൽദായ സഭയിലെ ഭിന്നതയ്ക്ക് മലങ്കരസഭയിലെ 1911ലെ ഭിന്നതയുമായി ഒട്ടേറെ സമാനതകളുണ്ട്. ഇരുസഭകളിലെയും ഭിന്നതയ്ക്ക് ആശയപരമായ ഒരു തലവും വ്യക്തിപരമായ ഒരു തലവും ഉണ്ടായിരുന്നു. ആ നിലയ്ക്ക് കൽദായ സഭയിലെ യോജിപ്പ് മലങ്കരസഭ മാതൃകയാക്കേണ്ടതാണ്. എന്നാൽ മാതൃകയാക്കുന്നില്ലെന്നു മാത്രമല്ല അതിനെപറ്റി പഠിക്കുന്നതിനു പോലും ആരും തയ്യാറാകുന്നില്ല എന്നതാണ് ഖേദകരമായ വസ്തുത. പുതിയ തുടക്കത്തിനുള്ള പശ്ചാത്തലം നമുക്കു മുമ്പാകെയുണ്ടെന്നുള്ള യാഥാർത്ഥ്യം നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

മാർ ഈശൈ ശിംഓൻ പാത്രിയർക്കീസും മാർ തോമ്മാ ധർമ്മോ മെത്രാപ്പോലീത്തായും തമ്മിലുള്ള വ്യക്തിപരമായ അഭിപ്രായവ്യത്യാസങ്ങൾ കൽദായ സഭയിലെ പിളർപ്പിന് കാരണമായിട്ടുണ്ട്. എന്നാൽ അവരുടെ കാലശേഷം ഈ വിഷയങ്ങൾ അവസാനിച്ചു. മാർ ഇഗ്നാത്തിയോസ് അബ്ദള്ളാ പാത്രിയർക്കീസും വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായും തമ്മിലുണ്ടായ അഭിപ്രായ ഭിന്നതകൾ അവരുടെ കാലശേഷവും സജീവമായി നിലനിർത്തിയത് മലങ്കരസഭയിലെ ഐക്യത്തിനു തടസ്സമായി.

അസിറിയൻ സഭയിലെ പാത്രിയർക്കീസുമാരുടെ കുടുംബവാഴ്ച 1976ൽ അവസാനിച്ചു. ക്രൈസ്തവലോകം മുഴുവൻ ഗ്രിഗോറിയൻ കലണ്ടർ അംഗീകരിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ജൂലിയൻ - ഗ്രിഗോറിയൻ കലണ്ടർ വിവാദത്തിനു പ്രസക്തിയില്ലാതായി. ഭിന്നിപ്പിന്റെ ആശയപരമായ കാരണങ്ങൾ കാലഹരണപ്പെട്ടത് കൽദായ സഭയിലെ ഐക്യത്തിനു വേഗത കൂട്ടി.

പരി. സക്കാ പ്രഥമൻ പാത്രിയർക്കീസ് ബാവാ

പരി. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ

മലങ്കരസഭയിൽ ഒരു നൂറ്റാണ്ടു മുമ്പുണ്ടായ പിളർപ്പിനു കാരണമായി പറയുന്നത് മാർ അബ്ദള്ളാ പാത്രിയർക്കീസ് വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയതും മാർ അബ്ദേദ് മ്ശിഹാ പാത്രിയർക്കീസ് മലങ്കരസഭയിൽ പൗരസ്ത്യ കാതോലിക്കേറ്റ് (പുനഃ)സ്ഥാപിച്ചതുമാണല്ലോ. മെത്രാൻ കക്ഷി 1934ൽ ഭരണഘടന പാസ്സാക്കിയതും ഒരു കാരണമായി പറയാറുണ്ട്.

വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്ക് 1928ലെ തിരുവിതാംകൂർ ഹൈക്കോടതി വിധിയോടെ അപ്രസക്തമായി. പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ 1923ലും 1931ലും വട്ടശ്ശേരിൽ തിരുമേനിയുടെ മുടക്ക് പിൻവലിച്ചതോടെ ആ പ്രശ്നം അവസാനിച്ചതാണ്.

1958ലെ സുപ്രിം കോടതി വിധിയിൽ കൂടിയും പാത്രിയർക്കീസ് - കാതോലിക്കാ ബാവാമാരുടെ പരസ്പരസ്വീകരണത്തോടു കൂടിയും 1912ൽ സ്ഥാപിക്കപ്പെട്ട പൗരസ്ത്യ കാതോലിക്കേറ്റിന് മലങ്കരയിൽ സാർവത്രിക അംഗീകാരം ലഭിച്ചു. 1964ൽ പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ മലങ്കരയിലെ നാലാം കാതോലിക്കാ പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവായുടെ സ്ഥാനാരോഹണശുശ്രൂഷയിൽ മുഖ്യകാർമികനായതോടെ ആ വിഷയം തീർന്നു. അബ്ദേദ് മ്ശിഹാ പാത്രിയർക്കീസ് സ്ഥാനഭ്രഷ്ടനായിരുന്നുവെന്നും അതുകൊണ്ട് അദ്ദേഹം നടത്തിയ കാതോലിക്കാ സ്ഥാനാരോഹണം അസാധുവാണെന്നും ഇനിയും വാദിക്കുന്നതിന്റെ ന്യായം ഇതോടെ നഷ്ടപ്പെട്ടിരിക്കുകയാണ്.

1934ലെ ഭരണഘടന 1958ൽ അന്നത്തെ പാത്രിയർക്കീസ് കക്ഷിയെ അടിച്ചേൽപിച്ചതാണെന്നൊരു വാദമുണ്ട്. പാത്രിയർക്കീസ് കക്ഷിയുടെ ഉന്നതനേതൃത്വം അറിഞ്ഞ് പൂർണ്ണമനസ്സോടെയാണ് ഭരണഘടന സ്വീകരിച്ചതെന്നും പിന്നീട് ഭിന്നതയ്ക്ക് ഇതൊരു വിഷയമാക്കിയതാണെന്നും പാത്രിയർക്കീസ് ഭാഗത്തെ മുൻ വൈദിക ട്രസ്റ്റി കല്ലൂപ്പറമ്പിൽ ബഹു. വി.എം. ഗീവർഗീസ് അച്ചൻ പറയുന്നു (ജോർജിയൻ മിറർ 2011 ഏപ്രിൽ-ജൂൺ പേജ് 18,19). *1912 മുതൽ കാതോലിക്കേറ്റ് സ്ഥാപനം (കാതോലിക്കാ സിംഹാസനം) മലങ്കര സഭയിൽ വ്യാപരിച്ചു വരുന്നതായി* ഐക്യസഭ അംഗീകരിച്ച ഈ ഭരണഘടനയിൽ (വകുപ്പ് 99) തന്നെ പറയുന്നുണ്ട്. ഈ ഭരണഘടനയനുസരിച്ച് മലങ്കരസഭ, ഓർത്തഡോക്സ് സുറിയാനി സഭയുടെ ഒരു വിഭാഗമാണ് (Division); ഭാഗം (Part) അല്ല. *ഭാഗം, വിഭാഗം* എന്നീ പദങ്ങളുടെ അർത്ഥം വ്യത്യസ്തമാണ്.

ചുരുക്കത്തിൽ ഈ മൂന്നു വിഷയങ്ങളും പതിറ്റാണ്ടുകൾക്കു മുമ്പു തന്നെ തീർന്നതാണ്. ഈ വാദങ്ങൾ വീണ്ടും സജീവമായി നിലനിർത്തുന്നത് അജ്ഞത കൊണ്ടാണോ വിശ്വാസികളെ മനഃപ്പൂർവം തെറ്റിദ്ധരിപ്പിക്കാനാണോ എന്ന് അറിയില്ല. 1958ലെ യോജിപ്പോടെയും 1964ലെ കാതോലിക്കാ സ്ഥാനാരോഹണത്തോടെയും അവസാനിച്ച വിവാദങ്ങൾ വീണ്ടും ഉന്നയിച്ച് ഐക്യത്തിനു തടസ്സമുണ്ടാക്കുന്നത് ശരിയായ നടപടിയല്ല.

മാർതോമ്മാ ശ്ലീഹായുടെ പട്ടത്വം, മാർതോമ്മാ സിഹാസനവാദം, ആകമാന സുറിയാനിസഭാ വാദം, പാത്രിയർക്കീസ്-കാതോലിക്കാ സമത്വ വാദം, ഡെലിഗേറ്റ് നിയമനവും പുറത്താക്കലും തുടങ്ങിയ വിഷയങ്ങളാണ് 1970 കളിലെ പിളർപ്പിന് കാരണമായി പറയുന്നത്. ഇവയും കഴമ്പില്ലാത്ത കാര്യങ്ങളാണ്. മാർതോമ്മാ ശ്ലീഹായുടെ പട്ടത്വത്തെ പറ്റി പ. യാക്കോബ് തൃതീയൻ ബാവായുടെ (203/1970) കൽപനയിലെ ആശയങ്ങളുടെ വിപരീതദിശയിലാണ് പ. സക്കാ ബാവാ പിൽക്കാലത്തു സ്വീകരിച്ച നടപടികൾ. മാർതോമ്മാ ശ്ലീഹായുടെ നാമം നാലാം തുബ്ദേനിൽ ചേർത്തുകൊണ്ട് (കൽപന ഇ 265/1987) മുൻഗാമിയുടെ നടപടി പരോക്ഷമായി തിരുത്തി അനുകരണീയമായ മാതൃക അദ്ദേഹം കാണിച്ചുതന്നു. അതുകൊണ്ട് പട്ടത്വവിവാദം ഒരു താൽക്കാലിക പ്രതിഭാസമായി പരിണമിച്ചിരിക്കുകയാണ്.

മലങ്കര സഭാചരിത്രത്തിൽ മാർതോമ്മാ ശ്ലീഹായുടെ സിഹാസനം എന്ന പ്രയോഗമുണ്ടെന്നുള്ളതും ക്രൈസ്തവലോകത്ത് പല തലവന്മാരും ഇത്തരം സ്ഥാനനാമങ്ങൾ ഉപയോഗിക്കുന്നുണ്ടെന്നുള്ളതും സിംഹാസനവിരുദ്ധ വാദത്തിന്റെ ശക്തി കുറച്ചിട്ടുണ്ട്. കോപ്റ്റിക് പാത്രിയർക്കീസ് സുവിശേഷകായ വി. മർക്കോസിന്റെ സിംഹാസനവും (Pope of Alexandria and Patriarch of the See of St Mark) അർമേനിയൻ സഭയിൽ സുപ്രിം കാതോലിക്കോസിന്റെ കീഴ്സ്ഥാനി മാത്രമായ ജറുസലേമിലെ അർമേനിയൻ പാത്രിയർക്കീസ് യേശുക്രിസ്തുവിന്റെ സഹോദരനായ വി. യാക്കോബ് ശ്ലീഹായുടെ സിംഹാസനവും (Patriarch of the Apostolic Throne of St James) അവകാശപ്പെടുന്നു. മാർതോമ്മാ ശ്ലീഹായുടെ സിംഹാസനം എന്ന പ്രയോഗം പ. യാക്കോബ് തൃതീയൻ ബാവായുടെയും (ഇന്ത്യയിലെ സുറിയാനി സഭാചരിത്രം, 2011, പേജ് 395) ഇ.എം. ഫിലിപ്പിന്റെയും (മാർതോമ്മാ ശ്ലീഹായുടെ ഇന്ത്യൻ സഭ, 1977 പേജ് 295) ഉൾപ്പെടെ പല സഭാചരിത്രഗ്രന്ഥങ്ങളിലും കാണാം. ഇതൊക്കെയാണെങ്കിലും മാർതോമ്മാ സിംഹാസനവിവാദം മലങ്കരസഭയെ ഭിന്നിപ്പിക്കുന്നതിന് കാരണമാക്കേണ്ട ഗൗരവമായ ഒരു വിഷയമായി തോന്നുന്നില്ല. ആകമാന/ആഗോള സുറിയാനിസഭ എന്നത് ഒരു പുതിയ ആശയമായി തോന്നുന്നു. അതും ഭിന്നിപ്പിന് കാരണമാക്കേണ്ട ഒരു വിഷയമല്ല.

മലങ്കരസഭ 1948-ൽ സഭകളുടെ ലോകകൗൺസിൽ അംഗത്വം നേടിയതും 1965-ൽ ആഡിസ് അബാബയിൽ നടന്ന ഓറിയന്റൽ ഓർത്തഡോക്സ് സഭാ സമ്മേളനത്തിൽ സംബന്ധിച്ചതും സ്വതന്ത്രസഭ എന്ന നിലയിലാണ്. മലങ്കര സഭ യോജിച്ചു നിന്ന കാലത്ത് 1965ൽ ആഡിസ് അബാബായിൽ നടന്ന ഓറിയന്റൽ ഓർത്തഡോക്സ് സഭാതലവന്മാരുടെ സമ്മേളനത്തിൽ അഞ്ച് സഭകളിൽ നിന്ന് പാത്രിയർക്കീസുമാരും കാതോലിക്കാമാരുമായി എട്ട് സഭാദ്ധ്യക്ഷന്മാർ സംബന്ധിച്ചിരുന്നു. അദ്ധ്യക്ഷവേദിയിലിരുന്ന ആറു പേരിൽ രണ്ടാം സ്ഥാനം അന്ത്യോഖ്യാ (സിറിയൻ) പാത്രിയർക്കീസിനും അഞ്ചാം സ്ഥാനം പൗരസ്ത്യ (മലങ്കര) കാതോലിക്കായ്ക്കും ആയിരുന്നു. ഒന്നും ആറും സ്ഥാനങ്ങൾ

വിദേശ നേതൃത്വത്തിലുള്ള ഒരു സഭയ്ക്കും എക്കാലവും അങ്ങനെ തുടരാൻ സാധിക്കില്ല.വിഭജനം വീണ്ടും വീണ്ടും വിഭജനത്തിലേക്കു നയിക്കുന്നു എന്ന് വിഭജന വാദികൾ മനസ്സിലാക്കണം

അലക്സന്ത്രിയാ (കോപ്റ്റിക്) – എത്യോപ്യൻ പാത്രിയർക്കീസു മാർക്കും മൂന്നും നാലും സ്ഥാനങ്ങൾ അർമേനിയൻ (എച്മിയാഡ്സിൻ, ആന്റിലിയാസ്) കാതോലിക്കാമാർക്കുമായിരുന്നു. അർമേനിയൻ (എച്മിയാഡ്സിൻ) സുപ്രിം കാതോലിക്കായുടെ കീഴ്സ്ഥാനികളായ രണ്ടു പാത്രിയർക്കീസുമാർക്ക് (ജറുസലേം, കോൺസ്റ്റാന്റിനോപ്പിൾ) അദ്ധ്യക്ഷവേദിയിൽ സ്ഥാനമില്ലായിരുന്നു. പൗരസ്ത്യ കാതോലിക്കാ, അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴ്സ്ഥാനിയാണെങ്കിൽ അർമേനിയൻ പാത്രിയർക്കീസുമാരെപ്പോലെ അദ്ധ്യക്ഷവേദിയിൽ സ്ഥാനം ലഭിക്കുകയില്ലായിരുന്നു. പഴയ റോമാ സാമ്രാജ്യത്തിലെ അഞ്ചു പാത്രിയർക്കേറ്റുകളുടെ സ്ഥാനക്രമമനുസരിച്ചാണ് അലക്സന്ത്രിയായ്ക്കും അന്ത്യോഖ്യായ്ക്കും ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിച്ചത്. മറ്റു സഭകളുടെ തലവന്മാർക്ക് അവരവരുടെ പാത്രിയർക്കേറ്റ്/കാതോലിക്കേറ്റ് സ്ഥാപിക്കപ്പെട്ട കാലക്രമത്തിലും സ്ഥാനം ലഭിച്ചു.

മലങ്കര സഭ യോജിച്ചു നിന്ന സുവർണ കാലഘട്ടത്തിൽ (1958 – 1975) പൗരസ്ത്യ കാതോലിക്കായെ *മോറാൻ* എന്നും *പരിശുദ്ധ* എന്നും തന്നെയാണ് സംബോധന ചെയ്തിരുന്നത്. 1967ൽ പ. ഔഗേൻ ബാവാ വി. മൂറോൻ കൂദാശ ചെയ്തു. അന്ത്യോഖ്യാ പാത്രിയർക്കീസിനെ സമന്മാരിൽ മുമ്പൻ (First among equals) ആയിട്ടാണ് അന്നു കരുതിയിരുന്നത്. അതായത് ജ്യേഷ്ഠ സഹോദരന്റെ സ്ഥാനം. ഇന്ന് യാക്കോബായ വിഭാഗം, ശ്രേഷ്ഠ കാതോലിക്കായുടെ പിതാവിന്റെ സ്ഥാനത്താണ് അന്ത്യോഖ്യാ പാത്രിയർക്കീസിനെ കാണുന്നത്. അർമേനിയൻ സഭയിൽ കാതോലിക്കോസിന്റെ കീഴ്സ്ഥാനിയാണ് പാത്രിയർക്കിസ് എന്ന വസ്തുതയും ശ്രദ്ധേയമാണ്.

പാത്രിയാർക്കൽ ഡെലിഗേറ്റായി നിയമിക്കപ്പെട്ട മാർ തീമോത്തിയോസ് അപ്രേം ആബൂദി മെത്രാപ്പോലീത്തായെ 1973ൽ ഇന്ത്യയിൽ നിന്ന് പുറത്താക്കിയതിനെ വിമർശിക്കുന്നവർ അപ്രകാരം ഒരു ഡെലിഗേറ്റിനെ ഇപ്പോൾ അയച്ചാൽ ഇപ്പോഴത്തെ യാക്കോബായ വിഭാഗത്തിന്റെ പ്രതികരണം എന്തായിരിക്കും എന്നു കൂടി ചിന്തിക്കേണ്ടതാണ്. ഡെലിഗേറ്റിനെ പുറത്താക്കാൻ ആദ്യം ഹർജി കൊടുത്തത് സ്വന്തം കക്ഷിക്കാർ തന്നെയാണെന്നാണ് പുതിയ കണ്ടെത്തൽ. (കടപ്പാട് : ഡോ. ഡി. ബാബു പോൾ, ക്നാനായ ദീപം 2011 ജൂൺ പേജ് 13).

പള്ളികളും വസ്തുവകകളും ഭാഗം വച്ചു പിരിയേണ്ട സാഹചര്യമില്ല. ഭിന്നിച്ചു നിന്നുള്ള ആരാധന ദൈവഹിതമല്ല

കൽദായസഭ ഭിന്നിച്ചു നിന്ന കാലത്ത് ബാവാകക്ഷിയുടെ തലവനായ മാർ ദിൻഹാ പാത്രിയർക്കീസ് 1991ൽ കേരളത്തിലെത്തിയപ്പോൾ ആ സഭയിലെ മെത്രാൻ കക്ഷി അവരുടെ ആസ്ഥാനത്ത് അദ്ദേഹത്തിന് സ്വീകരണം നൽകി. അത് ഇരു കക്ഷികളിലും ഐക്യപ്രതീക്ഷ വർദ്ധിക്കുന്നതിനിടയാക്കി. അതേ സമയം പ. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ നാലു പ്രാവശ്യം (1982, 2000, 2004, 2008) മലങ്കര സന്ദർശിച്ചപ്പോഴും കക്ഷിവഴക്കിന് ശക്തി കൂട്ടാനാണ് ഇരു വിഭാഗങ്ങളും ശ്രമിച്ചത്.

കൽദായ സഭയിലെ ഭിന്നത നിർഭാഗ്യകരമായി ഇരു കക്ഷികളും കണ്ടിരുന്നു. അവിടെ ഒരിക്കലും വിഭജനവാദമുണ്ടായിട്ടില്ല. മലങ്കര സഭയിലെ 1911–1958 കാലത്തെ ഭിന്നിപ്പും നിർഭാഗ്യകരമായി ഇരു കക്ഷികളും അവയുടെ പിതാക്കന്മാരും കണ്ടിരുന്നു. ഇക്കാലത്തും വിഭജനവാദമില്ലായിരുന്നു. സ്വന്തം നിലപാട് മറുകക്ഷിയെക്കൊണ്ട് അംഗീകരിപ്പിക്കണമെന്നു മാത്രമേ അന്നുള്ളവർ ആഗ്രഹിച്ചുള്ളു. എന്നാൽ **ഇപ്പോഴത്തെ ഭിന്നത പലർക്കും സ്ഥാനമാനങ്ങളും സൗഭാഗ്യങ്ങളും നേടിക്കൊടുത്തുകൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് വിഭജനവാദമുന്നയിക്കുന്നത്.** കൽദായ സഭയിൽ പിളർപ്പും കടുത്ത വ്യവഹാരവും പരസ്പര മുടക്കും ഉണ്ടായിരുന്ന കാലത്തും ഇരു ഭാഗത്തെയും ഐക്യവാദികൾ ചേർന്ന് യോജിപ്പിനായി ശ്രമം നടത്തിയിരുന്നു. മെത്രാന്മാർ പരസ്പരം സന്ദർശനങ്ങൾ നടത്തുകയും ഔപചാരികവും അനൗപചാരികവുമായ ചർച്ചകൾ നടത്തുകയും ചെയ്തിരുന്നു. മലങ്കരസഭയിൽ ചില സമിതികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യമായ ചലനം സൃഷ്ടിച്ചിട്ടുള്ളതായി കാണുന്നില്ല. ഐക്യവാദികളെ മറുകക്ഷിയുടെ ഏജന്റുമാരായി മുദ്രയടിച്ച് ഒറ്റപ്പെടുത്തുന്ന സംസ്കാരമാണ് മലങ്കരസഭയിലുള്ളത്.

സമീപഭാവിയിലല്ലെങ്കിൽ വിദൂരഭാവിയിലെങ്കിലും മലങ്കര സഭയിൽ യോജിപ്പുണ്ടാകുമെന്ന പ്രതീക്ഷ വച്ചു പുലർത്തുന്നവരുണ്ട്. അതുകൊണ്ട് യോജിപ്പിനുള്ള വാതിലുകൾ ഒരിക്കലും അടയ്ക്കരുത്. തുബ്ദേൻ-ലുത്തിനിയാകളിൽ നിന്നും സഭാഭരണഘടനയിൽ നിന്നും അന്ത്യോഖ്യാ പാത്രിയർക്കീസിനെ നീക്കം ചെയ്യരുത്. പൗരസ്ത്യ കാതോലിക്കായുടെ കീഴിൽ പാത്രിയർക്കീസുമാരെ വാഴിച്ച് പ്രകോപനമുണ്ടാക്കരുത്. (അർമേനിയൻ സഭയിലെ സാഹചര്യം വ്യത്യസ്തമാണ്). അതുപോലെ മലങ്കര സഭയുടെ പേരോ സഭയുടെ പ്രധാനമേലദ്ധ്യക്ഷന്റെ സ്ഥാനപ്പേരോ പരിഷ്കരിക്കുന്നതിനു (ഇന്ത്യൻ പാത്രിയർക്കീസ്?) ശ്രമിക്കരുത്. ഇരു വിഭാഗവും കുറെക്കാലത്തേക്ക് മെത്രാന്മാരെ വാഴിക്കരുത്. കക്ഷികൾക്കു നേതൃത്വം കൊടുത്ത പിതാക്കന്മാരെ വിശുദ്ധന്മാരായി പ്രഖ്യാപിക്കുന്ന പ്രവണത ഉപേക്ഷിക്കണം.

ഇന്നത്തെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ പഴയ മെത്രാൻ കക്ഷി (1911–1958) മാത്രമാണ് എന്ന നിലപാട് ഉപേക്ഷിക്കണം. 1942, 1958, 2002 വർഷങ്ങളിൽ നടന്ന സഭായോജിപ്പിലൂടെ പഴയ ബാവാകക്ഷിയിലും പാത്രിയർക്കീസ് കക്ഷിയിലും ഉൾപ്പെട്ടിരുന്ന അനേകർ ഈ സഭയുടെ ഭാഗമായി. പഴയ മെത്രാൻ കക്ഷിയുടെ ദുരാത്മാവ് ഓർത്തഡോക്സ് സഭയിലെ ചിലരെയെങ്കിലും ബാധിച്ചിട്ടില്ലേ എന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. യോജിച്ച സഭയിൽ 1960കളിൽ മുൻ പാത്രിയർക്കീസ് വിഭാഗത്തെ അവഗണിച്ചിരുന്നു എന്നുള്ള ആരോപണവും ഉയർന്നു കേൾക്കാറുണ്ട്.

മലങ്കരസഭയുടെ ഐക്യം പ. സക്കാ ബാവാ ആഗ്രഹിച്ചിരുന്നു; ഇപ്പോഴും അദ്ദേഹം വ്യക്തിപരമായി ആഗ്രഹിക്കുന്നുണ്ട് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അതുകൊണ്ടാണ് ശ്രേഷ്ഠ കാതോലിക്കായ്ക്ക് Catholicos of the East എന്ന സ്ഥാനത്തിനു പകരം Catholicos of the Jacobite Syrian Christian Church in India എന്ന സ്ഥാനം നൽകിയത് എന്നാണ് പാത്രിയർക്കീസ് ഭാഗത്തെ ഐക്യകാംക്ഷികളുടെ വാദം. ഇത് നിയമപ്രശ്നത്തിൽ നിന്നും വ്യവഹാരത്തിൽ നിന്നും രക്ഷപെടാനുള്ള കൗശലം ആണെന്നും അതല്ല മുകളിൽ പറയുന്ന കാരണങ്ങളുടെ മറവിൽ ശ്രേഷ്ഠ ബാവായെ ഒതുക്കാനാണെന്നും വ്യാഖ്യാനിക്കുന്നവരുമുണ്ട്.

Patriarch of Antioch and all the East എന്നത് അന്ത്യോഖ്യാ പാത്രിയർക്കീസുമാർ നാലാം നൂറ്റാണ്ടു മുതൽ ഉപയോഗിക്കുന്ന സ്ഥാനപ്പേരാണ്. ഇതിനെ ഓർത്തഡോക്സുകാർ ഭയപ്പെടേണ്ടതില്ല. പഴയ റോമാ സാമ്രാജ്യത്തിന്റെ അതിർത്തിക്കുള്ളിലെ കിഴക്കൻ പ്രദേശത്തുള്ള സഭയുടെ ഭരണമാണ് അന്ത്യോഖ്യാ പാത്രിയർക്കീസിനുണ്ടായിരുന്നത്. **Levant എന്നു കൂടി അറിയപ്പെടുന്ന ഈ പ്രദേശത്ത് ഇന്ത്യയും ചൈനയും ഉൾപ്പെടുന്നില്ല.** അന്ത്യോഖ്യായിലെ മറ്റു പാത്രിയർക്കീസുമാരും ഇതേ സ്ഥാനപ്പേരാണ് ഉപയോഗിക്കുന്നത്. റോമാ സാമ്രാജ്യത്തിൻ അഞ്ചു പാത്രിയർക്കേറ്റുകളും സാമ്രാജ്യത്തിനു പുറത്ത് നാല് കാതോലിക്കേറ്റുകളും (പൗരസ്ത്യ, അർമേനിയൻ, ജോർജിയൻ, അൽബേനിയൻ) ആണ് നാലും അഞ്ചും നൂറ്റാണ്ടുകളിൽ രൂപമെടുത്തത്. ഇവയെല്ലാം സ്വതന്ത്രമായിരുന്നു.

സുറിയാനി ആരാധനക്രമം ഉപയോഗിക്കുന്ന സഭ എന്ന നിലയിൽ മലങ്കരസഭ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിലാകുമെങ്കിൽ അഞ്ച് കത്തോലിക്കാ റീത്തുകളും മാർതോമ്മാ സഭയും ഉൾപ്പെടെ പത്തു സുറിയാനി സഭകൾ അങ്ങനെയാകേണ്ടതായി വരും. അന്ത്യോഖ്യായിലെ മറ്റ് (ഗ്രീക്ക് ഓർത്തഡോക്സ്, ഗ്രീക്ക് കത്തോലിക്കാ, സുറിയാനി കത്തോലിക്കാ, മാരോനൈറ്റ് കത്തോലിക്കാ) പാത്രിയർക്കീസുമാർ സുറിയാനി ഓർത്തഡോക്സ് പാത്രിയർക്കീസിനു കീഴിലാകുമോ? ആ നിലയ്ക്ക് ആകമാന/ ആഗോള സുറിയാനിസഭയുടെ അർത്ഥമെന്താണ്? വിവിധ ആരാധനാക്രമങ്ങളിൽ നിന്ന് പല അംശങ്ങളും അന്ത്യോഖ്യൻ (പാശ്ചാത്യ സുറിയാനി) ആരാധനാക്രമം കടം കൊണ്ടിട്ടുണ്ട്. അന്ത്യോഖ്യാ പാത്രിയർക്കീസ് വി. പത്രോസ് ശ്ലീഹായുടെ പിൻഗാമിയായതിനാൽ സകല സഭാമേലദ്ധ്യക്ഷന്മാരും അദ്ദേഹത്തിന്റെ കീഴിലായിരിക്കണം എന്നൊരു അന്ധവിശ്വാസം ചിലർക്കെങ്കിലുമുണ്ട്. കൃപയുടെ ഉറവിടം അന്ത്യോഖ്യായാണെന്ന് ഇവർ പഠിപ്പിക്കുന്നു. ലോകത്ത് മറ്റൊരു ഓർത്തഡോക്സ് സഭയും ഇത് അംഗീകരിക്കുന്നില്ല.

സഭായോജിപ്പിനു തടസ്സമായി പറയുന്ന ഒരു കാരണം മെത്രാന്മാരുടെ ബാഹുല്യമാണ്. മെത്രാസനങ്ങൾക്കു വേണ്ടി മെത്രാന്മാരെ വാഴിക്കുന്നതിനു പകരം മെത്രാന്മാർക്കു വേണ്ടി മെത്രാസനമുണ്ടാക്കിയതാണ് കുഴപ്പമായത്. മെത്രാന്മാരുടെ എണ്ണം വളരെ കൂടുതലാണെങ്കിലും അവരെ ഉൾക്കൊള്ളാനുള്ള വിഭവശേഷി മലങ്കര സഭയ്ക്കുണ്ട്. വ്യവഹാരത്തിനുവേണ്ടി ചെലവഴിക്കുന്ന പണത്തിന്റെ പകുതിപോലും അവരെ ഉൾക്കൊള്ളുന്നതിന് ആവശ്യമായി വരികയില്ല.

തങ്ങളുടെ സഹകരണമില്ലാതെ വാഴിക്കപ്പെട്ട ഇപ്പോഴത്തെ അന്ത്യോഖ്യാ പാത്രിയർക്കീസിനെ അംഗീകരിക്കാനാവില്ല എന്ന ഓർത്തഡോക്സ് നിലപാടും അന്ത്യോഖ്യാ പാത്രിയർക്കീസ് വാഴിക്കാത്ത പൗരസ്ത്യ കാതോലിക്കായെ അംഗീകരിക്കാനാവില്ല എന്ന യാക്കോബായ നിലപാടും ബാലിശമാണ്. പരസ്പര ബന്ധമില്ലാത്തപ്പോൾ പ്രധാന മേലദ്ധ്യക്ഷനെ സ്വയമായി അവരോധിക്കാൻ ഓരോ സഭയ്ക്കും ഭരണഘടനാപരമായ സ്വാതന്ത്ര്യമുണ്ട്. മാത്രമല്ല, തങ്ങൾ അംഗീകരിക്കുന്ന ശ്രേഷ്ഠ കാതോലിക്കായുടെ (മാർ പൗലോസ് ദ്വിതീയൻ) കാർമ്മികത്വത്തിലാണ് 1980ൽ ഇപ്പോഴത്തെ പാത്രിയർക്കീസ് ബാവാ വാഴിക്കപ്പെട്ടത്. (ഇതിനെപറ്റി മറ്റു ചില വാദങ്ങൾ ഉണ്ടെന്നുള്ളത് വിസ്മരിക്കുന്നില്ല)

അന്ത്യോഖ്യൻ-മലങ്കര ബന്ധത്തിന് എന്തു പഴക്കമുണ്ട് എന്നുള്ളത് സഭായോജിപ്പിനു തടസ്സമാക്കേണ്ട വിഷയമല്ല. ബന്ധത്തിന്റെ തുടക്കം എഡി 52, 345, 1665, 1876 തുടങ്ങിയ വർഷങ്ങളിലേതായാലും അതു വിശ്വാസത്തിന്റെ കാര്യമല്ല. അക്കാദമിക് തലത്തിൽ മാത്രം ചർച്ച ചെയ്യേണ്ട സഭാചരിത്രവിഷയം മാത്രമാണിത്. തിരുവല്ലായിൽ 1998 ഫെബ്രുവരി 22 ഞായറാഴ്ച നടന്ന പാത്രിയർക്കാദിനാഘോഷ സമ്മേളനത്തിൽ സുറിയാനി സഭയുടെ ഈസ്താംബുൾ ആർച്ചുബിഷപ്പ് മാർ ഫീലക്സീനോസ് ജോസഫ് സെറ്റിൻ സുറിയാനിയിൽ നടത്തിയ പ്രസംഗം ബെന്യാമിൻ ജോസഫ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയപ്പോൾ കേട്ടതുപോലെ *മാർതോമ്മാ ശ്ലീഹായെ മലങ്കരയിലേക്ക് അയച്ചത് പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനമാകുന്നു* എന്നു വിശ്വസിച്ചാലും ഇല്ലെങ്കിലും രക്ഷയുടെ മാർഗത്തിന് അതു തടസ്സമല്ല. മലങ്കര സഭ അന്ത്യോഖ്യാ പാത്രിയർക്കീസിനു കീഴിലായിരുന്നോ, ആയിരുന്നെങ്കിൽ എന്നു മുതൽ എന്നുള്ളതൊക്കെ ഗവേഷണം നടത്തി കണ്ടുപിടിക്കാവുന്നതേയുള്ളൂ.

ഒരു കൂട്ടർ മറ്റേ കൂട്ടരെ മുടക്കപ്പെട്ടവരായി ചിത്രീകരിക്കാറുണ്ടല്ലോ. എന്നാൽ ചില പള്ളികളിൽ ഇരു വിഭാഗങ്ങളിലെയും വൈദികർ ഒരുമിച്ച് വി. കുർബാന അർപ്പിക്കാറുണ്ട്. തീർത്ഥാടനകേന്ദ്രങ്ങളായ കോതമംഗലം (ചെറിയ)-പരുമല സെമിനാരി പള്ളികളിൽ മറുകക്ഷിയിൽ പെട്ട ശിശുക്കളെ മാമോദീസാ മുക്കാറുണ്ട്. പ. പാത്രിയർക്കീസ് ബാവായെ സന്ദർശിക്കുന്ന മറുകക്ഷിക്കാരായ മേൽപട്ടക്കാരെയും പട്ടക്കാരെയും അദ്ദേഹം സ്ഥാനോചിതമായി സ്വീകരിക്കാറുണ്ട്; ഒരുമിച്ചു പ്രാർത്ഥിക്കാറുണ്ട്. സുറിയാനി സഭയിലെ മേൽപട്ടക്കാർ മലങ്കര സഭയുടെ ദേവാലയങ്ങളിൽ വന്ന് വി. കുർബാനയിൽ സംബന്ധിക്കുകയും വി. കുർബാന അനുഭവിക്കുകയും ചെയ്ത സംഭവങ്ങളുണ്ട്. കോട്ടയം മെത്രാസനത്തിൽ ഇരുവിഭാഗം വൈദികരും പരമാവധി സഹകരിക്കുന്നതും കാണാം. വിവാഹക്കമ്പോളത്തിൽ ആർക്കും ഉപരോധമില്ല. അപ്പോൾ മുടക്ക് എന്നത് ഉടക്കിനുള്ള ന്യായം മാത്രമാണ്. എന്നാൽ ഓർത്തഡോക്സ് വധുക്കളെ മൂറോൻ പൂശി മാത്രം യാക്കോബായ വരൻമാരെക്കൊണ്ട് വിവാഹം കഴിപ്പിക്കുന്ന അകാനോനിക നടപടികൾ ചില സ്ഥലങ്ങളിൽ നടക്കുന്നതായി അറിയുന്നു. ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും മാമോദീസാ-വിവാഹം-ശവസംസ്കാരശുശ്രൂഷകളിൽ സംബന്ധിക്കുന്ന മറുകക്ഷി വൈദികരെയും അവരുടെ പൗരോഹിത്യത്തെയും അപമാനിക്കുന്ന നീചമായ നടപടികൾ ചില പ്രദേശങ്ങളിൽ ഇപ്പോഴും തുടരുന്നുണ്ട്. എന്നാൽ പ. സക്കാ ബാവായുടെ ഇ 175/1995 നമ്പർ കൽപനയുടെ അന്തസത്ത അനുസരിച്ച് ഓർത്തഡോക്സ് വിഭാഗത്തെ മുടക്കപ്പെട്ടവരായി അദ്ദേഹം കരുതുന്നില്ല.

യോജിച്ചു നിൽക്കുന്ന സഭയിൽ എല്ലാവർക്കും അർഹമായ പരിഗണന ലഭിക്കുമെന്ന് ഐക്യവാദികൾ ഉറപ്പാക്കണം

മലങ്കരസഭയുടെ പ്രശ്നങ്ങൾക്ക് അന്ത്യോഖ്യാ പാത്രിയർക്കീസുമാരെ മാത്രം കുറ്റപ്പെടുത്താനാവുമോ? നമുക്കിടയിലുള്ള വഴക്കിൽ അനാവശ്യമായി അവരെ ഇടപെടുത്തിയതല്ലേ? ഇപ്പോഴത്തെ ഭിന്നിപ്പിന് പരി. സക്കാ ബാവായെ മാത്രം കുറ്റപ്പെടുത്താനാവുമോ? 1996 സെപ്റ്റംബർ ഒന്നിന് കാലം ചെയ്ത ശ്രേഷ്ഠ പൗലോസ് ദ്വിതീയൻ ബാവായ്ക്കു പകരം ശ്രേഷ്ഠ തോമസ് പ്രഥമൻ ബാവായെ വാഴിക്കുന്നതിന് അദ്ദേഹം 2002 ജൂലൈ 26 വരെ (ആറു വർഷം) കാത്തിരുന്നത് ഓർക്കുക.

ഈ അവസരത്തിൽ തിരിച്ചറിവുണ്ടാകാൻ നമുക്ക് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം. പലരും കരുതുന്നതുപോലെ പള്ളികളും സ്വത്തും വീതം വച്ചു പിരിയേണ്ട യാതൊരു സാഹചര്യവുമില്ല. മനുഷ്യന് താമസിക്കാനും കൃഷി ചെയ്യാനും സ്ഥലമില്ലാത്ത ഈ കാലഘട്ടത്തിൽ ഒരേ സ്ഥലത്ത്തന്നെ ഒരു പള്ളിക്ക് സമീപം പുതിയ പള്ളികൾ ഉണ്ടാകേണ്ട ഒരു കാര്യവുമില്ല. ഭിന്നിച്ചുനിന്നുള്ള ആരാധന ദൈവമുമ്പാകെ സ്വീകാര്യമാവില്ല. സഹോദരന്മാർ ഒരുമിച്ചു വസിക്കണം. അതിനുള്ള വിവേകവും ദർശനവും ഉണ്ടാകുന്നതിന് സഭാനേതൃത്വത്തിനു വേണ്ടി നമുക്കു പ്രാർത്ഥിക്കാം.

മലങ്കരസഭയിൽ ശാശ്വത സമാധാനമുണ്ടാകണം. അത് ഐക്യത്തിലൂടെ ആയിരിക്കണം. വിഭജനം ശാശ്വത പരിഹാരമല്ല. വിഭജനം വീണ്ടും വിഭജനത്തിലേക്കു നയിക്കും. സുദൃഢവും വ്യവസ്ഥാപിതവും ഭരണഘടനാപരവുമായ അന്ത്യോക്യൻ-മലങ്കര ബന്ധമുണ്ടാകണം. കോപ്റ്റിക്-എത്യോപ്യൻ, കോപ്റ്റിക്-എറിത്രിയൻ സഭകൾ തമ്മിലുള്ള ഉടമ്പടികളുടെ മാതൃകയിൽ ഒരു അന്ത്യോക്യൻ-മലങ്കര ഉടമ്പടിയുണ്ടാകണം. അലക്സന്ത്രിയായിലെ പാത്രിയർക്കീസിന് (കോപ്റ്റിക് പോപ്പ്) ആദരവിന്റെ ഒന്നാം സ്ഥാനം (the first position of honour), എത്യോപ്യൻ-എറിത്രിയൻ സഭകളുടെ പൂർണ സ്വാതന്ത്ര്യം (സ്വയംശീർഷകത്വം) തുടങ്ങിയ കാര്യങ്ങൾ ഉറപ്പുവരുത്തുന്നതാണ് അലക്സന്ത്രിയൻ ഉടമ്പടികൾ (1994, 1998). പരിശുദ്ധ അന്ത്യോക്യാ പാത്രിയർക്കീസിന്റെ അവകാശങ്ങളും മലങ്കരസഭയുടെ സ്വാതന്ത്ര്യവും ഒരുപോലെ സംരക്ഷിക്കാവുന്ന തരത്തിൽ മലങ്കരസഭയിലെ ഇരുവിഭാഗങ്ങളിലും ഉൾപ്പെട്ട ഏതാനും പേർ ചേർന്നു തയ്യാറാക്കിയ ഒരു നക്കൽ ഉടമ്പടിയും അനുബന്ധ ലേഖനങ്ങളും (http://malankaraorthodoxtv.blogspot.in/2010/06/draft-proposal-for-protocol-between.html) വിശ്വസ്നേഹദർശനം (2010 ജനുവരി-മാർച്ച്) എന്ന പ്രസിദ്ധീകരണത്തിൽ (http://www.marthoman.tv/ Sneha_Darsanam/church_unity.pdf) ചേർത്തിരുന്നു. ഇത് പ. ഇഗ്നാത്തിയോസ് സക്കാ പ്രഥമൻ പാത്രിയർക്കീസ് ബാവാ, പ. ആരാം കാതോലിക്കാ, പ. ആബൂനാ പൗലോസ് പാത്രിയർക്കീസ് തുടങ്ങിയ സഭാതലവന്മാർക്കും അന്ത്യോക്യൻ സുറിയാനി സഭയിലെ സീനിയർ മെത്രാപ്പോലീത്താമാർക്കും മലങ്കര സഭയിലെ ഇരുകക്ഷികളിലെയും എല്ലാ മെത്രാപ്പോലീത്താമാർക്കും സഭാഭാരവാഹികൾക്കും സമർപ്പിച്ചിട്ടുള്ളതാണ്. പലരും അനുകൂല അഭിപ്രായം പ്രകടിപ്പിച്ചെങ്കിലും മുൻകൈയെടുക്കാൻ ആരുമില്ലാത്തതാണ് പ്രശ്നം. ഇതിനെപറ്റി പഠിക്കുന്നതിന് ഈ വിഷയത്തിൽ താൽപര്യമുള്ളവരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കണം. അതിൽ ഇരുകക്ഷികളിലെയും ഓരോ മെത്രാ പ്പോലീത്തായും രണ്ടു വൈദികരും രണ്ടോ മൂന്നോ അയ്മേനികളും ഉണ്ടായിരിക്കണം. സഭാഭാരവാഹികളിൽ ഒരാളും ഒരു അഭിഭാഷകനും ഉൾപ്പെടണം. അതിനുശേഷം ആവശ്യമെങ്കിൽ ഏതെങ്കിലും ഓറിയന്റൽ ഓർത്തഡോക്സ് സഭാദ്ധ്യക്ഷന്റെ (പ. തെവദ്രോസ് മാർപാപ്പാ/പ. ആരാം കാതോലിക്കാ) മദ്ധ്യസ്ഥതയിൽ ഉഭയകക്ഷി ചർച്ച നടത്തണം. തർക്കവിഷയങ്ങളിൽ ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ പൊതുവായ നിലപാട് സ്വീകരിക്കുകയാണ് കരണീയം. മലങ്കരയിലെ പ്രശ്നപരിഹാരത്തിന് നേരിട്ടുള്ള ചർച്ച മതിയാകും. മദ്ധ്യസ്ഥൻ നിർബന്ധമെങ്കിൽ കൽദായ സഭയുടെ ഡോ. മാർ അപ്രേം മെത്രാപ്പോലീത്തായെ മാത്രം നിയോഗിക്കാ വുന്നതാണ്.

ഐക്യത്തിലൂടെ സമാധാനം

1995ലെ സുപ്രിം കോടതി വിധിയെ തുടർന്ന് പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ 1995 ആഗസ്റ്റ് ഒന്നിനു പുറപ്പെടുവിച്ച കൽപന (ഇ 175/1995)യിൽ നിന്ന് : " ...... മലങ്കരസഭയുടെ ഐക്യവും സമാധാനവും ഭാവിയും നിങ്ങളുടെ കൈകളിലാണ്. നമ്മുടെ കർത്താവിന് ഫലപ്രദമായി സാക്ഷ്യം വഹിക്കുന്നതിലേക്കായി നിങ്ങൾ നടത്തുന്ന എല്ലാ പരിശ്രമങ്ങൾക്കും നാം ശ്ലൈഹികവാഴ്വ് വാഗ്ദാനം ചെയ്യുന്നു. പുത്രൻ സത്യമായി പിതാവിനാൽ അയയ്ക്കപ്പെട്ടവനാണ് എന്ന് ലോകം വിശ്വസിക്കുന്നതിലേക്ക് താനും പിതാവും ഒന്നായിരിക്കുന്നതു പോലെ തന്റെ ശിഷ്യന്മാരും ഒന്നായിരിക്കണമെന്നത്രെ നമ്മുടെ കർത്താവ് ആഗ്രഹിച്ചത്. **മനുഷ്യാവതാരത്തിനെതിരായ ഏറ്റവും മോശപ്പെട്ട സാക്ഷ്യം വിഭക്തമായ സഭയാണ് എന്നർത്ഥം. തുന്നൽ ഇല്ലാതെ മേൽതൊട്ട് അടിയോളം മുഴുവനും നെയ്തതായ കർത്താവിന്റെ അങ്കിയായിരിക്കണം സഭ.** സൗഖ്യം പ്രാപിക്കാത്ത കുഷ്ഠരോഗികളുടെ കീറിപ്പറിഞ്ഞ ഉടയാട ആയിരിക്കേണ്ടതല്ല അത്. ആദ്യം ഓരോ വിഭാഗത്തിലും ആഭ്യന്തരമായും പിന്നീട് വിവിധ വിഭാഗങ്ങൾ തമ്മിൽ തമ്മിലും ഉള്ള അനുരഞ്ജനം ആയിരിക്കണം എല്ലാ ക്രൈസ്തവരുടെയും ആത്യന്തിക ലക്ഷ്യമെന്ന് നാം വിശ്വസിക്കുന്നു...... മലങ്കരയിൽ ക്രിസ്തീയ സാക്ഷ്യം വിഫലമാക്കുന്ന ഇപ്പോഴത്തെ ഈ വിഭജനം അവസാനിപ്പിക്കുന്നതിനായി നിങ്ങൾ നടത്തുന്ന എല്ലാ പരിശ്രമങ്ങൾക്കും നാം നന്മ നേരുന്നു......"

പരിശുദ്ധ ബസേലിയോസ് മാർതോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പ് സുപ്രിം കോടതി ശരിവച്ചതിനെതുടർന്ന് 2002 ജൂലൈ 16ന് പുറപ്പെടുവിച്ച കൽപന (117/2002) യിൽ നിന്ന് " ...... വ്യവഹാരങ്ങളിൽ നിന്നും വിദ്വേഷത്തിൽ നിന്നും സങ്കുചിതമായ താൽപര്യങ്ങളിൽ നിന്നും നാം ദൈവരാജ്യത്തിന്റെ മഹത്വത്തിലേക്ക് മുഖം തിരിക്കണം......... കക്ഷിപിരിവുകളും തെറ്റിദ്ധാരണയും നിലനിന്ന കാലത്ത് വാക്കും പ്രവൃത്തിയും ചിന്തയും മൂലം പരസ്പരം ഉണ്ടാക്കിയ മുറിവുകളെ നമുക്ക് സുഖപ്പെടുത്താം. അപ്രകാരം സഭയിൽ പരസ്പരം വന്നു പോയിട്ടുള്ള തെറ്റുകുറ്റങ്ങൾക്ക് നിങ്ങളുടെ ആത്മീയപിതാവായ ബലഹീനനായ നാം ക്ഷമ ചോദിക്കുന്നു ....."

പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെയും പരിശുദ്ധ കാതോലിക്കാ ബാവായുടെയും കൽപനകളുടെ ഏതാനും ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ടും അവയുടെ സന്ദേശം ഉൾക്കൊള്ളാൻ ആഹ്വാനം ചെയ്തുകൊണ്ടും ഈ ലേഖനം അവസാനിപ്പിക്കുന്നു. GM

ഈ ലേഖനത്തിലെ അഭിപ്രായങ്ങളും നിരീക്ഷണങ്ങളും ലേഖകന്റെ സ്വന്തമാണ്. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെയോ ജോർജിയൻ മിററിന്റെയോ നിലപാടുകളുമായി ഇവയിൽ പലതും പൊരുത്തപ്പെട്ടില്ലെന്നു വരാം.

- എഡിറ്റർ

സഭാ സമാധാനം: ഒരു എളിയ പ്രതികരണം

■ ഫാ. ഡോ. കെ. എം. ജോർജ്

ചരിത്രഗവേഷകരായ വർഗീസ് ജോണും ലെജു പി. തോമസും എഴുതിയ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനു മുമ്പു തന്നെ കാണാനിടയായി. അതിനോടുള്ള ചെറിയൊരു പ്രതികരണമാണ് ഈ കുറിപ്പ്.

മലങ്കരസഭയിൽ ഇരുഭാഗത്തുമുള്ള ആയിരമായിരം സമാധാനകാംക്ഷികളെയാണ് വർഗീസും ലെജുവും പ്രതിനിധാനം ചെയ്യുന്നത് എന്നു തോന്നുന്നു. ദീർഘമായ കലഹങ്ങളിൽ നിന്ന് മോചനം നേടി നമ്മുടെ സഭ (ഇരുഭാഗങ്ങളും ഉൾപ്പെട്ടത്) ക്രിസ്തീയ മാർഗ്ഗത്തിൽ ചരിക്കയും അതിന്റെ വിശുദ്ധമായ ദൗത്യം ഈ ലോകത്തിൽ നിർവ്വഹിക്കയും ചെയ്യണമെന്നു മാത്രമേ യഥാർത്ഥ സമാധാനകാംക്ഷികൾ ആഗ്രഹിക്കുന്നുള്ളു. ഏതെങ്കിലും സ്ഥാനമാനങ്ങളോ മറ്റു നേട്ടങ്ങളോ ഉണ്ടാക്കാൻ ഉദ്ദേശ്യമില്ലാത്ത, നിർമ്മല മനഃസാക്ഷിയോടു കൂടിയാണ് അങ്ങനെയുള്ളവർ സഭാചരിത്ര വിശകലനം നടത്തുന്നതും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതും. സമാധാനം ആഗ്രഹിക്കുന്നവർക്ക്, ചവിട്ടിനിന്നുകൊണ്ട്, ഭാവിയെ രൂപപ്പെടുത്താൻ കഴിയുന്ന ചരിത്രപരമായ ചില ഏണിപ്പടികൾ ഈ ലേഖനങ്ങളിൽ എടുത്തുകാണിക്കുന്നുണ്ട്. അതായത്, വീണ്ടും വീണ്ടും പിമ്പോട്ട് ഇറങ്ങാതെ, നമ്മെ മുകളിലേക്ക് കയറാൻ സഹായിക്കുന്ന സഭാചരിത്രപരവും കാനോനികവും വേദശാസ്ത്രപരവുമായ ഉടമ്പടികളും ഉഭയസമ്മതങ്ങളുമാണ് ഈ ഏണിപ്പടികൾ. നമ്മുടെ സഭാസമൂഹവും അതിന്റെ നേതാക്കളും നൽകിയ സമ്മതവും ധാരണകളും ഉറപ്പുമാണ് അവ. അതറിയുന്നവർക്ക് പിന്നെയും പിറകോട്ട് പോകേണ്ട കാര്യമില്ല.

സഭയുടെ ദൗത്യവും പാരമ്പര്യങ്ങളും, കാനോനാകളും എല്ലാറ്റിനും ഉപരി, നമ്മുടെ കർത്താവിന്റെ സുവിശേഷവും ഈ സഭ ഒന്നാണെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു

എന്നാൽ ഇവിടത്തെ ചോദ്യം അതല്ല. നാം സമാധാനം വാസ്തവത്തിൽ ആഗ്രഹിക്കുന്നുണ്ടോ എന്നതാണ് പ്രശ്നം. ഒരു വൈദികൻ എന്ന നിലയിൽ, ചില വീട്ടുവഴക്കുകളിലും ചില വ്യക്തികൾ തമ്മിലുള്ള കലഹങ്ങളിലും മദ്ധ്യസ്ഥം വഹിക്കാൻ ഇടയായിട്ടുണ്ട്. ചിലത് വിജയിച്ചു; ചിലത് പരാജയപ്പെട്ടു. ഞാൻ മനസ്സിലാക്കിയ പാഠം ഇതാണ്. വഴക്കിടുന്ന രണ്ടു കൂട്ടർക്കിടയിൽ സമാധാനദൂതനായി ചെല്ലാൻ നാം വിളിക്കപ്പെട്ടാൽ, ആദ്യമേ അന്വേഷിക്കേണ്ടത്, വഴക്കിൽ ഉൾപ്പെട്ടിരിക്കുന്ന ഇരുഭാഗത്തിന്റെയും അല്ലെങ്കിൽ ഇരുവ്യക്തികളുടെയും ഉള്ളിന്റെ ഉള്ളിൽ എവിടെയെങ്കിലും, ഈ വഴക്ക് തീർക്കണം എന്ന നേരിയ ഒരു ചിന്തയെങ്കിലുമുണ്ടോ എന്നതാണ്. രണ്ടുകൂട്ടർക്കും ഒരു ശതമാനമെങ്കിലും ഈ അനുരഞ്ജനതാൽപര്യം ഉണ്ടെങ്കിൽ മാത്രം മാദ്ധ്യസ്ഥത്തിനു പോയാൽ മതി. ഒരു കൂട്ടർ അനുരഞ്ജനവും ഐക്യവും ആഗ്രഹിക്കയും മറ്റെ കൂട്ടർ ഒട്ടും അതാഗ്രഹിക്കാതെ, വഴക്കും വിഭജനവും തുടരണം എന്നു ചിന്തിക്കയും ചെയ്താൽ, ഒരു മദ്ധ്യസ്ഥനും ഒന്നും ചെയ്യാൻ കഴിയുകയില്ല.

മലങ്കരസഭയിൽ, എന്റെ എളിയ അന്വേഷണവും പരിചയവും അനുസരിച്ച് **ബഹുഭൂരിപക്ഷം സാധാരണ വിശ്വാസികളും ഒരു നല്ല പങ്ക് സീനിയർ വൈദികരും (പ്രത്യേകിച്ച് സഭാസമാധാനകാലത്ത് പട്ടമേറ്റവർ) അനുരഞ്ജനവും ഐക്യവും ആഗ്രഹിക്കുന്നവരാണ്.** എന്നാൽ ചില മേലദ്ധ്യക്ഷന്മാർ മനഃപൂർവ്വം വിഷം കുത്തിവെയ്ക്കുകയും, എന്തു സംഭവിച്ചാലും സഭയെ രണ്ടാക്കണമെന്ന് തീരുമാനിക്കയും ചെയ്തിട്ടുണ്ടെങ്കിൽ ഐക്യശ്രമങ്ങൾക്ക് ഫലമുണ്ടാകയില്ല. **വിഭജനശ്രമവും അവരാഗ്രഹിക്കുന്നതുപോലെ ഫലിക്കയില്ല. രണ്ടുകൂട്ടരും അടിച്ചും തൊഴിച്ചും, വീണ്ടുമടിച്ചും ബലഹീനരാവുകയും ക്രിസ്തീയ സാക്ഷ്യത്തിന് കളങ്കം ഏൽപ്പിക്കുകയും ചെയ്യും എന്നു മാത്രം. ചുരുക്കത്തിൽ മാന്യമായ വേർപിരിയലും സാദ്ധ്യമല്ലാത്ത സാഹചര്യമാണ് നമുക്കുള്ളത്.** സമാധാനകാംക്ഷികളും അറിവുള്ളവരുമായ ചില നല്ല മനുഷ്യർ ചില മേലദ്ധ്യക്ഷന്മാരെ കഠിനമായി ഭയപ്പെടുന്നുണ്ട് എന്ന വസ്തുതയും നാം തിരിച്ചറിയണം. മുൻധാരണകളുടെയും, ഉഭയസമ്മതങ്ങളുടെയും അടിസ്ഥാനത്തിൽ ഐക്യത്തിലേക്കുള്ള ഒരു യാത്ര സാദ്ധ്യമാണ് എന്ന് അവരുടെ ഉൾമനസ്സു പറയുന്നുണ്ടെങ്കിലും, അതിനുവേണ്ടി ഒരു വാക്കെങ്കിലും പറയാൻ ആക്ഷരികമായി ഭയമാണ്. ഈ ഭയം എവിടെ നിന്നു വന്നു? ആരുണ്ടാക്കി? എന്തിനുണ്ടാക്കി? എന്നു നാം ചിന്തിക്കേണ്ടതാണ്.

പല പ്രാവശ്യം എഴുതിയും പ്രസംഗിച്ചും വ്യക്തമാക്കിയിട്ടുള്ളതുപോലെ, എന്റെ എളിയ ബോധ്യം മലങ്കരസഭ ഒന്നാണ് എന്നു തന്നെയാണ്. ഇവിടെ രണ്ടായി പിരിയേണ്ട ഗൗരവമായ കാരണങ്ങളൊന്നുമില്ല. ചരിത്രപരവും കാനോനികവും ആയ മിക്ക ചോദ്യങ്ങളിലും നാം ഒരുമിച്ചു തീർപ്പ് ഉണ്ടാക്കിയിട്ടുള്ളതാണ്. ചവിട്ടുപടികൾ സൃഷ്ടിച്ചിട്ടുള്ളതാണ്. ഐക്യത്തിനു വേണ്ടി ഇനിയും എന്തെങ്കിലും അതിന്മേൽ കൂട്ടിച്ചേർക്കണമെങ്കിൽ, അതുമാവാം. ആരാണ് ഈ സമാധാനത്തിന് എതിരു നിൽക്കുന്നത് ? എന്തിനുവേണ്ടിയാണ് അങ്ങനെ നിൽക്കുന്നത്? എന്നു നാം അന്വേഷിക്കണം. പുതിയ ഭിന്നതയ്ക്ക് കാരണക്കാരായവരോട് മൗലികമായ ചോദ്യങ്ങൾ ചോദിച്ചാൽ, സമർത്ഥന്മാരായ നേതാക്കളായതുകൊണ്ട് പൂർണ്ണ മൗനമാണ് അവർ ഉത്തരമായി നൽകുന്നത്. ആ മൗനത്തിന്റെ അർത്ഥം, അവർ കാനോനികമോ ചരിത്രപരമോ ആയ ചോദ്യങ്ങളെയോ അവയ്ക്ക് ഉണ്ടാക്കിയ തീർപ്പുകളെയോ നേരിടാൻ ആഗ്രഹിക്കുന്നില്ല എന്നതാണ്. പാവപ്പെട്ട വിശ്വാസികളെ വീണ്ടും വീണ്ടും ഭിന്നതയിലേക്ക് നയിക്കാനാണ് താല്പര്യം.

ദൈവകൃപയുണ്ടെങ്കിൽ, ഇപ്പോൾ ചെയ്യുന്നതുപോലെ മരണനിമിഷം വരെ ഈ സഭ ഒന്നാണെന്ന് ചിന്തിക്കയും ആ രീതിയിൽ പ്രാർത്ഥിക്കയും ചെയ്യണമെന്നാണ് എന്റെ എളിയ ആഗ്രഹം. വൈദിക വിദ്യാർത്ഥികളെ അങ്ങനെയല്ലാതെ, അവരിൽ വാശിയും വൈരാഗ്യവും വളർത്തുന്ന യാതൊരു നടപടിക്കും പ്രോത്സാഹിപ്പിച്ചിട്ടില്ല. സ്വപ്നജീവി എന്നോ മഠയൻ എന്നോ ഒക്കെ വിളിക്കപ്പെടാം. പക്ഷേ, പല പ്രാവശ്യം, അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവാ പരിശുദ്ധ സഖാ പ്രഥമൻ തിരുമേനിയെയും, സമാധാനം ഒട്ടുമേ വേണ്ട എന്നു പറയുകയും മരണവീട്ടിൽ പോലും തികച്ചും അക്രൈസ്തവമായ രീതിയിൽ പെരുമാറാൻ വൈദികരെ നിർബന്ധിക്കയും പാവപ്പെട്ട മനുഷ്യരെ ഒരു കാരണവുമില്ലാതെ ഭിന്നിപ്പിക്കയും ചെയ്യുന്നവരെയും കണ്ടിട്ടും, എന്റെ ബോധ്യത്തിൽ ഞാൻ ഉറച്ചു നിൽക്കുന്നു. സഭയുടെ ദൗത്യവും പാരമ്പര്യങ്ങളും, കാനോനാകളും എല്ലാറ്റിനും ഉപരി, നമ്മുടെ കർത്താവിന്റെ സുവിശേഷവും ആ ബോധ്യത്തിന് എതിരല്ല എന്നു മാത്രം വിനീതമായി പറയട്ടെ.

അതുകൊണ്ട് വർഗീസ് ജോണിനെയും ലെജു പി. തോമസിനെയും പോലെ നന്മയും സമാധാനവും ആഗ്രഹിക്കുന്ന വ്യക്തികളുടെ അന്വേഷണങ്ങൾ സ്വാഗതാർഹമാണ്. പക്ഷേ ഇവയോടു പ്രതികരിക്കേണ്ടവർ മൗനം അവലംബിച്ചാൽ, ദൈവം പോലും നിസ്സഹായനാണ്. പ്രതികരിച്ചില്ലെങ്കിലും ചരിത്രസാക്ഷ്യമെന്ന നിലയിൽ ഇതൊക്കെ പറയേണ്ടത് ആവശ്യമാണ്. അടുത്ത അര നൂറ്റാണ്ടിനുള്ളിൽ ഇപ്പറയുന്ന കാര്യങ്ങളുടെ അർത്ഥം വ്യക്തമായിത്തുടങ്ങും; പക്ഷേ, കാലം അപ്പോഴേക്കും അതിക്രമിച്ചിരിക്കും. **GM**



"A few heart - whole, sincere and energetic men and women can do more in a year than a mob in a century"

"Take up one idea. Make that one idea your life; dream of it; think of it; live on that idea. Let the brain, the body, muscles, nerves, every part of your body be full of that idea, and just leave every other idea alone. This is the way to success, and this is the way great spiritual giants are produced."

"Each work has to pass through these stages - Ridicule, Opposition and then Acceptance. Those who think ahead of their time are sure to be misunderstood."

പള്ളിക്കേസിൽ വീതം വയ്ക്കാമോ?

■ ഡോ. പോൾ മണലിൽ

ന്യായം പാലിക്കുന്നതിന് മനുഷ്യർക്ക് ദൈവത്തിന്റെ ബുദ്ധി വേണം. ഇപ്പോൾ നമ്മുടെ യാക്കോബായ കക്ഷിക്കാർ പറയുന്നത് മലങ്കരസഭയെ പിളർത്തുക എന്നാണ്. പള്ളികൾ പങ്കുവയ്ക്കുക. ശലോമോൻ രാജാവിനോട് ആ വ്യാജ അമ്മ പറഞ്ഞ വാക്കുകളാണ് ഞാനോർത്തുപോകുന്നത്. 'എനിക്കും വേണ്ട, നിനക്കും വേണ്ട, അതിനെ പിളർക്കുക."

പള്ളികൾ വീതിച്ചു നൽകണമെന്നു പറയുന്ന യാക്കോബായ കക്ഷിക്കാരോട് എനിക്ക് പറയാനുള്ളത്, **ന്യായം വിധിക്കേണ്ടത് ദൈവത്തിന്റെ ജ്ഞാനംകൊണ്ടു വേണം എന്നാണ്.** പള്ളികളെ വെറും ഭൗതികസ്വത്തായി കാണുന്നതുകൊണ്ടാണ് അവർക്ക് അങ്ങനെ പറയാൻ കഴിയുന്നത്. **'വ്യാജ അമ്മ'യ്ക്ക് മാത്രമേ പള്ളികൾ പങ്കിടണമെന്നു പറയാൻ കഴിയൂ.**

മലങ്കരസഭയുടെ ചരിത്രം പരിശോധിച്ചപ്പോൾ, എനിക്ക് ബോധ്യമായ ഒരു കാര്യമുണ്ട്. **സഭാ തർക്കം നമ്മളായി തുടങ്ങിവച്ച ഒരു കാര്യമല്ല. നീതിക്കു വേണ്ടിയുള്ള പോരാട്ടം മാത്രമേ നമ്മൾ നടത്തിയിട്ടുള്ളൂ.** സഭാ കേസിന് ഒരു നൂറ്റാണ്ടായി എന്നു പറയുന്നതും കേസ് കൊടുത്തു എന്നു പറയുന്നതും തെറ്റായ വിവരമാണ്. കാട്ടുകള്ളൻ വീരപ്പൻ ചത്തുപോയി. എങ്കിലും വീരപ്പൻ പറഞ്ഞ ഒരു കാര്യം ഞാൻ ഓർക്കുന്നു. താൻ ആർക്കെതിരെയും കേസ് കൊടുത്തിട്ടില്ല. തനിക്കെതിരെയാണ് കേസ് എന്നാണ് വീരപ്പൻ പ്രസ്താവിച്ചത്.

വീരപ്പന്റെ സംസ്കാരം നമ്മുടെ ഇടയിൽ ചിലർക്ക് ഉണ്ടായതുകൊണ്ട് മലങ്കരസഭ അനുഭവിക്കുന്ന വേദന മറ്റാർക്കും മനസ്സിലാക്കാൻ കഴിയാത്തതാണ്. പള്ളികൾ വീതം വയ്ക്കണമെന്ന് പറയുന്ന ബഹുമാനപ്പെട്ട യാക്കോബായ കക്ഷിക്കാർ ഈ കാര്യം ഓർക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. **1912 ൽ സമുദായക്കേസ് ആരംഭിച്ചതു അന്നത്തെ മലങ്കര മെത്രാരപ്പോലീത്ത കേസ് കൊടുത്തിട്ടല്ല. വട്ടിപ്പണത്തിന്റെ അവകാശം ആർക്ക് നൽകണമെന്ന് നിശ്ചയിക്കാൻ ബ്രിട്ടീഷ് സർക്കാരാണ് തിരുവനന്തപുരം ജില്ലാ കോടതിയെ സമീപിച്ചത്.** അന്ത്യോഖ്യാ പാത്രിയർക്കീസ് മലങ്കര മെത്രാപ്പോലീത്തായെ മുടക്കിയെന്ന് പറഞ്ഞതിനു ശേഷം മലങ്കരയിൽ പാത്രിയർക്കീസിനെ പിന്തുണയ്ക്കുന്നവരുടെ വിഘടനവാദത്തെ തുടർന്നായിരുന്നു ഈ നടപടി. വട്ടിപ്പണത്തിന്റെ അവകാശം മലങ്കര മെത്രാപ്പോലീത്തായ്ക്കു തന്നെയാണെന്ന് 1928 ൽ വിധിയുണ്ടായി.

പിന്നീട് നമ്മുടെ സഭയ്ക്ക് ഒരു ഭരണത്തലവനുണ്ടായി. നമ്മുടെ രാജ്യം സ്വാതന്ത്ര്യം പ്രാപിക്കുന്നതിനു മുമ്പാണ് നമ്മുടെ സഭയ്ക്ക് ഒരു ഭരണഘടന ഉണ്ടായത്. നമ്മൾ വിദേശാധിപത്യത്തിന് എതിരേ പോരാടുന്ന ഘട്ടത്തിൽ വിദേശികളായ അന്ത്യോഖ്യൻ സഭയുടെ കരാളഹസ്തങ്ങളിൽ നിന്നു മോചനം നേടാൻ മലങ്കരസഭ ജനാധ്യപത്യപരമായ ഒരു മുന്നേറ്റം നടത്തിയതാണ് 1934 ലെ ഭരണഘടനയും മലങ്കര അസോസിയേഷനും മറ്റും. ഭാരതത്തിന് ഒരു ഭരണഘടന ഉണ്ടാകുന്നതിനു മുമ്പ് നമ്മുടെ സഭയ്ക്ക് ഒരു ഭരണഘടന ഉണ്ടായെന്നു പറയുമ്പോൾ നമ്മൾ അഭിമാനിക്കണം. മലങ്കരസഭാ മക്കളുടെ സ്വാതന്ത്ര്യബോധത്തെയാണ് അത് സൂചിപ്പിക്കുന്നത്.

അങ്ങനെ വ്യവസ്ഥാപിതമായ രീതിയിൽ ഭരണഘടനപ്രകാരം പ്രവർത്തിച്ചു വന്ന മലങ്കരസഭയിൽ കലഹത്തിന്റെ വിത്തുകൾ കാലാകാലങ്ങളിൽ അന്ത്യോഖ്യൻ ഭക്തർ വിതച്ചു. **അവരുടെ തർക്കങ്ങളൊന്നും വിശ്വാസപരമായിരുന്നില്ല. വേദശാസ്ത്രപരവുമായിരുന്നില്ല, കേവലം ഭൗതികമായ ആധിപത്യത്തിനു വേണ്ടിയാണ് അന്ത്യോഖ്യർ മലങ്കരയിൽ വിഷം കുത്തിവച്ചത്. പള്ളിത്തർക്കങ്ങൾ ഉടലെടുത്തത് അങ്ങനെയാണ്.** ഭരണഘടനയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ വൈമനസ്യം കാണിച്ചവരാണ് പള്ളിത്തർക്കങ്ങൾ ഉണ്ടാക്കിയത്. 1938 ൽ ആരംഭിച്ച സമുദായക്കേസ് യഥാർത്ഥത്തിൽ നമ്മുടെ സഭാഭരണഘടനയോടുള്ള അന്ത്യോഖ്യരുടെ വെല്ലുവിളിയായിട്ടാണ് ഞാൻ കാണുന്നത്.

ഇന്ത്യയിൽ ജനിച്ചുവളർന്നവർ ഇന്ത്യൻ ഭരണഘടന അനുസരിക്കണമെന്ന് പറയുന്നത് ഒരു ന്യായമാണ്. ഒരിന്ത്യക്കാരനും ഭരണഘടനയെ ധിക്കരിക്കാൻ അവകാശമില്ല. അത്തരക്കാരുടെ സ്ഥാനം എവിടെയാണെന്ന് നമ്മുടെ രാജ്യത്തിന്റെ പരമോന്നത നീതിപീഠം നിശ്ചയിക്കും. ഞാൻ അതേപ്പറ്റി ഒന്നും പറയേണ്ടതില്ലല്ലോ. ഭരണഘടനയെ ധിക്കരിക്കുന്നവർ സ്വയം പുറത്താകുന്നവരാണ്. അവർക്ക് നമ്മുടെ രാജ്യത്തിന്റെ മണ്ണ് പകുത്തുകൊടുക്കുവാൻ പറ്റില്ല. അതിന് അവർ അർഹരുമല്ല. **അത്തരക്കാർക്ക് നമ്മുടെ രാജ്യത്തിന്റെ മണ്ണ് പകുത്തു കൊടുക്കണമെന്ന് പറയാൻ നമുക്ക് മധ്യസ്ഥരെയും ആവശ്യമില്ല അതൊരു സത്യവും ന്യായവുമാണ്. നമ്മുടെ സഭയുടെ കാര്യവും അങ്ങനെതന്നെ.**

1938 ൽ ആരംഭിച്ച സമുദായക്കേസ് 1958 ൽ അവസാനിച്ചത് സുപ്രീംകോടതിയുടെ വിധിയോടെയായിരുന്നുവല്ലോ. മലങ്കരസഭയിലെ അംഗങ്ങൾ സഭാ ഭരണഘടനപ്രകാരം പ്രവർത്തിക്കണമെന്നു സുപ്രീംകോടതി വിധിച്ചപ്പോഴാണ് 1958 ൽ സഭാസമാധാനം ഉണ്ടായത്. എന്നാൽ **ഒരു വ്യാഴവട്ടം നീണ്ടുനിന്ന സമാധാനം വീണ്ടും അന്ത്യോഖ്യർ തകർത്തു. മാർത്തോമ്മാ ശ്ലീഹായ്ക്ക് പട്ടത്വം ഇല്ലെന്ന് പറഞ്ഞുകൊണ്ടാണ് വീണ്ടും കലഹത്തിന്റെ വിത്തു വിതച്ചത്.**

മാർത്തോമ്മാ ശ്ലീഹായ്ക്ക് പട്ടത്വം ഇല്ലെന്ന് അന്ത്യോഖ്യർ പറഞ്ഞത് കേട്ടപ്പോൾ ഞാനൊരു സൺഡേസ്കൂൾ വിദ്യാർത്ഥിയായിരുന്നു. എനിക്കന്ന് സങ്കടം തോന്നി. യേശുക്രിസ്തുവിന്റെ കാര്യമല്ല, ശിഷ്യന്റെ കാര്യമാണ്. എങ്കിലും ശിഷ്യത്വം എന്നെ സംബന്ധിച്ച് വലിയ സംഗതിയാണ്. **ശിഷ്യത്വം നഷ്ടപ്പെട്ട ഒരു സമൂഹമായി മലങ്കരസഭാ മക്കൾ മാറരുതെന്നാണ് എനിക്കു പറയാനുള്ളത്.** ശിഷ്യത്വത്തിന്റെ വേദശാസ്ത്രം പറയാനല്ല ഞാൻ തുനിയുന്നത്.

1970 ൽ അന്ത്യോഖ്യർ മാർത്തോമ്മാ ശ്ലീഹായുടെ പട്ടത്വത്തെപ്പറ്റി പറഞ്ഞത് കലഹം ഉണ്ടാക്കാനായിരുന്നു. നമ്മുടെ പള്ളികളിലേക്കും ആ തർക്കം ഇക്കൂട്ടർ കൊണ്ടുവന്നു. എഴുപതുകളിൽ പള്ളിത്തർക്കം ഉടലെടുത്തത് അങ്ങനെയാണ്.

1958 ൽ സമാധാനം ഉണ്ടാകുന്നതിനു മുമ്പ് തർക്കങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും പള്ളികളുടെ ഉടമസ്ഥാവകാശത്തെപ്പറ്റി ഇപ്പോൾ ഉള്ള പോലെയുള്ള തർക്കങ്ങൾ ഉണ്ടായിരുന്നില്ല. അതിനു കാരണം നമ്മുടെ ഭരണഘടനതന്നെയായിരുന്നു. എന്നാൽ 1975-76 ൽ പള്ളികേസുകൾ തീർപ്പാക്കാൻ ഒരു പ്രത്യേക കോടതിയെ നിയമിക്കേണ്ടി വന്നത് സഭാ ഭരണഘടനയെ ധിക്കരിക്കാനുള്ള അവിവേകം അന്ത്യോഖ്യർ പരസ്യമായി കാണിച്ചതുകൊണ്ടാണ്.

മലങ്കരസഭയിലെ 1065 പള്ളികളുടെ ഉടമസ്ഥാവകാശത്തെപ്പറ്റി 1979 ൽ സഭാക്കേസ് ആരംഭിച്ചതും അന്ത്യോഖ്യർ കാണിച്ച അവിവേകം കൊണ്ടാണ്. എന്നാൽ 1995 ൽ സുപ്രീംകോടതി അന്തിമവിധി പ്രഖ്യാപിച്ചു. സഭാ ഭരണഘടനയുടെ അടിസ്ഥാനത്തിൽ നീതിയും സമാധാനവും നടപ്പിലാക്കാൻ അന്ന് അവസരം ഉണ്ടായതാണ്.

1958 ലെ സഭാ സമാധാനം പോലെ 1995 ലും സഭാ സമാധാനം ഉണ്ടാകേണ്ടതായിരുന്നു. അപ്പോഴാണ് അന്ത്യോഖ്യർ പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവായുടെ സ്ഥാനത്തെച്ചൊല്ലി തർക്കം ഉണ്ടാക്കാൻ ശ്രമിച്ചത്. സുപ്രീംകോടതി അതിനും പരിഹാരം നിർദ്ദേശിച്ചു. അന്ത്യോഖ്യരുടെ സമ്മതത്തോടെയാണ് ജസ്റ്റിസ് മളീമഠ് പരുമലയിൽ മലങ്കര അസോസിയേഷൻ വിളിച്ചുകൂട്ടിയത്. സഭയിൽ സമാധാനം ഉണ്ടാക്കാനുള്ള മറ്റൊരു അവസരമായിരുന്നു. **എന്നാൽ അവസാനനിമിഷം അന്ത്യോഖ്യർ അതിൽനിന്ന് വിട്ടുനിന്നു. അന്ത്യോഖ്യർ പിന്നീട് ചെയ്തത് സഭാ ഭരണഘടനയുടെ ലംഘനങ്ങളായിരുന്നു. ഭരണഘടന മാത്രമല്ല സുപ്രീംകോടതിയുടെ 1995 ലെ വിധിയെയും അവർ പരസ്യമായി ലംഘിക്കാൻ തുടങ്ങി.** പള്ളികൾ കയ്യേറാനും സഭാഭരണഘടനയെ അനുകൂലിക്കുന്നവരെ നേരിടാനും തുടങ്ങി. മലങ്കര വർഗീസിന്റെ കൊലപാതകം നാം കണ്ടതാണ്. നിയമനിഷേധത്തിലൂടെ പള്ളികൾ പിടിച്ചെടുക്കാൻ അന്ത്യോഖ്യർ കച്ചകെട്ടിയിരിക്കുകയാണ്. ചില സ്ഥലങ്ങളിൽ കയ്യൂക്ക് കൊണ്ട് അത് സാധിക്കുന്നുണ്ട്. ചില സ്ഥലങ്ങളിൽ കയ്യൂക്ക് ഫലിക്കുന്നില്ല. അതാണ് തർക്കമുള്ള പള്ളികൾ. ആരുടെ തർക്കമെന്ന് ചോദിച്ചാൽ, ഭരണഘടന ലംഘിക്കുന്നവർ ഉന്നയിക്കുന്ന തർക്കം!

സഭാ തർക്കം മധ്യസ്ഥതയിലൂടെ പരിഹരിക്കണമെന്ന് പറയുന്നതിന്റെ അർത്ഥം, തർക്കമുള്ള പള്ളികൾ പകുത്ത് നൽകണം എന്നാണ്. ആർക്കാണ് ഈ പള്ളികൾ പകുത്ത് കൊടുക്കേണ്ടത്? ശലോമോൻ രാജാവിന്റെ മുമ്പിൽ വന്ന 'വ്യാജ അമ്മ'യെപ്പറ്റി ഞാൻ ഓർത്തുപോയതു അതുകൊണ്ടാണ്. മലങ്കരസഭയിലെ ചില വ്യാജന്മാരാണ് പള്ളി പകുത്തുകിട്ടണമെന്നു പറയുന്നത്. "എനിക്കും വേണ്ട, നിനക്കും വേണ്ട, അതിനെ പിളർക്കുക" എന്ന് ശലോമോൻ രാജാവിന്റെ മുമ്പിൽ വച്ച് ആ വ്യാജ അമ്മ പറഞ്ഞില്ലേ, അതുപോലെ ഇപ്പോൾ ചില വ്യാജർ പള്ളികൾ പകുത്തു നൽകണമെന്നു പറയുമ്പോൾ എന്റെ ഉള്ള് കത്തുന്നു. **പള്ളികൾ രണ്ടായി വെട്ടിക്കീറാനുള്ളതല്ല.** എന്നാൽ പള്ളികളുടെ പേരിലുള്ള തർക്കം തീർക്കാനുള്ള സമാധാനശ്രമങ്ങളെ ഞാൻ സ്വാഗതം ചെയ്യുന്നു. 1934 ലെ സഭാ ഭരണഘടനയുടെയും 1995 ലെ സുപ്രീംകോടതി വിധിയുടെയും അടിസ്ഥാനത്തിൽ നമ്മുടെ പള്ളികൾ സംബന്ധിച്ചുള്ള തർക്കം തീർക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഇവിടെ വീരപ്പൻ മോഡൽ വാദങ്ങൾക്ക് പ്രസക്തിയില്ലെന്നും പറഞ്ഞുകൊള്ളട്ടെ. അതിനാൽ നിയമനിഷേധം നടത്തിയിട്ട് നീതി വേണമെന്ന് പറയുന്നവരെ മലങ്കരസഭയിലെ വീരപ്പന്മാരെന്ന് വിളിക്കാതെ മറ്റെന്തു വിളിക്കാനാണ്? GM

കടപ്പാട്: മലങ്കര സഭാപത്രിക 2011 ജനുവരി 1-15

യാക്കോബായ ഭരണഘടന: ഒരു അവലോകനം

"യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭ" എന്ന് ഇപ്പോൾ അറിയപ്പെടുന്ന മുൻ പാത്രിയർക്കീസു കക്ഷി 2002 ജൂലൈ ആറിന് ഒരു ഭരണഘടന ഉണ്ടാക്കി. (ഈ ലേഖനത്തിൽ യാക്കോബായ ഭരണഘടന എന്നു പറയുന്നത് ഇതാണ്). ഇതു തയ്യാറാക്കിയവർ അന്ത്യോഖ്യൻ സുറിയാനി ഓർത്തഡോക്സ് സഭയുടെ 1998ലെ ഭരണഘടന കണ്ടിട്ടുണ്ടെന്നു തോന്നുന്നില്ല.

അന്ത്യോഖ്യൻ സുറിയാനി ഓർത്തഡോക്സ് സഭയുടെ ഭരണഘടന 1998 സെപ്റ്റംബർ 22 മുതൽ 26 വരെ കൂടിയ സഭയുടെ പരിശുദ്ധ സുന്നഹദോസ് പാസ്സാക്കിയതാണ്. മുമ്പ് പാസ്സാക്കിയ ഭരണഘടന ഭേദഗതി ചെയ്താണത്രേ ഇത് നടപ്പാക്കിയത്. (ഈ ലേഖനത്തിൽ അന്ത്യോഖ്യൻ ഭരണഘടന എന്നു പറയുന്നത് ഇതാണ്). ഇതു പാസ്സാക്കുമ്പോൾ മലങ്കരയിൽ ശ്രേഷ്ഠ കാതോലിക്കാ സ്ഥാനം ഒഴിഞ്ഞു കിടക്കുകയായിരുന്നു. ഇവിടുത്തെ യാക്കോബായ മെത്രാപ്പോലീത്താമാർക്കു കൂടി പങ്കാളിത്തമുള്ള "ആകമാനസുന്നഹദോസ്" പോലും ഇതിനു വേണ്ടി കൂടിയിട്ടില്ല.

ഡമാസ്കസിൽ 1981 നവംബർ 17 മുതൽ 22 വരെ കൂടിയ 'ആകമാനസുന്നഹദോസ്' *അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പരിശുദ്ധ സിംഹാസനത്തിൻ കീഴുള്ള ഇന്ത്യയിലെ മലങ്കര സുറിയാനി ഓർത്തഡോക്സ് സഭയുടെ നടപടിക്രമം* എന്ന പേരിൽ ഒരു ഭരണനടപടിക്രമം പാസ്സാക്കി. (ഈ ലേഖനത്തിൽ നടപടിക്രമം എന്നു പറയുന്നത് ഇതാണ്). ഈ സുന്നഹദോസിൽ മലങ്കരയിൽ നിന്ന് ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായും ഏബ്രഹാം മാർ ക്ലിമീസ് ഉൾപ്പെടെ ഏട്ട് മെത്രാപ്പോലീത്താമാരും സംബന്ധിച്ചിരുന്നു. (കേരളത്തിൽ ശ്രേഷ്ഠ ബാവാ ഉൾപ്പെടെ അന്ന് ആകെ 12 മേൽപ്പട്ടക്കാരുണ്ടായിരുന്നു). 1981ലെ ഭരണനടപടിക്രമത്തിൽ യാക്കോബായ വിഭാഗത്തിനും ശ്രേഷ്ഠ കാതോലിക്കായ്ക്കും നൽകിയിരുന്ന അവകാശങ്ങൾ പോലും പിന്നീടുള്ള ഭരണഘടനകളിലില്ല. "ശ്രേഷ്ഠ പൗരസ്ത്യ കാതോലിക്കായുടെ പ്രാദേശിക അധികാരത്തിൻ കീഴിലുള്ള ഭൂപരമായ വിസ്തൃതി ഇൻഡ്യയും ഇൻഡ്യയ്ക്ക് കിഴക്കുള്ള ഏഷ്യൻ പ്രദേശങ്ങളും ആകുന്നു" എന്ന് നടപടിക്രമത്തിൽ (അദ്ധ്യായം 1: 5) പറയുമ്പോൾ യാക്കോബായ ഭരണഘടനയിൽ (വകുപ്പ് 2) "അദ്ദേഹത്തിന്റെ അധികാര പരിധി ഇന്ത്യ മുഴുവനും ആകുന്നു. എന്നാൽ ...... പാത്രിയർക്കീസിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിൽ ഇൻഡ്യയിലുള്ള പള്ളികൾ, സ്ഥാപനങ്ങൾ മുതലായവ അപ്രകാരം തന്നെ ഇരിക്കുന്നതാണ്" എന്നു കാണുന്നു. അന്ത്യോഖ്യൻ ഭരണഘടന(4, 5 വകുപ്പുകൾ) അനുസരിച്ചും അദ്ദേഹത്തിന് ഇന്ത്യയിലെ എല്ലാ പള്ളികളുടെ മേലും അധികാരമില്ല.

ഒരു കാലത്ത് യാക്കോബായ സഭ എന്നു കൂടി അറിയപ്പെട്ടിരുന്ന അന്ത്യോഖ്യൻ സുറിയാനി സഭ ഇന്ന് സിറിയൻ ഓർത്തഡോക്സ് സഭ **(Syriac Orthodox Church of Antioch)** എന്നാണ് അറിയപ്പെടുന്നത്. മലങ്കര സുറിയാനി സഭയും ഒരു കാലത്ത് യാക്കോബായ സഭ എന്നു കൂടി അറിയപ്പെട്ടിരുന്നതിനാൽ തങ്ങൾ പുരാതനസഭയുടെ യഥാർത്ഥ പിന്തുടർച്ചക്കാരാണെന്നു കാണിക്കാനും 'യാക്കോബായ പള്ളി'കളെല്ലാം സ്വന്തമാണെന്നു വരുത്തിത്തീർക്കാനുമാണ് ഈ പേര് ഇപ്പോഴും ഉപയോഗിക്കുന്നത്. ലോകത്ത് മറ്റൊരു സഭയും ഈ പേരിൽ ഇന്ന് അറിയപ്പെടുന്നില്ല. അതുകൊണ്ട് "യാക്കോബായ" എന്ന പേരു പോലും 1998ലെ അന്ത്യോഖ്യൻ ഭരണഘടനയിലില്ല. എന്നാൽ തങ്ങൾ ഉപേക്ഷിച്ചു കളഞ്ഞ "മലങ്കര" എന്ന പേര് ഈ ഭരണഘടനയിലുണ്ടുതാനും. "ആകമാനസുറിയാനി സഭ"യെ ഒരിടത്തു മാത്രം കാണാം (വകുപ്പ് 7). ആകമാന/ആഗോള സുറിയാനിസഭ എന്നത് അർത്ഥമില്ലാത്ത ഒരു നവീന ആശയമാണ്; അത് എഴുപതുകളിലുണ്ടായ ഒരു സങ്കൽപ്പ സൃഷ്ടിയാണ്. 1934-ൽ പാസ്സാക്കിയ സഭാഭരണഘടനയനുസരിച്ച് ഓർത്തഡോക്സ് സുറിയാനി സഭയുടെ ഒരു വിഭാഗമാണ് (Division) മലങ്കരസഭ; ഭാഗം (Part) അല്ല. *ഭാഗം, വിഭാഗം* എന്നീ പദങ്ങളുടെ അർത്ഥം വ്യത്യസ്തമാണ്. ഈ ഭരണഘടനയിൽ (വകുപ്പ് 108) പറയുന്ന *ആകമാനസുന്നഹദോസി*ന്റെ ആശയം വേറെയാണ്.

അന്ത്യോഖ്യൻ ഭരണഘടനയനുസരിച്ച് His Beatitude Mor Baselius . . . Catholicos of the East and Metropolitan of Malankara എന്നാണ് ശ്രേഷ്ഠ കാതോലിക്കായുടെ ഔദ്യോഗിക സ്ഥാനനാമം (വകുപ്പ് 8). ഇതിൽ ശ്രേഷ്ഠ കാതോലിക്കായെ സുറിയാനി ഭാഷയിൽ "മഫ്രിയാനാ" എന്നും "കാതോലിക്കാ" എന്നും വിശേഷിപ്പിച്ചിരിക്കുന്നു. എന്നാൽ യാക്കോബായ ഭരണഘടനയിൽ *പൗരസ്ത്യ കാതോലിക്കാ* എന്ന് വിശേഷിപ്പിക്കുന്നില്ല. "ശ്രേഷ്ഠ കാതോലിക്കാ ..... യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ പ്രാദേശിക തലവൻ ആകുന്നു" (വകുപ്പ് 14 എഫ്) എന്നാണ് കാണുന്നത്. "....We *(the Patriarch)* are now pleased to appoint His Beatitude Mor Baselios Thomas I as the Catholicos of the Jacobite Syrian Christian Church in India which is an integral part of the Universal Syrian Orthodox Church and is comprised of all churches which are members of the Jacobite Syrian Christian Association. Catholicos Mor Baselios Thomas I will be the Regional Head of our Church in India....."എന്നാണ് ഇപ്പോഴത്തെ ശ്രേഷ്ഠ കാതോലിക്കായുടെ സുസ്താത്തിക്കോനിൽ (No E - 160/02) കാണുന്നത്. എന്നാൽ ഇവയിൽ നിന്നു വ്യത്യസ്തമായി Catholicos of the East, Catholicos of India തുടങ്ങിയ പല സ്ഥാനനാമങ്ങളാണ് ഇപ്പോൾ അദ്ദേഹം ഉപയോഗിച്ചു കാണുന്നത്.

ഒന്നാം തുബ്ദേനിൽ സ്മരിക്കുന്ന 'മാർ ബസേലിയോസ്' എന്ന പേര് മുമ്പ് തിഗ്രീസിലെ മഫ്രിയാനാമാരുടെയും ഇപ്പോൾ പൗരസ്ത്യ കാതോലിക്കായുടെയും സ്ഥാനനാമമാണ്. പുരാതനകാലത്ത് അന്ത്യോഖ്യാ പാത്രിയർക്കേറ്റിൽ ഈ പേര് സ്മരിക്കുമായിരുന്നു. ഇപ്പോൾ ഇല്ലെന്നാണ് അറിയുന്നത്. അതേസമയം അലക്സന്ത്രിയാ പാത്രിയർക്കീസിന്റെ (കോപ്റ്റിക് പോപ്പ്) പേര് സ്മരിക്കുന്നുമുണ്ട്. (അത് അനുകരണീയമായ ഒരു മാതൃകയാണ്). മലങ്കര സഭയ്ക്ക് അന്ത്യോഖ്യൻ സഭ എന്തു പരിഗണനയാണ് നൽകുന്നത് എന്നതിന്റെ സൂചനയാണിത്.

"പാത്രിയർക്കീസിനും കാതോലിക്കായ്ക്കും മെത്രാപ്പോലീത്തായ്ക്കും മൂറോൻ കൂദാശ നടത്താൻ അധികാരമുണ്ട്" എന്ന് ഹൂദായ കാനോനിൽ (3:1) പറയുന്നു. തിഗ്രീസിലെ മഫ്രിയാനാമാർ വി. മൂറോൻ കൂദാശ നടത്തിയിട്ടുള്ളതായി സഭാചരിത്രത്തിലുണ്ട്. നടപടിക്രമത്തിൽ "അടിയന്തിരമായി വരുന്ന പക്ഷം .... ശ്രേഷ്ഠ പൗരസ്ത്യ കാതോലിക്കായ്ക്ക് വി. മൂറോൻ കൂദാശ നടത്താവുന്നതാകുന്നു" (അദ്ധ്യായം 1: 9) എന്നും പറയുന്നു. എന്നാൽ അന്ത്യോഖ്യൻ (വകുപ്പ് 15) - യാക്കോബായ (വകുപ്പ് 9) ഭരണഘടനകളും ശ്രേഷ്ഠ കാതോലിക്കായുടെ സുസ്താത്തിക്കോനും അനുസരിച്ച് മൂറോൻ കൂദാശ നടത്തുന്നതിന് ശ്രേഷ്ഠ കാതോലിക്കായ്ക്ക് അധികാരമില്ല. മലങ്കര സഭ യോജിച്ചു നിന്ന കാലത്ത് പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ (യാക്കോബായക്കാരുടെ ഭാഷയിൽ "ശ്രേഷ്ഠ" ഔഗേൻ "മഫ്രിയാനാ" ബാവാ) 1967-ൽ വി. മൂറോൻ കൂദാശ നടത്തിയ കാര്യം സഭാചരിത്രത്തിൽ നിന്നു മായിക്കാൻ ശ്രമിക്കുന്നത് ഇതുകൊണ്ടായിരിക്കാം.

കേരളത്തിലെ യാക്കോബായ വിഭാഗം ഒഴികെയുള്ള അന്ത്യോഖ്യൻ സഭയ്ക്ക്, മലങ്കര സഭയിലെ ഒരു ഭദ്രാസനത്തിന്റെ വലിപ്പം പോലുമില്ല. അതേസമയം അന്ത്യോഖ്യൻ സഭയിലെ 31 അതിഭദ്രാസനങ്ങളിൽ ഒന്നുമാത്രമാണ് ശ്രേഷ്ഠ കാതോലിക്കായുടെ കീഴിലുള്ള യാക്കോബായ വിഭാഗം (നമ്പർ 31). ക്നാനായ ആർച്ചുഡയോസീസും (നമ്പർ 30) വടക്കേ അമേരിക്കയിലെ മലങ്കര പാത്രിയാർക്കൽ വികാരിയേറ്റും (നമ്പർ 19) മാത്രമാണ് മലയാളികൾ ഉൾപ്പെടുന്ന മറ്റു രണ്ടെണ്ണം. സുവിശേഷ സമാജം ഉൾപ്പെടെയുള്ളവ ഇവയ്ക്ക് പുറത്താണ്. അന്ത്യോഖ്യൻ ഭരണഘടനയുടെ (4, 5 വകുപ്പുകൾ) പ്രസക്ത ഭാഗങ്ങൾ കാണുക.

Article 4. The Archdioceses of the Apostolic See of Antioch are :

....

19. North America of Malankara, a Patriarchal Vicariate, located in New York. It covers the United States of America and Canada.

....

30. Knanaya, an Archdiocese, located in Chingavanam, Kerala. It covers all the Knanaya churches in / out of India.
31. Catholicate of the East, its headquarter is Kerala. It covers all the Syrian Orthodox Archdioceses in India, except the Knanaya Archdiocese, the churches of the Patriarchal See, and the Evangelical Ministry Associations in India.

Article 5. All churches, their organizations and Evangelical Ministry Associations, not included in the Syrian Archdioceses mentioned in Article 4, are governed directly by H. H. the Patriarch.

അന്ത്യോഖ്യൻ - യാക്കോബായ ഭരണഘടനകൾ തമ്മിൽ ഒട്ടേറെ പൊരുത്തക്കേടുകളുണ്ട്. അവയിൽ ചിലതു മാത്രം ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു.

പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായുടെ തെരഞ്ഞെടുപ്പിനെപ്പറ്റി 2002ലെ യാക്കോബായ ഭരണഘടന (18, 21 വകുപ്പുകൾ) ഇപ്രകാരം പറയുന്നു.

18. പാത്രിയർക്കാ സ്ഥാനം ഒഴിവ് വരുമ്പോൾ പുതിയ പാത്രിയർക്കാ സ്ഥാനിയെ ആകമാനസുന്നഹദോസ് കൂടി തെരഞ്ഞെടുക്കേണ്ടതാണ്.

21. പാത്രിയർക്കാ സ്ഥാനം ഒഴിവ് വരുമ്പോൾ പുതിയ പാത്രിയർക്കീസിനെതെരഞ്ഞെടുക്കുന്നതിനു കൂടുന്ന ആകമാനസുന്നഹദോസിൽ ശ്രേഷ്ഠ കാതോലിക്കായും, പ്രാദേശിക സുന്നഹദോസിലെ മെത്രാപ്പോലീത്താമാരും, എപ്പിസ്ക്കോപ്പമാരും അംഗങ്ങളായിരിക്കുന്നതും, എന്നാൽ അവരിൽ ഭദ്രാസനഭരണ ചുമതലയുള്ളവർക്കു മാത്രം വോട്ടവകാശം ഉണ്ടായിരിക്കുന്നതുമാകുന്നു.

"പാത്രിയർക്കാ സ്ഥാനം ഒഴിവ് വരുമ്പോൾ പുതിയ പാത്രിയർക്കീസിനെ തെരഞ്ഞെടുക്കുന്നതിനു കൂടുന്ന ആകമാനസുന്നഹദോസിൽ ശ്രേഷ്ഠ പൗരസ്ത്യ കാതോലിക്കോസും മലങ്കര സുന്നഹദോസിലെ മെത്രാപ്പോലീത്താമാരും എപ്പിസ്ക്കോപ്പാമാരും അംഗങ്ങളായിരിക്കുന്നതും ഭദ്രാസനഭരണ ചുമതലയുള്ളവർക്ക് വോട്ടവകാശം ഉണ്ടായിരിക്കുന്നതുമാകുന്നു. എന്നാൽ മലങ്കര സുന്നഹദോസിലെ അംഗങ്ങൾ പാത്രിയർക്കാ സ്ഥാനത്തേക്കുള്ള സ്ഥാനാർത്ഥിത്വം സ്വീകരിച്ചു കൂടാത്തതാകുന്നു. പോസ്റ്റൽ വോട്ട് സ്വീകാര്യമാണ്" എന്നാണ് 1981ലെ നടപടിക്രമത്തിൽ (അദ്ധ്യായം 2: 4) പറയുന്നത്.

എന്നാൽ 1998ലെ അന്ത്യോഖ്യൻ ഭരണഘടന 36-ാം വകുപ്പിൽ കാണുന്നത് ഇപ്രകാരമാണ്.

Article 36. The following shall participate in the election of the new Patriarch :

1- His Beatitude the Catholicos, the Metropolitan of the Knanaya Archdiocese, the Metropolitans of the churches of the Antiochian Apostolic See in India, and the Metropolitan of North America of the Malankara Archdiocese. All above shall elect but may not be elected.

2- Their Eminence the Archdioceses Metropolitans, the Metropolitan Patriarchal Assistant, and the Metropolitans Patriarchal Vicars who are appointed to archdioceses.

ഇതനുസരിച്ച് ഇന്ത്യാക്കാരായ ശ്രേഷ്ഠ കാതോലിക്കായ്ക്കും ക്നാനായ അതിഭദ്രാസനം, സിംഹാസനപള്ളികൾ, വടക്കേ അമേരിക്കയിലെ മലങ്കര അതിഭദ്രാസനം എന്നിവയുടെ മെത്രാപ്പോലീത്താമാർക്കും മാത്രമാണ് വോട്ടവകാശം. എന്നാൽ മലയാളികളായ ഇവർക്കു സ്ഥാനാർത്ഥിത്വം നിഷേധിച്ചിരിക്കുന്നു. ഈ വിവരങ്ങൾ യാക്കോബായ ഭരണഘടന മറച്ചുവച്ചിരിക്കുന്നു.

അന്ത്യോഖ്യൻ - മലങ്കര സഭകൾ ഉൾപ്പെടുന്ന ഓറിയന്റൽ ഓർത്തഡോക്സ് സഭാ കുടുംബത്തിൽപ്പെടുന്ന അർമേനിയൻ സഭയിൽ, അർമേനിയായിലെ എച്മിയാഡ്സിൻ ആസ്ഥാനമായുള്ള സുപ്രീം കാതോലിക്കോസേറ്റും ലബാനോനിലെ ആന്റിലിയാസ് ആസ്ഥാനമായുള്ള സിലീഷ്യൻ കാതോലിക്കോസേറ്റും അതോടൊപ്പം ജറൂസലേമിലും കോൺസ്റ്റാന്റിനോപ്പിളിലും (ഇസ്താംബൂൾ) ഓരോ പാത്രിയർക്കേറ്റുമുണ്ട്. പരസ്പര സംസർഗമുള്ള ഇരു കാതോലിക്കേറ്റുകളും സ്വതന്ത്രമാണെങ്കിലും സുപ്രീം കാതോലിക്കോസിന്റെ പ്രഥമസ്ഥാനം സിലീഷ്യൻ കാതോലിക്കോസ് അംഗീകരിക്കുന്നുണ്ട്. രണ്ടു പാത്രിയർക്കീസുമാർ സുപ്രീം കാതോലിക്കായുടെ കീഴിലാണ്. സമന്മാരിൽ രണ്ടാമനായ സിലീഷ്യൻ കാതോലിക്കായും കീഴ്സ്ഥാനികളായ പാത്രിയർക്കീസുമാരും ഉൾപ്പെടെ അർമേനിയൻ സഭയിലെ ഏതൊരു മേൽപ്പട്ടക്കാരനും സമന്മാരിൽ ഒന്നാമനായ എക്മിയാഡ്സിനിലെ സുപ്രീം കാതോലിക്കാ ആകുന്നതിന് തടസ്സമില്ല. അതുപോലെ ഒരു കാതോലിക്കായുടെ തെരഞ്ഞെടുപ്പിൽ മറ്റെ കാതോലിക്കായുടെ പ്രതിനിധികൾക്കും വോട്ടവകാശമുണ്ട്. നേരത്തെ (1983-1995) സിലീഷ്യൻ കാതോലിക്കായായിരുന്ന കരേക്കിൻ സർക്കീസിയാൻ ആണ് 1995-ൽ സുപ്രീം കാതോലിക്കായായി തെരഞ്ഞെടുക്കപ്പെട്ടത്. മുമ്പ് പാത്രിയർക്കീസുമാർ ഈ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെങ്കിലും സിലീഷ്യൻ കാതോലിക്കാ സുപ്രീം കാതോലിക്കായാകുന്നത് ആദ്യമായിട്ടാണ്.

റോമൻ കത്തോലിക്കാ സഭയിൽ ലോകത്തുള്ള 80 വയസിൽ താഴെയുള്ള ഏത് കർദിനാളിനും മാർപാപ്പായെ തെരഞ്ഞെടുക്കാനും മാർപാപ്പായാകാനും യോഗ്യതയുണ്ട്. അതേസമയം കീഴ്ഘടകമായിരുന്നിട്ടു കൂടി ഇങ്ങനെയൊരു കാര്യം "ആകമാനസുറിയാനി സഭ"യിൽ പെട്ടുപോയ 'യാക്കോബായ'ക്കാർക്ക് പ്രതീക്ഷിക്കാനാവുമോ?

അന്ത്യോഖ്യാ പാത്രിയർക്കീസിനെ പരമാധികാരിയായി അംഗീകരിക്കുന്ന മലങ്കരയിലെ യാക്കോബായ വിഭാഗത്തിന് - അവർ യഥാർത്ഥ അന്ത്യോഖ്യൻ സഭാംഗങ്ങളെക്കാൾ പല മടങ്ങ് കൂടുതലാണെങ്കിലും - അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ തെരഞ്ഞെടുപ്പിൽ കാര്യമായ പങ്കാളിത്തമില്ലെന്നു ചുരുക്കം. മലങ്കര അസോസിയേഷനിൽ ആനുപാതിക പ്രാതിനിധ്യം ആവശ്യപ്പെട്ടിരുന്നവർ പാത്രിയർക്കാ തെരഞ്ഞെടുപ്പിൽ ഇത് ആവശ്യപ്പെട്ടാൽ എത്ര നന്നായിരുന്നു. **ഇന്ത്യയിലെ യാക്കോബായ വിഭാഗത്തിന്റെ അങ്കമാലി ഭദ്രാസനത്തിലെ വിശ്വാസികളുടെ എണ്ണത്തെക്കാൾ കുറവാണ് യാക്കോബായ വിഭാഗം ഒഴികെയുള്ള അന്ത്യോഖ്യൻ സഭയുടെ ആകെ വിശ്വാസികളുടെ എണ്ണം.**

അന്ത്യോഖ്യൻ ഭരണഘടന100-ാം വകുപ്പിൽ "Article 100. When deemed necessary, H. H. the Patriarch calls for a General Synod, headed by His Holiness, where all members of both Synods of Damascus and India, including His Beatitude the Catholicos will attend under the presidency of H.H. the Patriarch" എന്നു മാത്രമാണ് "ആകമാനസുന്നഹദോസി"നെപറ്റി പറയുന്നത്. പാത്രിയർക്കാ തെരഞ്ഞെടുപ്പ് അതിന്റെ ചുമതലയിൽ വരുന്നില്ല. യാക്കോബായ ഭരണഘടന15, 16 വകുപ്പുകൾ ഇതിനോടു ചേർന്നു വരുന്നു.

15. പ. പാത്രിയർക്കീസ് ബാവാ വിളിച്ചു കൂട്ടുന്ന ആകമാനസുറിയാനി ഓർത്തഡോക്സ് സഭയിലെ ആത്മീയ മേലദ്ധ്യക്ഷൻമാരുടെ യോഗമാകുന്നു ആകമാനസുന്നഹദോസ്.

16. പ. പാത്രിയർക്കീസ് ബാവാ അദ്ധ്യക്ഷനായുള്ള ആകമാനസുന്നഹദോസിൽ ശ്രേഷ്ഠ കാതോലിക്കായും, സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരും എപ്പിസ്കോപ്പമാരും അംഗങ്ങളായിരിക്കുന്നതാണ്.

പാത്രിയർക്കാ തെരഞ്ഞെടുപ്പിൽ തുല്യമായ പങ്കാളിത്തം നിഷേധിക്കുന്നത് 1876-ലെ മുളന്തുരുത്തി സുന്നഹദോസിന്റെ 17-ാമത്തെ നിശ്ചയത്തിനു വിരുദ്ധമാണ്. ആ നിശ്ചയത്തിന്റെ പ്രസ്ക്ത ഭാഗങ്ങൾ താഴെ ചേർക്കുന്നു.

"....... സകല കാര്യങ്ങളിലും പരദേശ ഇടവകകളും മലങ്കര ഇടവകയും എപ്പോഴും യോജിച്ചു രണ്ടു വകക്കാർക്കും അന്ത്യോഖ്യാ സിംഹാസനത്തിങ്കലേക്കുള്ള അവകാശം സമവും സംബന്ധം തുല്യവും ആയിരിക്കുകയും ഇവിടുത്തെ മജലീസ്സും (കമ്മട്ടി) അവിടുത്തെ മജ്ലീസ്സും അന്യോന്നതയോടെ ഇരിക്കുകയും കമ്മട്ടിയുടെ അനുമതിയോടു കൂടി നമ്മുടെ സഭയ്ക്കും സമുദായത്തിനും വേണ്ടി ചെയ്യപ്പെടുന്ന സകല ഏർപ്പാടുകളും സാധുവായിരിക്കുകയും ചെയ്യണമെന്ന് നിശ്ചയിച്ചതിനെയോഗം ഉറപ്പിച്ചു."

ഒരു സഭയെന്ന നിലയിൽ മലങ്കരസഭയുടെ സ്വാതന്ത്ര്യം നിഷേധിക്കുകയും അതേസമയം ഇടവക പള്ളികൾ സ്വതന്ത്രമാണെന്നു വാദിക്കുകയും ചെയ്യുന്നവർ അന്ത്യോഖ്യൻ ഭരണഘടനയുടെ താഴെ പറയുന്ന 155-ാം വകുപ്പ് മനസ്സിരുത്തി വായിച്ചാൽ കൊള്ളാം.

Article 155. The Syrian Orthodox Church of Antioch owns all its churches, monasteries, worship places, cemeteries, schools, real estate and endowments. This includes all the possessions and properties of its churches and centers such as manuscripts, printed books, vessels, clerical vests, furniture of the Patriarchate and the Archdioceses. The ownership of these properties and assets can never be disputed or contested by any body whatsoever. If an individual or a group of individuals separates from the Syrian Orthodox Church of Antioch and joins another denomination, they shall have absolutely no right to claim any of the above mentioned properties or possessions. Any claim filed by anybody, be it an individual or a group, large or small, shall be positively and absolutely null and void.

യാക്കോബായ ഭരണഘടന190-ാം വകുപ്പ് കാണുക.

190. ആത്മീയ കാര്യങ്ങൾ ഒഴിച്ചുള്ള എല്ലാ കാര്യങ്ങളിലും ഇടവക പള്ളികൾക്കു സ്വയം ഭരണ സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നിലപാട് അന്ത്യോഖ്യൻ സഭയുടെ നിലപാടിനു സമാനമാണെന്നു കാണാം.

ഇനിയും ധാരാളം പൊരുത്തക്കേടുകൾ കണ്ടു പിടിക്കാൻ കഴിഞ്ഞേക്കാം. അന്ത്യോഖ്യൻ ഭരണഘടന 157-ാം വകുപ്പ്

Article 157. Any article that contradicts with the provisions of this Constitution will be considered invalid null and void.

ഇതനുസരിച്ച് 2002ലെ യാക്കോബായ ഭരണഘടന പൂർണമായോ ഭാഗീകമായോ അസാധുവാണ്.

ചുരുക്കത്തിൽ 1934-ലെ ഭരണഘടനയെ തള്ളിക്കളഞ്ഞവർ ഇപ്പോൾ 'എലിയെ പേടിച്ച് ഇല്ലം ചുട്ടതുപോലെ'യായി. പള്ളിയും വസ്തുക്കളും പാത്രിയർക്കീസിന്! ആ സ്ഥാനത്തേക്ക് മത്സരിക്കാനോ വോട്ടു ചെയ്യാനോ അവകാശവുമില്ല!! **GM**

കൂടുതൽ വിവരങ്ങൾക്ക് ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ എഴുതിയ "സിറിയൻ ഓർത്തഡോക്സ് സഭയുടെ ഭരണഘടന: ഒരു പഠനം" (ഡയോസിസൻ ബുള്ളറ്റിൻ 2009 ഡിസംബർ 15 / മലങ്കര സഭാ പത്രിക 2010 മാർച്ച് ലക്കങ്ങൾ) എന്ന ലേഖനം കാണുക.